

₹12 | 2020 MAY 15

മഹാമാരിക്കാലത്തെ വംശവെറിയും വേട്ടയാടലുകളും • എ.റശീദുദ്ദീൻ

# പ്രബോധനം

www.prabodhanam.net prabodhanam

വാരിക

## തിരിച്ചൊഴുക്കിന്റെ പുറവാസ പാഠങ്ങൾ

• എം.സി.എ നാസർ

## ഇന്ത്യയും ഗൾഫ് രാജ്യങ്ങളും ബന്ധങ്ങളിൽ വിള്ളൽ വീഴ്ത്തുന്ന ഹിന്ദുത്വ പ്രചാരണങ്ങൾ

• തൽമീസ് അഹ്മദ്

## ധ്യാനവും ചിന്തയും ഇസ്‌ലാം ദർശനത്തിൽ

• കെ.പി പ്രസന്നൻ

## കശ്മീർ, ഗസ്സ.... അടച്ചുപൂട്ടലിന്റെ അനുഭവങ്ങൾ താണ്ടുന്നവർ

• അമീൻ വി ചൂനൂർ

## സംവാദം കോവിഡ്കാല ഫത്‌വകൾ

• വി.എ കബീർ

بِسْمِ اللَّهِ الرَّحْمَٰنِ الرَّحِيمِ

# 3152

# പ്രബോധനം
വാരിക

www.prabodhanam.net 1441 റമദാൻ 22 / 2020 മെയ് 15 വാല്യം 76 ലക്കം 50



**04** മുഖവാക്ക് /

**വീടുകൾ ആരാധനാലയങ്ങളാവുമ്പോൾ**

**20** അകക്കണ്ണ് / എ.ആർ

**മാലിക് ബ്നു ദീനാർ സംഘത്തിന്റെ ഇളനീർ നിരാസം**

**40** നിരീക്ഷണം /

അമീൻ വി. ചൂനൂർ

**റമദാൻ കാലത്തെ ലോക്ക് ഡൗണും മുസ്‌ലിം ജീവിതവും**

**43** ലേഖനം /

കെ. പി പ്രസന്നൻ

**ധ്യാനവും ചിന്തയും ഇസ്‌ലാം ദർശനത്തിൽ**

**45** ലേഖനം /

സി.ടി സുഹൈബ്

**അല്ലാഹു എന്ന അനുഭവം**

**50** അനുഭവം /

എം.സി മുഹമ്മദ് ഫവാസ്

**ജീവിതത്തിലെ കോവിഡ് പരീക്ഷണ കാലം**

06 / കത്ത്

36 / ഖുർആൻ ബോധനം

49 / കരിയർ

54 / റിപ്പോർട്ട്

56 / ഹദീസ്

58 / ലൈക് പേജ്

**08** കവർ സ്റ്റോറി / തൽമീസ് അഹ്മദ്

**ഇന്ത്യയും ഗൾഫ് രാജ്യങ്ങളും ബന്ധങ്ങളിൽ വിള്ളൽ വീഴ്ത്തുന്ന ഹിന്ദുത്വ പ്രചാരണങ്ങൾ**





**16** ലേഖനം / എം.സി.എ നാസർ

**തിരിച്ചൊഴുക്കിന്റെ പുറവാസ പാഠങ്ങൾ**

**24** വിശകലനം / എ. റശീദുദ്ദീൻ

**മഹാമാരിക്കാലത്തെ വംശവെറിയും വേട്ടയാടലുകളും**

**30** സംവാദം / വി.എ കബീർ

**കോവിഡ്കാല ഫത്‌വകൾ**



പ്രബോധനം വാരിക, ഐ.എസ്.ടി ബിൽഡിംഗ്
സിൽവർ ഹിൽസ്, കോഴിക്കോട് 673 012





കവർ ഡിസൈൻ
**സാലിം ജീറോഡ്**

എഡിറ്റർ / **ടി.കെ ഉബൈദ്** | എക്സിക്യൂട്ടീവ് എഡിറ്റർ/ **അശ്റഫ് കീഴുപറമ്പ്**

സീനിയർ സബ് എഡിറ്റർ/ **സദ്റുദ്ദീൻ വാഴക്കാട്** | സബ് എഡിറ്റർ/ **കെ.സി സലീം കരിങ്ങനാട്** | ലേ ഔട്ട്/ **എം.വി. ജലീൽ ഒതളൂർ**



**എഡിറ്റോറിയൽ:** 0495 2730099 editorprabodhanam@gmail.com
**അക്കൗണ്ട്സ്** : 0495 2732888 |**സർക്കുലേഷൻ മാനേജർ:** 0495 2730744, 9544060886
circulationprabodhanam@gmail.com |**പരസ്യവിഭാഗം:** 9496772448 | advtprabodhanam@gmail.com
**മാനേജർ:** 0495 2730073 | 9496772448 | managerprabodhanamclt@gmail.com

മുഖവാക്ക്

# വീടുകൾ ആരാധനാലയങ്ങളാവുമ്പോൾ

'ഇഹലോകത്ത് ഒരു സ്വർഗമുണ്ട്. ആ സ്വർഗത്തിൽ കടക്കാത്തവൻ പരലോകത്തെ സ്വർഗത്തിലും കടക്കുകയില്ല.' മുൻകാല ജ്ഞാനികളിലൊരാൾ പറഞ്ഞതാണിത്. ഇഹലോകത്തെ സ്വർഗം എന്താണെന്നും അദ്ദേഹം വിശദീകരിച്ചു. വിശ്വാസത്തിന്റെയും അല്ലാഹുവുമായി അടുത്തിരിക്കുന്നതിന്റെയും അലൗകികമായ മാധുര്യമാണത്. പറഞ്ഞറിയിക്കാനാവാത്ത ആത്മീയ അനുഭൂതി. ഖുർആന്റെ ഭാഷയിൽ ഹൃദയം ശാന്തമാവുന്നത് അപ്പോൾ മാത്രമാണ്. മഹാനായ ഒരു പണ്ഡിതനെ ഭരണാധികാരികൾ അന്യായമായി തടവറയിലിട്ടപ്പോൾ അദ്ദേഹം അവരോട് ചോദിച്ച ഒരു ചോദ്യമുണ്ട്; 'സ്വർഗം എന്റെ ഹൃദയത്തിൽ പൂത്തുലഞ്ഞു നിൽക്കുകയാണ്, അത് പിഴുതുമാറ്റാൻ നിങ്ങൾക്കാവുമോ? എന്നെ ഏകാന്ത തടവിൽ പാർപ്പിച്ച് എന്നെ മാനസികമായി തകർക്കാം എന്നാണോ വിചാരം? തടവറ എനിക്ക് എന്റെ നാഥനുമായി ഒറ്റക്കിരിക്കാനുള്ള അസുലഭ സന്ദർഭമാണ്.'

തന്റെ നാഥനുമായി ഒറ്റക്കിരിക്കാനുള്ള സാധനയും സന്നദ്ധതയുമാണ് റമദാൻ മാസത്തിലെ നോമ്പിലൂടെ വിശ്വാസി ആർജിച്ചെടുക്കുന്ന ഒരു പ്രധാന ഗുണവിശേഷം. സകല ഭൗതിക പ്രലോഭനങ്ങളിൽ നിന്നും മുക്തമായെങ്കിൽ മാത്രമേ മനസ്സിന് ആയൊരു തലത്തിലേക്ക് ഉയരാനാകൂ. മനുഷ്യന് ആത്മാവും ശരീരവുമുണ്ട്. ആത്മാവിന് ഉപരിലോകവുമായാണ് ബന്ധം; ശരീരത്തിന് ഭൂമിയിലെ മണ്ണുമായും. ശരീരത്തിൽ നിന്ന് വേർപെട്ട ആത്മാവ് ആകാശലോകത്തേക്കുയരുമ്പോൾ ശരീരം മണ്ണിൽ ലയിച്ചു ചേരുന്നു. മനുഷ്യരിൽ രണ്ട് തരക്കാരെയാണ് നമ്മൾ കാണുക. ഒരു കൂട്ടരുടെ ചിന്തയും പ്രവർത്തനങ്ങളും ലക്ഷ്യങ്ങളുമെല്ലാം ശരീരബന്ധിതമായിരിക്കും. ശരീരത്തെയും അതിന്റെ ശേഷികളെയും ആത്മാവിന്റെ സംസ്കരണത്തിനും പോഷണത്തിനും ഉപയോഗപ്പെടുത്തുന്നവരാണ് രണ്ടാമത്തെ കൂട്ടർ. ശരീരേഛകൾക്കു മേൽ ഒരാൾ നേടുന്ന വിജയമാണ് അയാളെ യഥാർഥ മനുഷ്യനും ഭൂമിയിൽ ദൈവത്തിന്റെ പ്രതിനിധിയുമാക്കുന്നത്. നോമ്പിലൂടെ ഈയൊരു ഉൽക്കർഷവും സംസ്കരണവും സാധ്യമാവുന്നില്ലെങ്കിൽ ഭക്ഷണപാനീയങ്ങൾ ഉപേക്ഷിച്ച് പകൽസമയം തള്ളിനീക്കുന്നതുകൊണ്ട് ഒന്നും നേടാനില്ലെന്ന് നബി (സ) നമ്മെ പഠിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

റമദാന്റെ അവസാന പത്തിലേക്ക് കടക്കുകയാണ് വിശ്വാസിസമൂഹം. മറ്റെല്ലാ ജീവിതവ്യവഹാരങ്ങളും മാറ്റിവെച്ച് നബി (സ) ഈ ദിനങ്ങളിൽ ആരാധനാ കർമങ്ങളിൽ ധാരാളമായി മുഴുകുമായിരുന്നു. 'വസ്ത്രം മുറുക്കിയുടുക്കും, രാത്രിയെ ജീവിപ്പിക്കും, വീട്ടുകാരെ വിളിച്ചുണർത്തും' എന്നാണ് ഈ ദിനരാത്രങ്ങളിലെ നബിചര്യയെക്കുറിച്ച് ഹദീസുകളിൽ വന്നിട്ടുള്ളത്. വസ്ത്രം മുറുക്കിയുടുക്കുക എന്നാൽ സ്ത്രീസംസർഗം ഒഴിവാക്കുന്നതിന്റെ ആലങ്കാരിക പ്രയോഗമാണെന്ന് വിശദീകരിക്കപ്പെട്ടിട്ടുണ്ട്. ഉറക്കമിളച്ചും ആരാധനാകർമങ്ങളിൽ മുഴുകിക്കൊണ്ടാണ് 'രാത്രിയെ ജീവിപ്പിക്കുക.' ആയിരം മാസത്തേക്കാൾ പുണ്യകരം എന്ന് ഖുർആൻ വിശേഷിപ്പിച്ച രാത്രി കടന്നുവരിക ഈ പത്ത് ദിനങ്ങളിലൊന്നായിരിക്കും എന്ന് നബി (സ) സൂചന നൽകുകയും ചെയ്തിട്ടുണ്ട്. അക്കത്തിലെടുത്താൽ, ആയിരം മാസമെന്നത് 84 വർഷമാണ്. അതായത് ദീർഘിച്ച ഒരു മനുഷ്യായുസ്സിൽ നേടിയെടുക്കാവുന്ന പുണ്യം ഒരൊറ്റ രാവു കൊണ്ട് കരഗതമാവുന്നു. ആ പുണ്യനിമിഷങ്ങളെ ഒറ്റയൊറ്റ രാവുകളിൽ പ്രതീക്ഷിക്കാനാണ് റസൂൽ പറഞ്ഞിരിക്കുന്നത്. ഏതു രാത്രിയെന്ന് കൃത്യമായി പറയാത്തതുകൊണ്ട് പത്ത് ദിനങ്ങളെയും ആരാധനകളാലും സൽക്കർമങ്ങളാലും സമ്പുഷ്ടമാക്കുക മാത്രമാണ് ലൈലതുൽ ഖദ്റിന്റെ പുണ്യം നഷ്ടപ്പെടാതിരിക്കാനുള്ള ഏക വഴി. ഈ പത്ത് ദിനങ്ങളിൽ ഖുർആൻ പഠന - പാരായണങ്ങളും ദാനധർമങ്ങളും ധാരാളമായി വർധിപ്പിച്ചിരുന്നു നബി (സ).

ജീവിതം ദൈവസ്മരണയും ധ്യാനവും മനനവും മാത്രമായി മാറുന്ന ദിനരാത്രങ്ങൾ. ഈ ദിവസങ്ങളിൽ പുറത്തെങ്ങും പോകാതെ പള്ളിയിൽ മാത്രമായി കഴിച്ചുകൂട്ടുക എന്നതായിരുന്നു നബി(സ)യുടെ രീതി. ആ ധ്യാനവും ഒഴിഞ്ഞിരിപ്പുമാണ് ഇഅ്തികാഫ്. നൂറ്റാണ്ടുകളായി ആ നബിചര്യ മുസ് ലിം ലോകം പിന്തുടർന്നു പോരുന്നു. നിർഭാഗ്യവശാൽ, കോവിഡ് ഭീഷണി കാരണം പള്ളികളെല്ലാം അടഞ്ഞു കിടക്കുകയാണ്. ഇഅ്തികാഫ് പള്ളിയിൽ സാധ്യമായില്ലെങ്കിലും ഈ നബിചര്യ സ്വന്തം വീടുകളിൽ ഇരുന്നുകൊണ്ട് നിർവഹിക്കണമെന്നാണ് പണ്ഡിതന്മാർ പറഞ്ഞിരിക്കുന്നത്. വീടുകളിൽ അതിനു വേണ്ടി പ്രത്യേകം മുറി സജ്ജമാക്കാം (മസ്ജിദുൽ ബൈത്ത് എന്നാണവരതിന് പേര് നൽകിയിരിക്കുന്നത്). ഫറോവയുടെ കിരാത ഭരണത്തിൽ ആരാധനാലയങ്ങളിൽ പോകാൻ കഴിയാതെ വന്നപ്പോൾ സ്വന്തം വീടുകൾ പള്ളികളാക്കി മാറ്റാൻ ബനൂ ഇസ്റാഈലിനോട് മൂസാ നബി പറയുന്നുണ്ടല്ലോ. കോവിഡ് ഭീഷണി തുടരുന്നേടത്തോളം കാലം നമ്മുടെ പള്ളികൾ നിർവഹിച്ചിരുന്ന ധർമം നമ്മുടെ വീടുകൾ നിർവഹിക്കുമെന്ന് ഉറപ്പു വരുത്താൻ നമുക്ക് കഴിയണം. ●

ഫറോവയുടെ കിരാത ഭരണത്തിൽ ആരാധനാലയങ്ങളിൽ പോകാൻ കഴിയാതെ വന്നപ്പോൾ സ്വന്തം വീടുകൾ പള്ളികളാക്കി മാറ്റാൻ ബനൂ ഇസ്റാഈലിനോട് മൂസാ നബി പറയുന്നുണ്ടല്ലോ. കോവിഡ് ഭീഷണി തുടരുന്നേടത്തോളം കാലം നമ്മുടെ പള്ളികൾ നിർവഹിച്ചിരുന്ന ധർമം നമ്മുടെ വീടുകൾ നിർവഹിക്കുമെന്ന് ഉറപ്പു വരുത്താൻ നമുക്ക് കഴിയണം.




VISION 2026

Creating Partnership with the Needy

'ഞാനും, അനാഥ സംരക്ഷകനും സ്വർഗത്തിൽ ഇപ്രകാരമായിരിക്കും', തന്റെ ചൂണ്ടു വിരലും നടുവിരലും ഉയർത്തി കാണിച്ചു കൊണ്ട് നബി (സ) പറഞ്ഞു

# അനാഥ സംരക്ഷണ പദ്ധതി

## പ്രതിവർഷം 18000 രൂപ നൽകി ഒരു കുട്ടിയെ സ്പോൺസർ ചെയ്യാം

### നിങ്ങളുടെ സംഭാവനകൾ നൽകാനുള്ള അക്കൗണ്ട്

**ACCOUNT NAME :** HUMAN WELFARE FOUNDATION ORPHAN CARE

**BANK & BRANCH :** INDIAN BANK - JAMIA MILLIA ISLAMIA - NEW DELHI

**CURRENT A/C :** 6531907668 **IFSC:** IDIB000J029

(ബാങ്ക് മുഖേന സംഭാവന നൽകുന്നവർ പോസ്റ്റൽ അഡ്രസ് സഹിതം ട്രാൻസ്ഫർ വിശദാംശങ്ങൾ account@hwfindia.org എന്ന അഡ്രസിലേക്ക് മെയിൽ ചെയ്യുകയോ +91 7042892026 ൽ WhatsApp ചെയ്യുക)

**DONATE NOW**

vision2026in +91 72900 19242 www.vision2026.org.in

HUMAN WELFARE FOUNDATION

**HUMAN WELFARE FOUNDATION**
E-89, 4th Floor, Hari Kothi Lane, Abul Fazl Enclave, Jamia Nagar, New Delhi - 110025
Ph: +91 11 29945999 | Mb: +91 70428 98301 | Email: orphans@hwfindia.org

**ഹ്യൂമൻ വെൽഫെയർ ഫൗണ്ടേഷനുള്ള സംഭാവന ആദായനികുതി നിയമത്തിന്റെ സെക്ഷൻ 80 ജി പ്രകാരം നികുതിയിളവിന് അർഹമായിരിക്കും**

editorprabodhanam@gmail.com



ബദ്ര്‍ ശാരീരികം എന്നതിനേക്കാള്‍ ആത്മീയമായിരുന്നു. യുദ്ധത്തില്‍ ചെലവഴിച്ചതിനേക്കാളേറെ സമയം റസൂല്‍ (സ) സുജൂദില്‍ ചെലവഴിച്ചു. കണ്ണീരും പ്രാര്‍ഥനയും റസൂല്‍ കൂട്ടാക്കി. തുരുമ്പിച്ച ആയുധങ്ങളിലും ചെറിയൊരു സൈന്യത്തിലും മാത്രം പ്രതീക്ഷ വെക്കാന്‍ കഴിയുമായിരുന്നില്ല. അല്ലാഹുവിന്റെ തീരുമാനമാണ് നടപ്പായത്.

കത്ത്

# ബദ്ര്‍ ഒരു ദിവസത്തെ ഓര്‍മ പുതുക്കലല്ല

**ബാബുലാല്‍ ബശീര്‍**

**ചരിത്രം** സ്വയം ആവര്‍ത്തിക്കും എന്നത് ശരിയാക്കിയെഴുതിയാല്‍ ചരിത്രം ആവര്‍ത്തിക്കപ്പെടാനുള്ളതു തന്നെയാണ് എന്നെഴുതാം. ചരിത്രം അല്ലെങ്കില്‍ പാരമ്പര്യം സൃഷ്ടിക്കപ്പെട്ടു കഴിഞ്ഞാല്‍ സൃഷ്ടി ആണ്. മുന്നോട്ടുള്ള ഗമനത്തെ നിര്‍ണയിക്കാന്‍ കെല്‍പുള്ള സൃഷ്ടിപ്പ്. ഓര്‍മകള്‍ എന്നും അത് വിളിക്കപ്പെടാം. ഓര്‍മയുടെ കോശങ്ങള്‍ പ്രോജ്ജ്വലിപ്പിക്കുന്നത് നാം ആരായിരുന്നു എന്നതാണ്. ആരായിരിക്കണം എന്നതും. അപ്പോള്‍ വര്‍ത്തമാനത്തിന്റെ പൊള്ളുന്ന യാഥാര്‍ഥ്യത്തിലേക്ക് വളരെ വേഗം ഊളിയിടാം. എവിടെ തുടങ്ങണം, എങ്ങനെ തുടങ്ങണം എന്നത് വര്‍ത്തമാന സമസ്യകളുമായി ബന്ധപ്പെട്ടു നില്‍ക്കുന്നെങ്കില്‍, എവിടെ എത്തണം എന്നത് ചരിത്രബോധം ചൂണ്ടി തരും. ബദ്‌റിന്റെ പാഠങ്ങള്‍ ഇസ്‌ലാമിന്റെ സാമൂഹിക പാഠങ്ങളിലെ ഈടുറ്റ താള് ആകുന്നതും അങ്ങനെയാണ്. ബദ്ര്‍ സ്വയം പാഠപുസ്തകം എന്നതിനോടൊപ്പം, മുസ്‌ലിം ഉമ്മത്തിന് കാലാതീതമായ ഒരു റഫറന്‍സ് കൂടിയാണ്. മനുഷ്യരാശി അന്നോളം കണ്ടിട്ടില്ലാത്ത ഒരു പോരാട്ടത്തിന്റെ കഥയും.

മനുഷ്യചരിത്രം പോരാട്ടങ്ങളുടേതാണ്. നിലനില്‍പിനും വെട്ടിപ്പിടിക്കാനും മുതല്‍ നിസ്സാര കാര്യങ്ങള്‍ക്കു വരെ. ശക്തിയും ദൗര്‍ബല്യവും മനുഷ്യന്റെ നിലനില്‍പ്പിന്റെ ആധാരമായിത്തീരുന്ന ഘട്ടത്തിലാണ്, കായികശക്തിയേക്കാള്‍ മനുഷ്യന്‍ ആയുധശക്തിയെ ആശ്രയിച്ചു തുടങ്ങിയത്. നശീകരണത്തിന്റെ തോത് വര്‍ധിക്കുക എന്നതായിരുന്നു ഫലം. എതിരാളിയെ മലര്‍ത്തിയടിക്കുക എന്നതിനപ്പുറം അവന്റെ ആവാസ വ്യവസ്ഥയെ നശിപ്പിക്കുകയും ആശ്രിതരെ അടിമകളാക്കുകയും ചെയ്യുക എന്നതിലേക്ക് യുദ്ധചരിത്രം വികസിക്കുന്നതാണ് പാശ്ചാത്യ-പൗരസ്ത്യ ദേശങ്ങളിലെല്ലാം കണ്ടു വന്നത്. ധാര്‍മികതയോ മതാധ്യാപനങ്ങളോ യുദ്ധവുമായോ രാജ്യതന്ത്രവുമായോ മുഖാമുഖം വരാതെയായി. ദൈവത്തിന്റെ കാര്യം ദൈവം ചാപ്പലുകളിലും സീസര്‍ തന്റെ ഇഷ്ടങ്ങള്‍ രാജ്യത്തും പ്രയോഗിച്ചു തുടങ്ങി. 'ദൈവത്തിനുള്ളത് ദൈവത്തിനും സീസറിനുള്ളത് സീസറിനും'. ഈ കറുത്ത കാലത്തിന്റെ സ്വാധീനം റസൂല്‍ ജനിക്കുന്ന കാലത്ത് അറേബ്യന്‍ ഉപഭൂഖണ്ഡത്തിലുടനീളം പടര്‍ന്നിരുന്നു. വാളെടുത്തവരെല്ലാം വെളിച്ചപ്പാടായ കാലത്ത്, നിയതമായ ചില മൂല്യങ്ങളുടെ അടിത്തറയില്‍ സംഭവിച്ച യുദ്ധമായിരുന്നു ബദ്ര്‍.

യുദ്ധം ഒരു പാപമല്ല; അത് നീതിക്കും ന്യായത്തിനുമാണെങ്കില്‍. പലപ്പോഴും അത് ശക്തന്റെ ആയുധമാവുന്നു എന്നിടത്താണ് പ്രതിസന്ധി. ഗതിയില്ലാതെ ദുര്‍ബലന്‍ തിരിച്ചടിക്കുമ്പോള്‍ അത് ചെറുത്തു നില്‍പ്പായി രേഖപ്പെടുത്തപ്പെടും. ബദ്ര്‍ അങ്ങനെയല്ല. അങ്ങനെ പലയിടത്തും രേഖപ്പെടുത്തപ്പെട്ടെങ്കിലും. വിശുദ്ധ ഖുര്‍ആനില്‍ ബദ്ര്‍ വിവരിക്കുന്ന ഇടങ്ങളിലൂടെ സഞ്ചരിച്ചാല്‍ മനസ്സിലാവുന്നത്, അതൊരു അനിവാര്യത ആയിരുന്നു എന്നാണ്. ആ ഒരു കാലത്തിന്റെ മാത്രം അനിവാര്യത അല്ല. ബദ്‌റിന് മുമ്പും ശേഷവും എന്ന് അടയാളപ്പെടുത്തുമാറ് ഉള്‍ക്കരുത്തുള്ള ഒരു അധ്യായമാണ് ബദ്ര്‍. ഒന്നുകൂടി തെളിച്ചു പറഞ്ഞാല്‍, ബദ്ര്‍ പാഠങ്ങള്‍ കാലാതീതമാണ്. ഭൂതത്തിന്റെ തിന്മകളില്‍ നിന്ന് വര്‍ത്തമാനത്തിലൂടെ ഭാവിയെ രക്ഷിച്ചെടുക്കുക എന്നതായിരുന്നു ബദ്‌റിന്റെ ദൗത്യം. പ്രവാചകന്റെ (സ) പ്രാര്‍ഥനയും അതായിരുന്നല്ലോ; 'നാഥാ, ഇവിടെ തോറ്റാല്‍, നിന്നെ ആരാധിക്കാന്‍ ഈ ഭൂമുഖത്ത് ആരുമുണ്ടാവില്ല. അതിനാല്‍ നീ സഹായിക്കേണമേ.' ബദ്ര്‍ റസൂല്‍ നേടി. അല്ലാഹുവിന്റെ ദീന്‍ പടര്‍ന്നു പന്തലിച്ചു. ബദ്ര്‍ ഭാവിയിലേക്കുള്ള വലിയ ദൈവിക പദ്ധതിയായിരുന്നു.

ബദ്ര്‍ ശാരീരികം എന്നതിനേക്കാള്‍ ആത്മീയമായിരുന്നു. യുദ്ധത്തില്‍ ചെലവഴിച്ചതിനേക്കാളേറെ സമയം റസൂല്‍ (സ) സുജൂദില്‍ ചെലവഴിച്ചു. കണ്ണീരും പ്രാര്‍ഥനയും റസൂല്‍ കൂട്ടാക്കി. തുരുമ്പിച്ച ആയുധങ്ങളിലും ചെറിയൊരു സൈന്യത്തിലും മാത്രം പ്രതീക്ഷ വെക്കാന്‍ കഴിയുമായിരുന്നില്ല. അല്ലാഹുവിന്റെ തീരുമാനമാണ് നടപ്പായത്. പതിമൂന്നു വര്‍ഷത്തെ മക്കാ പീഡന കാലം വിശ്വാസികളെ അല്ലാഹുവിന്റെ സഹായത്തിനു അര്‍ഹരാക്കിയിരിക്കുന്നു എന്നതാണത്. ഒരു സമൂഹത്തിന് ദൈവ സഹായത്തിന്റെ അര്‍ഹതയും സന്ദര്‍ഭവും എപ്പോള്‍ എന്നത് ഇപ്പോഴത്തെ നമ്മുടെ കൂടി ആലോചനയാണ്. ബദ്ര്‍ ഭാവിയുടെ ചൂണ്ടുപലക ആവുന്നതവിടെയാണ്. അല്ലാഹു സഹായിക്കുക തന്നെയായിരുന്നു. 'നിങ്ങളാണ് അമ്പുകള്‍ എയ്തതെങ്കിലും നിങ്ങളല്ല എയ്തത്, അല്ലാഹുവാണ് എയ്തത്' എന്ന് പറഞ്ഞത് അതുകൊണ്ടാണ്. അതൊരു തിരിച്ചറിവ് ഉണ്ടാക്കലായിരുന്നു. കര്‍മങ്ങളുടെ കര്‍ത്താവ് അല്ലാഹുവാണ്. വിശ്വാസിസമൂഹം മനുഷ്യസാധ്യമായ എല്ലാ പരിശ്രമങ്ങളും ചെയ്യുക എന്നു മാത്രം. 'പ്രതീക്ഷ' വിശ്വാസിയുടെ കരുതിവെപ്പാണ്. ബദ്ര്‍ അത് പകല്‍പോലെ കാണിച്ചുതരുന്നു. ഭൗതികമായ അളവുകോലുകള്‍ വെച്ച് ഖുറൈശിപ്പട യുദ്ധത്തിന് മുന്നേ വിജയാഘോഷം തുടങ്ങിയിരുന്നു. അര്‍ഹതയുള്ളവരുടെ അതിജീവനം പ്രകൃതി നിയമമായതിനാല്‍ ബദ്‌രീങ്ങള്‍

വിജയിച്ചു. അർഹത പുറം കരുത്തല്ല, ഉൾക്കരുത്താണ് എന്ന് ബദ്ർ പഠിപ്പിക്കുന്നു. ദൈവഭയം മറ്റെല്ലാ ഭയങ്ങളെയും കരിച്ചുകളയും എന്നത് ബദ്റിന്റെ അനുഭവപാഠമാണ്. നമ്മുടെ കാലത്തെ ജാഹിലിയാ കൂട്ടങ്ങളുടെ പുളപ്പും നമ്മുടെ അതിജീവനത്തിന്റെയും അർഹതയുടെയും ഗൃഹപാഠങ്ങളും ഏറ്റവും നന്നായി മനസ്സിലാവുക ബദ്റിന്റെ പുതിയ വായനകളിലൂടെ തന്നെയാണ്.

ബദ്രീങ്ങൾ റസൂലിന്റെ നക്ഷത്ര ശോഭയുള്ള അനുയായികളായിരുന്നു. എല്ലാം ദൈവമാർഗത്തിൽ ഇട്ടെറിഞ്ഞു വന്ന മുഹാജിറുകളും ഉള്ളതെല്ലാം പങ്കുവെച്ച് റസൂലിനെ ചങ്കായി കണ്ട അൻസ്വാറുകളും. അവരോളം ശോഭ മറ്റൊരു കൂട്ടത്തിനില്ല. തോൽക്കും എന്ന് തോന്നിപ്പിക്കുന്ന ഒരു പോരാട്ടത്തിന് ജയിക്കാനിറങ്ങിയവർ. അവരുടെ അഭിപ്രായങ്ങളെ റസൂൽ അന്ന് മാനിച്ചു. പിന്നീടും അവരെ പരിഗണിച്ചു. അവർക്കു വേണ്ടി പ്രാർഥിച്ചു. അവർ മരിച്ചപ്പോൾ, കടുത്ത ദുഃഖം രേഖപ്പെടുത്തി. അവരുടെ കുടുംബങ്ങൾക്ക് പ്രത്യേക സഹായങ്ങൾ നൽകി. റസൂലിനെ അവരും സ്നേഹിച്ചു. ചാണിനു ചാണായും മുഴത്തിനു മുഴമായും ജീവിതത്തിൽ പകർത്തി. ബദ്ർ ഒരു ദിനത്തിന്റെ പാഠമല്ല. ഒരു ജീവിതത്തിന്റെ ഊടും പാവുമിട്ട തുടക്കമാണ്. സുഭദ്രമായ ഒരു ഇസ്‌ലാമിക സമൂഹത്തിനു വളമിടാൻ റസൂലിന് ആത്മവിശ്വാസമേകിയ സംഭവം. ഒരു ദിവസത്തെ ഓർമ പുതുക്കലിൽ നാം ബദ്റിനെ തളക്കുന്നുവെങ്കിൽ, നമുക്ക് എന്തോ കാര്യമായ മറവി രോഗം പിടികൂടിയിരിക്കുന്നു. ●

## കോവിഡ് കാലത്തെ കർമശാസ്ത്ര ചർച്ചകൾ

**എൻ. ഖാലിദ് ചെറിയകുമ്പളം**

**കൊറോണാ** വൈറസ് ലോകത്തെ വിറപ്പിച്ചുകൊണ്ട് താണ്ഡവമാടുന്നു. ഇതിനെ തളയ്ക്കാനുള്ള ഗവേഷണത്തിലാണ് ശാസ്ത്രലോകം. അതിൽ ലോകപോലീസ് ചമയുന്ന അമേരിക്കൻ ട്രംപും ഇന്ത്യൻ പ്രധാനമന്ത്രിയും തങ്ങളാലാവുന്നത് ചെയ്തു നോക്കുന്നു. മണ്ണെണ്ണ പ്രയോഗവും കിണ്ണം മുട്ട് പ്രയോഗവും വിളക്കു കത്തിക്കലും ലൈറ്റണക്കലും! എന്നാൽ മുസ്‌ലിം ലോകമോ? അവർ കൊറോണാ വ്യാപന കാലത്തെ ഫിഖ്ഹീ ഗവേഷണത്തിലാണ് മുഴുകിയിരിക്കുന്നത്! പ്രവാചകന്റെ കാലത്ത് ഇത്തരം മഹാമാരികളുണ്ടാവുമ്പോൾ എങ്ങനെയാണവർ ഇബാദത്ത് നടത്തിയത് എന്നിത്യാദി കാര്യങ്ങളിൽ ഗവേഷണ പ്രബന്ധങ്ങൾ ഒരുക്കുന്ന തിരക്കിലാണ് പലരും. ഇതിനെ പ്രതിരോധിക്കാനാവശ്യമായ മരുന്നോ വാക്സിനോ കണ്ടെത്താനോ വികസിപ്പിച്ചെടുക്കാനോ ഉള്ള ഒരു പ്രവർത്തനവും ഈ ഉത്തമ സമൂഹം നടത്തുന്നതായി കേൾക്കുന്നില്ല. ഇതിനു വേണ്ടിയുള്ള സകല ഗവേഷണങ്ങളും പരീക്ഷണങ്ങളും യൂറോപ്പിൽ നിന്നുണ്ടാവുമെന്ന് കരുതി എല്ലാവരും സമാധാനിച്ചു നടക്കുന്നു. നമുക്കതിലൊന്നും ചെയ്യാനില്ല തന്നെ!

വൈജ്ഞാനിക ചിന്ത പ്രസരിപ്പിക്കുന്ന ഇസ്‌ലാമിക പ്രസ്ഥാനങ്ങൾ പോലും ഈ രംഗത്ത് ഗവേഷണം നടത്തി ഈ യജ്ഞത്തിൽ പങ്ക് ചേരൽ മുസ്‌ലിം ലോകത്തിന്റെ നിർബന്ധ ബാധ്യതയാണ്, അഥവാ ഫർദ് കിഫായയാണെന്ന ബോധമുണ്ടാക്കാനെങ്കിലും ആഹ്വാനം ചെയ്യാത്തതെന്ത്? കൊറോണക്കാലത്തെ ഇസ്‌ലാമിക പ്രബോധനവും പ്രവർത്തനങ്ങളും എങ്ങനെ നടത്തണമെന്ന് നമുക്ക് അസ്സലായി അറിയാമെന്ന് ഇന്നത്തെ സോഷ്യൽ മീഡിയ പറഞ്ഞു തരുന്നു. ഇസ്‌ലാമിക പ്രസ്ഥാനമെങ്കിലും ഈ രംഗത്ത് എന്തെങ്കിലും സംഭാവനകളർപ്പിക്കാൻ പുതിയ കാൽവെപ്പുകൾ നടത്തിയെങ്കിൽ എന്നാശിച്ചുപോകുന്നു. അഥവാ അതിനുള്ള വകുപ്പുകൾ രൂപീകരിച്ചു പ്രവർത്തിക്കേണ്ടതല്ലേ? വല്ല നേട്ടവും മുസ്‌ലിം ലോകത്തിന് ഇക്കാര്യത്തിൽ ഉണ്ടാക്കിയെടുക്കാൻ കഴിഞ്ഞെങ്കിൽ ലോകം മുഴുവൻ ഇസ്‌ലാമിന്റെ മഹത്വം വിളംബരം ചെയ്തേനെ. ഇസ്‌ലാമിക പ്രബോധനമെന്ന മഹത്തായ ഉത്തരവാദിത്തവും ഇതു വഴി നിർവഹിക്കപ്പെടുമെന്ന കാര്യത്തിൽ രണ്ടഭിപ്രായമുണ്ടാവില്ല. ●

## പ്രവർത്തകരുമായി ഹൃദയബന്ധം സൂക്ഷിച്ച നേതാവ്

**അബ്ദുസ്സമദ് കൂട്ടിലങ്ങാടി**


**സിറാജുൽ** ഹസൻ സാഹിബിനെക്കുറിച്ച് എ. റശീദുദ്ദീൻ എഴുതിയ അനുസ്മരണം (ഏപ്രിൽ 17 ) ഹൃദയസ്പൃക്കായിരുന്നു. സാധാരണ ജനങ്ങളുമായി ഒരു അഖിലേന്ത്യാ നേതാവിനുണ്ടായിരുന്ന ഗാഢമായ ഹൃദയബന്ധം റശീദുദ്ദീൻ തന്മയത്വത്തോടെ സ്വന്തം അനുഭവങ്ങളിൽ നിന്ന് വരച്ചുകാട്ടുന്നു. സിറാജുൽ ഹസൻ സാഹിബിനെപ്പോലെ, സാധാരണക്കാരുമായി ഗാഢ ബന്ധം പുലർത്തുന്ന നേതാക്കൾ ഉണ്ടാകുമ്പോഴേ ഇന്ത്യയിലെ ഇസ്‌ലാമിക പ്രസ്ഥാനത്തിന് കൂടുതൽ ജനകീയമായി ത്തീരാൻ കഴിയുകയുള്ളൂ. പക്ഷേ, ഇത്തരം നേതാക്കൾ അപൂർവമാണ് എന്നതാണ് വാസ്തവം. ●

## കരുതൽ വേണ്ട ഒളിയജണ്ടകൾ

**ഇസ്മാഈൽ പതിയാരക്കര, ബഹ്റൈൻ**

**'കൊറോണക്കൊപ്പം** പടരുന്ന വംശീയ വൈറസ്' എന്ന ശീർഷകത്തിൽ വന്ന ലേഖനം (ലക്കം 48) പ്രച്ഛന്നമായി സമൂഹ ശരീരത്തിലേക്ക് കടത്തിവിട്ടു കൊണ്ടിരിക്കുന്ന വർഗീയ വിഷബീജങ്ങളെ പറ്റി വല്ലാത്ത കരുതൽ ആവശ്യപ്പെടുന്ന ഒരു കാലത്തിലൂടെയാണ് നാട് കടന്നു പോകുന്നത് എന്ന് ഓർമപ്പെടുത്തുന്നു. നാട് നൊമ്പരകാഴ്ചകളിലൂടെ പൊയ്ക്കൊണ്ടിരിക്കുമ്പോഴും, ഒരു കൈ സഹായം എന്ന മാനുഷിക വശം പാടേ മറന്ന് ആസുരമായ മനസ്സോടെ വിദ്വേഷം വളർത്താനുള്ള വളമായി അതിനെ ഉപയോഗിക്കുന്നവരെ നിരന്തരം തുറന്നു കാട്ടിക്കൊണ്ടിരിക്കുക എന്നതാണ് അൽപമെങ്കിലും മനുഷ്യത്വം ബാക്കിയുള്ളവർ ചെയ്യേണ്ടത്.

ഭരണകൂട സംവിധാനങ്ങളെ അദൃശ്യമായി ഫാഷിസം നിയന്ത്രിക്കുന്നത് മറ്റു സംസ്ഥാനങ്ങളിൽ പുതുമയുള്ള വർത്തയല്ലെങ്കിലും കേരളം കൂടി ആ പട്ടികയിലേക്ക് വന്നു കൊണ്ടിരിക്കുന്നു എന്നത് കാര്യഗൗരവത്തിൽ കാണേണ്ടതാണ്. ●




# ഇന്ത്യയും ഗൾഫ് രാജ്യങ്ങളും ബന്ധങ്ങളിൽ വിള്ളൽ വീഴ്ത്തുന്ന ഹിന്ദുത്വ പ്രചാരണങ്ങൾ

കവർ സ്റ്റോറി / **തൽമീസ് അഹ്മദ്**

ഗൾഫ് രാജ്യങ്ങളുമായി ബന്ധം സുദൃഢമാക്കാൻ തന്റെ മുൻഗാമികളേക്കാൾ സമയവും ശ്രമവും കൂടുതൽ ചെലവഴിച്ചിട്ടുണ്ട്, പ്രധാനമന്ത്രി പദത്തിൽ ആറു വർഷം പൂർത്തിയാക്കുന്ന നരേന്ദ്ര മോദി. ഈ ശ്രമങ്ങളെ അതേ ഊഷ്മളതയോടെ തിരിച്ചുനൽകി ഗൾഫ് രാജ്യങ്ങളും ഒപ്പമുണ്ട്. ഇരുവശത്തേക്കും നിലക്കാത്ത നിരന്തര സന്ദർശനങ്ങൾ, വ്യക്തിഗത സൗഹൃദത്തിന്റെ നനവുള്ള കൈമാറ്റങ്ങൾ, രാഷ്ട്രീയ-ഊർജ-സാമ്പത്തിക മേഖലകളിലെ എണ്ണമറ്റ കരാറുകൾ തുടങ്ങിയവ ഈ പാരസ്പര്യത്തെ ക്രമപ്രവൃദ്ധമായി ഉർവരമാക്കി.

കൊറോണാ വൈറസ് മഹാമാരി സൃഷ്ടിച്ച വെല്ലുവിളിയുമായി ലോകം മല്ലിടുന്ന ഈ അസാധാരണ ഘട്ടത്തിൽ പക്ഷേ, വർഷങ്ങളെടുത്ത് പ്രധാനമന്ത്രി രൂപപ്പെടുത്തി രൂഢമാക്കിയ സൗഹൃദം അപകട മുനമ്പിലാണ്. പുറത്തു നിന്നുള്ള വൈരികളല്ല, പ്രശ്നക്കാരായി പിന്നിൽ. മറിച്ച്, അദ്ദേഹം നിലയുറപ്പിച്ച ദർശനത്തിന്റെയും രാഷ്ട്രീയത്തിന്റെയും ഭാഗമായ ആൾക്കൂട്ടം- അഥവാ ഹിന്ദുത്വ ബ്രിഗേഡ്- തന്നെയാണ് എല്ലാം തകർക്കുന്നത്. എത്ര പെട്ടെന്നാണ്, സമൂഹ മാധ്യമങ്ങളിലെ ട്വീറ്റുകൾ, മുഖ്യധാരാ ടെലിവിഷൻ മാധ്യമങ്ങളിലെയും പത്ര പംക്തികളിലെയും റിപ്പോർട്ടുകൾ എന്നിവ ഗൾഫ് രാജ്യങ്ങളിലെ ഉപരിവർഗമായ രാജകുടുംബാംഗങ്ങൾ, വ്യവസായികൾ, പ്രഫഷനലുകൾ, മനുഷ്യാവകാശ പ്രവർത്തകർ എന്നിവർ ഒരു വശത്തും ഇന്ത്യയിലെ ഹിന്ദുത്വ ദേശീയവാദികൾ മറുവശത്തും നിലയുറപ്പിച്ച കൊമ്പുകോർക്കലുകളുടെ വേദിയായത്.

ഒരു കൺസൾട്ടൻസി കമ്പനി നടത്തുന്ന, യു. എ. ഇയിൽ താമസക്കാരനായ സൗരഭ് ഉപാധ്യായ എന്നൊരാൾ തബ്‌ലീഗ് ജമാഅത്ത് അംഗങ്ങൾക്കുമേൽ അധിക്ഷേപം ചൊരിഞ്ഞ് പോസ്റ്റ് ചെയ്ത ട്വീറ്റിൽനിന്നായിരുന്നു എല്ലാറ്റിന്റെയും തുടക്കം. തബ്‌ലീഗുകാർ ജനങ്ങൾക്കു മേൽ 'ജി

ഹാദിന്റെ പുതുരൂപ'മാണ് തുപ്പുന്നതെന്നായിരുന്നു ട്വീറ്റിലെ ഒരു പരാമർശം. ഉഗ്രവിഷമുള്ള ട്വീറ്റ് അവസാനിക്കുന്നത് ഇങ്ങനെ: 'റാഡിക്കൽ ഇസ്‌ലാമിക് തബ്‌ലീഗീ ഭീകരർക്കും സാത്താന്റെ സന്തതികളായ റാഡിക്കൽ ഇസ്‌ലാമിന്റെ മറ്റു സന്തതികൾക്കും മരണം.' ആണയിടാൻ ചില ഹിന്ദി പദങ്ങൾ കൂടി ചേർത്താണ് ട്വീറ്റ് അവസാനിപ്പിക്കുന്നത്.


**ട്വീറ്റുകളുടെ പോര്**

ഗൾഫിന്റെ ചരിത്രത്തിൽ അത്യപൂർവ സംഭവമെന്നോണം, ഇതിന് പ്രതികരണവുമായി എത്തിയത് ഷാർജ രാജകുടുംബത്തിലെ ശൈഖ ഹിന്ദ് അൽഖാസിമിയാണ്. ഇന്ത്യയുമായി ഹൃദയം കൊണ്ടെഴുതിയ ആത്മബന്ധം സൂചിപ്പിച്ച് അവർ പറഞ്ഞു: 'ഈ ഔദ്ധത്യം പൊറുക്കാനാവില്ല... അന്നം കണ്ടെത്തുന്ന അതേ മണ്ണിനെ അവമതിക്കുന്നത് കണ്ടില്ലെന്നു നടിക്കാനുമാവില്ല.' പൗരന്മാരാകട്ടെ, അല്ലാത്തവരാകട്ടെ, വിദ്വേഷ പരാമർശങ്ങൾ നടത്തുന്നത് നിരോധിക്കുന്ന യു.എ.ഇ നിയമങ്ങളും അനുബന്ധമായി അവർ എടുത്തു ചേർത്തു.

അവിടെ നിർത്താതെ, മാർച്ച് ഒമ്പതു മുതൽ 19 വരെ കാലയളവിൽ ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ ആയിരക്കണക്കിന് ഹിന്ദു തീർഥാടകർ സംഗമിച്ച പരിപാടികളുടെ പട്ടിക നിരത്തിയ ശൈഖ ഹിന്ദ് 4,000 തബ്‌ലീഗുകാർ ഒത്തുകൂടിയ ഈ സംഗമത്തിനും അതേ പശ്ചാത്തലമേയുള്ളൂവെന്നും വിശദീകരിച്ചു. സമൂഹ മാധ്യമങ്ങളിൽ ഇതിനെതിരെ രംഗത്തെത്തിയ ഹിന്ദുത്വ കാമ്പയിൻ മാനേജർമാരോട് 'മനുഷ്യന്റെ യശസ്സും അവകാശങ്ങളും സ്ഥാപിച്ചുകിട്ടാൻ നിർഭീതനായി പൊരുതിയ പോരാളിയായിരുന്നു ഗാന്ധിയെന്നും അദ്ദേഹമാണ് തന്റെ ഹൃദയം കീഴടക്കിയതെന്നും' അവർ കൂട്ടിച്ചേർത്തു. വെറുപ്പിന്റെ പ്രചാരകർക്കെതിരെ സമാധാനത്തിന്റേതാണ് തന്റെ വഴിയെന്നുകൂടി ഓർമിപ്പിച്ചു. ഒരു ഇന്ത്യൻ ടെലിവിഷൻ ചാനൽ നടത്തിയ അഭിമുഖത്തിൽ 'ഹിന്ദുഫോബിയ'യെയും വിമർശിക്കുമോയെന്ന ചോദ്യത്തിന് യു.എ.ഇയിൽ ആരും ഹിന്ദുക്കളെ വെറുക്കുന്നില്ലെന്നായിരുന്നു അവരുടെ പ്രതികരണം.

രാജകുടുംബം ഇടപെട്ട വിഷയമെന്ന നിലവന്നതോടെ മലവെള്ളപ്പാച്ചിൽ കണക്കെയായിരുന്നു വിഷയത്തിൽ പിന്നീട് അഭിപ്രായ പ്രകടനങ്ങൾ. 'ഇസ്‌ലാംഭീതി' വിഷയത്തിലെ വിദഗ്ധനും യു.എസ് ആസ്ഥാനമായുള്ള അക്കാദമിക വിശാരദനുമായ ഖാലിദ് ബെയ്ദൂൻ 'ദ ന്യൂ അറബി'ൽ എഴുതിയ ലേഖനം തബ്‌ലീഗുകാർ കാണിച്ച അതിരുകടക്കലിന്റെ പേരിൽ ഇന്ത്യൻ മുസ്‌ലിംകൾ സമ്പൂർണമായി മുദ്രകുത്തപ്പെടുകയാണെന്ന് എഴുതി. ഇന്ത്യയിൽ കൊറോണാ വൈറസ് വാഹകരായി ചാപ്പകുത്തുന്നതിനു പുറമെ 'കൊറോണാ ജിഹാദും മുസ്‌ലിം വൈറസും' വരെ എഴുന്നള്ളപ്പെടുന്നുവെന്നും ലേഖനം പറയുന്നു.

ഇന്ത്യയിലെ ഇസ്‌ലാംഭീതി 'സർക്കാർ സ്‌പോൺസേഡ്' ആണെന്നും, ലോകം മുഴുക്കെ പിടിച്ചുലച്ച ഈ മഹാമാരിയിൽ രാജ്യത്തിന്റെ ഉത്കണ്ഠ മുതലെടുത്ത് മുസ്‌ലിംകൾക്ക് പൈശാചിക മുദ്ര നൽകാനാണ് പുതിയ ഹിന്ദുത്വ അജണ്ടയെന്നും ലേഖനം ആരോപിക്കുന്നു.




സുഊദി അറേബ്യയിലെ മതപണ്ഡിതനായ ശൈഖ് ആബിദി അൽ സഹ്‌റാനി 'ഹിന്ദുത്വയെ തിരിച്ചയക്കൂ' എന്ന ഹാഷ്ടാഗിൽ ഇസ്‌ലാമിനും മുസ്‌ലിംകൾക്കും പ്രവാചകനുമെതിരെ വെറുപ്പ് പ്രസരിപ്പിക്കുന്ന ജി.സി.സി രാജ്യങ്ങളിലെ തീവ്ര ഹിന്ദുത്വ വക്താക്കളെ തിരിച്ചറിഞ്ഞ് ലിസ്റ്റ് ചെയ്യാൻ ആവശ്യപ്പെട്ട് രംഗത്തെത്തി. ദശലക്ഷക്കണക്കിന് ഇന്ത്യക്കാരാണ് ഗൾഫിൽ കഴിയുന്നതെന്നും അവർക്ക് കോവിഡ് വന്നാൽ സൗജന്യമായി ചികിത്സ നൽകുമെന്നും എന്നിട്ടും 'ഹിന്ദുത്വ തീവ്രവാദ ശക്തികൾ മുസ്‌ലിം പൗരന്മാർക്കെതിരെ അതിക്രമം തുടരുകയാണെന്നും' മറ്റൊരു ട്വീറ്റിൽ അദ്ദേഹം കുറിച്ചു.

ഗൾഫിൽ പ്രമുഖ പ്രാദേശിക കമ്പനിയിൽ എക്‌സിക്യൂട്ടീവ് ഡയറക്ടറായ പ്രീതി ഗിരി ട്വീറ്റ് ചെയ്തത് നടൻ ആമിർ ഖാൻ തബ്‌ലീഗ് ജമാഅത്തുകാരനാണെന്നും തബ്‌ലീഗ് ജമാഅത്തെന്നാൽ 99 ശതമാനം ദയൂബന്ദിയായ സുന്നി, ഹനഫി വിശ്വാസസംഹിതയാണെന്നും അവരുടെ സിനിമക്കു പിന്നാലെ ഓടുന്ന വിഡ്ഢികളാകരുതെന്നുമായിരുന്നു. ഗിരിയെ ശാസിച്ച് പ്രമുഖ യു.എ.ഇ വ്യവസായി നൂറ അൽഗുറൈർ തന്നെ സമൂഹ മാധ്യമത്തിൽ രംഗത്തെത്തി: 'വെറുപ്പ് നിറഞ്ഞ നിങ്ങളുടെ യുക്തി പ്രകാരം, സുന്നികൾ ആ പ്രസ്ഥാനത്തിന്റെ ഭാഗമാകുക വഴി തീവ്രവാദികളാണെന്നാണോ? നിങ്ങൾ ജീവിക്കുന്ന നാട്ടിലെ ഭരണാധികാരികൾ മുഴുവൻ സുന്നികളാണെന്ന് നിങ്ങൾക്കറിയുമോ? ഞങ്ങളെ ബഹിഷ്‌കരിക്കാനാണോ നിങ്ങൾ ആഗ്രഹിക്കുന്നത്?'

സ്വീഡനിലെ ഉപ്പ്ഷാല യൂനിവേഴ്‌സിറ്റിയിലെ ഇന്ത്യൻ വംശജനായ അധ്യാപകൻ അശോക് സ്വെയ്ൻ ദുബൈ ആസ്ഥാനമായ 'ഗൾഫ് ന്യൂസ്' പത്രത്തിൽ ഏപ്രിൽ 22-ന് ലേഖനമെഴുതി. കോവിഡ് മഹാമാരിയെ ഹിന്ദുത്വ ശക്തികൾ ബോധപൂർവം എങ്ങനെ വർഗീയവത്കരണ സ്രോതസ്സായി മാറ്റിയെന്നായിരുന്നു വിഷയം. 'കോവിഡ് വ്യാപനത്തോടെ ഇന്ത്യയിൽ ഇസ്‌ലാംഭീതി മൂർധന്യത്തിലെത്തിയിരിക്കുന്നു. ഇതൊരു പ്രാഥമിക പ്രതികരണം എന്നുപറഞ്ഞ് തള്ളാനാകില്ല. മറിച്ച്, കൃത്യമായ ആസൂത്രണത്തോടെ കണിശമായി നടപ്പാക്കപ്പെടുന്ന രാഷ്ട്രീയ അജണ്ടയാണ്.'

മഹാമാരിയെ കൈകാര്യം ചെയ്യുന്നതിൽ ഭരണകൂടത്തിന്റെ വീഴ്ചകളും അനിവാര്യമായ കടുത്ത സാമ്പത്തിക പ്രതിസന്ധിയും ചൂണ്ടിക്കാട്ടുന്ന അദ്ദേഹം കുറിപ്പ് അവസാനിപ്പിക്കുന്നതിങ്ങനെ: 'ഇന്ത്യയിലെ ഹിന്ദുത്വ ശക്തികൾ കൊറോണാ വൈറസ് പ്രതിസന്ധിക്ക് വർഗീയച്ഛായ നൽകാനാണ് ശ്രമം നടത്തുന്നത്. ഗുരുതര നയപാളിച്ചകളിൽനിന്ന് തത്കാല പഴുതാകുമെന്നു മാത്രമല്ല, ബിഹാർ പോലുള്ള സംസ്ഥാനങ്ങളിൽ വരാനിരിക്കുന്ന തെരഞ്ഞെടുപ്പുകളിൽ രാഷ്ട്രീയ നേട്ടം കൊയ്യാനുള്ള അവസരം കൂടിയായി



ഈ മുസ്‌ലിം വിരുദ്ധ അന്തരീക്ഷത്തെ പ്രയോജനപ്പെടുത്താമെന്നും അവർ കണക്കുകൂട്ടുന്നു. കൊറോണാ വൈറസ് ഇന്ത്യക്ക് കനത്ത പ്രതിസന്ധിയാണ് സമ്മാനിച്ചിരിക്കുന്നത്. പക്ഷേ, നരേന്ദ്ര മോദി സർക്കാറിന് ഇതും ശക്തമായ രാഷ്ട്രീയ ആയുധമാണ്.'

**വിദ്വേഷ കാമ്പയിൻ ഗൾഫിൽ പരക്കുന്ന വിധം**

ഈ ട്വീറ്റുകൾ പറന്നുനടക്കുന്നതിനിടെ, സ്വയം പ്രഖ്യാപിത മുസ്‌ലിം പണ്ഡിതനായ താരിഖ് ഫത്താഹിനെ (ഹിന്ദുത്വ കേന്ദ്രങ്ങൾക്ക് നേരത്തേ പ്രിയ പുത്രനായിരുന്നു) ഉദ്ധരിച്ച് ബി.ജെ.പി പാർലമെന്റംഗം തേജസ്വി സൂര്യയുടെ 2015-ലെ ട്വീറ്റും പുറത്തെത്തി: '95 ശതമാനം അറബ് വനിതകളും നൂറ്റാണ്ടുകളായി രതിമൂർഛ ഒരിക്കലും അനുഭവിക്കാറില്ല. കുട്ടികൾ പിറക്കുന്നതിൽ അവർക്ക് ലൈംഗികത മാത്രമേയുള്ളൂ, സ്നേഹത്തിന്റെ സാന്നിധ്യമില്ല.'

കടുത്ത വിമർശനമാണ് ഇതിനെതിരെ ഉയർന്നത്. ദുബൈയിലെ പ്രമുഖ വ്യവസായി നൂറ ഗുറൈർ പ്രതികരിച്ചത്: 'ഏറ്റവും മികച്ച ചില വനിതാ രത്നങ്ങളുടെ നാടായിട്ടും, പെണ്ണിനോട് ആദരവ് മനസ്സിലാകാത്ത നിങ്ങളുടെ ശിക്ഷണത്തിൽ ലജ്ജ തോന്നുന്നു.' ഭാവിയിലെങ്ങാനും ഇന്ത്യൻ വിദേശകാര്യ മന്ത്രാലയത്തിന്റെ ഭാഗമായാൽ 'അറബ് നാടുകളിൽ വരാതെ ശ്രദ്ധിക്കണമെന്നു'കൂടി ട്വീറ്റ് ആവശ്യപ്പെടുന്നുണ്ട്. കുവൈത്തുകാരനായ കമന്റേറ്റർ അബ്ദുർറഹ്മാൻ നസ്സാർ നേരിട്ട് പ്രധാനമന്ത്രിക്ക് ട്വീറ്റ് ചെയ്തത് തേജസ്വി സൂര്യയെ പാർലമെന്റ് അംഗത്വത്തിൽനിന്ന് പുറത്താക്കണമെന്നാണ്. കുവൈത്തിൽ കോവിഡ് ബാധിച്ച ഏറ്റവും വലിയ സമൂഹം ഇന്ത്യക്കാരാണെന്നും അവർക്ക് ഏറ്റവും മികച്ച ആശുപത്രികളിൽ മികച്ച ചികിത്സ ഉറപ്പാക്കുന്നുണ്ടെന്നും ട്വീറ്റ് പറയുന്നു. ഇന്ത്യക്കാർ ശതകോടിക്കണക്കിന് ഡോളറുകളാണ് നാട്ടിലേക്ക് അയക്കുന്നത്. എല്ലാ ഇന്ത്യക്കാരും ഗൾഫ് രാജ്യങ്ങളിൽ നല്ലനിലയിലാണ് പരിചരിക്കപ്പെടുന്നത്. ഇന്ത്യയിൽ മുസ്‌ലിംകളുടെ പരിചരണം എങ്ങനെയാണെന്നുകൂടി ട്വീറ്റ് ചോദിക്കുന്നു.

കുവൈത്ത് അഭിഭാഷകനും മനുഷ്യാവകാശ പ്രവർത്തകനുമായ മിജ്ബാൽ ശരികയും സൂര്യയുടെ ട്വീറ്റിനെതിരെ രംഗത്തുവന്നു. 'ഞങ്ങളുടെ വനിതകളെ പരസ്യമായി അയാൾ അപമാനിച്ചിരിക്കുന്നു. ഇതിനെതിരെ ക്രിമിനൽ നടപടി വേണം'- ട്വീറ്റ് ആവശ്യപ്പെടുന്നു.

ഏപ്രിൽ 19-ന് ആദ്യമായി പ്രധാനമന്ത്രി ഇടപെട്ടു. 'കോവിഡ് 19-ന് വംശവും മതവും വർണവും ജാതിയും വിശ്വാസവും ഭാഷയും അതിരുകളുമറിയില്ലെന്നും ഐക്യത്തിനും സാഹോദര്യത്തിനുമാകണം നമ്മുടെ പ്രഥമ പരിഗണനയെന്നുമാ'യിരുന്നു ട്വീറ്റ്. ഈ പ്രതികരണത്തിന് പക്ഷേ, ആത്മാർഥതയും ആവേശവും കുറവാണെന്ന് കരുതിയവർ ഏറെയായിരുന്നു. എന്നല്ല, എന്തും പ്രചരിപ്പിക്കുന്ന അനുയായികൾക്കിടയിൽ മറിച്ചൊരു സ്വാധീനം ചെലുത്താൻ ഇത് മതിയാകുമായിരുന്നുമില്ല. ഏപ്രിൽ 24-ന് നിലഞ്ജൻ മുഖോപാധ്യായ എഴുതിയ കുറിപ്പിൽ പറയുന്നു:

'അദ്ദേഹത്തിന്റെ (മോദി) വാക്കുകൾ പോസ്റ്റ് ചെയ്തത് ബിസിനസ്, തൊഴിൽ അധിഷ്ഠിത സേവനങ്ങൾക്കായി പ്രഫഷനലുകൾ പ്രയോജനപ്പെടുത്തുന്ന പ്ലാറ്റ്ഫോമിലായിരുന്നു.

മുസ്‌ലിംകൾക്കെതിരെ വെറുപ്പ് വമിച്ച് രംഗത്തുള്ള അനുയായികളെ ലക്ഷ്യമിട്ടുള്ള സന്ദേശമായിരുന്നോ, അതോ കോവിഡ് രോഗികളെ മതപരമായി മുദ്രകുത്തുന്നതിന് പ്രധാനമന്ത്രി എതിരാണെന്ന് വരുത്തുക മാത്രമായിരുന്നോ ലക്ഷ്യം എന്നതാണ് പ്രധാന ചോദ്യം. രണ്ടു തലങ്ങളിൽ ഈ ട്വീറ്റ് അസാധാരണമാണ്. ഒന്ന്, തന്റെ അന്ധരായ ഭക്തർക്ക് ഒരു സന്ദേശം കൈമാറുകയാണ് മോദിയുടെ ലക്ഷ്യമെങ്കിൽ അതിന് പറ്റുന്ന പ്ലാറ്റ്ഫോം ആയിരുന്നില്ല 'ലിങ്ക്ഡ്ഇൻ.' രണ്ട്, വൈറസ് അതിന്റെ ഇരകളെ തെരഞ്ഞെടുക്കുന്നത് മതത്തിന്റെ പേരിലാണെന്നല്ല ഈ കാമ്പയ്നിൽ ഉയരുന്ന ആരോപണം; മറിച്ച് മുസ്‌ലിംകൾ ബോധപൂർവം രാജ്യത്ത് മഹാമാരി പടർത്തുകയായിരുന്നു എന്നാണ്.'

ഈ ഇടപെടൽ അർധമനസ്സോടെയാണെന്ന് പറയുന്നതിലുമുണ്ട് ന്യായം. വർഷങ്ങളായി മുസ്‌ലിംകൾക്കെതിരെ വിദ്വേഷ പ്രചാരണം രാജ്യത്ത് ശക്തമാണ്. ഗൾഫ് മനസ്സാക്ഷിയെ അത് പിടിച്ചുലക്കാൻ തുടങ്ങിയത് പക്ഷേ, വളരെ അടുത്തും. അതിൽ പിന്നെ, ഗൾഫ് രാജ്യങ്ങളിലെ സ്വദേശികൾ വൈകാരിക പ്രകടനവുമായി രംഗത്ത് സജീവമാണ്. കലക്കവെള്ളത്തിൽ മീൻ പിടിച്ച് ഇന്ത്യാ വിരുദ്ധ ചർച്ചകൾക്ക് ചുക്കാൻ പിടിച്ച് പാക് ഏജൻസികളെയും കാണാം. വ്യാജ ഐ. ഡികളിൽ രംഗത്തുള്ള അവർക്ക് വെള്ളവും വളവും നൽകി നിരന്തരം അധിക്ഷേപങ്ങളുമായി ഹിന്ദുത്വ ഭ്രാന്ത് ആവേശിച്ചവർ മറുവശത്തുമുണ്ട്.

ദൽഹി സമ്മേളനം കഴിഞ്ഞ് നാടുകളിലേക്ക് മടങ്ങിയ തബ്‌ലീഗുകാർ എങ്ങനെ കോവിഡ് പരത്തിയെന്ന് കാണിക്കാൻ ഔദ്യോഗിക കണക്കുകളായിരുന്നു നിരത്തപ്പെട്ടത്. ഹോസ്പിറ്റൽ വാർഡുകളിൽ വിവസ്ത്രരായി നടക്കൽ, വെജിറ്റേറിയൻ ഭക്ഷണം എറിഞ്ഞുകളയൽ, നഴ്സുമാർക്കെതിരായ അശ്ലീല പ്രകടനം, വാർഡുകളിൽ മലമൂത്ര വിസർജനം തുടങ്ങി ഇവരുടെ സ്വാഭാവ ദൂഷ്യത്തെ കുറിച്ച നിറംപിടിപ്പിച്ച കഥകളും വ്യാപകമായി പ്രചരിപ്പിക്കപ്പെട്ടു. മുസ്‌ലിംകളെന്നാൽ വൃത്തിഹീനരും വിലക്ഷണരും ഭോഗാസക്തരും സർവോപരി അപകടകാരികളുമെന്ന ഹിന്ദുത്വ

- 98 വിവാഹങ്ങൾ ● നിരാലംബർ, അഗതികൾ, വിധവകൾ
- ശിശുക്കൾ മുതൽ വൃദ്ധർ വരെ 225 അംഗങ്ങൾ
- അന്ധരും ബധിരരും മൂകരും ബുദ്ധിമാന്ദ്യമുള്ളവരും മറ്റു ശാരീരിക വൈകല്യങ്ങളുള്ളവരും
- നഴ്സറി മുതൽ പിജി വരെ പഠിക്കുന്ന 60ഓളം വിദ്യാർഥികൾ
- മറ്റു പ്രഫഷണൽ കോഴ്സുകളിൽ പരിശീലനം നേടുന്നവർ

# മായരുത് ഈ പുഞ്ചിരികൾ

**സകാത്തും സ്വദഖയും നൽകി സഹായിക്കുക**
**റിസീവർമാരില്ല**



കുടുംബസമേതം സന്ദർശിക്കൂ.
മറക്കാനാവാത്ത അനുഭവം
നിങ്ങൾക്ക് ലഭിക്കും

## V.M.V ORPHANAGE

KALATHODE, P.O OLLUKKARA, THRISSUR-680655
PH. 0487-2374754, 9895044200, 9447918745, 9497711903
www.vmvorphanage.org email: info@vmvorphanage.org

**A/C NO. 0720101062033**
**CANARA BANK, THRISSUR**
**IFSC Code: CNRB 0000720**

# തണൽ

**They want nothing but a shelter...**

K.V MOHAMED ZAKIR (DIRECTOR) 9895044200



ധാരണകളെ അരക്കിട്ടുറപ്പിക്കുന്നതിൽ ഇവ വിജയംകണ്ടു.

മുതിർന്ന രാഷ്ട്രീയ നേതാക്കളിൽ ചിലർ തന്നെ മുസ്‌ലിംകളെ 'മനുഷ്യ ബോംബുകൾ', 'മനുഷ്യവംശത്തിന്റെ ശത്രുക്കൾ' എന്നിങ്ങനെയാണ് വിശേഷിപ്പിച്ചത്. 'കൊറോണാ ജിഹാദ്', 'മുസ്‌ലിം വൈറസ്' തുടങ്ങിയ പ്രയോഗങ്ങൾ പതുക്കെ ദേശീയ പദാവലിയിൽ ഇടംപിടിച്ചതും നാം കണ്ടു.

ഇവയെല്ലാം ശുദ്ധ നുണകളായിരുന്നു. തബ്‌ലീഗുകാരുടെ സ്വഭാവദൂഷ്യ റിപ്പോർട്ടുകൾ അധികൃതർ തന്നെ പിന്നീട് തള്ളി. തുടക്കത്തിൽ ഇത് അവതരിപ്പിക്കാൻ കാണിച്ച ആവേശം പക്ഷേ, നിഷേധിക്കുമ്പോൾ ഉണ്ടായില്ലെന്നു മാത്രം. തബ്‌ലീഗുകാർ വഴിയുണ്ടായ രോഗവ്യാപന കണക്കുകളുടെ കഥയിലുമുണ്ട് കൗതുകം. ഇതെങ്ങനെ സാധ്യമായെന്ന് ഐറിന അക്ബർ വിശദീകരിക്കുന്നു: 'മാർച്ച് 29-30 തീയതികളിലെ ഭൂരിപക്ഷം പോസിറ്റീവ് കേസുകളും തബ്‌ലീഗ് ജമാഅത്തുമായി ബന്ധപ്പെട്ടായത്, ഈ ഘട്ടത്തിൽ പ്രധാനമായി അവരുടെ പരിശോധനകളാണ് നടന്നത് എന്നതുകൊണ്ടാണ്. പൊതുവായ പരിശോധന അപ്പോഴും വളരെ കുറവായിരുന്നു.' സാംപ്ളിങ് പക്ഷപാതം എന്നേ ഇതിനെ വിളിക്കാനാവൂ എന്ന് ഐറിന അഭിപ്രായപ്പെടുന്നു.

വിവാദം സൃഷ്ടിച്ച പ്രതിസന്ധി പരിഹരിക്കാൻ കൂടുതൽ ഇടപെടൽ ആവശ്യമാണെന്നു കണ്ട് വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ വ്യക്തിപരമായി ഇതിൽ ഇടപെടുന്നതും കണ്ടു. യു.എ.ഇ, ഖത്തർ, ഒമാൻ, സുഊദി അറേബ്യ തുടങ്ങിയ രാജ്യങ്ങളിലെ വിദേശകാര്യ മന്ത്രിമാരുമായി അദ്ദേഹം സംഭാഷണം നടത്തി. റമദാൻ മാസത്തിൽ ആവശ്യമായ ഭക്ഷ്യവിതരണം ഇന്ത്യ ഉറപ്പാക്കുമെന്നും മഹാമാരിയെ നേരിടാനുള്ള മരുന്ന് നൽകുമെന്നും അദ്ദേഹം ഉറപ്പു നൽകിയതായി റിപ്പോർട്ടുകൾ പറയുന്നു. ഗൾഫ് കൂടി ഉൾപ്പെടുന്ന പടിഞ്ഞാറിനോട് ആഭിമുഖ്യം ഇന്ത്യ ഇനിയും തുടരുമെന്നും ടെലിവിഷൻ റിപ്പോർട്ടുകളും ചൂണ്ടിക്കാണ്ടി.

**ഇന്ത്യാ-ഗൾഫ് ബന്ധങ്ങൾ**

ഗൾഫ് രാഷ്ട്രങ്ങൾ മുമ്പ് കാര്യമാത്ര ശ്രദ്ധ നൽകാതിരുന്ന തീവ്ര ഹിന്ദുത്വ ശക്തികളുടെ പ്രതിലോമ പ്രവർത്തനങ്ങൾ ഇപ്പോൾ അവരുടെ കണ്ണാടിയിൽ കൂടുതൽ തെളിമയോടെ പതിച്ചുതുടങ്ങിയതാണ് വലിയ മാറ്റം. നിരന്തര വാചാടോപങ്ങൾക്കിടെയും ഗൾഫ് രാജ്യങ്ങൾക്കും ഇന്ത്യക്കുമിടയിലെ ബന്ധം ശക്തമായി തുടരുന്നത് ഹിന്ദുത്വ അണികളെ അമ്പരപ്പിച്ചിട്ടുണ്ടാകണം. ശീതയുദ്ധകാലത്ത്, ജി.സി.സി രാജ്യങ്ങൾ പാകിസ്താനുമായി രാഷ്ട്രീയ, സൈനിക തലങ്ങളിൽ സൗഹൃദം തുടർന്നത് ഒരു മുസ്‌ലിം രാജ്യമെന്ന നിലക്കായിരുന്നില്ല. മറിച്ച്, ഇരുവരും നിലയുറപ്പിച്ചത് അമേരിക്ക മുന്നിൽ നിൽക്കുന്ന ഒരേ ചേരിക്കൊപ്പം ആണെന്നതു കൊണ്ടായിരുന്നു.

ശീതയുദ്ധത്തിനുശേഷം, ജി.സി.സി എന്ന സഖ്യസംവിധാനത്തിന്റെ ഭാഗമായ അറബ് ഗൾഫ് രാഷ്ട്രങ്ങൾ, പ്രധാനമന്ത്രി എ.ബി വാജ്പേയ് നയിച്ച ബി.ജെ.പി സർക്കാറുമായി സഹകരണം കൂടുതൽ മെച്ചപ്പെടുത്തി. 2001 ജനുവരിയിൽ അന്നത്തെ വിദേശകാര്യ മന്ത്രി ജസ്വന്ത് സിംഗ് റിയാദ് സന്ദർശിച്ചത് ഒരു നാഴികക്കല്ലായിരുന്നു. പ്രതീകാത്മകമായി രണ്ട് അറബിക്കുതിരകളാണ് അന്ന് മന്ത്രിക്ക് സമ്മാനിക്കപ്പെട്ടത്. കിരീടാവകാശി അബ്ദുല്ല രാജകുമാരന്റെ മകൻ മിത്അബ് ബിൻ അബ്ദുല്ല, അന്ന് ജസ്വന്ത് സിംഗിനോട് പങ്കുവെച്ചത്, 'മന്ത്രിയെ ഞാൻ ഇഷ്ടപ്പെടുന്നു. അദ്ദേഹം സത്യസന്ധനാണ്. നമ്മെ പോലെ നാടോടിയാണ്' എന്നായിരുന്നു.

2008-ൽ മുംബൈ ഭീകരാക്രമണത്തോടെ ഇന്ത്യാ- സുഊദി ബന്ധം തന്ത്രപ്രധാന തലത്തിലേക്ക് വളർന്നു. പാകിസ്താൻ ഭീകരതയുടെ നഴ്സറിയും ആസ്ഥാനവുമായി വളർന്നെന്ന് ഈ ആക്രമണം വ്യക്തമാക്കിയിരുന്നു. ഇരു രാജ്യങ്ങൾക്കുമിടയിലെ സൗഹൃദത്തിന്റെ വാഴ്ത്ത് കൂടിയായിരുന്നു പ്രധാനമന്ത്രി മൻമോഹൻ സിംഗും അബ്ദുല്ല രാജാവും തമ്മിൽ 2010 ഫെബ്രുവരിയിൽ ഒപ്പുവെച്ച റിയാദ് പ്രഖ്യാപനം.

ആ അടിത്തറകളിലൂന്നി ബന്ധത്തിന് കൂടുതൽ ഉയരങ്ങൾ കുറിക്കുകയായിരുന്നു കഴിഞ്ഞ ആറു വർഷങ്ങൾക്കിടെ പ്രധാനമന്ത്രി മോദി. സഹസ്രാബ്ദങ്ങളിലൂടെ ഒഴുകിപ്പരന്ന പാരസ്പര്യമാണ് ഇന്ത്യക്കും ഗൾഫ് നാടുകൾക്കുമിടയിലുള്ളത്. മോദിയും ഗൾഫ് നേതാക്കളുമായി നടന്ന ഓരോ സംഭാഷണത്തിനുമൊടുവിലെ സംയുക്ത പ്രസ്താവന ഈ പൈതൃകത്തിന്റെ ഗരിമ പ്രഖ്യാപിക്കുന്നവയാണ്.

2015 ആഗസ്റ്റിലെ ഇന്ത്യാ-യു.എ.ഇ സംയുക്ത പ്രസ്താവന മുതൽ 2018 ഫെബ്രുവരിയിൽ ഇന്ത്യാ-ഒമാൻ പ്രഖ്യാപനം വരെ ഈ ശ്രേണിക്ക് നീളംകൂടും.



വാചാടോപങ്ങൾക്കപ്പുറത്ത് സുദൃഢമായ ഇടപാടുകളായി മോദിയുടെ പ്രധാനമന്ത്രി പദത്തിനിടെ ഈ ബന്ധം വളർന്നതാണ്. യു.എ.ഇയും സുഊദി അറേബ്യയും ഇന്ത്യയിൽ വൻകിട നിക്ഷേപത്തിന് ഒരുക്കമറിയിച്ചതും ഇതിന്റെ തുടർച്ചയാണ്. യു.എ.ഇ 70 ബില്യൻ ഡോളറിന്റെയാണെങ്കിൽ സുഊദി പ്രഖ്യാപിച്ചത് 100 ബില്യൻ ഡോളറിന്റെയായിരുന്നു. ഇന്ത്യയിലെ അടിസ്ഥാന വികസന മേഖലക്കു പുറമെ ഊർജം, വ്യവസായം എന്നിവയുടെയും വികസനമായിരുന്നു ലക്ഷ്യം. ചില പദ്ധതികൾ ഇതിനകം ആരംഭിച്ചുകഴിഞ്ഞു. യു.എ.ഇയുടെ ഏറ്റവും വലിയ വ്യക്തിഗത പുരസ്കാരമായ 'ഓർഡർ ഓഫ് സായിദ്' 2019 ആഗസ്റ്റിലാണ് പ്രധാനമന്ത്രി മോദിക്ക് സമ്മാനിച്ചത്. പ്രഖ്യാപനം നടത്തിയതാകട്ടെ, ഇന്ത്യ പൊതുതെരഞ്ഞെടുപ്പിന് ഒരുങ്ങിയ ഫെബ്രുവരിയിലും. ആഗസ്റ്റിൽ ബഹ്റൈന്റെ 'കിങ് ഹമദ് ഓർഡർ ഓഫ് റിനയ്സൻസും' സമ്മാനിക്കപ്പെട്ടു. 2016-ൽ സുഊദിയും സമാനമായി പുരസ്കാരം നൽകിയതു വേറെ.

**മുറിയാത്ത പൈതൃകത്തിന്റെ കണ്ണികൾ**

ഇന്ത്യയും പശ്ചിമേഷ്യൻ സംസ്കാരങ്ങളും സമൂഹങ്ങളും 5,000 വർഷത്തെ പൈതൃകത്താൽ പരസ്പരം ഇഴചേർക്കപ്പെട്ടവയാണെന്ന്, മതകീയ ദ്വന്ദങ്ങളാൽ അന്ധരാക്കപ്പെട്ട ഹിന്ദുത്വ ബ്രിഗേഡിന് അറിയാതെ പോകേണ്ടതില്ല. ഒരിക്കലും കണ്ണി മുറിയാതൊഴുകിയ ഈ സൗഹൃദത്തിനു മേൽ വിശ്വാസം പരിഗണനയേ ആയിരുന്നില്ല. ഹാരപ്പൻ സംസ്കാരത്തിലെ ജനങ്ങൾക്ക് ബഹ്റൈൻ, ഒമാൻ തുടങ്ങിയ ദേശങ്ങളുമായി ബന്ധമുണ്ടായിരുന്നുവെന്ന് പുരാവസ്തു ഗവേഷണങ്ങൾ സ്ഥിരീകരിച്ചതാണ്. ധാന്യങ്ങൾ, തുണിത്തരങ്ങൾ തുടങ്ങിയവയുൾപ്പെടെ ഇന്നും ഇന്ത്യ കയറ്റി അയക്കുന്ന പല വസ്തുക്കളും അന്നും കപ്പലേറിപ്പോയി. പിൽക്കാലത്ത്, അസീറിയ, പേർഷ്യ, ഈജിപ്ത് എന്നിവയുമായും ഇവർ വഴി റോമൻ സാമ്രാജ്യവുമായും ഇന്ത്യ അടുത്ത ബന്ധം നിലനിർത്തി. ഇസ്‌ലാം വരുന്നതിന് 2000 വർഷം മുമ്പുവരെ ഇന്ത്യൻ, അറബ് ജനത ഇരു മേഖലകളിലുമായി മാറിമാറി താമസിച്ചുപോന്നു. അതുവഴി, മതം, നാഗരികത, സാമൂഹിക ചട്ടങ്ങൾ, ജീവിത മൂല്യങ്ങൾ എന്നിവയുടെ കൊള്ളക്കൊടുക്കകളും സമൃദ്ധമായി നടന്നു.



● ബെയ്ദൂൻ

ഇസ്‌ലാം വന്ന ശേഷം 718-800 കാലഘട്ടത്തിൽ അറബികൾ സൈന്യവുമായി ഇന്ത്യയിലെത്തി. രാഷ്ട്രീയമായി ഇതിന് വലിയ സവിശേഷത പറയാനില്ലെങ്കിലും ഇതുയർത്തിയ സാംസ്കാരിക സ്വാധീനം ഏറെ വലുതായിരുന്നു: മാലിക് മുഹമ്മദ് പറയുന്നു: 'അറബികൾ.. (ഇന്ത്യയുടെ) സാംസ്കാരിക ഔന്നത്യം കണ്ട് ശരിക്കും അമ്പരന്നു. ഇന്ത്യൻ തത്ത്വചിന്തയുടെ ഉദാത്തത, ബൗദ്ധികതയുടെ സമൃദ്ധി എന്നിവയും അവരിൽ വലിയ സ്വാധീനം സൃഷ്ടിച്ചു' (The Foundations of the Composite Culture in India, Aakar Books, 2007, p. 58).

വൈദ്യശാസ്ത്രം, ജ്യോതിശാസ്ത്രം, ഗണിതം തുടങ്ങി വിവിധ വൈജ്ഞാനിക മേഖലകളിലെ ഇന്ത്യൻ രചനകൾ അക്കാലത്ത് സംസ്കൃതത്തിൽനിന്ന് അറബിയിലേക്ക് മൊഴിമാറ്റം നടത്തിയിരുന്നു. അർഥശാസ്ത്രം, സിദ്ധാന്ത ചരക സംഹിത, പഞ്ചതന്ത്രം തുടങ്ങിയവ ഉദാഹരണം. അബ്ബാസി ഖലീഫ മഅ്മൂന്റെ ഭരണകാലത്ത് (813-33 സി.ഇ) ഗണിതവിശാരദനായ അൽഖ്വാറസ്മി (780-840 സി.ഇ) സംസ്കൃത അക്കങ്ങൾ അറബി ഗണിതത്തിലേക്ക് കടംകൊണ്ടു.


ദക്ഷിണേന്ത്യയിൽ വണിക്കുകളായും സഞ്ചാരികളായും എത്തിയ അറബികളെ പ്രാദേശിക ഭരണാധികാരികൾ ഹൃദയപൂർവം വരവേറ്റ കഥകളനവധി. അറബ് സഞ്ചാരി ഇബ്നു ബത്തൂത്ത (130-477 സി.ഇ) ഇന്ത്യയുടെ പശ്ചിമ തീരങ്ങൾ വഴിയുള്ള യാത്രക്കിടെ പേർഷ്യക്കാരും യമനികളുമായ നിരവധി മുസ്‌ലിംകൾ സമൃദ്ധിയിൽ ജീവിക്കുന്നത് കണ്ടതായി രേഖപ്പെടുത്തിയിട്ടുണ്ട്.

എട്ട്- പതിനഞ്ച് നൂറ്റാണ്ടുകൾക്കിടയിൽ വൈഷ്ണവ, ശൈവ സന്യാസിമാർ തുടക്കമിട്ട പരിഷ്കരണ പ്രസ്ഥാനങ്ങളിൽ മതാതീതമായ സുപ്രധാന സ്വാധീനങ്ങൾ നമുക്ക് കാണാം. ഡോ. താരാചന്ദ് എഴുതുന്നു: '(ദക്ഷിണേന്ത്യയിലാണ്) ഇസ്‌ലാം ഹിന്ദുമതവുമായി സംവദിക്കുന്നതും ഹിന്ദു ചിന്തയെ ഉർവരമാക്കുന്നതും.'

രാമാനുജൻ, വിഷ്ണുസ്വാമി, മാധവൻ, നിംബർക തുടങ്ങി 12,13 നൂറ്റാണ്ടുകളിലെ സന്യാസിശ്രേഷ്ഠന്മാരുടെ ചിന്തകൾക്ക് ഇസ്‌ലാമിക ദർശനത്തോട് കൂടുതൽ സാമ്യം കാണാം. സൂഫിസം ചെലുത്തിയ ചില സ്വാധീനതകൾ താരാചന്ദ് എണ്ണുന്നുണ്ട്; ഏകദൈവ വിശ്വാസത്തിലുള്ള ഊന്നൽ, വൈകാരിക ആരാധന, സ്വയം സമർപ്പണം (പ്രപതി), അധ്യാപക സ്നേഹം (ഗുരുഭക്തി), ജാതി സമ്പ്രദായത്തിൽനിന്ന് പതിയെ പിറകോട്ടുപോരൽ, ആചാരാധിഷ്ഠിത വിശ്വാസത്തോടുള്ള വിപ്രതിപത്തി...

ചുരുങ്ങിയത് ഒരു സഹസ്രാബ്ദമെങ്കിലുമായി ഇന്ത്യൻ സമൂഹങ്ങൾ ഗൾഫ് മേഖലയിൽ താമസിച്ചുവരുന്നു. കച്ച് മേഖലയിലെ ഇന്ത്യക്കാർ കഴിഞ്ഞ ആറു നൂറ്റാണ്ടായി മസ്കത്തിൽ കഴിയുന്നതിന്റെ തെളിവുകൾ ലഭ്യമാണ്. 15-ാം നൂറ്റാണ്ട് മുതൽ ഥത്ത മേഖലയിലെ ഭാട്ടിയ വിഭാഗം തുടക്കത്തിലും സിന്ധിലെ ഭാട്ടിയ, ഖോജ വിഭാഗങ്ങൾ (ഒമാനിൽ ഇവർ അറിയപ്പെട്ടത് ലവാടികൾ എന്നായിരുന്നു) തുടർന്നും ഇവിടങ്ങളിൽ കോളനികൾ നിലനിർത്തിയതായും കാണാം. 1649-ൽ പോർച്ചുഗീസ് അധിനിവേശത്തിനെതിരെ ഒമാനീ പ്രക്ഷോഭത്തിന് നേതൃത്വം നൽകിയത് കച്ച് വ്യാപാരിയായിരുന്ന നരോത്തം ആയിരുന്നു. അദ്ദേഹത്തിന്റെ പിന്മുറക്കാർ ഇന്നും ഒമാനിൽ ആദരിക്കപ്പെടുന്നു.

1765-ൽ ഡച്ച് പര്യവേക്ഷകനാ




യിരുന്ന കാഴ്സ്റ്റൺ നീബർ (Carsten Niebuhr) മസ്കത്തിനെ കുറിച്ച് എഴുതിയത് ഇങ്ങനെ: 'മുഹമ്മദൻ നഗരങ്ങളിൽ മസ്കത്ത് പോലെ ഇന്ത്യക്കാരെ ധാരാളമായി കാണുന്ന മറ്റൊന്നില്ല. 1200 -ലേറെ വരും അവരുടെ ജനസംഖ്യ ഇവിടെ. സ്വന്തം നിയമങ്ങൾ അനുസരിച്ച് ജീവിക്കാനും കുടുംബങ്ങളെ ഇവിടെ എത്തിക്കാനും സ്വന്തം വീടുകളിൽ വിഗ്രഹങ്ങൾ സ്ഥാപിക്കാനും മരിച്ചവരെ ദഹിപ്പിക്കാനും വരെ അനുമതിയുണ്ട്.'

ഗൾഫ് സമൂഹങ്ങൾ ഇന്ത്യയിൽനിന്ന് ഭക്ഷ്യവസ്തുക്കൾ, വസ്ത്രം, മരം, ലോഹം തുടങ്ങിയവ ഇറക്കുമതി ചെയ്തു. പകരമായി, കുതിരകൾ, ആഭരണമാക്കി പിന്നീട് ലോകവിപണിയിലെത്തിച്ച രത്നം തുടങ്ങിയവ തിരിച്ചും അവർ കൊണ്ടുപോയി. 16-ാം നൂറ്റാണ്ട് മുതൽ 1960-കൾ വരെ ഇന്ത്യൻ രൂപയായിരുന്നു ഗൾഫ് മേഖലയിൽ ഉപയോഗത്തിലുണ്ടായിരുന്നത്. ഇപ്പോഴും ഒമാനിൽ 100 -ഓളം കച്ചി കുടുംബങ്ങൾക്ക് ഒമാനി പൗരത്വമുണ്ട്. കനകഭായ് ഖിംജി അവരുടെ 'ശൈഖും'.

19-ാം നൂറ്റാണ്ടിൽ ബ്രിട്ടീഷുകാർ ഗൾഫ് മേഖലയിൽ അധികാരമുറപ്പിക്കുന്നതോടെ ഭരണം കൈയാളിയതും ആവശ്യമായ ഫണ്ടിറക്കിയതും ഇന്ത്യ കേന്ദ്രീകരിച്ചായിരുന്നു. അതിനാൽ തന്നെ ഇവിടെ താമസിച്ച ഇന്ത്യൻ കുടുംബങ്ങൾ വ്യവസായികളായും പ്രഫഷനലുകളായും ടെക്നീഷ്യന്മാരായും സർക്കാർ ഉദ്യോഗസ്ഥരായും വിവിധ മേഖലകളിൽ നിറഞ്ഞുനിന്നു. ബ്രിട്ടീഷ് ഇന്ത്യൻ സാമ്രാജ്യത്തിന്റെ പുറംഅറ്റം മാത്രമാണ് ഗൾഫ് എന്ന് ജെയിംസ് ഓൺലി (James Onley) അഭിപ്രായപ്പെടുന്നുണ്ട്.

'കഴിഞ്ഞ 4,000 വർഷങ്ങളായി, അറേബ്യ ഇന്ത്യയുടെ സാമ്പത്തിക, സാംസ്കാരിക വൃത്തത്തിലുണ്ട്. ബ്രിട്ടീഷ് ഭരണമായതോടെ, രാഷ്ട്രീയമായും അത് ഇന്ത്യയുടെ വൃത്തത്തിലേക്ക് വന്നു. 1820-നും 1947-നുമിടയിൽ ബ്രിട്ടീഷ് ഈസ്റ്റ് ഇന്ത്യാ കമ്പനിയും അതിന്റെ പിൻഗാമികളും തന്നെയായിരുന്നു മേഖലയുടെ രാഷ്ട്രീയം കൈകാര്യം ചെയ്തത്. ബ്രിട്ടീഷ് ഇന്ത്യൻ സാമ്രാജ്യത്തിന്റെ പടിഞ്ഞാറേ അതിരായിരുന്നു അറേബ്യ.'

ശിൽപകല, വസ്ത്രധാരണം, ഭക്ഷ്യവിഭവങ്ങൾ തുടങ്ങി സാംസ്കാരിക രംഗത്ത് ഇന്ത്യക്ക് ഗൾഫ് ജനതയിൽ അദ്വിതീയമായ സ്വാധീനമാണ് ഉണ്ടായിരുന്നത്. കറിവെച്ച ആട്ടിറച്ചി, ബിരിയാണി, സീക് കബാബ് തുടങ്ങി 'പാവം' സമോസ വരെ ഇപ്പോഴും ഗൾഫ് അറബികൾക്ക് പ്രിയപ്പെട്ടതാണ്. ഇന്ത്യക്കാരന്റെ സ്വന്തം 'ഛക്' ചായ പലർക്കും ലഹരിപോലെയാണ്. ഇന്ത്യൻ ബസ്മതി അരിയുടെ പ്രധാന വിപണികളിലൊന്ന് അറേബ്യയാണ്.

എണ്ണ വരുമാനം കൂടിയായതോടെ, ഗൾഫ് അക്ഷരാർഥത്തിൽ ആഗോള പ്രൗഢിയിലേക്ക് ചുവടുവെച്ചിട്ട് ഏറെയായിട്ടില്ല. വമ്പൻ ലോകോത്തര ബ്രാൻഡുകൾ മേഖലയിൽ ചുവടുറപ്പിച്ചു. അടിസ്ഥാന സൗകര്യ വികസനം, ഊർജം, നിർമാണം തുടങ്ങിയ മേഖലകളിൽ അവർക്കായി മേൽക്കൈ. വെല്ലുവിളി ഏറ്റെടുത്ത ഇന്ത്യ, ഇവിടെ പദ്ധതി നടത്തിപ്പിൽ ആവശ്യമായ മനുഷ്യവിഭവം നൽകി ഒപ്പംനിന്നു. 1980-കളുടെ ആരംഭത്തിൽ 10 ലക്ഷം പേർ മാത്രമായിരുന്നത് 2000 ആകുമ്പോഴേക്ക് 35 ലക്ഷമായി വളർന്നു. 2010-ൽ അത് 80 ലക്ഷം വരെയെത്തി. 35 ബില്യൻ ഡോളറാണ് ശരാശരി ഇവർ ഇന്ത്യയിലേക്ക് അയക്കുന്നത്.

ഗൾഫിലെ ഓരോ രാജ്യത്തും ഏറ്റവും വലിയ പ്രവാസി സമൂഹം ഇന്ത്യക്കാരാണ്. യു.എ.ഇ, ബഹ്റൈൻ, ഖത്തർ എന്നിവിടങ്ങളിൽ ഭൂരിപക്ഷവുമാണ്. അവരുടെ തൊഴിൽ സ്വഭാവത്തിലുമുണ്ടായിട്ടുണ്ട് മാറ്റം. 1990-ൽ 90 ശതമാനവും നീലക്കോളർ തൊഴിലാളികളായിരുന്നത് ഇപ്പോൾ 65-70 ശതമാനമായി മാറി. 20 ശതമാനവും എഞ്ചിനീയർമാർ, ഡോക്ടർമാർ, മാനേജർമാർ, അക്കൗണ്ടന്റുമാർ തുടങ്ങിയ പ്രഫഷനലുകൾ. നൂറുകണക്കിന് ഇന്ത്യൻ ചാർട്ടേഡ് അക്കൗണ്ടന്റുമാരാണ് ദുബൈ, അബൂദബി, ഒമാൻ തുടങ്ങിയിടങ്ങളിൽ ഉയർന്ന പദവി വഹിക്കുന്നത്.

അവസാന പതിറ്റാണ്ടുകളിൽ സംരംഭകരുടെ എണ്ണത്തിലുമുണ്ടായിട്ടുണ്ട് വൻവളർച്ച. കൊച്ചുനിക്ഷേപകരായി എത്തിയ പലരും ആരോഗ്യ, നിർമാണ, വിദ്യാഭ്യാസ, അടിസ്ഥാന സൗകര്യ വികസന, ഫിനാൻസ്, ചില്ലറ വിൽപന മേഖലകളിലെ രാജ്യാന്തര ബ്രാൻഡുകളുടെ അധിപന്മാരായി മാറി.

കഴിഞ്ഞ 20 വർഷത്തിനിടെ ഗൾഫ് മേഖലയിൽനിന്ന് പെട്രോളിയം ഉൽപന്നങ്ങൾ ഇറക്കുമതി ചെയ്യുന്ന പ്രധാന രാജ്യങ്ങളിലൊന്നാണ് ഇന്ത്യ. ഇന്ത്യയുടെ മൊത്തം എണ്ണ, പ്രകൃതിവാതകം എന്നിവയുടെ 50 ശതമാനവും വരുന്നത് ജി. സി. സിയിൽനിന്നാണ്. ഇന്ത്യയുടെ ആദ്യ അഞ്ച് വ്യാപാര പങ്കാളികളിൽ രണ്ടെണ്ണം യു.എ.ഇയും സുഊദിയുമാണ്. മേഖല തിരിച്ചാണെങ്കിൽ ഗൾഫുമുണ്ട് മുൻനിരയിൽ. ഗൾഫ് രാജ്യങ്ങൾ ഇന്ത്യയുടെ അടിസ്ഥാന സൗകര്യ വികസന മേഖലയിൽ നിക്ഷേപമിറക്കുമ്പോൾ മറുവശത്ത്, ഇന്ത്യൻ കോർപറേറ്റുകൾ അവിടെയും ചുവടുറപ്പിക്കുന്നു.

സുഊദി മാറ്റിനിർത്തിയാൽ, പൊതുജീവിതത്തിൽ മതത്തിന് പ്രാധാന്യം നൽകുന്നവയല്ല, ഗൾഫ് രാജ്യങ്ങൾ. അതുകൊണ്ടുതന്നെ, തൊഴിൽ മേഖലയിൽ ആളെ റിക്രൂട്ട് ചെയ്യുന്നതിൽ മതം ഒരിക്കലും വിഷയമാകാറില്ല. യു.എ.ഇയിൽ നിലവിൽ 100-ലേറെ രാജ്യക്കാരുണ്ട്. അതിൽ 55 ശതമാനവും ഇന്ത്യക്കാരുമാണ്. സുഊദി അറേബ്യ ഒഴികെ എല്ലാ ജി.സി.സി രാജ്യങ്ങളിലും അമ്പലങ്ങൾ, ചർച്ചുകൾ എന്നിവ മാത്രമല്ല, അതത് വിശ്വാസികൾക്ക് ശവസംസ്കാര സൗകര്യവും വെവ്വേറെയുണ്ട്.

വഹാബി ധാരയുടെ ഭാഗമായ സുഊദി അറേബ്യയിൽ പോലും

വിശ്വാസമെന്ന നിലക്കല്ല, രാഷ്ട്രീയ കോയ്മയെന്ന നിലക്കാണ് മതത്തിന്റെ സ്വാധീനം വരുന്നത്. 1980-കളിൽ സിഖുകാർക്ക് വിലക്ക് (അതിവേഗം അത് നീക്കി) വന്നപ്പോഴും മുസ്‌ലിംകൾക്ക് പ്രത്യേക ആനുകൂല്യം അവർ പ്രഖ്യാപിച്ചിരുന്നില്ല. ഗൾഫിലെ വൻകിട വ്യവസായികൾ മുതൽ താഴെതട്ടിൽ വരെ ഈ വൈവിധ്യം അതിന്റെകൂടി തുടർച്ചയാണ്.

**ബന്ധങ്ങൾ രൂഢമാകാൻ**

ഈ പശ്ചാത്തലത്തിൽ വേണം പുതിയ കോലാഹലങ്ങൾ അപനിർമിക്കാൻ. ജി.സി.സിയിലെ ഔദ്യോഗിക തലങ്ങളിൽ ആരും വിഷയത്തിൽ പ്രതികരിച്ചിട്ടില്ല. ഗൾഫിലെ അത്യപൂർവമായ ചില കോണുകളിൽനിന്നു മാത്രമാണ് വിദ്വേഷ സന്ദേശങ്ങൾ പ്രചരിപ്പിക്കപ്പെട്ടത്. അവയാകട്ടെ, തീവ്ര ഹിന്ദുത്വ വിഭാഗത്തിലെ ചിലരുടെ സന്ദേശങ്ങൾക്കെതിരെ മാത്രവും. പൊതുവായി ഇന്ത്യക്കെതിരെയായിരുന്നില്ല വിമർശനം. ഹിന്ദുത്വ പക്ഷത്തുനിന്നുള്ള ട്വീറ്റുകളിൽനിന്ന് ഭിന്നമായി ജി. സി. സി ട്വീറ്റുകളിൽ വർഗീയചരായ ഇല്ലായിരുന്നു. കാലങ്ങളായി ഇരുരാജ്യങ്ങൾക്കുമിടയിൽ നിലനിന്ന ഊഷ്മളത മറന്നുപോകുന്നതിലെ ആധിയായിരുന്നു അവരുടെ ട്വീറ്റുകളുടെ പൊതുഭാഷ.

ഇത് ഒട്ടും അത്ഭുതപ്പെടുത്തുന്നതല്ല. കാരണം, ഇന്ത്യയെ അവർ ഒരിക്കലും വർഗീയതയുടെ ദർപ്പണത്തിലൂടെ വീക്ഷിച്ചിട്ടില്ല. മറിച്ച്, ജനാധിപത്യം, മതേതരത്വം, ബഹുസ്വരത തുടങ്ങി ഇന്ത്യ കാത്തുപോന്ന അടിസ്ഥാന മൂല്യങ്ങളിലൂന്നിയ ചട്ടക്കൂടിലൂടെയായിരുന്നു. വികസ്വര രാജ്യങ്ങളിൽ വേറിട്ട അസ്തിത്വമായാണ് ഇന്ത്യയെ അവർ നോക്കിക്കണ്ടത്. ഇന്ത്യയിൽ ജനാധിപത്യമുണ്ട്, മതേതരത്വമുണ്ട്. ബഹുസ്വരമാണ്. വ്യക്തിനിയമവും സിവിൽ നിയമവും ഒന്നിച്ചുനിലനിൽക്കുന്നു. മതങ്ങൾക്കിടയിലെ വിവാഹം പോലും അനുവദിക്കപ്പെടുന്നു. സ്വതന്ത്ര മാധ്യമ പ്രവർത്തനത്തിന് കൂച്ചുവിലങ്ങില്ല. ജുഡീഷ്യറിയും സ്വതന്ത്രം. എല്ലാറ്റിലുമുപരി, സാമ്പത്തിക, സാങ്കേതിക രംഗത്ത് ഇന്ത്യ നേടിയ വിജയം അസൂയാവഹവും.

കഴിഞ്ഞ കുറേ പതിറ്റാണ്ടുകളായി 'ഇന്ത്യൻ മോഡൽ' ഒരു മേഖലയുടെ മൊത്തം ആദരവും അസൂയയും ഏറ്റുവാങ്ങിയതായിരുന്നുവെന്ന് ഈ ഭ്രാന്തർക്കറിയുമോ ആവോ! നിരന്തരം വർഗീയ സംഘർഷങ്ങൾ ഉണ്ടായപ്പോഴും അതൊന്നും അവർ അറിയാഞ്ഞല്ല. മറിച്ച്, വിശാലതയും വൈജാത്യവും പേറുന്ന രാജ്യത്ത് സംഭവിച്ച ചെറിയ പോറലുകൾ മാത്രമായി കാണാനാണ് അവർ ഇഷ്ടപ്പെട്ടത്. ബാബരി മസ്ജിദ് തകർത്തപ്പോഴും തുടർന്ന് കലാപഭൂമിയായപ്പോഴും ഔദ്യോഗിക കേന്ദ്രങ്ങൾ പ്രതികരണവുമായി എത്താത്തത് അതുകൊണ്ടായിരുന്നു.

2002-ൽ സുഊദി അറേബ്യയിൽ അംബാസഡറായിരിക്കെ, സർക്കാർ നിർദേശപ്രകാരം ഗോധ്ര കലാപം വിശദീകരിക്കാൻ ബന്ധപ്പെട്ട സുഊദി മന്ത്രിയെ ചെന്നുകണ്ടപ്പോൾ വിശദീകരണം ആവശ്യമില്ലെന്നായിരുന്നു പ്രതികരണം. അത് ഒറ്റപ്പെട്ട സംഭവമാണെന്നായിരുന്നു അദ്ദേഹം പറഞ്ഞത്. അടിസ്ഥാന മൂല്യങ്ങളോട് രാജ്യം കാത്തുവെച്ച കടപ്പാടിൽ അത്രക്കായിരുന്നു അവർക്ക് വിശ്വാസം. പക്ഷേ, പ്രതീക്ഷക്ക് ഇനിയുമേറെ സാധ്യത നിലനിൽക്കുന്നില്ല. ഗൾഫ് മേഖലയിൽ വ്യാപകമായി പ്രചാരം നേടിയ വിദ്വേഷ സന്ദേശങ്ങളിൽ പലതിന്റെയും പ്രഭവ കേന്ദ്രം ഗൾഫ് അല്ല. വ്യാജ വാർത്തകൾ ആദ്യം സൃഷ്ടിച്ചും പിന്നീട് സമൂഹ മാധ്യമങ്ങളിലെ നൂറുകണക്കിന് അക്കൗണ്ടുകൾ വഴി പ്രചരിപ്പിച്ചും ഇന്ത്യയിൽ സജീവമായ വിദ്വേഷ വ്യവസായത്തിന്റെ തുടർച്ചയാണവ. ഏറ്റുപാടാൻ വർഗീയഭ്രാന്ത് പിടിച്ച കുറേ പേരും. ഹിന്ദുത്വ എന്താണെന്ന് ഗൾഫ് മേഖലക്ക് പച്ചയായി തുറന്നുകാണിച്ചു നൽകുന്നവയായിരുന്നു ഈ ട്വീറ്റുകൾ. പാരമ്പര്യമായി ഇന്ത്യ കാത്തുപോന്ന മൂല്യങ്ങളോടായിരിക്കില്ല, ആ രാജ്യത്തിന്റെ ഇനിയുള്ള കടപ്പാട് എന്ന ആധി ഇവ പകർന്നുനൽകുന്നുണ്ട്.

ഇവ ഇന്ത്യയുടെ രാഷ്ട്രീയ, സാമ്പത്തിക ബന്ധങ്ങളെ സ്വാധീനിച്ചേക്കുമോ? ഇന്ത്യയിൽ നിന്നുള്ള റിക്രൂട്ട്മെന്റ് താളംതെറ്റുമോ? ഉടനെയൊന്നും ഉണ്ടാകണമെന്നില്ല. വസ്തുനിഷ്ഠമായി കാര്യങ്ങൾ കാണുന്നവരാണ് മേഖലയിലെ ഭരണാധികാരികൾ. ഇന്ത്യക്ക് ഊർജ വിഭവങ്ങൾ വേണമെന്നും തിരിച്ച് ഇന്ത്യയുടെ മനുഷ്യവിഭവം തങ്ങൾക്ക് വേണമെന്നും അവർക്കറിയാം. ഈ മിടുക്കിന് പകരമാകാൻ മറ്റൊരു രാജ്യക്കാരുമില്ല. ഇന്ത്യക്കാരൻ കാണിക്കുന്ന അച്ചടക്കവും അരാഷ്ട്രീയതയും. മേഖലയിലെ നേതൃത്വവുമായി അടുത്തിടെ, മോദിയും ജയശങ്കറും സംവദിച്ചപ്പോൾ പങ്കുവെക്കാനുണ്ടായിരുന്നതും ഇതാണ്.

പക്ഷേ, പൊതുമണ്ഡലത്തെ മതമുക്തമാക്കി നിലനിർത്താൻ ഭരണാധികാരികൾക്കാകുമെങ്കിലും പൊതുസമൂഹം മുസ്‌ലിമും അവരുടെ വിശ്വാസം ഇസ്‌ലാമുമാണ്. മിതവാദ ഇസ്‌ലാമിന് മേഖലയുടെ രാഷ്ട്രീയ ക്രമത്തിൽ സ്വാധീനവുമുണ്ട്. ആഗോള മുസ്‌ലിം സമൂഹത്തിന്റെ നേതൃത്വം സ്വയം ഏറ്റെടുക്കാൻ സുഊദി അവകാശപ്പെടുന്നത് മക്ക, മദീന എന്നീ ഇരു ഹറമുകളുടെയും കൈകാര്യ കർതൃത്വമാണ്. ഖത്തർ രാഷ്ട്രീയ ഇസ്‌ലാമിൽ വിശ്വസിക്കുന്നു. തുർക്കിയുമായും ഇറാനുമായും ഒപ്പം ഇസ്‌ലാമിസ്റ്റ് പ്രസ്ഥാനങ്ങളുമായും അവർ ബന്ധം നിലനിർത്തുന്നത് ഈ അർഥത്തിലാണ്. കുവൈത്തിൽ മുസ്‌ലിം ബ്രദർഹുഡിനോട് ചായ്‌വുള്ള രാഷ്ട്രീയ കക്ഷി സജീവമായുണ്ട്. മിതവാദ ഇസ്‌ലാമിന്റെ വക്താക്കളാണെന്നതിൽ അഭിമാനം കൊള്ളുന്നുണ്ട് യു.എ.ഇ.

ഹിന്ദുത്വ അനുകൂലികളുടെ പ്രത്യയശാസ്ത്ര സവിശേഷതകൾ, അജണ്ട, പലവട്ടം അവർ നടത്തിയ ആക്രമണങ്ങൾ എന്നിവ മേഖല കൂടുതൽ പരിചയപ്പെട്ട സ്ഥിതിക്ക് ഇനിയും എല്ലാം പതിവിൻപടിയെന്ന് വിശ്വസിക്കുന്നതിൽ കഴമ്പില്ല. സ്വന്തം നാട്ടിൽ പൈശാചിക മുദ്ര ചാർത്തിയും കൊടിയ പീഡനങ്ങൾക്കിരയാക്കിയും മുസ്‌ലിംകൾക്കെതിരെ ഹിംസ തുടരുമ്പോൾ ഗൾഫിന്റെ നഭസ്സിൽ തിളങ്ങുന്ന പ്രഭാവമായി മോദി തുടരുമോ? സ്വന്തം അണികൾ തുപ്പുന്ന ഈ വിഷം ഇനിയും തുടരാതെ സൂക്ഷിക്കുകയാണ് പോംവഴി.

ഗൾഫിൽനിന്ന് നാം കേൾക്കുന്നത് വലിയൊരു അപായ മുന്നറിയിപ്പാണ്. പിന്നെ മറ്റു പല കേന്ദ്രങ്ങളിൽനിന്നും അത്തരം മുന്നറിയിപ്പുകൾ വരുന്നുണ്ട്. ദൽഹിയിൽ ഇത് കേൾക്കാൻ ആരെങ്കിലുമുണ്ടോ? ●

(മുൻ നയതന്ത്ര ഉദ്യോഗസ്ഥനും The Wire-ന്റെ കൺസൾട്ടിംഗ് എഡിറ്ററുമാണ് ലേഖകൻ)



# തിരിച്ചൊഴുക്കിന്റെ പുറവാസ പാഠങ്ങൾ

കവർ സ്റ്റോറി / എം.സി.എ നാസർ

'മരുഭൂമിയിൽ ശബ്ദത്തിന് പ്രതിധ്വനിക്കാൻ ആവില്ല. ആഴി പോലെ പരന്നു കിടക്കുന്ന പൂഴിപ്പരപ്പിൽ നമ്മുടെ ചുണ്ടുകൾക്കിടയിൽനിന്നു രക്ഷപ്പെടുന്ന ശബ്ദം ഇനിയൊരിക്കലും തിരിച്ചുവരാത്തവിധം അകലങ്ങളിലേക്ക് പറന്നുപറന്ന് പോകുന്നു.....'

''എല്ലാ പ്രവാസികളും ഒടുക്കം തിരിച്ചെത്തുന്ന അത്യന്തം സ്ത്രൈണമായ ഒരിടമുണ്ട്. അത് അമ്മയാകാം, സഹോദരിയാകാം, ഭാര്യയാകാം, കാമുകിയാകാം, പെങ്ങളാകാം. ഇതൊന്നുമില്ലാത്ത ഹതഭാഗ്യരായ പ്രവാസികൾ ഒരിക്കലും തിരിച്ചെത്താറില്ല.... '' ('പ്രവാസിയുടെ കുറിപ്പുകൾ'- ബാബു ഭരദ്വാജ്).

ഒറ്റപ്പെടൽ, നിസ്സഹായത, ദൈന്യത തുടങ്ങിയ നിരവധി പദങ്ങൾ. ഇവയുടെയൊക്കെ അർഥവ്യാപ്തി എത്രയെന്ന് ഓരോ പരദേശിയും വീണ്ടും അനുഭവിച്ചറിയുകയാണിപ്പോൾ.

അഞ്ചിലേറെ പതിറ്റാണ്ടുകൾ പിന്നിട്ട മലയാളി പ്രവാസം എത്തിനിൽക്കുന്ന മരണമുനമ്പ് കൂടിയാണിത്. താഴേത്തട്ടിൽ പ്രവാസം തളിരിട്ട റിയാദിലെ ബത്ഹയും ദുബൈയിലെ ദേരയും ജിദ്ദയിലെ ശറഫിയ്യയും ദോഹയും മനാമയും ഒക്കെ വിറങ്ങലിച്ചു നിൽപ്പാണ്. കോവിഡ് കാലത്ത് ലോകത്തിന്റെ പൊതു ചിത്രം ഇതിൽ നിന്ന് ഭിന്നമല്ലെന്ന് സമാശ്വസിക്കാം. പക്ഷേ, ഗൾഫ് പ്രതിസന്ധി കൂടുതൽ തീവ്രമാണ്; സങ്കടകരമാണ്.

സ്വദേശികളേക്കാൾ പ്രവാസി സമൂഹങ്ങളാണ് യു.എ.ഇയിലും മറ്റും കൂടുതൽ. കോവിഡ് ഗൾഫ് നാടുകളിലും പടരുമ്പോൾ പരദേശി സമൂഹങ്ങളോട് വൈറസ് ഒരു കനിവും പുലർത്തുന്നില്ല.

ഗൾഫിന്റെ ആരോഗ്യ മേഖലക്ക് താങ്ങാവുന്നതിലും അപ്പുറത്താണ് രോഗികളുടെ ആധിക്യം. വ്യാപനം നടക്കുന്നത് കൂടുതലും സാധാരണ തൊഴിലാളികൾക്കിടയിൽ. രണ്ടര ലക്ഷത്തോളം പേരെയാണ് ലേബർ ക്യാമ്പുകളിൽ നിന്ന് സുഊദി അറേബ്യ സുരക്ഷിത കേന്ദ്രങ്ങളിലേക്ക് മാറ്റിയത്. കുവൈത്തിലും മറ്റും രോഗികളിൽ എൺപതു ശതമാനവും ഇന്ത്യക്കാർ ആണെന്നു കൂടി ഓർക്കുക.

ഏറ്റവും വലിയ ഡയസ്പോറ കമ്യൂണിറ്റി എന്ന നിലക്ക് ഇന്ത്യക്കാരുടെ കാര്യത്തിൽ ഭരണ സംവിധാനങ്ങൾ പ്രതിസന്ധി വേളയിൽ സ്വീകരിച്ച നിലപാടെന്ത്? ഈ ചോദ്യം തീർച്ചയായും നാളെ ഉന്നയിക്കപ്പെടും.

കൂടുതൽ ശക്തമായ ഇടപെടലുകൾ സ്വീകരിക്കാൻ കേന്ദ്രത്തിനു കഴിയുമായിരുന്നു. എണ്ണമറ്റ രാജ്യങ്ങൾ തങ്ങളുടെ പൗരന്മാരെ ചാർട്ടർ ചെയ്ത വിമാനങ്ങളിൽ തിരികെ കൊണ്ടു പോയ ഘട്ടത്തിൽ ഇന്ത്യ നിസ്സംഗത പാലിച്ചു. ഒടുവിൽ പ്രതിഷേധം ശക്തമായതോടെയാണ് ഒഴിപ്പിക്കൽ നടപടിക്ക് കേന്ദ്രം പച്ചക്കൊടി കാട്ടിയത്. എന്നിട്ടും മടങ്ങാൻ തയാറായി നിൽക്കുന്ന പൗരസഞ്ചയത്തെ ഉൾക്കൊള്ളുന്ന

തായിരുന്നില്ല, കേന്ദ്രം ആവിഷ്കരിച്ച ഒഴിപ്പിക്കൽ പദ്ധതിയും പരിപാടികളും.

അതേസമയം നാട്ടിലെത്തിക്കുന്ന പ്രക്രിയ തുടങ്ങിയതോടെ പ്രവാസലാകത്തെ പിരിമുറുക്കത്തിന് അൽപം അയവു വന്നിട്ടുണ്ട്. നാലു ലക്ഷത്തിലേറെ മലയാളികൾ വിവിധ ഗൾഫ് രാജ്യങ്ങളിൽനിന്നായി ഇന്ത്യയിലേക്ക് മടങ്ങാൻ നോർക്കയിൽ രജിസ്റ്റർ ചെയ്തിരുന്നു. ഇന്ത്യൻ എംബസി, കോൺസുലേറ്റ് എന്നിവക്കു കീഴിലും രജിസ്ട്രേഷൻ പ്രക്രിയ നടന്നു. ഒടുവിൽ ഇന്ത്യൻ നയതന്ത്ര കേന്ദ്രത്തിലെ രജിസ്ട്രേഷന്റെ അടിസ്ഥാനത്തിലാണ് മടക്കയാത്രക്ക് നറുക്കുവീണത്. രോഗികൾ, ഗർഭിണികൾ, വിസിറ്റിംഗ് വിസയിലെത്തി കുടുങ്ങിയവർ, തൊഴിൽ നഷ്ടപ്പെട്ടവർ എന്നിവർക്കായിരുന്നു ആദ്യ പരിഗണന.

സാധാരണ ഗതിയിൽ ഒഴിപ്പിക്കൽ ചെലവ് അതത് രാജ്യങ്ങൾ തന്നെയാണ് വഹിക്കേണ്ടത്. എന്നിട്ടും വിമാന ചെലവ് താങ്ങാൻ പ്രയാസമുള്ള പ്രവാസികളിൽ നിന്ന് അത് ഈടാക്കണം എന്ന കർക്കശ നിലപാടാണ് കേന്ദ്രം സ്വീകരിച്ചത്. താരതമ്യേന താങ്ങാൻ കഴിയുന്ന തുകയാണ് ഈടാക്കുന്നത് എന്ന ആശ്വാസ വിശദീകരണവും തുടർന്നു വന്നു. ദുരിതപർവം താണ്ടുന്ന മുഴുവൻ പേരെയും സൗജന്യമായി നാട്ടിലെത്തിക്കേണ്ട ബാധ്യതയിൽ നിന്ന് സൗകര്യപൂർവം തലയൂരുകയായിരുന്നു ഭരണകൂടം. കൃത്യമായ കോവിഡ് ടെസ്റ്റ് നടത്താതെയും വിമാനത്തിൽ സാമൂഹിക അലകം ഉറപ്പാക്കാതെയും ആളുകളെ കൊണ്ടു പോകുന്നു എന്ന പരാതിയും ഉയർന്നിരുന്നു. അതേസമയം, ഏതു വിധേനയും നാടുപിടിക്കാനുള്ള നെട്ടോട്ടത്തിൽ പരദേശികൾ മറ്റൊന്നും അത്ര കാര്യമാക്കാൻ കൂട്ടാക്കിയില്ല.

കോവിഡ് വ്യാപനത്തെ തുടർന്നുള്ള അടച്ചുപൂട്ടലിന് വിധേയമായ ഗ്രൗണ്ട് സീറോയിലെ യാഥാർഥ്യം കൂടുതൽ തീക്ഷ്ണമാണ്. സന്നദ്ധ സംഘടനകൾ നൽകുന്ന ഭക്ഷണപ്പൊതികളുടെ പുറത്താണ് പലരുടെയും ജീവിതം. വാടക നൽകാൻ പോലുമാകാതെ നരകിക്കുന്നവർ. വളരെ പൊടുന്നനെയാണ് എല്ലാം മാറിമറിഞ്ഞത്. പല കമ്പനികളും മികച്ച അവസരമായി പ്രതിസന്ധിയെ കണ്ടു. സർക്കാർ അനുവദിച്ച തൊഴിലാളി ക്രമീകരണ ഇളവുകളുടെ നഗ്നമായ ദുരുപയോഗത്തിൽ അവർ മത്സരിച്ചു. സ്ഥാപനങ്ങളുടെ വളർച്ചക്കും വരുമാനനേട്ടത്തിനും അടിത്തറയായി നിന്ന തൊഴിലാളികൾ പൊടുന്നനെ വഴിയാധാരമാകുന്ന സ്ഥിതി വന്നു.



• വി.പി സിംഗ്

ചില കമ്പനികൾ പൂർണമായും അടച്ചുപൂട്ടി. മറ്റു പലരും ശമ്പളവും ആനുകൂല്യവും വിദഗ്ധമായി കവർന്നെടുത്തു. വിമാനം പറന്നുയരും വരെ താമസ സൗകര്യം നൽകാൻ വേറെ ചിലർ 'ഉദാരത' കാണിച്ചു. ഈ ഘട്ടത്തിൽ പരദേശികൾക്ക് പല നിലക്കും തുണയാകാൻ കഴിയുമായിരുന്ന ഇന്ത്യൻ നയതന്ത്ര കേന്ദ്രങ്ങൾ അവരിൽ നിന്ന് സാമൂഹിക അകലം പാലിക്കാൻ മത്സരിക്കുന്ന അശ്ലീല കാഴ്ചകളും നാം കണ്ടു.

## പ്രവാസി ക്ഷേമനിധി ആർക്കു വേണ്ടി?

പ്രവാസികളിൽ നിന്ന് പിരിച്ചെടുത്ത വൻതുക തന്നെയുണ്ട് ഗൾഫ് എംബസികളുടെയും കോൺസുലേറ്റുകളുടെയും പക്കൽ. അതിൽ നിന്ന് ഒരു വിഹിതമെങ്കിലും നീക്കിവെച്ചാൽ ആയിരങ്ങളെ സൗജന്യമായി നാട്ടിലെത്തിക്കാൻ എളുപ്പം കഴിഞ്ഞേനെ. 2009-ൽ കേന്ദ്ര സർക്കാർ ആരംഭിച്ചതാണ് ഇന്ത്യൻ കമ്യൂണിറ്റി വെൽഫെയർ ഫണ്ട് (ഐ.സി.ഡബ്ല്യു.എഫ്). ഗൾഫ് രാജ്യങ്ങളെ മുന്നിൽ കണ്ടാണ് പദ്ധതി ആവിഷ്കരിച്ചത്. ഇപ്പോൾ 48 വിദേശ രാജ്യങ്ങളിൽ ഇന്ത്യൻ എംബസികൾക്കും കോൺസുലേറ്റുകൾക്കും കീഴിലായി ഫണ്ട് സംവിധാനം ഉണ്ട്. വൻതുക തന്നെ ഫണ്ടിൽ കരുതലായുണ്ട്. എംബസികളിലെയും കോൺസുലേറ്റുകളിലെയും സേവനത്തിന് പരദേശികളിൽ നിന്നു തന്നെ പിരിച്ചെടുത്തതാണ് ഈ തുക. മുഴുവൻ പാസ്പോർട്ട് സേവനങ്ങൾക്കും പ്രവാസികളിൽ നിന്ന് ഇതിന്റെ പേരിൽ നിരക്ക് ഇപ്പോഴും ഈടാക്കുന്നുണ്ട്. ദുരിതബാധിതരായ രാജ്യനിവാസികളുടെ കാര്യത്തിൽ ഫണ്ട് വിനിയോഗത്തിന് പറ്റിയ ഏറ്റവും നല്ല സന്ദർഭം കൂടിയാണിത്. ഐ.സി.ഡബ്ല്യു.എഫ് നയരേഖയും ഇതു ശരിവെക്കുന്നുണ്ട്:

''ICWF has also been a critical support in emergency evacuation of Indian nationals from conflict zones, countries affected by natural disasters and other challenging situations...'' എന്നാൽ തീർത്തും പാവപ്പെട്ട മനുഷ്യരുടെ കാര്യത്തിൽ പോലും കനിവ് ഉണ്ടായില്ല. നിർണായക ഘട്ടത്തിൽ പ്രവാസികൾ കൈമാറിയ തുക പ്രയോജനപ്പെടുന്നില്ലെങ്കിൽ ഇത്തരം ഫണ്ടുകൾ കൊണ്ടെന്തു കാര്യം?

ആപദ് ഘട്ടത്തിൽ രാജ്യനിവാസികളുടെ ഒഴിപ്പിക്കൽ പ്രക്രിയ മുമ്പും ഉണ്ടായിട്ടുണ്ട്. 1990-ൽ ഗൾഫ് യുദ്ധപശ്ചാത്തലത്തിൽ കുവൈത്തിൽ നിന്ന് ലക്ഷങ്ങളെ നാം മടക്കിക്കൊണ്ടു വന്നത് ഓർമയിൽ ഉണ്ടായിരിക്കണം. അന്ന് വി.പി സിംഗ് ആയിരുന്നു പ്രധാനമന്ത്രി. ഐ.കെ ഗുജ്റാൾ വിദേശകാര്യ മന്ത്രിയും. ഒരുപക്ഷേ, ലോകത്തു തന്നെ സമാനതയില്ലാത്തതായിരുന്നു ഏറ്റവും വലിയ ആ രക്ഷാപ്രവർത്തനം. അമ്മാനിൽ നിന്ന് രണ്ടു മാസത്തിനുള്ളിൽ 488 വിമാനങ്ങളാണ് മുംബൈയിലേക്കു പറന്നത്. ശക്തമായ രാഷ്ട്രീയ ഇച്ഛാശക്തിയായിരുന്നു സൗജന്യ ഒഴിപ്പിക്കൽ നടപടിയിൽ ഇന്ത്യക്ക് പ്രേരകം.

പരദേശിയുടെ വിയർപ്പിൽ നിന്ന് കൂടിയാണ് ഒരു രാജ്യത്തിന്റെ സാമ്പത്തിക ധമനികൾ ഊർജം സംഭരിച്ചത്. ഗൾഫ് രാജ്യങ്ങളും കടുത്ത പ്രതിസന്ധിയിൽ. മരണ നിരക്കും രോഗികളുടെ എണ്ണവും ഉയരുന്നതിലെ ആശങ്ക ശക്തം. കുടുങ്ങി കിടക്കുന്ന പരമാവധി പേരെ തിരികെ കൊണ്ടു പോകണമെന്ന് ഗൾഫ് രാജ്യങ്ങൾ നിർദേശിച്ചതും വെറുതെയല്ല. അന്താരാഷ്ട്ര വിമാന സർവീസുകൾ നിർത്തിവെച്ചിരിക്കെ, പ്രവാസികളെ കൊണ്ടു വരിക പ്രായോഗികമല്ല എന്ന വാദമായിരുന്നു ആദ്യം ഉയർത്തിയത്. പ്രധാനമന്ത്രി ഒന്നുകൂടി ചേർത്തു പറഞ്ഞു; തൽക്കാലം എവിടെയാണോ ഉള്ളത്, അവിടെ തന്നെ തുടരുക. അതു മനസ്സിലാക്കാം. എന്നാൽ പ്രവാസികളുടെ കുടുംബത്തിന്റെ കൂടി സുരക്ഷ പരിഗണിച്ചാണ് സർക്കാർ നിലപാട് എന്ന ആ കാപട്യമൊഴി അൽപം കടന്നുപോയി. ഭയപ്പാടിന്റെയും ആശങ്ക



● 1991 ഗൾഫ് യുദ്ധകാലത്ത് കുവൈത്തിൽനിന്ന് ഇന്ത്യക്കാരെ തിരിച്ചുകൊണ്ടുവരുന്ന വിമാനം

യുടെയും പുറത്ത് മതിയായ പരിചരണം ലഭിക്കാതെ ഉഴലുന്ന ലക്ഷക്കണക്കിന് മനുഷ്യർ ഒരു രാജ്യത്തിന്റെ അജണ്ടയിൽ എവിടെയും ഇല്ലെന്ന വിളംബരപ്പെടുത്തൽ കൂടിയായിരുന്നു തുടക്കത്തിലെ ഈ തിരസ്കാരം.

ജീവിതത്തിൽ ആകെക്കൂടി വളരെ ചുരുക്കം വർഷങ്ങൾ മാത്രം കുടുംബത്തിനൊപ്പം തള്ളിനീക്കാൻ വിധിക്കപ്പെട്ട മനുഷ്യർ. പുതിയ കേരളം പണിതതിൽ ഇവരുടെ കഠിനാധ്വാനം ഏറെയുണ്ട്. ഒരുപക്ഷേ, ഭൂപരിഷ്കരണത്തേക്കാൾ ആധുനിക കേരളത്തിന്റ ഊടും പാവും നിർണയിക്കാൻ ചാലകശക്തിയായത് മലയാളിയുടെ പ്രവാസം തന്നെയാണ്. അത് പലപ്പോഴും തിരിച്ചറിയാതെ പോകുന്നിടത്താണ് തുടർച്ചയായ നന്ദികേടുകൾക്ക് വഴിയൊരുങ്ങുന്നതും. പള്ളിക്കൽ നാരായണന്റെ തലമുറ എന്തു നേടി എന്ന ചോദ്യം ഈ ഘട്ടത്തിലും ഉയരുന്നുണ്ട്. രാഷ്ട്രീയ, ഭരണ സംവിധാനങ്ങളുടെ നിഷേധ നിലപാടുകൾ ഏറെ കണ്ടതുകൊണ്ടാകും തിരിച്ചുകിട്ടുന്ന നന്ദികേടിന്റെ ആധിക്യം ഓർത്ത് വിങ്ങിപ്പൊട്ടുന്ന സ്വഭാവം പരദേശികളിൽ നാളിതുവരെയും കണ്ടിട്ടില്ല.

**നയതന്ത്ര കേന്ദ്രങ്ങളും സന്നദ്ധ സേവകരും**

രോഗവ്യാപനം നടക്കുന്ന ഘട്ടത്തിൽ ഏറ്റവും വലിയ പ്രവാസി സമൂഹത്തെ മുന്നിൽ നിന്ന് നയിക്കാൻ ബാധ്യതപ്പെട്ടവരാണ് ഇന്ത്യൻ നയതന്ത്ര കേന്ദ്രങ്ങളിലുള്ളവർ. തദ്ദേശീയ അധികൃതരുമായി കാര്യക്ഷമ ആശയവിനിമയം നടത്താൻ ആകെയുള്ളതും ഈ സംവിധാനം. എന്നാൽ അതു പോലും പ്രയോജനപ്പെടുത്താൻ വൈകി. എംബസികളും കോൺസുലേറ്റുകളും അടച്ചിടുകയായിരുന്നു. വീട്ടിലിരിക്കേണ്ടതിന്റെ പ്രാധാന്യം പറഞ്ഞ് ടിറ്റർ ഉദ്ബോധനങ്ങളായിരുന്നു പിന്നെ. അപ്പോഴും താഴേത്തട്ടിൽ മനുഷ്യർക്കു വേണ്ടി സ്വന്തത്തെ പോലും മറന്ന് ത്യാഗത്തിന്റെ അപൂർവ മാതൃകകൾ രചിക്കുകയായിരുന്നു വിവിധ പ്രവാസി കൂട്ടായ്മകളും സന്നദ്ധ സേവകരും. അവർ നടത്തിയ അശ്രാന്ത പരിശ്രമങ്ങൾ കൂടി ഇല്ലായിരുന്നെങ്കിൽ മലയാളിയുടെ ദുരിതപർവം മറ്റൊന്നാകുമായിരുന്നു. എണ്ണമറ്റ കൂട്ടായ്മകളാണ് ക്വാറന്റൈൻ കേന്ദ്രങ്ങളിലേക്കും ആശുപത്രികളിലേക്കും മാനസികമായി തകർന്ന മനുഷ്യർക്ക് വഴികാട്ടികളായി മുന്നിൽ നിന്നത്.

**പ്രതിസന്ധി സങ്കീർണം**

സാമ്പത്തിക പ്രതിസന്ധി കൂടുതൽ തീവ്രം തന്നെയാണ്. എന്തൊക്കെ പറഞ്ഞാലും എണ്ണയാണ് ഗൾഫിന്റെ സാമ്പത്തിക അടിത്തറ. വിപണിയിൽ വില കൂപ്പുകുത്തുകയും ഉൽപാദനം നിലക്കുകയും ചെയ്യുമ്പോൾ ആവശ്യക്കാർ പിൻവാങ്ങുക സ്വാഭാവികം. എണ്ണയിതര മേഖലയിലും തകർച്ച പൂർണം. ടൂറിസം, വ്യോമയാനം ഉൾപ്പെടെ എല്ലാ മേഖലകളും അടിമുടി നിശ്ചലാവസ്ഥയിൽ. പ്രതിസന്ധി എത്രകാലം നീണ്ടുനിൽക്കും എന്ന് തിട്ടപ്പെടുത്താൻ കഴിയാത്ത അവസ്ഥയും നിലനിൽക്കുന്നു.

കടുത്ത സാമ്പത്തിക പരാധീനത ഗൾഫ് രാജ്യങ്ങളെ നന്നായി ബാധിക്കും. സുഊദി ധനമന്ത്രി അതു തുറന്നു തന്നെ പറഞ്ഞു; വേദനാജനകമായ ചില തീരുമാനങ്ങൾ കൈക്കൊള്ളാതെ വേറെ വഴിയില്ലെന്ന്. വൻകിട നിർമാണ പദ്ധതികൾ പലതും നിർത്തിവെക്കും. പ്രത്യക്ഷത്തിൽ ആയിരങ്ങൾക്കാവും തൊഴിൽ നഷ്ടം. എങ്കിലും സാധ്യമായ ചില നീക്കങ്ങൾ നടന്നു. സ്വകാര്യ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന സ്വദേശി ജീവനക്കാരുടെ ശമ്പളത്തിന്റെ 60 ശതമാനം സുഊദിയിൽ സർക്കാർ ഏറ്റെടുത്തു. മൂന്നു മാസം ശമ്പള വിഹിതം സർക്കാർ നേരിട്ടു നൽകുന്നതാണ് പദ്ധതി. ഒമ്പത് ശതകോടി റിയാലിന്റെ സാമ്പത്തിക പാക്കേജ് ഇതിനായി പ്രഖ്യാപിച്ചു. സുഊദി പൗരന്മാരായ 12 ലക്ഷം ജീവനക്കാർക്ക് കരുതലിന്റെ ആനുകൂല്യം ഉറപ്പാക്കുമ്പോൾ തന്നെ സ്ഥാപനങ്ങൾക്കും പ്രതിസന്ധി ഘട്ടത്തിൽ വലിയ ആശ്വാസം പകർന്നു, ഈ നടപടി.

ലെവിയോ മറ്റു ഫീസുകളോ ഇല്ലാതെ മൂന്നു മാസത്തേക്ക് ഇഖാമ സൗജന്യമായി പുതുക്കി നൽകി. ഇഖാമ ഫീസ്, ലെവി, ആശ്രിത ലെവി തുടങ്ങി സർക്കാർ ഫീസുകളൊന്നും കൂടാതെയാണ് മൂന്നു മാസത്തേക്കുള്ള പുതുക്കൽ. യു.എ.ഇയാകട്ടെ, താമസ വിസാ ലംഘകർക്ക് ഈ വർഷാവസാനം വരെ പിഴ വേണ്ടെന്നുവെച്ചു. സന്ദർശക വിസാ കാലാവധി കഴിഞ്ഞവരും പിഴ നൽകേണ്ടതില്ല. ബഹ്റൈനിലും കുവൈത്തിലും പ്രഖ്യാപിച്ച പൊതുമാപ്പിലൂടെ ആയിരങ്ങൾക്ക് പിഴയൊടുക്കാതെ നാടുപറ്റാനുള്ള അവസരം രൂപപ്പെട്ടതും ചെറിയ കാര്യമല്ല.

കോവിഡ് ബാധ മൂലം സ്വകാര്യമേഖലക്ക് സംഭവിച്ച നഷ്ടം കുറക്കാൻ പല ഗൾഫ് രാജ്യങ്ങളും വിവിധ പദ്ധതികളാണ് പ്രഖ്യാപിച്ചത്.

യു.എ.ഇ സെൻട്രൽ ബാങ്ക് പ്രഖ്യാപിച്ച 10,000 കോടി ദിർഹത്തിന്റെയും ദുബൈ സർക്കാർ പ്രഖ്യാപിച്ച 150 കോടി ദിർഹത്തിന്റെയും സാമ്പത്തിക ഉത്തേജക പദ്ധതികൾ ആശ്വാസകരമാണ്. ഖത്തറിൽ 75 ബില്യൻ റിയാലിന്റെ സാമ്പത്തിക പാക്കേജാണ് പിറന്നത്. ബാങ്ക് വായ്പാ തിരിച്ചടവിനും മറ്റും പല രാജ്യങ്ങളും സാവകാശം അനുവദിച്ചിരിക്കുന്നു. ഭക്ഷ്യ ഉൽപന്നങ്ങൾക്കും മറ്റും കസ്റ്റംസ് തീരുവ കുറക്കുന്നതും ചെറുകിട, ഇടത്തരം സംരംഭങ്ങളുടെ വാടകയുൾപ്പെടെയുള്ള കാര്യങ്ങളിൽ


ഇളവ് ഏർപ്പെടുത്തിയതും വെറുതെയല്ല. അമ്പത് ബില്യൻ റിയാലിന്റെ ഉത്തേജക പാക്കേജാണ് സുഊദി സെൻട്രൽ ബാങ്ക് പ്രഖ്യാപിച്ചത്.

**ഇടറി വീണത് ഉപജീവനവഴികൾ**

അതേസമയം കോവിഡ് പ്രതിസന്ധി തകർത്ത ഇന്ത്യൻ പ്രവാസി ജീവിതങ്ങൾ ധാരാളം. തൊഴിലും ഉപജീവന വഴികളും തീർത്തും നഷ്ടപ്പെട്ടവർ. ഭക്ഷണത്തിനു പോലും മറ്റുള്ളവരെ ആശ്രയിക്കാൻ വിധിക്കപ്പെട്ടവർ. ഈ സങ്കടസമസ്യകൾ തൽക്കാലം പ്രവാസത്തിന്റേതു മാത്രം. പക്ഷേ, അധികം വൈകാതെ കേരളം കാണാനിരിക്കുന്നേയുള്ളൂ, ഗൾഫ് തൊഴിൽനഷ്ടത്തിന്റെ ആസുര സാമ്പത്തിക പ്രത്യാഘാതങ്ങൾ. നിനച്ചിരിക്കാതെ വന്നുപെട്ടതാണ് നിലവിലെ പ്രതിസന്ധി. അതിന്റെ ആഴം എത്രയെന്ന് ഗൾഫ് തെരുവുകൾ പറയാതെ പറയുന്നുണ്ട്. ഉപജീവനവും തൊഴിലും ജീവിതവും എന്തായി മാറും എന്ന ഉത്കണ്ഠയാണ് ചുറ്റിലും. അതിനു മുന്നിൽ പകച്ചുനിൽക്കുകയാണ് പരശ്ശതം മനുഷ്യർ. മാസാന്ത തിരിച്ചടവും തൊഴിലാളികൾക്ക് ശമ്പളവും എങ്ങനെ നൽകുമെന്നോർത്ത് ഉറക്കം നഷ്ടപ്പെട്ടുപോയ മനുഷ്യർ ഏറെ. എന്നാൽ എല്ലാം വൈകാതെ ശരിയാകും എന്ന ശുഭാപ്തിയിൽ പരദേശത്തു തന്നെ പിടിച്ചുനിൽക്കാൻ ശ്രമിക്കുകയാണ് പലരും. നാട്ടിലേക്ക് പോയിട്ട് എന്ത് എന്ന ചോദ്യത്തിൽ നിന്നാണ് പ്രവാസ മണ്ണിൽ തന്നെ പിടിച്ചുനിൽക്കാനുള്ള ഉത്തരം അവർ സ്വമേധയാ കണ്ടെത്തുന്നതും.

**ഇരട്ട ആഘാതത്തിന്റെ തിരിച്ചടിയിൽ ഗൾഫ്**

എണ്ണവിപണി കുറച്ചു കാലമായി കടുത്ത പ്രതിസന്ധിയിലാണ്. വില പിടിച്ചുനിർത്താനുള്ള പല ശ്രമങ്ങളും നടന്നു. ഒപെക്കും ഒപെക് ഇതര രാജ്യങ്ങളും തമ്മിൽ സമവായം രൂപപ്പെടുത്തിയാണ് വിപണിയുടെ സമ്മർദത്തെ കുറച്ചെങ്കിലും അതിജീവിച്ചത്. മേഖലയിലെ അരക്ഷിതാവസ്ഥയും രാഷ്ട്രീയ, സൈനിക സംഘർഷങ്ങളും എണ്ണവിപണിയെ തളർത്തി. കോവിഡ് വ്യാപനം സൃഷ്ടിച്ച അരക്ഷിതാവസ്ഥ എണ്ണവിപണിക്കും തിരിച്ചടിയായി. ലോകതലത്തിൽ കയറ്റിറക്കുമതി മുരടിച്ചു.


ഐ.കെ ഗുജ്റാൾ

ഫെബ്രുവരി മാസം മാത്രം കയറ്റുമതിയിൽ 5000 കോടി ഡോളറിന്റെ ഇടിവുണ്ട്. ലോകത്തെ വൻകിട വ്യവസായങ്ങൾക്കു വേണ്ട വിവിധ ഉൽപന്നങ്ങൾ വിതരണം ചെയ്യുന്ന കമ്പനികളിൽ അധികവും ചൈനയിൽ നിന്നാണ്. മാസങ്ങളായി ചൈന നിശ്ചലം. ആഗോള വിതരണ ശൃംഖലയെ ഈ പ്രതിസന്ധി ഗുരുതരമായി ബാധിച്ചു കഴിഞ്ഞു. വിമാനക്കമ്പനികളുടെ നഷ്ടം മാത്രം 11300 കോടി ഡോളർ. യാത്രക്കാർ കുറഞ്ഞതോടെ വരുമാനവും ഇടിഞ്ഞു. തിരിച്ചടിയുടെ വ്യാപ്തി വലുതായിരിക്കുമെന്ന് ഇന്റർനാഷനൽ എയർ ട്രാൻസ്പോർട്ട് അസോസിയേഷൻ (അയാട്ട). വ്യാപക തൊഴിൽ നഷ്ടം എണ്ണ, വ്യോമയാന മേഖലയിൽ തുടരുകയാണ്.



**കോവിഡാനന്തര ഗൾഫിന്റെ പ്രത്യാശ**

ജീവിതത്തെ അടിമുടി മാറ്റിപ്പണിയാതെ പ്രവാസികളും പ്രവാസവും ഇനി രക്ഷപ്പെടുക എളുപ്പമല്ല. തൊഴിൽ നഷ്ടം ഉൾപ്പെടെ തിരിച്ചടി മുന്നിൽ കണ്ടുള്ള ബദൽ ക്രമീകരണം കൂടി വേണം പരദേശികൾക്ക്. പുതിയ ബാധ്യതകൾ സാധ്യമാകുന്നത്ര വർജിച്ചേ തീരൂ. വരവിനൊത്ത ചെലവു കൊണ്ടും രക്ഷപ്പെടില്ലെന്നാണ് സാമ്പത്തിക വിദഗ്ധരുടെ മുന്നറിയിപ്പ്. ഭാവി മെച്ചം മുന്നിൽ കണ്ടുള്ള ആസൂത്രണം കൂടി വേണം. എങ്കിൽ ഈ പ്രതിസന്ധിയും നാം അതിജീവിക്കുക തന്നെ ചെയ്യും.

എല്ലാം ഇതോടെ തീർന്നു എന്ന വിലയിരുത്തലും ശരിയല്ല. ഗൾഫ് യുദ്ധ കാലം മുതൽ കേൾക്കുന്ന പല്ലവിയാണിത്. എണ്ണവില നിലംപൊത്തുമ്പോഴും ഈ മുറവിളി നാം കേട്ടതാണ്.

പ്രതിസന്ധി ചെറുതല്ല. സമീപ കാല ചരിത്രത്തിലെ ഏറ്റവും വലിയ ഒന്നു തന്നെ, സംശയമില്ല. കോവിഡാനന്തര ലോകം മാത്രമല്ല ഗൾഫും പുതിയ ഒന്നായിരിക്കും. പഴയ ഫോർമുലകളും തൊഴിൽ രീതികളും വിപണിയും ഒന്നും ആയിരിക്കില്ല വരാൻ പോകുന്നത്. പരമ്പരാഗത തൊഴിലുകൾ പലതും പിഴുതുമാറ്റപ്പെടും. ഓൺലൈൻ വിപണിയും ഡിജിറ്റൽ വ്യാപാര മേഖലയും ശക്തിയാർജിക്കും. വൻകിടക്കു പകരം മധ്യ, ചെറുകിട സംരംഭങ്ങൾക്ക് സാധ്യതയേറും. പുതിയ പരിപ്രേക്ഷ്യത്തിൽ, ചെറുതിന്റെ സൗന്ദര്യം തിരിച്ചറിയുന്നവരുടെ വിപണിയും തൊഴിലിടങ്ങളും സൃഷ്ടിക്കപ്പെടും. കൂറ്റൻ ഓഫീസുകൾ ഇല്ലാതെ തന്നെ ഏതൊരു ബിസിനസും സാധ്യമാണെന്ന ലോക്ക് ഡൗൺ തിരിച്ചറിവിൽ പല പൊളിച്ചെഴുത്തുകളും നടക്കും. അതിലൂടെ ബദലിന്റെ പുതിയ തൊഴിലിടങ്ങളും സങ്കേതങ്ങളും പിറവികൊള്ളും. പക്ഷേ, അവിടെ മലയാളിക്ക് എത്രമാത്രം ഇടമുണ്ടാകും?

# മർഹമ പാലിയേറ്റീവ് ക്ലിനിക്ക്

Reg. No: PKD/CA/265/2013

അകലൂർ.പി.ഒ, പഴയലെക്കിടി, 679 302, പാലക്കാട് ജില്ല

കാൻസർ, പക്ഷാഘാതം, നട്ടെല്ലിന് ക്ഷതം തുടങ്ങി നിരവധി രോഗങ്ങൾ മൂലം കഷ്ടപ്പെടുന്ന രോഗികളിൽ പലരും നിത്യശയ്യാവലംബികളായി മാറാറുണ്ട് താങ്ങാനാവാത്ത ചികിത്സാ ചെലവുകൾ സൃഷ്ടിക്കുന്ന സാമ്പത്തിക പരാധീനതകക്ക് മുന്നിൽ ഇത്തരക്കാർ പകച്ച് പോകുന്നു. ഇവർക്ക് അവരുടെ വീടുകളിൽ ചെന്ന് സാന്ത്വനവും  സഹായവും നൽകുന്ന പെയ്ൻ ആൻ പാലിയേറ്റീവ് സംവിധാനമാണ് പാലക്കാട് ജില്ലയിലെ മർഹമ. ആഴ്ച്ചയിൽ സ്ഥിര മായി നടക്കുന്ന ഹോം കെയറുകളിലൂടെ ആറുവർഷത്തിനിടയിൽ നിരവധി രോഗികൾക്ക് ആശ്വാസമാകാൻ മർഹമക്ക് കഴിഞ്ഞു. ആഴ്ച്ചയിൽ ഒരു ദിവസം ക്ലിനിക്കിൽ ഡോക്ടറുടെ സേവനമുണ്ട്. അൽഹംദു ലില്ലാഹ്, ഇനിയും കൂടുതൽ രോഗികളിലേക്ക് എത്തണം. ആവശ്യമുള്ള മരുന്നുകൾ നൽകണം. നിത്യ ആഹാരത്തിന് നൽകുന്ന റേഷൻ വർധിപ്പിക്കണം. ഇവക്കെല്ലാം പ്രധാന തടസ്സം സാമ്പത്തിക പരാധീനതയാണ്. അഭ്യുദയകാംക്ഷികൾ നൽകുന്ന സഹായവും ബോക്സ് കളക്ഷനും മാത്രമാണ് നിലവിലെ നിത്യ വരുമാനം ആവശ്യങ്ങൾക്ക് തികയാത്തതിനാൽ ദാനധർമ്മങ്ങൾക്ക് പതിന്മടങ്ങ് പ്രതിഫലം ലഭിക്കുന്ന റമദാൻ മാസത്തിൽ താങ്കളുടെ സകാത്ത്, സ്വദഖയിലെ ഒരു വിഹിതം മർഹമക്കും നൽകണമെന്ന് അപേക്ഷിക്കുന്നു.

**വി.പി മുഹമ്മദാലി**
രക്ഷാധികാരി
ഒറ്റപ്പാലം ഏരിയ
9946740876

**പി.കെ ജാഫറലി**
ജ. സെക്രട്ടറി
മർഹമ
8907369017

**റഹീമ ടീച്ചർ**
ചെയർ പേഴ്സൺ
മർഹമ
9847860513

**MARHAMA CHARITABLE SOCIETY**
**A/C 18860100020400. IFSC FDRL0001886**
**FEDERAL BANK, PATHIRIPALA BRANCH**



അക്കൗണ്ട്

എ.ആർ

# മാലിക് ബ്നു ദീനാർ സംഘത്തിന്റെ ഇളനീർ നിരാസം

ഇന്ത്യയിലേക്ക്, അഥവാ കേരളത്തിലേക്ക് ഇസ്‌ലാം കടന്നുവന്നതെപ്പോൾ, എങ്ങനെ, ആരിലൂടെ എന്ന വിഷയം ചരിത്രകാരന്മാർ ധാരാളം ചർച്ച ചെയ്തിട്ടുള്ളതാണ്. മതിയായ രേഖകളുടെയും അടയാളങ്ങളുടെയും അഭാവത്തിൽ ശരിയാവാനും തെറ്റാവാനും സാധ്യതകളുള്ള അഭ്യൂഹങ്ങളും നിഗമനങ്ങളും മാത്രമാണ് ഇതു സംബന്ധമായി നിലനിൽക്കുന്നത്. ഏറെ വിവാദങ്ങൾക്ക് വഴിമരുന്നിട്ടതാണ് ചേരമാൻ പെരുമാളുടെ ഇസ്‌ലാം സ്വീകരണം. സി.ഇ ഏഴാം നൂറ്റാണ്ടിലെ ചരിത്ര യാഥാർഥ്യമായ പ്രവാചക നിയോഗത്തിന്റെ കാലത്തു തന്നെ ചേരമാൻ പെരുമാൾ, ഇന്നത്തെ ശ്രീലങ്കയായ അന്നത്തെ സിലോണിലേക്ക് പുറപ്പെട്ട അറബി വർത്തക സംഘം മുഖേന മുഹമ്മദ് നബിയെക്കുറിച്ച് കേൾക്കാനിടയായെന്നും തിരുമേനിയെ നേരിൽ കാണാൻ കൊതിച്ച പെരുമാൾ രാജ്യം നാട്ടുപ്രമുഖർക്കു വിഭജിച്ചു നൽകി മക്കയിലേക്കു പുറപ്പെട്ട്, പ്രവാചക സന്നിധിയിലെത്തി ഇസ്‌ലാം സ്വീകരിച്ചുവെന്നുമാണ് പരക്കെ പ്രചരിച്ച ഐതിഹ്യങ്ങളിലൊന്ന്. മുസ്‌ലിമായ പെരുമാൾ താജുദ്ദീൻ എന്ന പേരു സ്വീകരിച്ച് മടക്കക്കപ്പലിൽ ഒമാനിലെ സ്വലാലയിൽ എത്തിയപ്പോൾ ദേഹവിയോഗം സംഭവിച്ചുവെന്നും കഥയുണ്ട്. സ്വലാലയിൽ ഇപ്പോഴും താജുദ്ദീൻ എന്ന പേരിലുള്ള മഖ്ബറ സന്ദർശിക്കാൻ എനിക്കും അവസരമുണ്ടായിട്ടുണ്ട്. സിലോണിലേക്കുള്ള അറബി സംഘവുമായി പെരുമാൾ സന്ധിക്കാനിട വന്നതിനെക്കുറിച്ചുമുണ്ട് ഐതിഹ്യം. വിശുദ്ധ ഖുർആനി

ലെ അൽഖമർ (ചന്ദ്രൻ) എന്ന 54-ാം അധ്യായം ആരംഭിക്കുന്നത് 'അന്ത്യ നാൾ ആസന്നമായി, ചന്ദ്രൻ പിളർന്നു' എന്ന പരാമർശത്തിലൂടെയാണ്. തന്റെ പ്രവാചകത്വം സത്യമാണെന്ന് പ്രഥമ സംബോധിതരായ അറബികളെ ബോധ്യപ്പെടുത്താൻ പ്രവാചകന് അല്ലാഹു അമാനുഷിക സിദ്ധിയായി ചന്ദ്രനെ പിളർത്തിക്കാണിച്ചു കൊടുത്ത സംഭവത്തെയാണ് ഈ ഖുർആൻ സൂക്തങ്ങൾ സൂചിപ്പിക്കുന്നതെന്ന് ചില വ്യാഖ്യാതാക്കൾക്ക് അഭിപ്രായമുണ്ട്. ഈ അത്ഭുത ദൃശ്യം കാണാനിടയായ ചേരമാൻ പെരുമാൾ കൊട്ടാരസേവകരോട് ഇക്കാര്യം പറഞ്ഞപ്പോൾ അവർ നടേ പറഞ്ഞ അറബി വർത്തക സംഘത്തോട് അതിന്റെ പൊരുൾ അന്വേഷിച്ചതായും അപ്പോഴാണ് മക്കയിൽ മുഹമ്മദ് നബി ആഗതനായ വിവരം അറിയിച്ചതെന്നും കഥയിലുണ്ട്. പ്രസ്തുത ഖുർആൻ സൂക്തത്തിന്റെ വ്യാഖ്യാനത്തിൽ സയ്യിദ് അബുൽ അഅ്ലാ മൗദൂദി 'തഫ്ഹീമുൽ ഖുർആനി'ൽ അതുദ്ധരിച്ചതായും കാണാം.

ഇതിപ്പോൾ ഓർക്കാൻ കാരണമുണ്ട്. കോവിഡ് കാലത്ത് വീട്ടിലിരിക്കുമ്പോൾ വായിക്കാൻ തരപ്പെട്ട ഗ്രന്ഥങ്ങളിലൊന്ന് അബ്ദുർറഹ്മാൻ മഹ്മൂദ് അൽ മഹ്മൂദിന്റെ 'അൽഹിന്ദ് മിൻ സ്വിറാഅത്തിൽ ആലിഹ ഇലാ തശള്ളിൽ അദ്‌യാൻ' (ഇന്ത്യ: ദൈവങ്ങളുടെ ഏറ്റുമുട്ടൽ മുതൽ മതാവിർഭാവങ്ങൾ വരെ) ആണ്. ഉക്രൈൻ തലസ്ഥാനമായ കിയേവിലെ അറബി ഇസ്‌ലാം നാഗരിക പഠനത്തിനുള്ള അൽ ഖലീലു ബിൻ അഹ്മദി അൽ ഫറാഹീദി സെന്ററിന്റെ ഡയറക്ടറാണ് ഗ്രന്ഥകാരൻ. എഴുപതുകളുടെ അവസാനം മുതൽ പതിറ്റാണ്ടുകളോളം ലോകമാകെ കപ്പൽ യാത്ര നടത്തിയ ഗവേഷകനായ ഗ്രന്ഥകാരൻ ഇന്ത്യയും സന്ദർശിക്കുകയുണ്ടായി. അതിനിടെ താൻ നടത്തിയ പഠനങ്ങളെ ആധാരമാക്കിയാണ് പ്രസ്തുത ഗ്രന്ഥം അദ്ദേഹം തയാറാക്കിയത്. 2010-ൽ ഉക്രൈനിലാണ് ഗ്രന്ഥം പ്രസിദ്ധീകരിക്കപ്പെട്ടിരിക്കുന്നത്. ഓഷ്യനോളജിയിൽ മാസ്റ്റർ ബിരുദമുള്ള ഗ്രന്ഥകാരൻ കിയേവ് യൂനിവേഴ്സിറ്റിയിൽനിന്ന് ഡോക്ടറേറ്റ് നേടിയതിനാലാവാം അവിടെയുള്ള പഠനകേന്ദ്രത്തിന്റെ ഡയറക്ടറായത്. നാവിഗേഷൻ സംബന്ധമായ ഒട്ടേറെ സമിതികളിൽ അംഗം കൂടിയാണദ്ദേഹം.

പ്രാചീന ഇന്ത്യയിലെ വിചിത്ര മത നാഗരിക വിശേഷങ്ങൾ സാമാന്യം നന്നായി പഠിച്ചെഴുതിയ പരാമൃഷ്ട ഗ്രന്ഥം വായനക്ക് കൗതുകകരമാണ്. ചേരമാൻ പെരുമാളുടെ ഇസ്‌ലാം സ്വീകരണ പശ്ചാത്തലത്തെക്കുറിച്ച് നമുക്ക് സുപരിചിതമല്ലാത്ത ഒരു കഥ അദ്ദേഹം രേഖപ്പെടുത്തിയിട്ടുണ്ട്. ഏകദേശം സി.ഇ 701-ൽ മലബാറിന്റെ തീരത്തണഞ്ഞ മാലികു ബ്നു ദീനാറും പതിനാലംഗ സംഘവും യാത്രാക്ലേശം മൂലം തളർന്നവശരായപ്പോൾ നാട്ടുകാർ അവർക്കു വലിയൊരു വിരിപ്പ് നിലത്ത് വിരിച്ചുകൊടുത്തു. അവരതിൽ മലർന്നു കിടക്കുന്നത് പരിസരത്തെ തെങ്ങിൽ കയറി തേങ്ങ പറിക്കുന്ന ഒരു ദലിതൻ കാണാനിടയായി. അയാൾ ഉടനെ കുറേ ഇളനീർ പറിച്ചു താഴെയിട്ടുകൊടുത്തു. പക്ഷേ അവരത് കുടിച്ചില്ല. തെങ്ങിൽനിന്ന് താഴെ ഇറങ്ങി വന്ന് അയാൾ കാരണമന്വേഷിച്ചപ്പോൾ മാലികു ബ്നു ദീനാർ പറഞ്ഞ മറുപടി: 'അന്യന്റെ സ്വത്തെടുക്കാൻ ഞങ്ങളുടെ മതം അനുവദിക്കുന്നില്ല. അത് നിഷിദ്ധമാണ്.' ഈ സംഭവം വലിയ വാർത്തയായി. അതറിയാനിടവന്ന രാജാവ് ചേരമാൻ പെരുമാൾ അവരെ വിളിച്ചുവരുത്തി വിവരങ്ങളന്വേഷിച്ചപ്പോൾ ഇസ്‌ലാം മതത്തെക്കുറിച്ചും അതിന്റെ അധ്യാപനങ്ങളെക്കുറിച്ചും മാലികു ബ്നു ദീനാർ വിശദമായി സംസാരിച്ചു. തുടർന്ന് രാജാവ് ഇസ്‌ലാം സ്വീകരിക്കുകയും ചെയ്തു. പിന്നീട് അദ്ദേഹം ഹജ്ജിനു പോയി. മാലികു ബ്നു ദീനാറും സംഘവും മതപ്രബോധനം വ്യാപിപ്പിച്ചു. 11 പള്ളികൾ അവർ നിർമിച്ചു. അതിലൊന്നാണ് ചേരമാൻ പെരുമാൾ മസ്ജിദ്. ഇന്നേവരെ (കൊടുങ്ങല്ലൂരിൽ) നിലനിൽക്കുന്ന ചേരമാൻ പെരുമാൾ മസ്ജിദാണ് ഇന്ത്യയിലെ ഏറ്റവും പഴക്കമുള്ള പള്ളി.

ഇത് കഥയാവാം, സംഭവമാകാം, രണ്ടും ചേർന്നതുമാവാം. സി.ഇ ഏഴാം ശതകത്തിൽ തന്നെ ഇസ്‌ലാം കേരളത്തിലെത്തി എന്ന പ്രചാരണത്തെ ഡോ. എം.ജി.എസ് നാരായണനെപോലുള്ള ചരിത്രപണ്ഡിതന്മാർ പിന്തുണക്കുന്നില്ലെങ്കിലും മാലികു ബ്നു ദീനാർ സംഘത്തിന്റെ ആഗമനത്തെ അവർ നിരാകരിക്കുന്നില്ല. മൂന്നോ നാലോ ശതകങ്ങൾക്കു ശേഷമാവാം സംഭവമെന്നാണ് അവരുടെ നിഗമനം. എന്തായാലും ഒരു സത്യത്തിന് അടിവരയിടേണ്ടതുണ്ട്: ഉപദേശകരുടെ തത്ത്വോപദേശമോ ബലപ്രയോഗമോ ഒന്നുമല്ല കേരളത്തിൽ ഇസ്‌ലാമിന്റെ സ്വീകാര്യതയിലും വ്യാപനത്തിലും നിർണായകമായത്; പ്രത്യുത, മാലികു ബ്നു ദീനാർ സംഘം മുതൽ വന്ന വ്യാപാരികളുടെ സത്യസന്ധമായ ജീവിത മാതൃകയാണ്. അവരുടെ ചിട്ടയായ ജീവിതശൈലിയും ഇടപാടുകളിലെ സത്യസന്ധതയും ജാതീയതയുടെ നിരാസവും ഏകദൈവ വിശ്വാസത്തിലൂടെ എല്ലാ വിഭാഗം മനുഷ്യരോടുമുള്ള മാനവികമായ സഹവാസവുമാണ് ജനഹൃദയങ്ങളെ ഇസ്‌ലാമിലേക്കാകർഷിച്ചത്. ആ മാതൃക വേണ്ടവിധം ഉൾക്കൊണ്ട് ജീവിക്കാനായാൽ വർത്തമാനകാല വെല്ലുവിളികളെയും വിശ്വാസികൾക്ക് മനക്കരുത്തോടെ നേരിടാനാവും. ●

ഉപദേശകരുടെ തത്ത്വോപദേശമോ ബലപ്രയോഗമോ ഒന്നുമല്ല കേരളത്തിൽ ഇസ്‌ലാമിന്റെ സ്വീകാര്യതയിലും വ്യാപനത്തിലും നിർണായകമായത്; പ്രത്യുത, മാലിക് ബ്നു ദീനാർ സംഘം മുതൽ വന്ന വ്യാപാരികളുടെ സത്യസന്ധമായ ജീവിത മാതൃകയാണ്.അവരുടെ ചിട്ടയായ ജീവിതശൈലിയും ഇടപാടുകളിലെ സത്യസന്ധതയും ജാതീയതയുടെ നിരാസവും ഏകദൈവ വിശ്വാസത്തിലൂടെ എല്ലാ വിഭാഗം മനുഷ്യരോടുമുള്ള മാനവികമായ സഹവാസവുമാണ് ജനഹൃദയങ്ങളെ ഇസ്‌ലാമിലേക്കാകർഷിച്ചത്.



# കാരുണ്യകേന്ദ്രം

**Registration Number 216/07**

പ്രിയസുഹൃത്തെ, ക്ഷേമംനേരുന്നു,

മലപ്പുറം ജില്ലയിലെ പൂക്കോട്ടൂർ പഞ്ചായത്തിൽ നടന്നുവരുന്ന ഒരു ജനസേവന സംരംഭമാണ് കാരുണ്യകേന്ദ്രം' അത്താണിക്കൽ.

രോഗികൾ, വൃദ്ധർ, അനാഥർ, വിധവകൾ, ഭിന്നശേഷിക്കാർ, ദരിദ്രർ, ഭവനരഹിതർ, കുടിവെള്ളത്തിന് പ്രയാസപ്പെടുന്നവർ.... തുടങ്ങിയവർക്കിടയിലാണ് കഴിഞ്ഞ പതിനഞ്ച് വർഷമായി 'കാരുണ്യകേന്ദ്രം' ഇടപെട്ട് കൊണ്ടിരിക്കുന്നത്. പ്രതിമാസം ഭീമമായസംഖ്യ ഈരംഗത്ത് ചെലവ് വരുന്നുണ്ട്.

ലോകത്തെയാകെ ഭീതിയിലാഴ്ത്തിയ കോവിഡ്–19 മഹാമാരി നമ്മുടെ സാമൂഹികജീവിതത്തെയാകെ നിശ്ചലമാക്കിയ സമയമാണല്ലോ ഇത്.

എന്നാലും, ദുരിതക്കയത്തിൽ നാം കൈപിടിച്ചുയർത്തിയ നൂറ്കണക്കിന് നിരാലംബരായ രോഗികളെ പെരുവഴിയിലേക്ക് തന്നെ തള്ളിവിടാൻ നമുക്കാവില്ലല്ലോ! നമ്മുടെ തലോടലിലൂടെ നഷ്ടപ്പെട്ടുപോയ ജീവിതം വീണ്ടെടുത്തവരാണവർ. ഈ പ്രതിസന്ധിഘട്ടത്തിലും അവരെ ചേർത്ത്പിടിച്ചേ മതിയാകൂ.

സമൂഹം ഞങ്ങളെ ഏൽപ്പിക്കുന്നതെന്തും ഏറ്റവും ആവശ്യക്കാരുടെ വീട്ട്പടിക്കലേ എത്തൂവെന്ന് ഞങ്ങൾ ഉറപ്പ് തരുന്നു. നമുക്കായി വിധി കുറിച്ചുവെച്ച ഏതെങ്കിലും ദുരന്തങ്ങളെ തട്ടിയകറ്റാൻ ദാനധർമ്മങ്ങൾക്ക് കരുത്തുണ്ടെന്ന് വിശ്വസിക്കുന്നവരാണല്ലോ നമ്മൾ. താങ്കളടക്കമുള്ളവരുടെ സകാത്ത്–സ്വദഖകളിലൂടെ വെയിലേറ്റ് വാടിയ ഒട്ടേറെ ദുരിതജീവിതങ്ങൾ കാരുണ്യകേന്ദ്രത്തിലൂടെ പൂക്കുകയും തളിർക്കുകയും ചെയ്തിട്ടുണ്ട്. ഈ പ്രതിസന്ധിഘട്ടത്തിലും കാരുണ്യകേന്ദ്രത്തിനൊപ്പം താങ്ങുംതണലുമായി താങ്കളുണ്ടാവണം.

പ്രാർത്ഥനയോടെ,

Account Name:
Karunyakendram Palliative Care Society
**A/c. No: 67230686179**
SBI Mongam. **IFSC: SBIN0070840**

**കാരുണ്യകേന്ദ്രം, അത്താണിക്കൽ, വള്ളുവമ്പ്രം പി.ഒ**
**മലപ്പുറം – 673 642, ഫോൺ: +91 483 2772692 / +91 8281 302692**



# മഹാമാരിക്ക് മതമുണ്ടെന്ന് പ്രചരിപ്പിച്ചവരുടെ രാജ്യം

വിശകലനം / എ. റശീദുദ്ദീൻ
rasheedudheen@hotmail.com

അടിസ്ഥാന ജനാധിപത്യ മൂല്യങ്ങളോട് തരിമ്പും ബഹുമാനമില്ലാതിരിക്കുകയും അതോടൊപ്പം കൃത്യമായ ഫാഷിസ്റ്റ് അജണ്ടകൾ ഉണ്ടായിരിക്കുകയും ചെയ്യുന്ന ഒരു സർക്കാറിൽ നിന്ന് പ്രതീക്ഷിക്കാവുന്നതൊക്കെയും ഈ കോവിഡ് കാലത്ത് ഇന്ത്യയിലെ ജനങ്ങൾ കണ്ടുകൊണ്ടിരിക്കുന്നുണ്ട്. 2014 മുതൽ ഇന്ത്യ ഭരിക്കുന്ന ഇപ്പോഴത്തെ വലതുപക്ഷ സർക്കാറിന്റെ ധ്രുവീകരണ അജണ്ടകളുടെ പാരമ്യത്തിലൂടെയാണ് രാജ്യം കടന്നു പോകുന്നത്. 2014-ൽ അധികാരത്തിലേറിയതിനു ശേഷം പിന്നീടിങ്ങോട്ട് കൃത്യമായ അജണ്ടയോടെയുള്ള ധ്രുവീകരണമാണ് മോദി സർക്കാർ നടപ്പാക്കി വന്നത്. ഭൂരിപക്ഷം ലഭിക്കാത്ത ഒരു രാഷ്ട്രീയ കക്ഷി ജനങ്ങളെ തമ്മിലടിപ്പിച്ച് പിടിച്ചു നിൽക്കുന്ന പതിവു രാഷ്ട്രീയ കാപട്യമായിരുന്നില്ല മോദിയുടേതും ബി.ജെ.പിയുടേതും. അധികാരം കിട്ടിയതു തന്നെ തമ്മിലടിപ്പിക്കാനാണെന്ന ഉറച്ച ബോധ്യത്തിൽ നിന്നും രൂപപ്പെട്ടുവന്ന സുചിന്തിതമായ നിലപാടുകളായിരുന്നു അത്. അന്താരാഷ്ട്ര ഭീകരവിരുദ്ധ യുദ്ധം എന്ന ഓമനപ്പേരിൽ ബുഷ് തുടങ്ങിവെച്ച ഇസ്‌ലാം വിരുദ്ധ പ്രചാരണത്തിന് അവരുടെ രാജ്യത്തിനകത്തെ മുസ്‌ലിംകളുടെ കാര്യത്തിൽ ഉണ്ടായിരുന്ന ജനാധിപത്യപരമായ ഒരു വേർതിരിവ് ഇന്ത്യയിൽ കാണാനുണ്ടായിരുന്നില്ല. ബുഷ് തുടങ്ങിയിരുന്നില്ലെങ്കിൽ പോലും ബി.ജെ.പി എന്നോ പ്രവൃത്തിപഥത്തിൽ കൊണ്ടുവന്ന വെറുപ്പിന്റെയും വംശീയതയുടെയും സിദ്ധാന്തങ്ങളെ പൊതുസമൂഹത്തിലേക്ക് ആഴത്തിൽ വേരുപടർത്താനുള്ള അവസരമായാണ് മോദി ഭരണം ഇന്ത്യയിൽ മാറിയത്. മുസ്‌ലിംകളായി ജീവിക്കുക എന്നതു തന്നെ അങ്ങേയറ്റം പ്രയാസകരമായി മാറി. മുസ്‌ലിം വിരുദ്ധത മുഖമുദ്രയായ സി.എ.എ നിയമവും എൻ.പി. ആർ, എൻ. ആർ. സി പോലുള്ള നിഗൂഢമായ അജണ്ടകളും രാജ്യത്ത് കൊടുമ്പരി കൊള്ളുന്നതിനിടയിലാണ് കോവിഡ് എന്ന മഹാമാരി ചൈനയിൽ പ്രത്യക്ഷപ്പെട്ടത്. രോഗത്തെ പോലും മുസ്‌ലിം വിരുദ്ധത പടർത്താനുള്ള അവസരമാക്കി മാറ്റിയെടുക്കുന്നതായിരുന്നു പിന്നീട് ഇന്ത്യയിൽ കണ്ടത്.

സ്വാഭാവികമായും ഇന്ത്യയിലേക്കും കോവിഡ് പടർന്നു. വിമാനത്താവളങ്ങളിൽ പാലിക്കാതിരുന്ന സൂക്ഷ്മതയും ആദ്യഘട്ടത്തിൽ കേന്ദ്ര സർക്കാർ കാ

ണിച്ച അലംഭാവവുമാണ് രോഗത്തിന്റെ വ്യാപ്തി വർധിക്കാൻ വഴിയൊരുക്കിയത്. ചൈനയിൽ കഴിഞ്ഞ ഡിസംബർ 31-നാണ് ലോകാരോഗ്യ സംഘടന പുതിയൊരു മാരക വൈറസിന്റെ സാന്നിധ്യം സ്ഥിരീകരിച്ചതെങ്കിലും അതിനും ഒന്നോ രണ്ടോ മാസങ്ങൾ മുമ്പേ തന്നെ വുഹാൻ പ്രവിശ്യയിൽ ഇതുമായി ബന്ധപ്പെട്ട ധാരാളം മരണങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിരുന്നു. ജനുവരി അവസാനത്തോടെ തന്നെ ലോകരാജ്യങ്ങൾ കോവിഡുമായി ബന്ധപ്പെട്ട മുന്നറിയിപ്പുകൾ ജനങ്ങൾക്ക് നൽകാൻ ആരംഭിച്ചു കഴിഞ്ഞിരുന്നു. ഫെബ്രുവരി മാസത്തിലുടനീളം ആരോഗ്യ പ്രവർത്തകരെയും ആശുപത്രികളെയും സജ്ജമാക്കുന്ന തിരക്കിലായിരുന്നു ലോകരാജ്യങ്ങൾ. അപ്പോഴൊന്നും പ്രത്യേകിച്ച് ഒന്നും ചെയ്യാതെ കോവിഡ് പ്രത്യക്ഷപ്പെട്ടു തുടങ്ങിയ രാജ്യങ്ങളിലേക്ക് മാസ്കും വെന്റിലേറ്ററുമൊക്കെ കയറ്റിയയച്ച് നാല് കാശുണ്ടാക്കാനാവുമോ എന്ന ആലോചന മാത്രമാണ് മോദി സർക്കാറിന് ഉണ്ടായിരുന്നത്. കോവിഡ് പരിശോധനയുമായി ബന്ധപ്പെട്ട് ഗുജറാത്തിലെ ഒരു പ്രത്യേക കമ്പനി അമേരിക്കയിൽ നിന്നും ഇറക്കുമതി ചെയ്യുന്ന ഒരു സവിശേഷ കിറ്റിനു മാത്രം അംഗീകാരം നൽകിയതിലൂടെയും പ്രത്യക്ഷമായി തന്നെ അഴിമതി നടത്തി. 8000 രൂപ വരെയാണ് ആദ്യദിനങ്ങളിൽ ഈ കിറ്റുപയോഗിച്ച് നടത്തി വന്ന ടെസ്റ്റിന് ഫീസ് ഈടാക്കിയത്. എന്നാൽ ഇന്ത്യക്കകത്ത് 500 രൂപയിലും കുറഞ്ഞ വിലയ്ക്ക് കോവിഡ് പരിശോധനാ കിറ്റുകൾ വികസിപ്പിച്ചു കഴിഞ്ഞതായി വാർത്തകൾ വരുന്നുണ്ടായിരുന്നു. രോഗനിർണയം ചെലവേറിയതോടെ മാർച്ച് മാസത്തിലെ നിർണായകമായ ആദ്യ ആഴ്ചകളിൽ ഇന്ത്യ ബഹുദൂരം പിന്നിലേക്കു പോയി. ഒരു ദശലക്ഷത്തിൽ നിന്നും കഷ്ടിച്ച് 11 പേരുടേതാണ് മാർച്ച് 12-ന് പുറത്തുവന്ന കണക്കനുസരിച്ച് ഇന്ത്യ രോഗനിർണയം നടത്തിയത്. 12,000-ത്തിനും മുകളിലായിരുന്നു അതേ ദിവസം യു.എ.ഇയുടെ കണക്ക്.

**നിസാമുദ്ദീനിലേക്ക് ബോധപൂർവം കോവിഡ് രോഗികളെ കൊണ്ടുവന്ന് ഇന്ത്യക്കെതിരെ തബ്‌ലീഗുകാർ കോവിഡ് ജിഹാദ് നടത്താൻ തുനിഞ്ഞുവെന്ന ആരോപണമാണ് പിന്നീട് ഉയർന്നു കേട്ടത്. കോവിഡ് ജിഹാദ്, കൊറോണാ ബോംബ് തബ്‌ലീഗി പോലുള്ള ഹാഷ്ടാഗുകൾ ട്വിറ്ററിൽ സജീവമായി മാറി.**

2020 ഫെബ്രുവരിയിൽ കേന്ദ്ര സർക്കാർ ബജറ്റ് അവതരിപ്പിക്കുമ്പോൾ ആരോഗ്യ മേഖലയുമായി ബന്ധപ്പെട്ട എല്ലാ പദ്ധതികളിലും വെട്ടിക്കുറവുകൾ മാത്രമായിരുന്നു കാണാനുണ്ടായിരുന്നത്. രാജ്യം ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയിലേക്ക് നീങ്ങുന്നതിന്റെ സൂചനകൾ എമ്പാടുമുണ്ടായിരുന്നു. തൊഴിലില്ലായ്മയുടെ കണക്കുകൾ പുറത്തുവിടാൻ സർക്കാർ തയാറുണ്ടായിരുന്നില്ല. വളർച്ചാ നിരക്ക് കുത്തനെ ഇടിയുമെന്ന് അന്താരാഷ്ട്ര ഏജൻസികൾ ചൂണ്ടിക്കാട്ടുന്നുണ്ടായിരുന്നു. കാർഷിക മേഖലയിലും തൊഴിലുറപ്പു പദ്ധതിയിലുമൊന്നും എടുത്തു പറയാവുന്ന ഒരു പദ്ധതിയും മോദി സർക്കാറിന് ഉണ്ടായിരുന്നില്ല. ജനങ്ങളുടെ ക്രയശേഷി വർധിപ്പിക്കണമെന്ന് തത്ത്വം പ്രസംഗിക്കുക എന്നല്ലാതെ അതെങ്ങനെ നടപ്പിൽ വരുത്തുമെന്നതിനെ കുറിച്ച ഒരു ധാരണയും ധനകാര്യ മന്ത്രി നിർമലാ സീതാരാമന് ഉണ്ടായിരുന്നില്ല. ഈ വീഴ്ചകൾ മറച്ചുപിടിക്കുകയും ജനങ്ങളെ തമ്മിലടിപ്പിച്ച് നിർത്തുകയും മാത്രമാണ് മോദി സർക്കാറിന് അറിയാമായിരുന്ന ഒരേയൊരു പോംവഴി. സി.എ.എയും എൻ.ആർ.സിയുമൊക്കെ വളരെ ഭംഗിയായി ആ ദൗത്യം നിർവഹിക്കുന്നുണ്ടായിരുന്നു. സമീപകാലത്തൊന്നും ഇന്ത്യ കണ്ടിട്ടില്ലാത്ത അത്രയും ദൂഷിതമായ വർഗീയ പ്രചാരണവുമായി ദൽഹി തെരഞ്ഞെടുപ്പിൽ ബി.ജെ.പി രംഗത്തെത്തി. പാകിസ്താനിൽ നിന്നെത്തിയ ബലാൽക്കാരികൾ ഹിന്ദുക്കളെ ലക്ഷ്യമിട്ട് നടത്തുന്ന തയാറെടുപ്പുകളാണ് ശാഹീൻ ബാഗ് സമരവും ദൽഹിയിലെ വിവിധ പ്രദേശങ്ങളിൽ മുസ്‌ലിംകൾ നടത്തിവന്ന പ്രതിഷേധവുമെന്ന് ബി.ജെ.പിയുടെ പാർലമെന്റംഗങ്ങൾ വരെ അങ്ങാടിയിൽ പ്രസംഗിച്ചു. കപിൽ മിശ്രയും പർവേഷ് സാഹബ് വർമയുമൊക്കെ പാർട്ടിയുടെ പുതിയ താരപ്രചാരകരായി മാറി. തെരഞ്ഞെടുപ്പിൽ


സഫൂറ സർഗാർ

ബി.ജെ.പി തകർന്നടിഞ്ഞപ്പോൾ താഴെത്തട്ടിലെ നേതാക്കൾ നടത്തിയ പ്രചാരണത്തിൽ പാർട്ടിക്കു പിഴച്ചുവെന്ന കുറ്റസമ്മതവുമായി അമിത് ഷാ രംഗത്തു വന്നു. എന്നാൽ തൊട്ടുപുറകെ ദൽഹിയെ ഞെട്ടിച്ച വർഗീയ കലാപത്തിൽ അതേ നേതാക്കൾ കുറ്റകരമായ പങ്കു വഹിക്കുന്നതിനും രാജ്യം സാക്ഷിയായി. 2002-ലെ ഗുജറാത്ത് കലാപത്തിന്റെ കാലടിപ്പാടുകൾ പിന്തുടർന്ന ദൽഹി പോലീസ് അക്രമികളോടൊപ്പം നിലയുറപ്പിക്കുക മാത്രമായിരുന്നില്ല, ഒരുപടി കൂടി മുന്നോട്ടു പോയി കുറ്റകൃത്യങ്ങളിൽ നേർക്കുനേരെ പങ്കാളികളായി മാറുന്നതിന്റെ ദൃശ്യങ്ങൾ ബി.ബി.സി പുറത്തുവിട്ടു. കലാപദിവസങ്ങളിൽ അമിത് ഷാ കൺട്രോൾ റൂമിലിരുന്ന് നേർക്കുനേരെ കാര്യങ്ങൾ നിയന്ത്രിച്ചതു കൊണ്ടാണ് ദൽഹി കലാപം കെട്ടടങ്ങിയതെന്ന അവകാശവാദവുമായി കേന്ദ്ര സർക്കാർ രംഗത്തെത്തിയെങ്കിലും അതായിരുന്നില്ല യാഥാർഥ്യം. കലാ



ഖാലിദ് സൈഫി

പം നിയന്ത്രിക്കപ്പെടുകയായിരുന്നില്ല, മറിച്ച് തെരഞ്ഞെടുപ്പിൽ തോറ്റതിന് കപിൽ മിശ്രയും കൂട്ടരും പകവീട്ടിയതിനു ശേഷം സ്വാഭാവികമായ രീതിയിൽ അന്ത്യം കാണുകയായിരുന്നു. ഫാറൂഖിയ മസ്ജിദിന് തീ കൊടുത്തത് മറ്റാരുമായിരുന്നില്ല, ദൽഹി പോലീസ് തന്നെ ആയിരുന്നുവെന്നാണ് ഒടുവിൽ പുറത്തുവരുന്ന റിപ്പോർട്ടുകൾ. പ്രദേശത്തെ ഹിന്ദുക്കൾ തന്നെയാണ് ഈ ആരോപണമുന്നയിച്ച് രംഗത്തുവന്നത്.

സ്വന്തം നേതാക്കളെയും പോലീസിനെയും രക്ഷിച്ചെടുക്കാനുള്ള തത്രപ്പാടിലാണ് പിന്നീടിങ്ങോട്ടുള്ള ദിവസങ്ങളിൽ ബി.ജെ.പിയെ കാണാനുണ്ടായിരുന്നത്. ഇതുവരെയായി 3000 -ത്തിൽ അധികം മുസ്‌ലിം യുവാക്കളെയാണ് ദൽഹി കലാപവുമായി ബന്ധപ്പെട്ട് പോലീസ് പിടികൂടിയത്. കലാപബാധിത മേഖലകളിലെ ഗല്ലികളിലേക്ക് മഫ്ടിയിൽ ചെന്ന് കണ്ണിൽ പെടുന്നവരെ മുസ്‌ലിമാണെന്ന് പേര് ചോദിച്ച് ഉറപ്പുവരുത്തിയതിനു ശേഷം തോക്കുചൂണ്ടി ഭീഷണിപ്പെടുത്തി വാഹനങ്ങളിൽ കയറ്റി കൊണ്ടുപോകുകയും പിന്നീട് അവരെ കേസിൽ കുടുക്കുകയുമാണ് ചെയ്യുന്നതെന്നാണ് വ്യാപകമായ പരാതി. പിടികൂടുന്നവരെ കിലോമീറ്ററുകൾ അകലെയുള്ള സ്റ്റേഷനുകളിലേക്ക് കൊണ്ടുപോയാണ് ചോദ്യം ചെയ്തിരുന്നത്. അറസ്റ്റ് വാറണ്ടോ മറ്റ് നടപടിക്രമങ്ങളോ ഒന്നും ദൽഹി പോലീസിന് ബാധകമായിരുന്നില്ല. മുസ്‌ലിംകൾക്കിടയിൽ സമാധാനത്തിന് പരിശ്രമിച്ച സാമൂഹിക പ്രവർത്തകനും സിറ്റിസൺസ് ഫോർ ജസ്റ്റിസ് ആന്റ് പീസ് പ്രവർത്തകനുമായ ഖാലിദ് സൈഫിയെ മർദിച്ച് മൃതപ്രാണനാക്കിയാണ് പോലീസ് സ്റ്റേഷനിൽ നിന്നും മടക്കി അയച്ചത്. ദൽഹിയിലെ പൗരപ്രമുഖർ ഇടപെട്ടതിനെ തുടർന്ന് നിർബന്ധിതാവസ്ഥയിലായിരുന്നു അദ്ദേഹത്തെ പോലീസ് മോചിപ്പിച്ചത്. എന്നാൽ ഒരു ഹൈക്കോടതി ജഡ്ജിയുടെ ഉത്തരവ് ഉണ്ടായിട്ടു പോലും കപിൽ മിശ്രയെ അറസ്റ്റ് ചെയ്യാൻ ആഭ്യന്തര വകുപ്പ് പോലീസിന് അനുവാദം നൽകിയിരുന്നില്ല. മുസ്‌ലിംകൾ തന്നെയാണ് കലാപം നടത്തിയതെന്നും സി.എ.എ ബില്ലിനെതിരെ ജാമിഅ മില്ലിയ്യയിൽ നടന്ന പ്രസംഗങ്ങളാണ് സംഘർഷങ്ങൾക്ക് വഴിയൊരുക്കിയതെന്നും പുതിയൊരു യക്ഷിക്കഥമെനഞ്ഞുണ്ടാക്കുകയാണ് രാഷ്ട്രീയ യജമാനന്മാർക്കു വേണ്ടി പോലീസ് ഇപ്പോൾ ചെയ്യുന്നത്. പ്രസംഗങ്ങൾ കേട്ട് പ്രകോപിതരായതാണ് കലാപത്തിന് കാരണമെങ്കിൽ കപിൽ മിശ്ര നടത്തിയ പ്രസംഗത്തിന് എന്തുകൊണ്ട് നിയമം ബാധകമായിരുന്നില്ല? കലാപം നടത്താനായി ഖത്തോലിയിൽ നിന്നും ഭാഗ്പതിൽ നിന്നും എന്തിനേറെ മുസഫർ നഗറിൽ നിന്നുവരെ ട്രാക്ടറിലും മറ്റും ദൽഹിയിലേക്ക് ആളും ആയുധങ്ങളും എത്തിച്ചവർക്കൊന്നും നിയമം ബാധകമല്ലേ? പ്രകോപിക്കാനും പ്രകോപിതരാവാനും ആളുകളെ വെട്ടിക്കൊല്ലാനുമൊക്കെ ഒരു കൂട്ടർക്ക് സവിശേഷമായ അവകാശമുണ്ടെന്നാണോ ദൽഹി പോലീസ് അർഥമാക്കുന്നത്? ജാമിഅ മില്ലിയ്യയിൽ സി.എ.എ വിരുദ്ധ പ്രക്ഷോഭങ്ങൾക്ക് നേതൃത്വം നൽകിയെന്നാരോപിച്ച് മൂന്നു മാസം ഗർഭിണിയായ ഒരു ഗവേഷക വിദ്യാർഥിനിയെ അടക്കം യു.എ.പി.എ ചുമത്തിയാണ് പോലീസ് ജയിലിൽ അടച്ചത്. പ്രഫഷണലിസത്തെ കുറിച്ച് ദൽഹി പോലീസ് വാർത്താ കുറിപ്പുകൾ ഇറക്കി 'ബ്ളാബ്ളാ' പറയുന്നുണ്ടെങ്കിൽ പോലും ഒരു സമൂഹത്തെ മതപരമായി ഉന്നം വെക്കുകയാണ് അവർ ചെയ്തതെന്ന ആരോപണം ശക്തിപ്പെടാൻ വഴിയൊരുക്കുന്നതായിരുന്നു ഇത്തരം പക്ഷപാത സമീപനങ്ങൾ.

കോവിഡിന്റെ രംഗപ്രവേശം ഈ ധ്രുവീകരണ കോലാഹലങ്ങൾക്കിടയിൽ ബി.ജെ.പിക്ക് വീണുകിട്ടിയ സുവർണാവസരമായി മാറി. നിസാമുദ്ദീൻ മർകസ് കേന്ദ്രീകരിച്ച് മാധ്യമങ്ങളിലൂടെ പുറത്തുവന്നു കൊണ്ടിരുന്ന വാർത്തകൾക്ക് പൊതുജനത്തിന് അറിയുന്നതും അറിയാത്തതുമായ രണ്ട് വശങ്ങളുണ്ടായിരുന്നു. തബ്‌ലീഗ് ജമാഅത്തിന്റേത് ഒഴിവാക്കാമായിരുന്ന പരിപാടികളായിരുന്നു എന്ന കാര്യത്തിൽ ഒരു തർക്കവുമില്ല. പക്ഷേ ഈ യോഗത്തിലേക്ക് മലേഷ്യയിൽ നിന്നും ഇന്തോനേഷ്യയിൽ നിന്നും മറ്റുമുള്ളവർ പങ്കെടുക്കുന്ന സാഹചര്യം എങ്ങനെയുണ്ടായി? സന്ദർശക വിസയിൽ വന്ന് രാജ്യത്ത് മതപ്രബോധനം നടത്തരുതെന്ന് 2019 -ൽ കേന്ദ്ര സർക്കാർ കർശനമായ വിലക്ക് ഏർപ്പെടുത്തിയിരുന്നല്ലോ. നിസാമുദ്ദീൻ മർകസിനകത്ത് ഈ വിലക്ക് നിലവിൽ വന്നതിനു ശേഷവും കഴിഞ്ഞ ഒമ്പത് മാസക്കാലയളവിൽ ആയിരക്കണക്കിന് വിദേശികൾ വന്നുപോയതെന്തു കൊണ്ട്? ഓരോ ദിവസവും നിസാമുദ്ദീനിലെ വിദേശികളുടെ കണക്ക് ശേഖരിക്കാനായി ഇന്റലിജൻസിന്റെ രണ്ട് ഉദ്യോഗസ്ഥർ അവിടെ എത്താറുണ്ടായിരുന്നു എന്നതാണ് വസ്തുത. ഏറ്റവും ചുരുങ്ങിയത് മാർച്ച് മാസത്തിലെങ്കിലും കിഴക്കനേഷ്യൻ രാജ്യങ്ങളിൽ നിന്നും വരുന്നവരെ വിമാനത്താവളങ്ങളിൽ പരിശോധിച്ചിരുന്നുവെങ്കിൽ നിസാമുദ്ദീനിൽ കോവിഡ് പടരുമായിരുന്നോ? വലിയ അനാസ്ഥ സർക്കാറിന്റെ ഭാഗത്തു നിന്നുണ്ടായിട്ടുണ്ട് എന്നത് വ്യക്തം. എന്നാൽ രാജ്യത്ത് കോവിഡ് വ്യാപിക്കാൻ തുടങ്ങിയപ്പോൾ മാധ്യമങ്ങളുടെ സഹായത്തോടെ അതിനെ വർഗീയവൽക്കരിക്കാൻ ശ്രമിക്കുന്ന ബി.ജെ.പിയെ ആണ് പിന്നീട് കണ്ടത്. കേന്ദ്ര ന്യൂനപക്ഷകാര്യ മന്ത്രി കൂടിയായ മുഖ്താർ അബ്ബാസ് നഖ്‌വി നിസാമുദ്ദീനിലെ രോഗബാധയെ കുറ്റപ്പെടുത്തിയത് 'താലിബാനീ കുറ്റകൃത്യം' എന്നായിരുന്നു. അയോധ്യയിലടക്കം രാജ്യത്തിന്റെ മറ്റു ഭാഗങ്ങളിൽ കോവിഡ് കാലത്ത് വിലക്കുകൾ ലംഘിച്ച് ഇതുപോലെ നടന്ന മറ്റ് മതസമ്മേളനങ്ങളെ കുറിച്ചൊന്നും ഭരണഘടനാപദവി വഹിക്കുന്ന മന്ത്രി ഈയൊരു വാക്ക് ഉപയോഗിച്ചതായി റിപ്പോർട്ട് ചെയ്യപ്പെട്ടിരുന്നില്ല.

നിസാമുദ്ദീനിലേക്ക് ബോധപൂർവം കോവിഡ് രോഗികളെ കൊണ്ടുവന്ന് ഇന്ത്യക്കെതിരെ തബ്‌ലീഗുകാർ കോവിഡ് ജിഹാദ് നടത്താൻ തുനിഞ്ഞുവെന്ന ആരോപണമാണ്

പിന്നീട് ഉയർന്നു കേട്ടത്. കോവിഡ് ജിഹാദ്, കൊറോണാ ബോംബ് തബ്‌ലീഗി പോലുള്ള ഹാഷ്ടാഗുകൾ ട്വിറ്ററിൽ സജീവമായി മാറി. ഏപ്രിൽ മാസത്തിന്റെ ആദ്യത്തെ ആഴ്ചയിൽ മാത്രം ഈ ഹാഷ്ടാഗ് 165 ദശലക്ഷം പേരാണ് ട്വിറ്ററിൽ കണ്ടത്. തായ്‌ലന്റിൽ ചിത്രീകരിച്ച ഒരു സിനിമയിലെ ദൃശ്യം ഉപയോഗിച്ച് തബ് ലീഗുകാർ ഡോക്ടർമാർക്കും നഴ്സുമാർക്കും നേരെ ചുമക്കുകയും തുപ്പുകയും ചെയ്യുന്നതായ ദൃശ്യങ്ങൾ വൈറലായി മാറി. കപിൽ മിശ്ര ഈ ആരോപണം ട്വിറ്ററിൽ ആവർത്തിച്ചു. കൊറോണാ ജിഹാദ് എന്നു പേരിട്ട മുസ്‌ലിം വേഷധാരിയായ ഒരാൾ ഒരു ഹിന്ദുവേഷധാരിയെ കൊക്കയിലേക്ക് തള്ളിയിടുന്ന കാരിക്കേച്ചറും ട്വിറ്ററിൽ പ്രത്യക്ഷപ്പെട്ടു. ട്വിറ്ററിന്റെ അടിസ്ഥാന നിയമങ്ങൾക്ക് നിരക്കാത്ത ഈ കാരിക്കേച്ചർ പിന്നീട് നീക്കിയെങ്കിലും 2000 പേരെങ്കിലും അതിനകം അത് പങ്കുവെച്ചിരുന്നു. മുസ്‌ലിംകളെ ഗല്ലികൾക്കകത്ത് കടത്തരുതെന്ന് യു.പിയിലെ ചില എം.എൽ.എമാർ ശബ്ദസന്ദേശങ്ങൾ പ്രചരിപ്പിച്ചത് ഇതിനിടെ സോഷ്യൽ മീഡിയ ഏറ്റുപിടിച്ചു. ചില ഉന്തുവണ്ടി കച്ചവടക്കാരെ മതം ഉറപ്പുവരുത്തി അടിച്ചോടിക്കുന്ന ദൃശ്യങ്ങളും വൈറലായി. ബി.ജെ.പി ഭരിക്കുന്ന കർണാടകയിൽ അനന്ത് കുമാർ ഹെഗ്ഡെ തബ്‌ലീഗുകാർ ഭീകരന്മാരാണെന്ന് അധിക്ഷേപിച്ചു. കർണാടകയിൽ പാവങ്ങൾക്ക് ഭക്ഷണ വിതരണം നടത്തിയതിന് ഒരു മുസ്‌ലിം മാതാവിനെയും മകനെയും സംഘ്പരിവാർ പ്രവർത്തകർ ക്രിക്കറ്റ് ബാറ്റുപയോഗിച്ച് അടിച്ചു ചതച്ചു. ഉത്തർപ്രദേശിൽ തബ് ലീഗ് സമ്മേളനത്തിന് പോയവരെ കുറിച്ച വിവരങ്ങൾ പോലീസിന് കൈമാറുന്നവർക്ക് 10,000 രൂപയുടെ പാരിതോഷികം പ്രഖ്യാപിക്കപ്പെട്ടു. അന്താരാഷ്ട്ര സോഷ്യൽ മീഡിയാ വാച്ച്ഡോഗ് ആയ ഇക്വാലിറ്റി ലാബ് ഇന്ത്യയിൽ നടക്കുന്ന ഈ ദുഷിച്ച പ്രചാരണങ്ങൾ ശ്രദ്ധയിൽ പെടുത്തിയതിനെ തുടർന്നാണ് കോവിഡിന് മതമില്ലെന്ന് ലോകാരോഗ്യ സംഘടനയുടെ പ്രസ്താവന പുറത്തുവന്നത്. ഫെബ്രുവരി വരെയും ചൈനാ വൈറസ് എന്ന പേരിൽ വിശേഷിപ്പിക്കപ്പെട്ടിരുന്ന കൊറോണയെ കോവിഡ് -19 എന്ന് പുനർ നാമകരണം ചെയ്തുകൊണ്ട് മഹാമാരിക്ക് രാജ്യങ്ങളില്ലെന്ന ശ്രദ്ധേയമായ നിലപാടും സംഘടന സ്വീകരിച്ചിരുന്നു. ചൈനാ വൈറസ് എന്ന വാക്ക് പിന്നീടൊരിക്കലും ഇന്ത്യ ഉപയോഗിച്ചിട്ടില്ലെന്നോർക്കുക.

കോവിഡിനെ തൊപ്പിയിടീക്കാൻ നടത്തിയ ഈ ശ്രമങ്ങളെ ഗൾഫ് രാജ്യങ്ങളിലിരുന്ന് ചിലർ ഏറ്റുപിടിച്ചതോടെയാണ് ചിത്രം പൊടുന്നനെ മാറിയത്. സംഘ് പരിവാർ പ്രവർത്തകർ കഴിഞ്ഞ കുറേക്കാലമായി നടത്തിവരുന്ന ഈ ഇസ്‌ലാമോഫോബിയാ പ്രചാരണത്തെ ഇതാദ്യമായി അറബ് രാജ്യങ്ങളിലെ പൗരസമൂഹവും സോഷ്യൽ മീഡിയയും ശൈഖ ഹിന്ദിനെ പോലുള്ള ചില ഭരണാധികാരികളും അപലപിച്ചു. ഐക്യരാഷ്ട്ര സഭ കഴിഞ്ഞാൽ ലോകത്തെ ഏറ്റവും വലിയ അന്താരാഷ്ട്ര കൂട്ടായ്മയായ ഒ.ഐ.സി ഇന്ത്യയിൽ ഇസ്‌ലാമിനെതിരെ നടന്നുവരുന്ന പ്രചാരണങ്ങൾ



അവസാനിപ്പിക്കാനും മുസ്‌ലിംകളുടെ ജീവനും സ്വത്തും സംരക്ഷിക്കാനും മോദി സർക്കാറിനോട് പരസ്യമായി ആവശ്യപ്പെട്ടു. ദൽഹി കലാപത്തിനു ശേഷം ഇത് രണ്ടാം തവണയായിരുന്നു ഇന്ത്യ അന്താരാഷ്ട്ര മുസ്‌ലിം സമൂഹത്തിനു മുമ്പാകെ നാണം കെട്ടത്. ഇന്ത്യയിൽ ന്യൂനപക്ഷങ്ങളുടെ നേർക്ക് ആസൂത്രിതമായ ആക്രമണം നടന്നു വരുന്നതായി നിരവധി അന്താരാഷ്ട്ര മാധ്യമങ്ങളിൽ ലേഖനങ്ങൾ പ്രത്യക്ഷപ്പെട്ടു. ഇക്കഴിഞ്ഞ ഏപ്രിൽ 3-ന് പുറത്തിറങ്ങിയ ടൈം മാഗസിൻ സുദീർഘമായി തന്നെ വിഷയം ഉപന്യസിച്ചു. ന്യൂയോർക്ക് ടൈംസ്, ഗാർഡിയൻ, വാഷിംഗ്ടൺ പോസ്റ്റ്, ബി.ബി.സി തുടങ്ങിയവയിലൊക്കെ ഇന്ത്യൻ ഇസ്‌ലാമോഫോബിയ ചർച്ചാ വിഷയമായി. ഇന്ത്യയിൽ സമീപകാലത്ത് നടന്നു വരുന്ന സംഭവങ്ങൾ ലോകത്തെ മറ്റൊരു രാജ്യത്തും സമാനതയില്ലാത്തതാണെന്ന് അമേരിക്കയുടെ അന്താരാഷ്ട്ര മതസ്വാതന്ത്ര്യ കമീഷൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന് റിപ്പോർട്ട് സമർപ്പിച്ചു. മതസ്വാതന്ത്ര്യ വിഷയത്തിൽ മോശപ്പെട്ടവരിൽ മോശപ്പെട്ട രാജ്യങ്ങളുടെ കരിമ്പട്ടികയിലേക്ക് ഇന്ത്യയെ തരംതാഴ്ത്താനും കമീഷൻ ശിപാർശ ചെയ്തു. സി.എ.എ നിയമവും കശ്മീരിലെ 370-ാം വകുപ്പ് എടുത്തുകളഞ്ഞതുമൊക്കെ പരാമർശിച്ച കമീഷൻ രാഷ്ട്രീയ പാർട്ടി എന്ന നിലയിൽ ബി.ജെ.പിയെയും നരേന്ദ്ര മോദിയെയും ഒപ്പം ഗവൺമെന്റിന്റെ വിവിധ ഏജൻസികളെയും റിപ്പോർട്ടിൽ കുറ്റപ്പെടുത്തിയിരുന്നു.

ഇന്ത്യയിലെ ഇസ്‌ലാമോഫോബിയയെ കുറിച്ച അറബ് ലോകത്തിന്റെ ആശങ്കക്ക് ട്വിറ്ററിലൂടെ നന്ദി അറിയിച്ച ദൽഹി മൈനോരിറ്റി കമീഷൻ ചെയർമാൻ ഡോ. സഫറുൽ ഇസ്‌ലാം ഖാനെതിരെ ദേശദ്രോഹത്തിനാണ് ദൽഹി പോലീസ് കേസെടുത്തതെന്ന് ശ്രദ്ധിക്കുക. കമീഷനുകളിൽ ചുമതലയേൽപ്പിക്കപ്പെടുന്നവർ സർക്കാറിന്റെയും ബി.ജെ.പിയുടെയും മെഗാഫോണുകളാവുക എന്നതിലപ്പുറം ന്യൂനപക്ഷങ്ങളാവട്ടെ, വനിതകളാവട്ടെ, ദലിതരാവട്ടെ ആരെ കുറിച്ചും വസ്തുതാപരമായ ഒരു അഭിപ്രായ പ്രകടനവും നടത്തരുതെന്നാണ് ഈ കേസ് ഓർമപ്പെടുത്തുന്നത്. ഖാന്റെ പരാമർശം ഗൾഫിലെ ഏതാനും സംഘ് പരിവാർ പ്രമുഖന്മാർക്ക് ചൊറിച്ചിലുണ്ടാക്കിയതൊഴിച്ചാൽ ഇതിനകം ഒ.ഐ.സി പുറപ്പെടുവിച്ച പ്രസ്താവന ഉണ്ടാക്കിയ മാനക്കേടിനേക്കാൾ പുതിയ മറ്റൊരു പ്രതിഛായാ നഷ്ടവും ഇന്ത്യ



● ഗൗഹർ ഗീലാനി

ക്ക് ഉണ്ടാക്കിയിരുന്നില്ല. ഖാൻ ട്വീറ്റ് ചെയ്താലുമില്ലെങ്കിലും പൗരത്വ നിയമവും വർഗീയ കലാപവും ആൾക്കൂട്ട കൊലപാതകവുമൊക്കെ ഇന്ത്യയെ ആഗോള സമൂഹത്തിനു മുന്നിൽ കൃത്യമായി അടയാളപ്പെടുത്തുന്നുണ്ടായിരുന്നു. മറുഭാഗത്ത് മുഖ്താർ അബ്ബാസ് നഖ്‌വി, തബ്‌ലീഗ് ജമാഅത്തിനെതിരെ നടത്തിയ 'താലിബാനി കുറ്റകൃത്യം' എന്ന പരാമർശം പൊതുസമൂഹത്തിൽ ഉണ്ടാക്കിയ മതസ്പർധയുടെ ആഴം എന്തുമാത്രം ഭീതിദമായിരുന്നു! കോവിഡ് കാലത്ത് ബി.ജെ.പിയുടെ എത്രയെത്ര നേതാക്കൾ വർഗീയവിഷം തുപ്പുന്ന പ്രസ്താവനകളിറക്കി! അതേസമയം 124 (എ), 153 (എ) എന്നീ വകുപ്പുകളാണ് സഫറുൽ ഇസ്‌ലാം ഖാൻ തന്റെ സ്വകാര്യ ട്വിറ്റർ പേജിൽ നടത്തിയ അഭിപ്രായപ്രകടനത്തിനെതിരെ ചുമത്തിയത്. ഒറ്റ ബി.ജെ.പി നേതാവിനെതിരെ പോലും തബ്‌ലീഗ് വിഷയത്തിൽ പോലീസ് കേസെടുത്തിട്ടില്ല. ധ്രുവീകരണം ഒരു രാഷ്ട്രീയ അവകാശമാണെന്ന് ധരിച്ച ഈ ബി.ജെ.പി നേതാക്കൾ ദൽഹി ലഫ്റ്റനന്റ് ഗവർണറെ കണ്ട് ഖാനെ ന്യൂനപക്ഷ കമീഷൻ ചെയർമാൻ സ്ഥാനത്തു നിന്നും നീക്കണമെന്ന് ആവശ്യപ്പെടുവോളം ഈ അസംബന്ധ നാടകം മുഴുക്കുന്നതാണ് പിന്നീട് കണ്ടത്. എന്നിട്ടും പോരാഞ്ഞ് ഒരു മുൻ ബാങ്ക് ഉദ്യോഗസ്ഥനെ ഡമ്മിയാക്കി നിർത്തി ദൽഹി ഹൈക്കോടതിയിൽ കേസ് കൊടുക്കുകയും ചെയ്തിരിക്കുന്നു.

തന്റെ നിലപാടിൽ ഉറച്ചു നിൽക്കുന്നുവെന്നും അത് പ്രകടിപ്പിച്ച സമയത്തിൽ അനൗചിത്യമുണ്ടായെങ്കിൽ അതിൽ ക്ഷമ ചോദിക്കുന്നുവെന്നുമാണ് ഖാൻ നടത്തിയ പ്രതികരണം. രാജ്യം കോവിഡിനെതിരെ ഒറ്റക്കെട്ടായി നീങ്ങുന്ന സമയത്ത് ഈ പ്രസ്താവന ഒഴിവാക്കാമായിരുന്നു. എന്നാൽ ഇന്ത്യയിൽ മുസ്‌ലിംകൾക്കെതിരെ വിദ്വേഷ പ്രചാരണം ഇല്ലെന്ന് തനിക്ക് പറയാനാവില്ലെന്നും വിദ്വേഷ പ്രചാരണങ്ങളിൽ നിന്നും വംശഹത്യകളിൽ നിന്നും ഇന്ത്യയെയും തന്റെ സമുദായത്തെയും സംരക്ഷിക്കാനായി ഇത്രയും കാലം സ്വീകരിച്ച നിലപാടുകളിൽ ഉറച്ചു നിൽക്കുന്നുവെന്നും ഖാൻ പറഞ്ഞു. അദ്ദേഹത്തെ അദ്ദേഹമിരിക്കുന്ന കസേരയിൽ നിന്ന് പുറത്താക്കാൻ ബി.ജെ.പിക്കും കെജ്‌രിവാളിനും ആഗ്രഹം ഇല്ലാഞ്ഞിട്ടല്ല. പക്ഷേ എന്താണോ ഖാൻ ട്വീറ്റ് ചെയ്തത് അതിന്റെ ഏറ്റവും വലിയ തെളിവായി ഈ പുറത്താക്കൽ മാറുമെന്ന ഭയമാണ് ഇപ്പോൾ അവരെ പിടിച്ചുനിർത്തുന്നത്.

മാധ്യമലോകം ഏതാണ്ട് സമ്പൂർണമായും കാവിവൽക്കരിക്കപ്പെട്ട ഇന്ത്യയിൽ മുസ്‌ലിംകളെ പൈശാചികവൽക്കരിക്കുന്നതിൽ ഇലക്ട്രോണിക്, അച്ചടി, റേഡിയോ വകഭേദങ്ങളൊന്നും തന്നെ ഒന്നു മറ്റൊന്നിൽ നിന്ന് വ്യത്യസ്തമായിരുന്നില്ല. കോവിഡ് കാലത്ത് അച്ചടി മാധ്യമങ്ങളുടെ വിതരണം മിക്ക നഗരങ്ങളിലും നിലക്കുകയോ നാമമാത്രമാവുകയോ ചെയ്തതോടെ തക്കംപാർത്തിരുന്നതു പോലെയാണ് ഗവൺമെന്റ് അതിന്റെ വർഗീയ അജണ്ടകൾക്ക് മൂർച്ച കൂട്ടാനിറങ്ങിയത്. ജാമിഅയിലെ ഗവേഷക വിദ്യാർഥികളായ മീരാൻ ഹൈദറിനെയും സഫൂറാ സർഗറിനെയും അറസ്റ്റ് ചെയ്ത രീതിയിൽ ഇതുണ്ട്. സി.എ.എക്കെതിരെ പ്രസംഗിച്ച കുറ്റത്തിന് ദൽഹി പോലീസിന്റെ ചോദ്യം ചെയ്യലിന് ഹാജരാവാൻ വിളിപ്പിച്ച ഇവരെ പിന്നീട് ദൽഹി കലാപത്തിന്റെ ഗൂഢാലോചനാ കുറ്റം ചുമത്തി യു.എ.പി.എ അടക്കമുള്ള കിരാത നിയമങ്ങൾ ചാർത്തി അറസ്റ്റ് ചെയ്ത് ജയിലിലിടുകയാണുണ്ടായത്. 300-ഓളം സാമൂഹിക പ്രവർത്തകരും എഴുത്തുകാരും ബുദ്ധിജീവികളും ഒപ്പിട്ടു നൽകിയ പ്രതിഷേധക്കുറിപ്പിന് തരിമ്പുപോലും ദൽഹി പോലീസ് വിലകൽപ്പിക്കുന്നത് കാണാനുണ്ടായിരുന്നില്ല. അത് റിപ്പോർട്ട് ചെയ്യാൻ പോലും മോദിഭക്തരായ മാധ്യമങ്ങൾക്ക് താൽപര്യമുണ്ടായിരുന്നില്ല. കശ്മീരിലാകട്ടെ കൂടുതൽ ഭയാനകമായ രീതിയിലായിരുന്നു മാധ്യമങ്ങളെ അടിച്ചമർത്തുന്നുണ്ടായിരുന്നത്. ഗെറ്റി ഇമേജസിലേക്ക് ഒരു ഫോട്ടോ നൽകിയ മസ്‌റത്ത് സഹ്‌റ എന്ന 26കാരിയായ വനിതാ ജേണലിസ്റ്റിനെതിരെ കശ്മീർ പോലിസ് യു.എ.പി.എ ചുമത്തി. 16 മാസം മുമ്പേ അവർ നൽകിയ ഫോട്ടോയെ ചൊല്ലിയാണ് കോവിഡ് ലോക്ക് ഡൗണിനിടയിൽ അറസ്റ്റ് നടത്തിയത്. 'ഹിന്ദു' ദിനപത്രത്തിന്റെ ലേഖകൻ പീർസാദാ ആശിഖിനെതിരെയും 'വോയ്സ് ഓഫ് അമേരിക്ക'യുടെ സ്ട്രിംഗർ ഗൗഹർ ഗീലാനിക്കെതിരെയും അവർ പ്രസിദ്ധീകരിച്ച വാർത്തകളുടെയും ദൃശ്യങ്ങളുടെയും പേരിൽ യു.എ.പി.എ ചുമത്തി. ലശ്കർ ഭീകരനെന്ന് മുദ്രകുത്തി ഏറ്റുമുട്ടലിൽ വധിച്ച സജ്ജാദ് ദാറിന്റെ മയ്യിത്ത് നമസ്കാരത്തിൽ പങ്കെടുക്കാനായി ആയിരക്കണക്കിനാളുകൾ ഒരു കിലോമീറ്ററോളം നീളത്തിൽ നടന്നു വരുന്നതിന്റെ ദൃശ്യം പകർത്തിയതായിരുന്നു പീർസാദയുടെ കുറ്റം. ഇങ്ങനെയൊക്കെ കശ്മീരിലെ മാധ്യമ പ്രവർത്തകരെ അടിച്ചൊതുക്കുമ്പോഴും ഇത്തവണ പുലിറ്റ്സർ പുരസ്കാരത്തിന് അർഹരായ മൂന്ന് ഫോട്ടോ ജേണലിസ്റ്റുകളും എ.എഫ്.പിക്കു വേണ്ടി കശ്മീരിൽ ജോലി ചെയ്യുന്നവരായിരുന്നു. 370-ാം വകുപ്പ് എടുത്തുകളഞ്ഞതിനു ശേഷമുള്ള കാലത്തെ കശ്മീരിന്റെ ആകുലതകളെ കുറിച്ച് ഇവർ പകർത്തിയ ദൃശ്യങ്ങൾ അന്താരാഷ്ട്ര അംഗീകാരം ലഭിച്ചത് കേന്ദ്ര സർക്കാറിനെ കുറച്ചൊന്നുമല്ല അസ്വസ്ഥപ്പെടുത്തുന്നുണ്ടാവുക.

ലോകം ഇന്ത്യയെ തിരിച്ചറിയാൻ തുടങ്ങിയിരിക്കുന്നു എന്നതു തന്നെയാണ് വസ്തുത. കോവിഡാനന്തര കാലത്തെ ലോകക്രമത്തിൽ ഇന്ത്യക്ക് വാചകക്കസർത്ത് കൊണ്ട് മുഖംമിനുക്കാൻ കഴിയണമെന്നില്ല. ചൈന കൂടുതൽ ശക്തമാവുകയാണ്, അമേരിക്കയാകട്ടെ ദുർബലമാവുകയും. എക്കാലത്തും ഇന്ത്യയെ കണ്ണടച്ചു വിശ്വസിച്ച അറബികൾ പുതിയ തിരിച്ചറിവിന്റെ പാതയിലാണ്. ലോകരാജ്യങ്ങൾക്ക് കൊടുത്തു തീർക്കാനുള്ള കടം മൻമോഹൻ കാലത്തു നിന്നും ഇരട്ടിയിലേറെ പെരുകി, രാജ്യത്തിനകത്ത് തൊഴിലില്ലായ്മയും സാമ്പത്തിക പ്രതിസന്ധിയും രൂക്ഷമാവുന്ന ഇന്ത്യ ആഗോള മാർക്കറ്റിൽനിന്ന് പുറംതള്ളപ്പെടുന്ന കാലത്തെ കുറിച്ച് കൂടുതൽ ഗൗരവത്തോടെയുള്ള ചർച്ചകൾ നടക്കേണ്ടിയിരിക്കുന്നു. ●

We Care
We Share

നിർധന രോഗികൾക്കായി
കാരുണ്യത്തിന്റെ
ഒരു കൈത്താങ്ങ്



madhyamam
healthcare

നിർധന രോഗികളുടെ ചികിത്സക്കുള്ള
ഫണ്ട് സമാഹരണത്തിൽ പങ്കാളികളാകുക

Madhyamam Healthcare Trust,
Silver Hills, Calicut-12
**Phone: 0495 2730848**
**Bank A/c No.13000200014749**
IFSC:FDRL0001300, Federal Bank,
West Nadakkavu, Calicut-11
Cheque / DD in favour of
**MADHYAMAM HEALTH CARE TRUST**

TAX

മാധ്യമം ഹെൽത്ത് കെയറിലേക്ക്
നൽകുന്ന സംഭാവനകൾക്ക് 50%
ഇൻകം ടാക്സ് ഇളവ് ലഭിക്കുന്നതാണ്

**സംഭാവനകൾ അയക്കേണ്ട വിലാസം**

The Manager, Madhyamam Health Care trust
Post Box: 1708, Silver Hills P.O,
Calicut, Kerala, Pin - 673012,
Ph: 0495 2730848, healthcare@madhyamam.in



# കോവിഡ്കാല ഫത്‌വകൾ


സംവാദം / വി.എ കബീർ

vabdulkabeer@yahoo.com



ഫത്വകൾ സന്ദർഭങ്ങളുടെ താൽപര്യമനുസരിച്ച് മാറും എന്നത് ഒരു പുതിയ വാദമല്ല. അത് പണ്ടേ ഇസ്‌ലാമിക നിയമമീമാംസകർ അംഗീകരിച്ചിട്ടുള്ളതാണ്. അസാധാരണ പരിതഃസ്ഥിതികളിൽ അസാധാരണ നിയമം എന്ന പരികൽപന ആധുനിക നിയമവ്യവഹാരങ്ങളിലും സർവാംഗീകൃത പ്രമാണം തന്നെ. എന്നാൽ അതെങ്ങനെയും വലിച്ചുനീട്ടാവുന്ന സൗകര്യവാദമാവരുതെന്ന്, അനുവദിച്ച 'ഉസ്വൂലികൾ' തന്നെ വ്യക്തമാക്കിയിട്ടുമുണ്ട്. അതിനുമുണ്ട് ചില ചിട്ടവട്ടങ്ങളും ഉപാധികളും.

ഒരു പഴയ ചരിത്ര സംഭവം ഉദ്ധരിച്ചുകൊണ്ട് തുടങ്ങാം. മൊറോക്കോവിൽ ഫ്രഞ്ച് അധിനിവേശകാലത്ത് നടന്ന സംഭവമാണ്. ഇന്ന് റമദാൻ കാലത്ത് നമ്മുടെ നാട്ടിൽ ഉത്തരേന്ത്യയിൽനിന്ന് ഹാഫിളുകളെ ഇറക്കുമതി ചെയ്യുന്നപോലെ ജുമുഅ ഖത്വീബുമാരെ ഈജിപ്തിൽനിന്ന് ഇറക്കുമതി ചെയ്യാറായിരുന്നു അന്ന് മൊറോക്കോവിലെ പതിവ്. ആവശ്യത്തിന് മാത്രം ഖത്വീബുമാർ തികയാത്ത ക്ഷാമം ഒരിക്കൽ മൊറോക്കോക്കാർ നേരിട്ടു. നോക്കി വായിക്കാനാണെങ്കിലും ഒരു ആലിം വേണമല്ലോ, ജുമുഅ നയിക്കാൻ. ഇന്നത്തെ പോലെ സാക്ഷരതയും അന്നുണ്ടായിരുന്നില്ല. റേഡിയോ വഴി ഈജിപ്തിലെ ഇമാമിനെ പിന്തുടർന്ന് വീട്ടിൽ വെച്ച് ജുമുഅ നമസ്കാരം അനുവദനീയമാകുമോ? അതായിരുന്നു മൊറോക്കോവിലെ സജീവ ചർച്ച. അനുവദനീയമാകുമെന്നായിരുന്നു അന്നത്തെ മുഫ്തിയായ ശൈഖ് അഹ്മദു ബ്നു അസ്സ്വിദ്ദീഖ് അൽഗമാരിയുടെ ഫത്‌വ. 'അൽ ഇഖ്നാഉ ബി സ്വിഹ്ഹത്തിൽ ജുമുഅ ഫിൽ മൻസിൽ ഖൽഫൽ മദിയാഅ്' എന്ന ശീർഷകത്തിൽ അദ്ദേഹം ഒരു നിബന്ധവും പ്രസിദ്ധീകരിച്ചു. അന്ന് ആരെങ്കിലും റേഡിയോ ട്യൂൺ ചെയ്ത് ജുമുഅ നമസ്കരിച്ചോ എന്നറിയില്ല!

ഇന്ന് കൊറോണാ യുഗത്തിലെ ക്വാറന്റൈൻ കാലത്ത് ടി.വി മുന്നിൽ തുറന്ന് തറാവീഹ് നമസ്കരിക്കാമെന്ന് ഫത്‌വ വരുമ്പോൾ ഉയരുന്ന എതിരഭിപ്രായങ്ങളൊന്നും അന്ന് ഉണ്ടായില്ലെന്നാണ് പറയപ്പെടുന്നത്. ചുരുങ്ങിയ പക്ഷം ഇതര ഫുഖഹാക്കളെയൊന്നും ഖണ്ഡനത്തിന് അത് പ്രകോപിപ്പിച്ചില്ല. പുതിയ സാങ്കേതിക വിദ്യ ഉപയോഗിച്ച് തറാവീഹിന് നവ്യാവിഷ്കാരം നൽകാമെന്ന് വാദിക്കുന്നവർ മൊറോക്കോവിൽ ഇപ്പോൾ ശൈഖ് അഹ്മദുൽ ഗമാരിയുടെ ഫത്‌വയെ ആയുധമാക്കുന്നുമുണ്ട്. ഇങ്ങനെയൊരു ഫത്‌വ നൽകുമ്പോൾ ശൈഖ് ഗമാരി ചില നിബന്ധനകൾ വെക്കാതെയല്ല. മൂന്ന് ഉപാധികളാണ് അദ്ദേഹം മുന്നോട്ടു വെച്ചത്: ഖത്വീബിന്റെയും റേഡിയോ വഴി അയാളെ തുടരുന്നവന്റെയും നാടുകളിലെ സമയം ഒന്നാവുക എന്നതാണൊന്ന്. അപ്പോൾ അൾജീരിയക്കാരനെ തുടരുന്ന ഈജിപ്തുകാരന്റെ നമസ്കാരം സാധുവാകുകയില്ല. സമയ വ്യത്യാസം തന്നെ കാരണം. തുടർന്ന് നമസ്കരിക്കുന്ന ആളുടെ നാടും വീടും ഖത്വീബിന്റെ നാടിന്റെയും വീടിന്റെയും പിന്നിലായിരിക്കണമെന്നതാണ് രണ്ടാമത്തെ ഉപാധി. അണിയിൽ അയാൾ തനിച്ചാകാനും പാടില്ല. ഗമാരിയെ സാമ്രാജ്യത്വ ഏജന്റായി മുദ്രകുത്തിയ ചില ഈജിപ്ഷ്യൻ പണ്ഡിതന്മാർ മാത്രമേ അദ്ദേഹത്തിന്റെ വാദമുഖങ്ങളെ തിരസ്കരിച്ചിരുന്നുള്ളൂ.

**മാലികീ അടിസ്ഥാനം**

'ടെലിവിഷൻ നമസ്കാരം' അനുവദനീയമാണെന്നതിന് മാലികീ മദ്ഹബിൽ തന്നെ അടിസ്ഥാനമുണ്ടെന്നാണു മൊറോക്കോവിലെ 'മഖാസ്വിദ്' പണ്ഡിതന്മാരിൽ പ്രമുഖനായ ഡോ. അൽഹു



بيت الزكاة كيرلا
ബൈത്തുസ്സകാത്ത് കേരള
BAITHUZZAKATH KERALA

"കഴിഞ്ഞ 20 വർഷമായി സംഘടിത സകാത്ത് മേഖലയിൽ പ്രവർത്തിക്കുന്ന കേരളത്തിലെ ഏറ്റവും വലിയ സകാത്ത് സംരംഭമാണ് ബൈത്തുസകാത്ത് കേരള. ജീവിതത്തിലെ അടിസ്ഥാന ആവശ്യങ്ങൾ പൂർത്തീകരിക്കപ്പെടാത്ത ആയിരക്കണക്കിന് ആളുകളുടെ അപേക്ഷകളാണ് ബൈത്തുസകാത്തിന് മുന്നിലെത്തുന്നത്. സാമ്പത്തിക പ്രതിസന്ധിയും തൊഴിലില്ലായ്മയും രൂക്ഷമായ ഈ വറുതിയുടെ കാലത്ത് സകാത്തിന്റെ ശരിയായ വിനിയോഗത്തിലൂടെ നമുക്ക് വലിയ ദൗത്യം നിർവ്വഹിക്കാനുണ്ട്. ഏറ്റവും അർഹരിലേക്ക് സകാത്ത് എത്തിക്കാൻ നിങ്ങളുടെ സകാത്ത് ബൈത്തുസകാത്ത് കേരളയെ ഏൽപ്പിക്കുമല്ലോ"

എം.ഐ.അബ്ദുൽ അസീസ്
അമീർ, ജമാഅത്തെ ഇസ്‌ലാമി, കേരള

മുൻവർഷങ്ങളിൽ ബൈത്തുസകാത്തിലൂടെ വിതരണം ചെയ്ത സഹായങ്ങൾ

1654 വ്യക്തികൾക്ക് കടബാധ്യത തീർക്കുന്നതിനുള്ള സഹായം
214 കുടിവെള്ള പദ്ധതികൾ
3452 രോഗികൾക്ക് ചികിത്സാ സഹായം
1781 വ്യക്തികൾക്ക് റേഷൻ/പെൻഷൻ
752 വീടുകളുടെ നിർമാണത്തിന് പൂർണസഹായം
2242 വിദ്യാർഥികൾക്ക് സ്കോളർഷിപ്പ്
2731 വീടുകളുടെ നിർമാണ പൂർത്തീകരണത്തിന് സഹായം
1563 വ്യക്തികൾക്ക് തൊഴിൽപദ്ധതികൾ

Account Name: BAITHUZZAKATH KERALA
**Account Number (SB): 13890100118107**
IFSC Code: FDRL0001389, Federal Bank
Branch: S.M. STREET, Kozhikode

Account Name: BAITHUZZAKATH KERALA
**Account Number: 917010070927988**
IFSC Code: UTIB0002916, AXIS BANK
Branch: MAVOOR ROAD, Kozhikode

Account Name: BAITHUZZAKATH KERALA
**Account Number (CA): 13890200007325**
IFSC Code: FDRL0001389, Federal Bank
Branch: S.M. STREET, Kozhikode

For ensuring receipt please send transfer details to MOBILE NO:**9605000752** (whatsapp) Or mail into: **baithuzzakathkerala@gmail.com**

بيت الزكاة كيرلا
ബൈത്തുസ്സകാത്ത് കേരള
BAITHUZZAKATH KERALA

Calicut Charitable Trust Building
Mavoor Road, Kerala, India - 673 004
**Call: 0495 - 2743701, 9846888700**
www.baithuzzkathkerala.org

സൈൻ ആയത്ത് സഈദ് പറയുന്നത്. അദ്ദേഹം പ്രശ്നത്തെ സമീപിക്കുന്നത് വലിയ അളവിൽ ഉദാരമായ വൈജ്ഞാനിക കാഴ്ചപ്പാടിലൂടെയാണ്. ഇതൊരു പുതിയ പ്രശ്നമല്ലെന്നും പണ്ടേക്കും പണ്ടേ മാലികീ ഫുഖഹാക്കൾ കൈകാര്യം ചെയ്തതാണെന്നും അദ്ദേഹം ചൂണ്ടിക്കാണിക്കുന്നു. ശാഫിഈകളിലുമുണ്ട് ഈ വീക്ഷാഗതിക്കാർ. ഫർദും സുന്നത്തും തമ്മിൽ അന്തരം പാലിക്കുന്നുണ്ടെന്ന് മാത്രം. ടി.വി തറാവീഹിന്റെ വിഷയത്തിൽ ഇമാമിന്റെ പിന്നിൽ തന്നെ മഅ്മൂമിന്റെ സാന്നിധ്യവും അണികളുടെ(സ്വഫ്ഫ്) സമ്പർക്കവും നമസ്കാരത്തിന്റെ ഉപാധിയാണോ എന്നതാണ് അടിസ്ഥാന പ്രശ്നമെന്ന് അൽഹുസൈൻ ആയത്ത് പറയുന്നു. ഉപാധിയാണെങ്കിൽ അത് സാധുതയുടെ ഉപാധിയോ സമ്പൂർണതയുടെ ഉപാധിയോ? അത് സമ്പൂർണതയുടെ ഉപാധി മാത്രമാണ് മാലികീ-ശാഫിഈ വീക്ഷണത്തിലെന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം. ഹനഫീ വീക്ഷണത്തിലാണ് അത് സാധുതയുടെ ഉപാധിയാകുന്നത്. സ്വഫ്ഫുകളുടെ സമ്പർക്കം ഉപാധിയല്ലെന്ന് 'അൽമുദവ്വന'യുടെ ഒന്നാം ഭാഗത്തിൽ ഇമാം മാലിക് പറഞ്ഞതാണ് അദ്ദേഹത്തിന്റെ തെളിവ്. ഫർദ് നമസ്കാരത്തിൽതന്നെ മഅ്മൂമിന്റെ സാന്നിധ്യം ഇമാമിന്റെ പിന്നിൽ നിർബന്ധമില്ലെന്നാണ് മാലികിന്റെ വീക്ഷണം. പിന്നെ, സുന്നത്ത് നമസ്കാരത്തിന്റെ കാര്യം പറയണോ? ഒരു ഉപാധിയേ ഇമാം മാലിക് വെക്കുന്നുള്ളൂ; ഇമാമിന്റെ തക്ബീറുകൾ കേൾക്കാൻ മഅ്മൂമിന് സാധിക്കണം. ഇമാമിനെ കാണൽ നിർബന്ധമില്ല. നമസ്കാരത്തിന്റെ സാധുത കേൾവിയെ അവലംബിച്ചാണ് നിൽക്കുന്നത്; കാഴ്ചയെയല്ല. രണ്ടും സാധ്യമായാൽ അത് കൂടുതൽ ഉത്തമമെന്നു മാത്രം. മദീനയിലെ ഉമറുബ്നുൽ ഖത്ത്വാബ് കുടുംബത്തിന്റെ വീട്ടിൽ നടന്ന നമസ്കാരമാണ് പ്രശ്നവിഷയത്തിലെ അടിസ്ഥാനമെന്നതാണ് മാലികിന്റെ കാഴ്ചപ്പാട്.

ഇമാമിന്റെയും മഅ്മൂമിന്റെയും ഇടയിൽ ചെറിയൊരു നദിയുണ്ടെന്നിരിക്കട്ടെ. എങ്കിൽ നമസ്കാരം സാധുവാകുമോ? അതുകൊണ്ട് കുഴപ്പമൊന്നുമില്ലെന്ന മാലികിന്റെ അഭിപ്രായം അല്ലാമാ അൽഹുസൈൻ ഇവിടെ എടുത്തോതുന്നു. ശബ്ദ ശ്രവണത്തിന് തടസ്സമാകില്ല എന്നതാണ് ചെറിയ നദിയെന്ന് പറയാൻ കാരണം. വലിയ നദിയാണെങ്കിൽ നീരൊഴുക്കിന്റെ ശബ്ദം ഇമാമിന്റെ ശബ്ദത്തിന് തടസ്സമായേക്കും. ഇതൊക്കെ ആധാരമാക്കി മസ്ജിദുകളൊക്കെ തൽക്കാലം അടച്ചിടപ്പെട്ട കോവിഡ് പശ്ചാത്തലത്തിൽ നവസാങ്കേതിക മാധ്യമം വഴിയുള്ള സംഘം ചേർന്ന തറാവീഹ് നമസ്കാരം സാധുവാകുമെന്നാണ് അൽഹുസൈനിയുടെ വാദം. ഇതൊരു പുത്തൻ ഇജ്തിഹാദല്ലെന്നും മദ്ഹബിന്റെ അടിസ്ഥാനമുള്ള കാഴ്ചപ്പാട് തന്നെയാണെന്നും അദ്ദേഹം ചൂണ്ടിക്കാണിക്കുകയും ചെയ്യുന്നു. ലോകപണ്ഡിത സഭയുടെ അധ്യക്ഷൻ ശൈഖ് റയ്സൂനിയും മിക്നാസിലെ ഹറകത്തുത്തൗഹീദ് വൽ ഇസ്‌ലാഹ് ശാഖ 'റമദാനും അടിയന്തര സാഹചര്യവും' എന്ന വിഷയത്തിൽ സംഘടിപ്പിച്ച ഒരു നവ മാധ്യമ കൂടിക്കാഴ്ചയിൽ ഇതേ കാഴ്ചപ്പാട് തന്നെയാണ് പങ്കുവെച്ചത്. സുന്നത്ത് അനുഷ്ഠാനങ്ങളിൽ ധാരാളം ലഘൂകരണങ്ങൾക്ക് സാധ്യതയുള്ളതിനാൽ ക്വാറന്റൈൻ സാഹചര്യത്തിൽ തറാവീഹിൽ ഇളവ് നൽകാമെന്നാണ് അദ്ദേഹവും പറയുന്നത്.



● മുഹമ്മദ് അർറൂകി

**മറുവശം**

എന്നാൽ മറ്റൊരു മൊറോക്കൻ പണ്ഡിതനായ മുഹമ്മദ് അർറൂകിക്ക് ഇതൊന്നും സമ്മതമല്ല. സങ്കൽപ (വെർചൽ) ഇമാമല്ലാതെ യഥാർഥ ഇമാം ഇല്ലെന്ന കാരണത്താൽ ഇമ്മട്ടിലുള്ള തറാവീഹ് സാധുവാകില്ലെന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം. ഇബാദത്തുകളുടെ കാര്യത്തിൽ ഇത്തരമൊരു വിശാലതക്ക് സ്ഥാനമില്ലെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടുന്നു. ഇബാദത്തുകളിൽ ഇജ്തിഹാദ് നടത്തുന്നത് അവയുടെ പ്രകൃതത്തിനും ഉദ്ദിഷ്ട ലക്ഷ്യങ്ങൾക്കും നിരക്കുന്നതല്ല. അതിൽ ഫർദ്-സുന്നത്ത് വകഭേദങ്ങൾ പരിഗണനീയമല്ല. ഭാവിയിൽ ഇതൊരു ശൈഥില്യത്തിന് കാരണമായേക്കുമെന്നാണ് ശൈഖ് മുസ്ത്വഫ ബിൻ ഹംസയുടെ ഭയം. കാരണം, ഇപ്പോൾ സംഘടനാ പക്ഷപാതമില്ലാതെയാണ് ജനങ്ങൾ മൊറോക്കോ പള്ളികളിൽ അതത് ഇമാമുകളെ പിന്തുടരുന്നത്. ഇത് ടി.വിയിലേക്ക് ചുരുങ്ങിയാൽ അതൊരു ശീലമായി പരിണമിക്കുകയും തങ്ങളുടെ സംഘടനാ നേതാവിനെ ഇമാമാക്കി വീട്ടിൽ നമസ്കരിക്കുന്നത് പതിവായി മാറുകയും ചെയ്തേക്കാമെന്ന് അദ്ദേഹം ആശങ്കിക്കുന്നു.

**ഹജ്ജോ?**

ഇനി മറ്റൊരു കോണിലൂടെ വിഷയത്തെ സമീപിച്ചു നോക്കാം. സാധാരണ പള്ളികൾ മാത്രമല്ല, ഹറം പോലും അടച്ചിട്ട ഒരു അസാധാരണ സാഹചര്യത്തിലാണ് റമദാൻ സമാഗതമാകുന്നത്. കോവിഡ് കാലം നീണ്ടാൽ അത് ഹജ്ജിനെ കൂടി ബാധിക്കുമോ എന്ന ആശങ്കയുമുണ്ട്. അപ്പോൾ അതിനും ഒരു ബദൽ വഴി തേടേണ്ടി വരുമോ? അതൊരാവശ്യമാണോ? അബ്ദുൽ ഖാദിർ സൂഫിയുടെ 'ജിഹാദ്- എ ഗ്രൗണ്ട് പ്ലാൻ' എന്നൊരു ലഘുകൃതി വായിച്ചതോർക്കുന്നു (പൂർവാശ്രമത്തിൽ ഒരു സായ്പാണ് ഈ സൂഫി. ആള് സൂഫിയാണെങ്കിലും സുഊദി ഭരണകൂടത്തിനെതിരെ ജിഹാദീ രോഷാഗ്നി തുപ്പുന്നതാണ് അടിയാന്റെ ഉദീരണങ്ങൾ. സിയാഉദ്ദീൻ സർദാറിന്റെ 'നിരാശാ സ്വർഗ'ത്തിൽ ഈ കഥാപാത്രമുണ്ട്). പരാമൃഷ്ട പുസ്തകത്തിൽ പഴയ സോവിയറ്റ് യൂനിയനിലെ നഖ്ശബന്ദി സൂഫികൾ ഹജ്ജിന്റെ ബദൽമാർഗം കണ്ടെത്തിയതിനെ കുറിച്ച് സൂഫി പറയുന്നുണ്ട്. സോവിയറ്റ് അധികൃതർ ഹജ്ജിന് ഏർപ്പെടുത്തിയ നിയന്ത്രണം അവർ മറികടന്നിരുന്നത് തങ്ങളുടെ ശൈഖുമാരുടെ ദർഗകളെ കഅ്ബയായി സങ്കൽപിച്ച് ത്വവാഫ് ചെയ്തുകൊണ്ടാണത്രെ. ഇത് മുൻ സോവിയറ്റ് യൂനിയനിലെ മധ്യേഷ്യൻ നാടുകളിലെ കഥ. യു.എസിലെ ഇജ്തിഹാദ് പോയത് ജുമുഅയുടെ വിഷയത്തിലായിരുന്നു. ഒഴിവുദിനം അവിടെ ഞായറാഴ്ചയാണല്ലോ. അപ്പോൾ വെള്ളിയാഴ്ചക്ക് പകരം ജു

മുഅ ഞായറാഴ്ച നടത്തിയാൽ അതായിരിക്കില്ലേ സൗകര്യം? ഇതായിരുന്നു ഒരു കാലത്ത് അവിടെയുള്ള ചിലരുടെ ആലോചന.

**ശീലമോ ഇബാദത്തോ?**

മസ്ജിദുകൾ ഏറെ സജീവമാകുന്ന മാസമാണ് റമദാൻ. സാധാരണ നമസ്കരിക്കാത്തവർ പോലും മസ്ജിദിൽ വരും. ഖുർആൻ പാരായണം, തറാവീഹ്, ദാനധർമങ്ങൾ, ജനസേവന പ്രവർത്തനങ്ങൾ, ഇഫ്ത്വാർ സംഗമങ്ങൾ- ഇങ്ങനെ ആത്മീയമായൊരു അന്തരീക്ഷം താനെ വിടർന്നു വരുന്ന പകലുകളാണ് റമദാൻ മാസം. മസ്ജിദിൽ സംഘം ചേർന്നുള്ള തറാവീഹ് നമസ്കാരത്തിന്റെ അഭാവം വിശ്വാസിയുടെ ഹൃദയത്തെ നൊമ്പരപ്പെടുത്തുക സ്വാഭാവികമാണ്. എത്രയോ കാലമായി തുടർന്നു വരുന്ന ശീലങ്ങളും ആചാരങ്ങളും കൂടിയാണവ. അത് വിശ്വാസിയുടെ ബോധമണ്ഡലത്തിൽ അവിഭാജ്യമായി മാറിയ ഘടകമാണ്. പൊടുന്നനെ അതിൽനിന്നുള്ള വിഛിന്നത വിശ്വാസിയുടെ മനസ്സിനെ അഗാധമായി നോവിക്കുമെന്നതിൽ സംശയമില്ല. മസ്ജിദ് വിശ്വാസിയുടെ ആത്മാവിനെ സംബന്ധിച്ചേടത്തോളം മത്സ്യത്തിന് ജലം പോലെയാണ്. ജലത്തിൽനിന്ന് പുറത്തെടുത്തിട്ടാൽ പിന്നെ മത്സ്യത്തിന് ജീവനുമില്ല, ജീവിതവുമില്ല. എന്നാൽ വിശ്വാസിയുടെ സ്ഥിതി പൂർണമായും അങ്ങനെത്തന്നെയാണോ? വ്യത്യാസമില്ലേ? അവന് മസ്ജിദ് അടച്ചിട്ടാലും ഭൂമി മുഴുവൻ മസ്ജിദാണ്. അതുകൊണ്ടാണ് നിയമത്തെ വ്യഭിചരിച്ച് ബാബരി മസ്ജിദ് ഇല്ലാതാക്കിയിട്ടും മുസ്‌ലിംകൾ തോൽക്കാത്തത്.

തറാവീഹ് സംഘ നമസ്കാരം മുസ്‌ലിംകളെ സംബന്ധിച്ചേടത്തോളം ഒരു ഉപാസന ക്രിയ മാത്രമല്ല, റമദാന്റെ സംഘബോധത്തിന്റെയും സാമൂഹികാന്തരീക്ഷത്തിന്റെയും പ്രകടിത രൂപം കൂടിയാണ്. അതിന്റെ അഭാവം മ്ലാനത സൃഷ്ടിക്കുന്നത് മനസ്സിലാക്കാവുന്നതേയുള്ളൂ. എന്നാൽ ഇബാദത്തിൽ ഉള്ളടങ്ങിയിട്ടുള്ള ആത്മീയ ഭാവത്തെ കോവിഡ് തീർത്തും ചോർത്തിക്കളഞ്ഞിട്ടുണ്ടോ? ഇവിടെ മറ്റൊരു ചോദ്യവും കൂടി ഉത്ഭവിക്കുന്നുണ്ട്. റമദാനും തറാവീഹും ഇബാദത്ത് എന്നതിനേക്കാൾ ഉപരി, നൈരന്തര്യത്തിൽ, കേവലം ആചാരവും ആഘോഷവുമായി മാറിയിട്ടില്ലേ? ശീലത്തിന്റെ ഭാഗമായിട്ടുള്ള ആചാരമായിട്ടാണോ അതല്ല, അല്ലാഹുവിനുള്ള ഇബാദത്തായിട്ടാണോ നിങ്ങൾ രാത്രി നമസ്കാരവും നിർവഹിക്കുന്നത് എന്ന ചോദ്യവുമായിട്ടാണ് കൊറോണാ വൈറസ് അവതരിക്കുന്നത്. വിഷയത്തിന് കുറേ കൂടി തെളിച്ചം കിട്ടാൻ ഒരു ചരിത്ര സംഭവം ഓർക്കുന്നത് സഹായകമാകും. പ്രവാചകനോളം സ്വഹാബിമാർ സ്നേഹിച്ച ഒരസ്തിത്വം വേറെയില്ലെന്നത് നിസ്തർക്കം. തിരുസാന്നിധ്യം അവർക്ക് ആവേശത്തിന്റെയും ഊർജത്തിന്റെയും സ്രോതസ്സായിരുന്നു. അതിനാൽ തിരുദേഹം ഇഹലോകവാസം വെടിഞ്ഞപ്പോൾ ഇതികർത്തവ്യഥാമൂഢരായി, അത് വിശ്വസിക്കാൻ കഴിയാതെ അവർ സ്തംഭിച്ചുപോയി. അബൂബക്റിന്റെ പ്രസിദ്ധമായ ആ വാക്കാണ് അവരെ വീണ്ടും ചലനാത്മകമാക്കിയത്: 'ആരെങ്കിലും മുഹമ്മദിനെയാണ് ഇബാദത്ത് ചെയ്തിരുന്നെങ്കിൽ ആ മുഹമ്മദ് മരിച്ചിരിക്കുന്നു; അല്ലാഹുവിനെയാണ് ഇബാദത്ത് ചെയ്തിരുന്നതെങ്കിൽ ആ അല്ലാഹുവിന് മരണമില്ല.' അബൂബക്റിന്റെ ആ വാക്കുകളിൽ വലിയൊരു പാഠമുണ്ട്. ചിരപരിചിത രൂപങ്ങളിലുള്ള ഭ്രമമല്ല അല്ലാഹു വിശ്വാസികളിൽനിന്ന് തേടുന്നത്. ശീലങ്ങൾ സൃഷ്ടിക്കുന്ന കേവലാചാരങ്ങളുമല്ല. അവന് മാത്രം സംവരണം ചെയ്യപ്പെടുന്ന ഇബാദത്താണ്. പള്ളിയിലെ ചിരപരിചിതമായ ആചാരമാണോ അതല്ല അല്ലാഹുവിനുള്ള ഇബാദത്താണോ നിങ്ങളുടെ താൽപര്യം എന്നാണ് കോവിഡ് നമ്മോട് ചോദിക്കുന്നത്. അല്ലാഹുവിനുള്ള ഇബാദത്താണെങ്കിൽ അത് സ്ഥലബന്ധിതമല്ല. പള്ളിയിലായാലും വീട്ടിലായാലും അതിന്റെ പുണ്യം ലഭിക്കും. അതിന് കൃത്രിമവും യാന്ത്രികവുമായ ഒരു മസ്ജിദ് സൃഷ്ടിക്കേണ്ട ആവശ്യമില്ല.


● ഡോ. അൽഹുസൈൻ ആയത്ത് സഊദ്


● ശൈഖ് അഹ്മദുബ്നു അസ്സിദ്ദീഖ്

ഉപര്യുക്ത മർമത്തിൽ ഊന്നി വിഷയത്തെ സമീപിച്ചാൽ പുതിയ 'ഇജ്തിഹാദി'ന്റെ ആവശ്യം വരില്ല. അസാധാരണ പരിതഃസ്ഥിതിയിൽ മസ്ജിദിലെ ജമാഅത്തിനു തന്നെ ശരീഅത്തിൽ ഇളവുണ്ടെങ്കിൽ അത് സ്വീകരിച്ചാൽ മതിയല്ലോ. അത് 'ചാനൽ ജമാഅത്ത്' ആക്കേണ്ട ആവശ്യമെന്ത്? അതനുവദനീയമാണെന്നു പറയുന്ന റയ്സൂനി തന്നെ, ഖുർആൻ നോക്കി ഓതിയിട്ടാണെങ്കിലും വീട്ടിൽ നമസ്കരിക്കുന്നതാണ് അപ്പോഴും ഉത്തമമെന്ന് പറഞ്ഞിട്ടുമുണ്ട്.

മസ്ജിദിൽ ജമാഅത്തായി നമസ്കരിച്ച പോലെ തന്നെ വീട്ടിൽ തനിച്ചും പ്രവാചകൻ തറാവീഹ് നമസ്കരിച്ചിട്ടുള്ളതും ശ്രദ്ധേയമാണ്. സാധാരണ പരിതഃസ്ഥിതിയിൽ തന്നെ രണ്ട് മാതൃകയും സുന്നത്തിൽ പെട്ടതാണെന്നർഥം. 'ചാനൽ ഇമാമി'ന്റെ അഭാവത്തിലും സുന്നത്ത് നഷ്ടപ്പെടുന്നില്ലെന്നു ചുരുക്കം.

ജുമുഅയുടെ വിഷയമാണെങ്കിൽ ആ വാക്ക് ധ്വനിപ്പിക്കുന്ന പോലെ ഒരു സമ്മേളനത്തിന്റെ സ്വഭാവമുണ്ടാകുമ്പോൾ മാത്രമാണ് അത് നിർബന്ധമാകുന്നത്. മദീനയിൽ അത് നിർബന്ധമായത് ഒരു മുസ്‌ലിം കമ്യൂണിറ്റി അവിടെ നിലവിൽ വന്നപ്പോഴാണ്. ആ സമൂഹത്തിന്റെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യാനാണ് പ്രഭാഷണം അതിന്റെ ഘടകമാകുന്നത്. നാൽപതാളുകളെങ്കിലും ഒത്തുചേരുമ്പോൾ മാത്രമേ അതിന് സാധുതയുള്ളൂ എന്ന് ശാഫിഈ മദ്ഹബ് നിശ്ചയിക്കാൻ അതാണ് കാരണം. ഒരു സദസ്സെന്ന് പറയണമെങ്കിൽ അത്രയെങ്കിലും ആളുകൾ

സംഗമിക്കണം. മരുഭൂമിയിൽ ഒറ്റപ്പെട്ട തമ്പുകളിൽ ജീവിക്കുന്ന ചെറിയ കുടുംബങ്ങൾക്ക് ജുമുഅ നിർബന്ധമില്ലെന്നു വെച്ചത് അതുകൊണ്ടാണ്. പ്രശ്നങ്ങൾ അവർക്ക് തന്നെ ചർച്ച ചെയ്ത് തീരുമാനിക്കാവുന്നതേയുള്ളൂ. വ്യത്യസ്തമാണ് ജനനിബിഡ നഗരങ്ങളും പ്രദേശങ്ങളും. ജുമുഅ എല്ലാവർക്കും ഒത്തുകൂടാൻ അവസരം നൽകും. 'ടി.വി ഇമാമി'ന്റെ ഖുത്വ്ബ കേട്ട് വീട്ടിനകത്തെ കുടുംബാംഗങ്ങൾ ജുമുഅ നമസ്കരിച്ചാൽ അതിൽ ജുമുഅയുടെ 'റൂഹ്' ഉണ്ടാവുകയില്ല, അത് ശീലം കൊണ്ടുള്ള ഒരു ചടങ്ങേ ആകൂ (അഞ്ചാളുകൾ കൂടിയിടത്തേക്ക് ക്ഷണിച്ചാൽ ഇന്ന് ഏതെങ്കിലും പ്രസംഗകൻ പോകുമോ? ജുമുഅക്ക് അത് ബാധകമാക്കുന്നില്ലെങ്കിൽ ജുമുഅയെ കാണുന്നത് ഒരു ചടങ്ങായിട്ടാണെന്ന് വ്യക്തമല്ലേ?).

**ആരുടെ അടിമയാണ് നിങ്ങൾ?**

നിങ്ങൾ ആരുടെ 'അബ്ദ്' (ദാസൻ) ആണ് എന്നതാണ് പ്രശ്നത്തിന്റെ മർമം. ശീലത്തിന്റെയും ചടങ്ങിന്റെയും അടിമയോ, അതല്ല അല്ലാഹുവിന്റെ അടിമയോ? സദാ അല്ലാഹുവിന്റെ അടിമയാവുക എന്നതാണ് അബൂബക്റിന്റെ ഉദ്ബോധനത്തിന്റെ അന്തസ്സത്ത. അബൂബക്ര് ഇസ്‌ലാമിൽനിന്ന് ഉൾക്കൊണ്ട 'കൾച്ചർ' ആണ് ആ ശബ്ദത്തിൽ മുഴങ്ങിയത്. നമ്മൾ 'തർബിയത്ത്' എന്നു പറയുന്നതു തന്നെയാണ് ഈ കൾച്ചർ; ഇബാദത്തുകളുടെ റൂഹ്.

ഇസ്‌ലാമിലെ ഒരു ഇബാദത്തും അതായിട്ടും അതിനായിട്ടും മാത്രമുള്ളതല്ല. ദൈവാനുസരണയിലൂടെയുള്ള 'തർബിയത്താ'ണ് അവയുടെ ലക്ഷ്യം. പൂർവ പണ്ഡിതന്മാർ 'അസ്റാർ' എന്നു പറയുന്നത് ഇതിനെപ്പറ്റിയാണ്. ഇമാം ഗസ്സാലിയുടെ 'ഇഹ്‌യാഉ'ൽ അത് നിങ്ങൾക്ക് വായിക്കാം. സയ്യിദ് മൗദൂദി 'ഖുതുബാത്തി'ലും അലി ശരീഅത്തി 'ഹജ്ജി'ലും ആധുനിക ഭാഷയിൽ വ്യവഹരിക്കുന്നതും ഇതു തന്നെ. റമദാനിൽ നാം നോമ്പനുഷ്ഠിക്കുന്നത് അല്ലാഹുവിന്റെ ആജ്ഞ അനുസരിക്കുന്നതായതിനാലാണ് അത് ഇബാദത്ത് ആകുന്നത്; ഭക്ഷ്യപേയങ്ങൾ ഉപേക്ഷിക്കുന്നതു കൊണ്ടല്ല. ഭക്ഷ്യപേയങ്ങൾ ഉപേക്ഷിക്കുന്നത് പുണ്യമാണെങ്കിൽ പെരുന്നാളിനത് ഉപേക്ഷിച്ചാലും പുണ്യമാവേണ്ടതാണല്ലോ. പക്ഷേ, പെരുന്നാളിനത് പാപവും കുറ്റവുമാണ്. എന്തുകൊണ്ട്? അപ്പോൾ നിങ്ങളുടെ ഇബാദത്ത് നിങ്ങളുടെ 'ഹവ'(ദേഹേഛ)ക്കാണ്, അല്ലാഹുവിനല്ല. അതാണ് കാരണം. ശീലിച്ചതേ പാലിക്കൂ എന്നത് മനുഷ്യമനസ്സിൽ ഊട്ടപ്പെട്ട ഒരു പ്രകൃതമാണ്. നിരന്തരമായ ഒരു കർമത്തിൽ നിരതനായാൽ അതിൽനിന്ന് വിട്ടുനിൽക്കാൻ മനുഷ്യൻ മടിക്കും. പൊതുവെ യുദ്ധത്തോട് നീരസമാണ് മനുഷ്യമനസ്സിന്. എന്നാൽ നിരന്തരം യുദ്ധത്തിൽ വ്യാപൃതനായി അതൊരു ശീലമായി മാറിയവന് യുദ്ധം ചെയ്തില്ലെങ്കിൽ കൈ തരിക്കും. അപ്പോൾ യുദ്ധം ചെയ്യാതിരിക്കാൻ മനസ്സിനോടായിരിക്കണം അവന്റെ ജിഹാദ്. സത്യവും നീതിയും സ്ഥാപിക്കാനല്ലെങ്കിൽ യുദ്ധം അനിവാര്യമല്ല. നിങ്ങൾ യുദ്ധത്തിന് ഇറങ്ങിപ്പുറപ്പെട്ടാൽ ശത്രുവിനെ കണ്ടുമുട്ടാൻ ആഗ്രഹിക്കരുതെന്ന് നബി (സ) പറഞ്ഞിട്ടുണ്ട്. ജമാഅത്തായി നമസ്കരിക്കാനുള്ള വിശ്വാസിയുടെ ത്വര ദൈവസാമീപ്യം നേടാൻ ഉദ്ദേശിച്ചു കൊണ്ടുള്ളതായിരിക്കണം; അതൊരു ശീലമായതുകൊണ്ടായിരിക്കരുത്. സംഘരൂപത്തിലുള്ള ഭ്രമമാണെങ്കിൽ അതിൽ ദൈവസാമീപ്യത്തിന്റെ ചൈതന്യമുണ്ടായിരിക്കില്ല. ജമാഅത്തിന്റെ സ്വാഭാവിക രൂപമുണ്ടാകുമ്പോൾ അതിനെ പുൽകാൻ വെമ്പുക. എന്നാൽ ജമാഅത്തിൽ പങ്കെടുക്കുന്നതിന് ശറഇൽ തന്നെ റുഖ്സ (ഇളവ്) ഉണ്ടെങ്കിൽ പിന്നെ ജമാഅത്തിൽ പങ്കെടുക്കുന്നതിലല്ല, ഇളവ് സ്വീകരിക്കുന്നതിലാണ് പുണ്യം. അപകടകരമാണെന്ന ഭിഷഗ്വരന്മാരുടെ ഉപദേശം തള്ളി മസ്ജിദിൽ ജമാഅത്തിൽ പങ്കെടുക്കാൻ പോകുന്നവർ പിന്തുടരുന്നത് അല്ലാഹുവിന്റെ ദീനിനെയല്ല, സ്വന്തം ദേഹേഛയെയാണ്. തലക്ക് മുറിവേറ്റ ജനാബത്തുകാരനോട് കുളിക്കാതെ നമസ്കാരം സാധുവാകില്ല എന്നു പറഞ്ഞ്, അയാളുടെ മരണത്തിനിടയാക്കിയവരോട് 'അഹ്‌ലുദ്ദിക്റി'നോട് നിങ്ങൾക്ക് ചോദിക്കാമായിരുന്നില്ലേ എന്ന് നബി ക്ഷുഭിതനാവുകയുണ്ടായല്ലോ. ഇവിടെ ആ 'അഹ്‌ലുദ്ദിക്ർ' ഭിഷഗ്വരന്മാരാണ്.



● ശൈഖ് മുസ്ത്വഫ ബിൻ ഹംസ

**ഹിറായും അറഫയും**

വ്യക്തി ആന്തരീകരിക്കുന്നതിന് ഒപ്പം ഇസ്‌ലാമിലെ ഉപാസനകൾക്ക് സാമൂഹിക മാനവുമുണ്ട്. അത് ഒരേസമയം ഹിറാഗുഹയിലെ ധ്യാനവും അറഫയിലെ ജനസംഗമവുമാണ്. അതിന്റെ സന്തുലിതത്വമാണ് ഇബാദത്തിന്റെ സൗന്ദര്യം.

അശൈഖുൽ അക്ബർ ഇബ്നു അറബിയുടെ വഹ്ദത്തുൽ വുജൂദ് (അദ്വൈതം) വ്യാഖ്യാനിക്കുന്ന മുജദ്ദിദെ അൽഫെസാനി അഹ്മദ് സർഹിന്ദി പോലും അദ്വൈതത്തിന്റെ ഫനാ(നിർവാണാവസ്ഥ)യിലെത്തിയാൽ അവിടെത്തന്നെ തങ്ങരുതെന്നും അവിടെനിന്ന് താഴോട്ടിറങ്ങണമെന്നും പറഞ്ഞത് അതുകൊണ്ടാണ്. വഹ്ദത്തുൽ വുജൂദിനെ വഹ്ദത്തുശ്ശുഹൂദായി മാറ്റിപ്പണിത അദ്ദേഹത്തിന് അതുകൊണ്ടാണ് അക്ബറിന്റെ 'ദീനെ ഇലാഹി' ക്കെതിരെ ജിഹാദ് ചെയ്യാനും രണ്ടാം സഹസ്രാബ്ദത്തിലെ നവോത്ഥാന നായകനാകാനും കഴിഞ്ഞത്.

ആന്തര യുക്തികൾ (അസ്റാർ) ഉൾക്കൊള്ളാത്ത ഇബാദത്തുകൾ പൊള്ളയും നിഷ്ഫലവുമായിരിക്കും. അത് സുലൈമാൻ മുസ്‌ലിയാരുടെ അടികൊണ്ട മുതലാളിമാരുടെ നമസ്കാരം പോലിരിക്കും. പണ്ട് നടന്ന കഥയാണ്. കോഴിക്കോട്ടെ മൊയ്തീൻ പള്ളിയിലെ 'ഹൗദി'ൽ അന്ന് വെള്ളം നിറച്ചിരുന്നത് കിണറ്റിൽനിന്ന് ഏത്തം ഉപയോഗിച്ച് വെള്ളം തേവിയിട്ടായിരുന്നു. ഒരിക്കൽ ചില മുതലാളിമാർ സുജൂദിലായിരിക്കെ മുസ്‌ലിയാർ അവരുടെ ചന്തിക്കിട്ടു ചൂരൽ പ്രഹരം നടത്തി. വേദന കൊണ്ട് തിരിഞ്ഞുനോക്കിയ അവരോട് ഏത്തത്തിലേക്ക് വടി ചൂണ്ടി മുസ്‌ലിയാർ പറഞ്ഞു: 'കുമ്പിട്ടും നീർന്നിട്ടും നന്നാവുകയാണെങ്കിൽ ഈ ഏത്തം നന്നാവേണ്ടതാണ്.' പലിശക്ക് കടംകൊടുക്കുന്നവരായിരുന്നു ആ മുതലാളിമാർ. ●

# നമുക്കൊപ്പം നിൽക്കാം, വേദനിക്കുന്നവന്റെ മുറിപ്പാടിൽ മൃദുസ്പർശം തീർക്കാൻ..

നമ്മുടെ സാമൂഹ്യജീവിതമൊന്നടങ്കം നിശ്ചലമായ സമയമാണിത്. എങ്കിലും ദുരിതക്കയത്തിൽ നിന്ന് നാം കൈപ്പിടിച്ചുയർത്തിയ നിരാലംഭരായ നൂറുക്കണക്കിന് രോഗികളെ പെരുവഴിയിലേക്ക് തന്നെ തള്ളി വിടാൻ നമുക്കാവില്ലല്ലോ ! നമ്മുടെ തലോടലിലൂടെ നഷ്ടപ്പെട്ടുപോയ ജീവിതം വീണ്ടെടുത്തവരാണവർ. ഈ പ്രതിസന്ധിയിലും അവരെ ചേർത്ത് പിടിച്ചേ മതിയാകൂ.. മലപ്പുറം ജില്ലയിലെ മൊറയൂർ പഞ്ചായത്തിലെ പ്രസ്ഥാന പ്രവർത്തകരുടെ നേതൃത്വത്തിൽ നടന്ന് വരുന്ന ഈ സേവനസംരംഭത്തെ സഹായിക്കുമല്ലോ...

## യൂനിറ്റി പാലിയേറ്റീവ് നൽകുന്ന സേവനങ്ങൾ

ഹോം കെയർ യൂനിറ്റുകൾ | അഭയ മാനസികാരോഗ്യ ക്ലിനിക് | സൈക്യാട്രി ഡെ കെയർ | റിഹാബിലിറ്റേഷൻ സെന്റർ | ആശ്വാസ് ഫാർമസി | സൗജന്യ മെഡിക്കൽ ഉപകരണങ്ങൾ | സൗജന്യ റേഷൻ | സൗജന്യ മരുന്ന്, വസ്ത്രം, പഠനോപകരണ വിതരണം | മാസാന്ത പെൻഷൻ | ഇഫ്താർ കിറ്റ് | ഫെസ്റ്റിവെൽ കിറ്റ് വിതരണം (ഈദ്, ഓണം, വിഷു) | ആംബുലൻസ് സർവ്വീസ് | പ്രീ മാരിറ്റൽ കൗൺസിലിംഗ് സെന്റർ | വളണ്ടിയർ വിദ്യാർത്ഥി (SIP) ട്രൈനിംഗ് പ്രോഗ്രാമുകൾ | സൗജന്യ ഫസ്റ്റ് എയ്ഡ് കിറ്റ് വിതരണം.

MIRACLE DESIGN/ 9961735208

## പുതിയ പദ്ധതികൾ

ഫിസിയോ തെറാപി സെന്റർ | മാനസിക രോഗം ഭേദമായവർക്ക് തൊഴിൽ പരിശീലന കേന്ദ്രം | പാരാപ്ലീജിയ രോഗികളുടെ ട്രൈനിംഗ് റിഹാബിലിറ്റേഷൻ സെന്റർ | ഹോമിയോപതി ക്ലിനിക് | വൃദ്ധ ജനങ്ങളുടെ ആശ്വാസ, ഉല്ലാസ, ചികിത്സാ കേന്ദ്രം | ആശ്വാസ് സായാഹ്ന ക്ലിനിക്.

**സകാത്തിന്റെയും സ്വദഖയുടെയും വിഹിതത്തിൽ ഉൾപ്പെടുത്തുമല്ലോ**

UNITY PALLIATIVE CARE
Reg. 208/2010
unity PALLIATIVE CARE

യൂനിറ്റി പാലിയേറ്റീവ് കെയറിലേക്ക് സംഭാവന നൽകുന്നവർക്ക് ഇൻകം ടാക്സ് ഇളവ് ലഭിക്കുന്നതാണ്.

ACCOUNT DETAILS

UNITY PALLIATIVE CARE SOCIETY (208/2010)
A/c No: 1695101015426 IFSC: CNRB0001695
CANARA BANK, VALLUVAMBRAM BRANCH
12A Approval No: AABAU1362/09/17-18/S-0461
80G Approval No: AABAU1362K/09/18-19/S-0160/80G

Morayur, Near Town Juma Masjid,
Morayur P.O Malappuram Dt. Pin 673642 | 04832771700,9495486151,8111942477

ടി.കെ ഉബൈദ്

ഖുർആൻ ബോധനം

1064

# സൂറ – 34 / സബഅ്

**സൂക്തം: 38 – 41**

സമ്പദ് സമൃദ്ധിയും ദാരിദ്ര്യവും അല്ലാഹുവിന്റെ വിധിപ്രകാരം സംഭവിക്കുന്നതാണ്. അല്ലാഹു ചിലർക്ക് സമൃദ്ധമായി സമ്പത്ത് നൽകുന്നത് അതിൽ അഹങ്കരിക്കാനോ, അമിതമായ സുഖഭോഗങ്ങൾക്കു ഉപയോഗിക്കാനോ, ന്യായമായ രീതിയിൽ വിതരണം ചെയ്യാതെ ലുബ്ധരായി കുന്നുകൂട്ടി വെക്കാനോ അല്ല. സമ്പത്തിന് അതിന്റേതായ ധർമമുണ്ട്. ജീവിതത്തിന്റെ ന്യായമായ സുഖസൗകര്യങ്ങൾക്കുവേണ്ടി ചെലവഴിക്കുകയും കൂടുതൽ വിഭവങ്ങൾ ഉൽപാദിപ്പിച്ചുകൊണ്ടിരിക്കുകയും ചെയ്യുക എന്നതാണത്.

وَٱلَّذِينَ يَسۡعَوۡنَ فِيٓ ءَايَٰتِنَا مُعَٰجِزِينَ أُوْلَٰٓئِكَ فِي ٱلۡعَذَابِ مُحۡضَرُونَ ٣٨

38. നമ്മുടെ ധർമസൂക്തങ്ങളെ പരാജയപ്പെടുത്താൻ പ്രയത്നിക്കുന്നവരോ, അവർ ശിക്ഷയിൽ ഹാജരാക്കപ്പെടുന്നവർ തന്നെയാകുന്നു.

**38**

وَالَّذِينَ يَسْعَوْنَ = പ്രയത്നിക്കുന്നവർ (വരോ) فِي آيَاتِنَا = നമ്മുടെ (ധർമ) സൂക്തങ്ങളിൽ(ങ്ങളെ)
مُعَاجِزِينَ = പരാജയപ്പെടുത്തു(ത്താൻ)ന്നവരായിട്ട് أُولَئِكَ = അക്കൂട്ടർ
فِي الْعَذَابِ = ശിക്ഷയിൽ مُحْضَرُونَ = ഹാജരാക്കപ്പെടുന്നവർ (തന്നെ) യാകുന്നു

സമ്പദ് സമൃദ്ധിയും സന്താന സൗഭാഗ്യവും ദൈവിക സൂക്തങ്ങൾ തള്ളിക്കളയാനും തങ്ങളൊരിക്കലും ശിക്ഷിക്കപ്പെടാൻ പോകുന്നില്ലെന്ന് വാദിക്കാനുമുള്ള ന്യായമായി ഉന്നയിക്കുന്നവരെ താക്കീത് ചെയ്യുകയാണ്; ദൈവിക സൂക്തങ്ങളെ തള്ളിക്കളയാനും പ്രവാചകനെ തോൽപിക്കാനും പരിശ്രമിക്കുന്നവർ ധനികരാവട്ടെ, ദരിദ്രരാവട്ടെ ആരായാലും ഉയിർത്തെഴുന്നേൽപുനാളിൽ ശിക്ഷാകേന്ദ്രത്തിൽ ഹാജരാക്കപ്പെടുക തന്നെ ചെയ്യും. مُحْضَرُونَ എന്ന പ്രയോഗം നിർദാക്ഷിണ്യം പിടികൂടി നിന്ദ്യരും നിസ്സഹായരുമായി കൊണ്ടുവരപ്പെടുന്നതിനെ ചിത്രീകരിക്കുന്നതാണ്. مُعَاجِزِين -ന്റെ ആശയം 22: 51 സൂക്തത്തിനു താഴെ വ്യക്തമാക്കിയിരിക്കുന്നു.

قُلْ إِنَّ رَبِّى يَبْسُطُ ٱلرِّزْقَ لِمَن يَشَآءُ مِنْ عِبَادِهِۦ وَيَقْدِرُ لَهُۥ ۚ وَمَآ أَنفَقْتُم مِّن شَىْءٍ فَهُوَ يُخْلِفُهُۥ ۖ وَهُوَ خَيْرُ ٱلرَّٰزِقِينَ ﴿٣٩﴾

39. പ്രവാചകൻ ഈ ജനത്തെ ഉപദേശിക്കുക: എന്റെ നാഥൻ അവനുദ്ദേശിക്കുന്ന ദാസന്മാർക്ക് വിഭവങ്ങൾ വിപുലീകരിച്ചും പരിമിതപ്പെടുത്തിയും കൊടുത്തുകൊണ്ടിരിക്കുന്നു. നിങ്ങൾ നന്മയിൽ ചെലവഴിക്കുന്നതെന്താവട്ടെ, അവൻ തന്നെ അതിനു പകരം നൽകുന്നു. അവൻ വിഭവദാതാക്കളിൽ ഉത്കൃഷ്ടനല്ലോ.

**39**

قُلْ = നീ പറയുക, (പ്രവാചകൻ ഈ ജനത്തെ ഉപദേശിക്കുക)
إِنَّ رَبِّي يَبْسُطُ الرِّزْقَ = എന്റെ നാഥൻ വിഭവം വിപുലീകരിക്കുന്ന (രിച്ചും)
لِمَن يَشَاءُ = അവൻ ഉദ്ദേശിക്കുന്നവർക്ക് مِنْ عِبَادِهِ = അവന്റെ ദാസന്മാരിൽനിന്ന്
وَيَقْدِرُ = അവൻ പരിമിതപ്പെടുത്തുകയും ചെയ്യുന്നു (പരിമിതപ്പെടുത്തിയും കൊടുത്തുകൊണ്ടിരിക്കുന്നു)
لَهُ = അവന് (അവൻ ഉദ്ദേശിക്കുന്നവർക്ക്)
وَمَا أَنفَقْتُم مِّن شَيْءٍ = നിങ്ങൾ ചെലവഴിക്കുന്ന യാതൊരു വസ്തുവും (ചെലവഴിക്കുന്നതെന്താവട്ടെ)
فَهُوَ يُخْلِفُهُ = അതിന് അവൻ (തന്നെ) പകരം നൽകുന്നു وَهُوَ خَيْرُ الرَّازِقِينَ = അവൻ വിഭവ ദാതാക്കളിൽ ഉത്കൃഷ്ടനല്ലോ

ഈ സൂക്തത്തിന്റെ ആദ്യ ഖണ്ഡം 36-ാം സൂക്തത്തിൽ വന്നിട്ടുള്ളതാണ്. ഇവിടെ ഇതാവർത്തിക്കുന്നതിന് അവിടത്തേതിൽനിന്ന് വ്യത്യസ്തമായ ഒരു താൽപര്യമുണ്ട്. ക്ഷേമത്തിന്റെയും ക്ഷാമത്തിന്റെയും ആത്യന്തിക നിയന്താവ് അല്ലാഹുവാണെന്നും അതിനാൽ ആരും സമ്പദ് സമൃദ്ധിയിൽ അഹങ്കരിക്കുകയോ ദാരിദ്ര്യത്തിൽ നിരാശപ്പെടുകയോ ചെയ്യേണ്ടതില്ലെന്നും രണ്ട വസ്ഥകളെയും അല്ലാഹുവിന്റെ പരീക്ഷണമായി കണ്ട് ക്ഷമയോടെ, വിനയത്തോടെ കൈകാര്യം ചെയ്യുകയാണ് വേണ്ടതെന്നുമാണ് അവിടെ പറഞ്ഞത്. ഇവിടെ സമ്പന്നരെ ഉപദേശിക്കാൻ പ്രവാചകനോടാവശ്യപ്പെടുകയാണ്: സമ്പദ് സമൃദ്ധിയും ദാരിദ്ര്യവും അല്ലാഹുവിന്റെ വിധിപ്രകാരം സംഭവിക്കുന്നതാണ്. അല്ലാഹു ചിലർക്ക് സമൃദ്ധമായി സമ്പത്ത് നൽകുന്നത് അതിൽ അഹങ്കരിക്കാനോ, അമിതമായ സുഖഭോഗങ്ങൾക്കു ഉപയോഗിക്കാനോ, ന്യായമായ രീതിയിൽ വിതരണം ചെയ്യാതെ ലുബ്ധരായി കുന്നുകൂട്ടി വെക്കാനോ അല്ല. സമ്പത്തിന് അതിന്റേതായ ധർമമുണ്ട്. ജീവിതത്തിന്റെ ന്യായമായ സുഖസൗകര്യങ്ങൾക്കുവേണ്ടി ചെലവഴിക്കുകയും കൂടുതൽ വിഭവങ്ങൾ ഉൽപാദിപ്പിച്ചുകൊണ്ടിരിക്കുകയും ചെയ്യുക എന്നതാണത്. സ്വന്തം ജീവിതം മെച്ചപ്പെടാനെന്നതുപോലെ സമസൃഷ്ടികളുടെ ജീവിതം മെച്ചപ്പെടാനും സമ്പത്ത് പ്രയോജനപ്പെടണം. ധനികന്റെ മിച്ച ധനത്തിൽ അയാൾക്കു ചുറ്റുമുള്ള പാവങ്ങൾക്കും പട്ടിണിക്കാർക്കും അവകാശമുണ്ട്. وَفِي أَمْوَالِهِمْ حَقٌّ لِّلسَّائِلِ وَالْمَحْرُوم (അവരുടെ ധനത്തിൽ ആവശ്യക്കാർക്കും ഉപജീവനം മുട്ടിയവർക്കും അവകാശമുണ്ട് - 51: 19). ധനത്തിൽനിന്ന് നിശ്ചിത വിഹിതം അവശ ജനസംരക്ഷണത്തിനും മറ്റു ധർമവിഷയങ്ങൾക്കും നൽകേണ്ടത് -إِيتَاءِ الزَّكَاةِ- നിർബന്ധമാകുന്നു. ഇസ്‌ലാമിക രാജ്യത്ത് അത് പിരിച്ചെടുക്കേണ്ടതും വിതരണം ചെയ്യേണ്ടതും ഭരണകൂടത്തിന്റെ കടമയാണ്. സകാത്ത് വ്യവസ്ഥയുടെ പ്രയോഗം സമൂഹത്തിന് പൊതുവിലും സമ്പന്ന വിഭാഗത്തിന് വിശേഷിച്ചും ഒരു സംസ്കരണ-വികസന പ്രക്രിയ കൂടിയാണെന്ന് ഖുർആൻ സൂചിപ്പിക്കുന്നു. خُذْ مِنْ أَمْوَالِهِمْ صَدَقَةً تُطَهِّرُهُمْ وَتُزَكِّيهِم بِهَا (അവരുടെ ധനത്തിൽനിന്ന് അവരെ ശുദ്ധീകരിക്കുകയും വളർത്തുകയും ചെയ്യുന്ന ദാനം വസൂൽ ചെയ്യുക - 9:103)

وَمَا أَنفَقْتُم مِّن شَيْءٍ എന്ന വാക്യം ധാർമിക മാനമുള്ള എല്ലാ ധനവ്യയത്തെയും ഉൾക്കൊള്ളുന്നതാണ്. ധനത്തിനു പുറമെ ശാരീരികവും മാനസികവുമായ ശേഷികളും അല്ലാഹു അരുളുന്ന വിഭവങ്ങൾ - رزق الله - ആകുന്നു. അവ സ്വയം ഉപയോഗിക്കുന്നതും സഹജീവികൾക്കു പ്രയോജനപ്പെടുത്തുന്നതും ഇവിടെ ഉപദേശിക്കുന്ന വ്യയത്തി(انفاق)ൽ പെടുന്നു. നബി (സ) പ്രസ്താവിച്ചതായി ബൈഹഖി ഉദ്ധരിക്കുന്നു:

كُلُّ مَعْرُوفٍ صَدَقَةٌ ، وَمَا أَنْفَقَ الْمَرْأُ عَلَى نَفْسِهِ وَأَهْلِهِ كُتِبَ لَهُ بِهِ صَدَقَةٌ ، وَمَا وَقَى بِهِ عِرْضَهُ كُتِبَ لَهُ بِهِ صَدَقَةٌ وَكُلُّ نَفَقَةٍ أَنْفَقَهَا مُؤْمِنٌ فَعَلَى اللهِ خَلَفُهَا ضَامِن إلا نَفَقَةً فِي مَعْصِيةٍ أَوْ بُنْيَانٍ

(എല്ലാ നന്മകളും ദാനമാകുന്നു. ഒരുവൻ തനിക്കു വേണ്ടി ചെലവഴിക്കുന്നതും തന്റെ കുടുംബത്തിനു വേണ്ടി ചെലവഴിക്കുന്നതും അവന്റെ ദാനമായി രേഖപ്പെടുത്തുന്നു. സത്യവിശ്വാസി ചെയ്യുന്ന ഓരോ ചെലവിനും പകരം നൽകാൻ അല്ലാഹു ഏറ്റിരിക്കുന്നു. കുറ്റകൃത്യങ്ങൾക്കും അനാവശ്യമായ കെട്ടിട നിർമാണത്തിനും ചെലവഴിച്ചതൊഴിച്ച്). ദൈവം തന്റെ ദാസന്മാർക്കരുളിയ അനുഗ്രഹങ്ങൾ അവർ ധർമവിഷയങ്ങളിൽ വ്യയം ചെയ്യുക, അഥവാ സമസൃഷ്ടികൾക്ക് പ്രയോജനപ്പെടുത്തുക എന്നതാണ് ദൈവാഭീഷ്ടം. അനുഗ്രഹങ്ങൾ അനുഭവിക്കുന്നതിൽ ഈ ഇഷ്ടം മാനിക്കുക അനുഗ്രഹദാതാവിനോടുള്ള നന്ദിപ്രകടനവുമാകുന്നു.

പ്രവാചകൻ (സ) പറയുന്നു: قَالَ الله عَزَّوَجَلّ أَنْفِقْ يا بْنَ آدَم أُنْفِقْ عَلَيْك (ആദം പുത്രാ, നീ ചെലവഴിച്ചുകൊള്ളുക. നിന്റെ മേൽ ഞാൻ ചെലവഴിക്കാം). അല്ലാഹുവിൽ വിശ്വസിക്കുന്നവർ അവൻ നൽകിയ അനുഗ്രഹങ്ങൾ

അവന്റെ അഭീഷ്ടമനുസരിച്ച് നന്ദിപൂർവം ചെലവഴിക്കുന്നു. അതുവഴി അല്ലാഹുവിന്റെ കൂടുതൽ അനുഗ്രഹങ്ങൾക്ക് അർഹനാണ് താനെന്ന് തെളിയിക്കുകയാണ് വിശ്വാസി. അങ്ങനെ അർഹത തെളിയിക്കുന്നവരെ അവരുടെ അർഹതക്കൊത്ത് വീണ്ടും വീണ്ടും അവൻ അനുഗ്രഹിച്ചുകൊണ്ടിരിക്കുന്നു.

ധർമമാർഗത്തിൽ വ്യയം ചെയ്യപ്പെടുന്നത് നശിച്ചുപോയെന്നോ നഷ്ടപ്പെട്ടുവെന്നോ കരുതി വേവലാതിപ്പെടേണ്ടതില്ലെന്ന് ഇതിൽനിന്ന് സ്പഷ്ടമാണല്ലോ. നന്മയിൽ ചെലവഴിച്ചത് എത്ര നിസ്സാരമായാലും പെരുത്തതായാലും അല്ലാഹു അർഹിക്കുന്ന പ്രതിഫലം നൽകും. ഭൗതികമായ വീക്ഷണത്തിൽ അർഹിക്കുന്ന പ്രതിഫലമല്ല; അല്ലാഹുവിന്റെ കണക്കിൽ അർഹമായ പ്രതിഫലം. അതിനെയാണ് 37-ാം സൂക്തം جَزَاءُ الضِّعْفِ (ഇരട്ടികളായ പ്രതിഫലം) എന്നു പ്രസ്താവിച്ചത്. فَهُوَ يُخْلِفُهُ എന്നാണ് ഇവിടെ പറയുന്നത്. خلف (മാറ്റം, പിൻവശം, പിൻഗാമി)- ൽനിന്നുള്ള സകർമക ക്രിയയാണ് أخلف. അതിന്റെ ഭാവികാല രൂപം يُخْلِفُ. പൊയ്പ്പോയതിനു പകരം നൽകുന്നതിനും പ്രതിനിധിയാക്കുന്നതിനും പിൻഗാമിയാക്കുന്നതിനും ഈ വാക്ക് ഉപയോഗിക്കും. പോയതൊക്കെ അല്ലാഹു നിങ്ങൾക്ക് തിരിച്ചുതരുമാറാകട്ടെ എന്ന അർഥത്തിൽ اخلف الله عليك എന്നു പ്രാർഥിക്കാറുണ്ട്. നന്മയിൽ ചെലവഴിച്ചതിനെല്ലാം അല്ലാഹു പകരം നൽകുന്നുവെന്നാണ് ഇവിടെ ഉദ്ദേശ്യം. ആ പകരം ഈ ലോകത്തും പരലോകത്തും ലഭിക്കും. ദാനധർമം കൊണ്ട് ആരും പാപ്പരായിപ്പോകുന്നില്ല എന്ന് നബി(സ) പ്രസ്താവിച്ചിട്ടുണ്ട്. പക്ഷേ ദാനത്തിലും മിതത്വം പാലിക്കേണ്ടതുണ്ട്. അമിതമായ ദാനം അന്യായവും നാശഹേതുകവുമാണ്.

وَلَا تَجْعَلْ يَدَكَ مَغْلُولَةً إِلَىٰ عُنُقِكَ وَلَا تَبْسُطْهَا كُلَّ الْبَسْطِ فَتَقْعُدَ مَلُومًا مَّحْسُورًا ﴿٢٩﴾

(ആർക്കും ഒന്നും കൊടുക്കാതെ നിന്റെ കരം പിരടിയിൽ പൂട്ടിവെക്കരുത്. എല്ലാം വാരിക്കോരിക്കൊടുത്ത് മുഴുവനായി തുറന്നിടുകയും ചെയ്തുകൂടാ. അങ്ങനെയായാൽ നീ അധിക്ഷിപ്തനും വിഷണ്ണനുമായി ഇരുന്നുപോകും - 17: 29).

ദാനമായി കൈവിട്ടുപോയതിനു പകരം അല്ലാഹു എന്താണ് നൽകുക, എങ്ങനെയാണ് നൽകുക എന്നൊന്നും നിങ്ങൾക്കു കണക്കുകൂട്ടാനാവില്ല. എന്നാൽ ഒരു കാര്യം ഉറപ്പിച്ചുകൊള്ളുക; വിഭവദാതാക്കളിൽ അതിവിശിഷ്ടനാണ് അല്ലാഹു. അവൻ വിശിഷ്ടമായ വിഭവങ്ങൾ വിശിഷ്ടമായ രീതിയിൽ നൽകുന്നു. ഇതാണ് وَهُوَ خَيْرُ الرَّازِقِينَ - ന്റെ താൽപര്യം. ●

---

40. ഒരു നാൾ മർത്യരെയാസകലം അല്ലാഹു ഒരുമിച്ചുകൂട്ടുന്നു. എന്നിട്ട് മലക്കുകളോട് ചോദിക്കുന്നു: ഈയാളുകൾ നിങ്ങൾക്കാണോ ഇബാദത്ത് ചെയ്തിരുന്നത്?

41. മലക്കുകൾ ബോധിപ്പിക്കുകയായി: നീ പരമ പരിശുദ്ധനത്രെ; ഞങ്ങളുടെ രക്ഷകനും ഉറ്റ മിത്രവും ഇക്കൂട്ടരല്ല, നീ തന്നെയാകുന്നു. എന്നാൽ ഇക്കൂട്ടർ വഴിപ്പെട്ടിരുന്നത് ജിന്നുകൾക്കായിരുന്നു. അവരിൽ ഏറിയ കൂറും ജിന്നുകളിൽ വിശ്വസിക്കുന്നവരായിരുന്നു.

وَيَوْمَ يَحْشُرُهُمْ جَمِيعًا ثُمَّ يَقُولُ لِلْمَلَٰٓئِكَةِ أَهَٰٓؤُلَآءِ إِيَّاكُمْ كَانُوا يَعْبُدُونَ ﴿٤٠﴾

قَالُوا سُبْحَٰنَكَ أَنتَ وَلِيُّنَا مِن دُونِهِم ۖ بَلْ كَانُوا يَعْبُدُونَ الْجِنَّ ۖ أَكْثَرُهُم بِهِم مُّؤْمِنُونَ ﴿٤١﴾

**40,41**

وَيَوْمَ = (ഒരു) നാൾ; يَحْشُرُهُمْ جَمِيعًا = അവൻ (അല്ലാഹു) അവരെ (മർത്യരെ) ആസകലം ഒരുമിച്ചു കൂട്ടുന്നു

ثُمَّ يَقُولُ لِلْمَلَائِكَةِ = എന്നിട്ട് മലക്കുകളോട് പറയും (ചോദിക്കുന്നു); أَهَٰؤُلَاءِ = ഈയാളുകൾ; إِيَّاكُمْ = നിങ്ങൾക്കാണോ

كَانُوا يَعْبُدُونَ = ഇബാദത്ത് ചെയ്തിരുന്നത്; قَالُوا = അവർ പറഞ്ഞു (മലക്കുകൾ ബോധിപ്പിക്കുകയായി)

سُبْحَانَكَ = നീ പരമ പരിശുദ്ധനത്രെ; أَنتَ وَلِيُّنَا = നീ തന്നെയാകുന്നു ഞങ്ങളുടെ രക്ഷകൻ (നും ഉറ്റ മിത്രവും)

مِن دُونِهِمْ = ഇവരെ കൂടാതെ (ഇക്കൂട്ടരല്ല); بَلْ = പക്ഷേ (എന്നാൽ)

كَانُوا يَعْبُدُونَ الْجِنَّ = അവർ (ഇക്കൂട്ടർ) വഴിപ്പെട്ടിരുന്നത് ജിന്നുകൾക്കായിരുന്നു

أَكْثَرُهُمْ = അവരിൽ ഏറിയ കൂറും; بِهِم مُّؤْمِنُونَ = അവരിൽ (ജിന്നുകളിൽ) വിശ്വസിക്കുന്നവരായിരുന്നു

മരണാനന്തരം ഉയിർത്തെഴുന്നേൽപ് ഉണ്ടാവില്ലെന്നും അഥവാ ഉണ്ടാവുകയാണെങ്കിൽ, ഈ ലോകത്ത് പെരുത്ത സമ്പത്തും സന്തതികളുമുള്ള വരേണ്യവർഗമായി വാണിരുന്ന തങ്ങൾ അവിടെയും സൗഭാഗ്യവാന്മാർ തന്നെ ആയിരിക്കുമെന്നും തങ്ങളിൽനിന്ന് വല്ല അപരാധവും ഉണ്ടായിട്ടുണ്ടെങ്കിൽ തങ്ങളാരാധിച്ചു പ്രസാദിച്ചിരുന്ന ദേവീദേവന്മാർ- മലക്കുകൾ അല്ലാഹുവിനോട് ശിപാർശ ചെയ്തു അതിന്റെയെല്ലാം ശിക്ഷയിൽനിന്ന് കാത്തുകൊള്ളുമെന്നും വാദിക്കുന്നവരോട് പറയുകയാണ്: തീർച്ചയായും ഒരു നാൾ നിങ്ങൾ ഉയിർത്തെഴുന്നേൽപിക്കപ്പെടും.

31-ാം സൂക്തത്തിലെ 'അധർമകാരികൾ വിധാതാവിന്റെ മുമ്പാകെ ഹാജരാക്കപ്പെടുന്നത്' എന്ന വാക്യം സൂചിപ്പിക്കുന്ന ദിവസമാണത്. അന്ന് ആദിപിതാവ് മുതൽ അവസാനത്തെ മനുഷ്യൻ വരെയുള്ള എല്ലാവരെയും അല്ലാഹുവിന്റെ സന്നിധിയിൽ ഒരുമിച്ചുകൂട്ടുകയും ചെയ്യും. നിങ്ങൾ പൂജിച്ചു പ്രസാദിപ്പിച്ചവർ എന്നവകാശപ്പെടുന്ന മലക്കുകളും അവിടെ ഹാജരുണ്ടാകും. അല്ലാഹു ആ മലക്കുകളോട് ചോദിക്കും: 'ഇക്കൂട്ടർ ആരാധിച്ചിരുന്നത് നിങ്ങളെയാണോ?' ആ സന്ദർഭത്തിൽ മലക്കുകൾ നൽകുന്ന മൊഴി ഇതായിരിക്കും: 'പരമ പരിശുദ്ധനായ അല്ലാഹുവേ, നീ മാത്രമാകുന്നു ഞങ്ങളുടെ ആരാധ്യനും രക്ഷകനും മിത്രവും. ഈ വിഗ്രഹാരാധകരുമായി ഞങ്ങൾക്ക് യാതൊരു മൈത്രിയും സംരക്ഷണ ബാധ്യതയും -موالاة- ഇല്ല. വാസ്തവത്തിൽ ഇവർ ആരാധിച്ചിരുന്നത് ഞങ്ങളെയല്ല; ജിന്നുകളെയായിരുന്നു. അവരിൽ അധിക പേരും ജിന്നുകളെ തങ്ങളുടെ രക്ഷകർ -اولياء- ആയി വിശ്വസിച്ചിരുന്നവരാണ്.'

ആളുകൾ ദേവീദേവന്മാരെന്ന് ഭാവിച്ചു മലക്കുകളെ ആരാധിക്കുമ്പോൾ യഥാർഥത്തിൽ ആരാധിക്കപ്പെടുന്നത് ചെകുത്താന്മാരാണ്. ചെകുത്താൻ ജിന്ന് വർഗത്തിൽ പെട്ടവനാണല്ലോ. മലക്കുകൾ അല്ലാഹുവിന്റെ പെൺമക്കളാണെന്നും അവരെ പൂജിച്ചു പ്രസാദിപ്പിക്കുന്നവർക്ക് അവർ അല്ലാഹുവിനോട് ശിപാർശ ചെയ്ത് ഈ ലോകത്തും പരലോകമുണ്ടെങ്കിൽ അവിടെയും സുഖസൗഭാഗ്യങ്ങൾ നേടിക്കൊടുക്കുമെന്നും ചെകുത്താന്മാർ മനുഷ്യരെ ദുർബോധനം ചെയ്യുകയായിരുന്നു. മനുഷ്യർ ആ ബോധനം സ്വീകരിച്ച് ചെകുത്താനെ അനുസരിച്ചു. ഇക്കാര്യം 4: 117 -ൽ ഇങ്ങനെ അവതരിപ്പിച്ചിരിക്കുന്നു: إِن يَدْعُونَ مِن دُونِهِ إِلَّا إِنَاثًا وَإِن يَدْعُونَ إِلَّا شَيْطَانًا مَّرِيدًا (സത്യത്തിൽ അല്ലാഹുവിനെ വെടിഞ്ഞ് അവർ ആരാധിച്ചുകൊണ്ടിരിക്കുന്നത് കേവലം അബലകളെയാകുന്നു. മുട്ടൻ ചെകുത്താനെത്തന്നെയാണ് അവർ ആരാധിക്കുന്നത്). 43: 19-ൽ പറയുന്നു: وَجَعَلُوا الْمَلَائِكَةَ الَّذِينَ هُمْ عِبَادُ الرَّحْمَٰنِ إِنَاثًا (പരമ കാരുണികന്റെ ദാസന്മാരായ മലക്കുകളെ അവർ സ്ത്രീകളാക്കി). 37:158-ൽ പ്രസ്താവിച്ചു: وَجَعَلُوا بَيْنَهُ وَبَيْنَ الْجِنَّةِ نَسَبًا (അല്ലാഹുവും ജിന്നുകളും തമ്മിൽ വംശബന്ധമുണ്ടെന്ന് അവർ ആരോപിച്ചു). ജാഹിലിയ്യാ കാലത്ത് ജിന്നുകളെ ആരാധിച്ചിരുന്ന, ഖുസാഅ: ഗോത്രത്തിന്റെ ഉപഗോത്രമായ ബനൂ മുലൈഹ് ജിന്നുകൾ തങ്ങൾക്ക് പ്രത്യക്ഷപ്പെടാറുണ്ടെന്നും അവർ ദൈവത്തിന്റെ പുത്രന്മാരായ മലക്കുകളാണെന്നും അവകാശപ്പെട്ടിരുന്നു.

ഇവിടെ സൂചിപ്പിക്കുന്ന വിചാരണ മുശ്‌രിക്കുകളായ വരേണ്യവർഗത്തിനും മലക്കുകൾക്കുമിടയിൽ മാത്രം നടക്കുന്നതല്ല. എല്ലാ ബഹുദൈവാരാധകരും അവരുടെ ആരാധ്യരും ഇതേ വിചാരണ നേരിടേണ്ടി വരും. 25: 17-18 ൽ പറയുന്നു:

وَيَوْمَ يَحْشُرُهُمْ وَمَا يَعْبُدُونَ مِن دُونِ اللَّهِ فَيَقُولُ أَأَنتُمْ أَضْلَلْتُمْ عِبَادِي هَٰؤُلَاءِ أَمْ هُمْ ضَلُّوا السَّبِيلَ ﴿١٧﴾ قَالُوا سُبْحَانَكَ مَا كَانَ يَنبَغِي لَنَا أَن نَّتَّخِذَ مِن دُونِكَ مِنْ أَوْلِيَاءَ

(അവരെയും അല്ലാഹുവിനെ കൂടാതെ അവർ ആരാധിച്ചിരുന്നവരെയും ഒരുമിച്ചുകൂട്ടും നാൾ; അന്ന് അവൻ അവരോടു ചോദിക്കും: എന്റെ ഈ ദാസന്മാരെ നിങ്ങൾ വഴിപിഴപ്പിച്ചതാണോ, അതോ അവർ സ്വയം വ്യതിചലിച്ചതാണോ? ആരാധ്യർ ബോധിപ്പിക്കുകയായി: നീ പരമ പരിശുദ്ധൻ! നീയല്ലാത്ത മറ്റു രക്ഷകരെ വരിക്കുക ഞങ്ങൾക്ക് ചിന്ത്യമേ ആയിരുന്നില്ല). ക്രൈസ്തവരെയും ഈസാ നബിയെയും വിചാരണ ചെയ്യുന്നതിനെക്കുറിച്ച് 5: 116-ൽ പ്രസ്താവിച്ചു:

وَإِذْ قَالَ اللَّهُ يَا عِيسَى ابْنَ مَرْيَمَ أَأَنتَ قُلْتَ لِلنَّاسِ اتَّخِذُونِي وَأُمِّيَ إِلَٰهَيْنِ مِن دُونِ اللَّهِ ۖ قَالَ سُبْحَانَكَ مَا يَكُونُ لِي أَنْ أَقُولَ مَا لَيْسَ لِي بِحَقٍّ ۚ إِن كُنتُ قُلْتُهُ فَقَدْ عَلِمْتَهُ ۚ تَعْلَمُ مَا فِي نَفْسِي وَلَا أَعْلَمُ مَا فِي نَفْسِكَ ۚ إِنَّكَ أَنتَ عَلَّامُ الْغُيُوبِ ﴿١١٦﴾

(മർയമിന്റെ പുത്രൻ ഈസായോട് അല്ലാഹു ചോദിക്കുന്നതോർക്കുക: അല്ലാഹുവിനെ കൂടാതെ എന്നെയും എന്റെ മാതാവിനെയും രണ്ടു ദൈവമായി സ്വീകരിക്കണമെന്ന് നീ ജനത്തോട് പറഞ്ഞിരുന്നുവോ? അദ്ദേഹം ബോധിപ്പിക്കും: പരമ പരിശുദ്ധനായ ദൈവമേ, എനിക്കവകാശമില്ലാത്തത് പറയുക എനിക്ക് ചേർന്നതേയല്ലല്ലോ. ഞാനങ്ങനെ പറഞ്ഞിട്ടുണ്ടെങ്കിൽ തീർച്ചയായും നീ അതറിഞ്ഞിട്ടുണ്ട്: എന്റെ ഉള്ളിലുള്ളതൊക്കെയും നീ അറിയുന്നു. നിന്റെ സത്തയിലുള്ളതൊന്നും ഞാൻ അറിയുന്നുമില്ല. നീ അഗോചര സത്യങ്ങളൊക്കെയും അറിയുന്നവനല്ലോ).

പൈശാചിക ശക്തികളെയും അവരെ ആരാധിച്ചവരെയും മാത്രമല്ല, പുണ്യാത്മാക്കളുടെയും സിദ്ധന്മാരുടെയും ഖബ്റുകളിന്മേൽ പ്രണാമം ചെയ്യുക, അവരുടെ പേരിൽ നേർച്ച വഴിപാടുകൾ നടത്തുക തുടങ്ങിയ ആരാധനകളിലൂടെ ഇഹത്തിലും പരത്തിലും സുഖസൗഭാഗ്യങ്ങൾ തേടുന്നവരും ഈ വിധം വിചാരണ ചെയ്യപ്പെടുമെന്ന് ഇതിൽനിന്ന് സ്പഷ്ടമാകുന്നു. ഈസാ നബി (അ) നൽകിയതിനു സമാനമായ മൊഴി തന്നെയായിരിക്കും അവരും അല്ലാഹുവിന്റെ മുമ്പിൽ സമർപ്പിക്കുക. ഇവിടെ ചർച്ച ചെയ്യപ്പെടുന്ന സൂക്തത്തിലെ أَنتَ وَلِيُّنَا എന്ന വാക്കും 25-18 ലെ مِنْ أَوْلِيَاءَ എന്ന വാക്കും ശ്രദ്ധേയമാണ്. രണ്ടിടത്തും നീ മാത്രമാണ് ഞങ്ങളുടെ ദൈവം -ഇലാഹ്- എന്നല്ല പറയുന്നത്, പ്രത്യുത നീ മാത്രമാണ് ഞങ്ങളുടെ ولي എന്നാണ്. ഒരുവനെ സഹായിക്കാനും സംരക്ഷിക്കാനും, ഉത്തരവാദിത്തവും കഴിവുമുള്ള ഉറ്റ ബന്ധുവും മിത്രവുമാണ് ഭൗതികമായ അർഥത്തിൽ ولي. കുടുംബനാഥൻ കുടുംബത്തിലെ മറ്റംഗങ്ങളുടെ വലിയ്യ് ആകുന്നു. മക്കളുടെ വലിയ്യാണ് പിതാവ്. പിതാവിന്റെ അഭാവത്തിൽ പിതാമഹനും പിതൃസഹോദരന്മാരും വലിയ്യുകളാകുന്നു. മിത്രം എന്ന അർഥത്തിൽ സത്യവിശ്വാസികളായ സജ്ജനങ്ങളെല്ലാം അല്ലാഹുവിന്റെ വലിയ്യുകളാണ്. രക്ഷകൻ എന്ന അർഥത്തിൽ അല്ലാഹു അവരുടെയും 'വലിയ്യ്' ആകുന്നു. പ്രകൃത്യാതീത മാർഗങ്ങളിലൂടെ രക്ഷയരുളുന്നവൻ അവൻ മാത്രമേയുള്ളൂ. ഈയർഥത്തിൽ അല്ലാഹുവല്ലാത്തവരെ രക്ഷകരാക്കുന്നവർ അവരിൽ വിശ്വസിക്കുന്നവരും ദൈവം എന്നു വിളിച്ചാലും ഇല്ലെങ്കിലും അവരെ ആരാധിക്കുന്നവരുമാകുന്നു.




# റമദാൻ കാലത്തെ ലോക്ക് ഡൗണും മുസ്‌ലിം ജീവിതവും

നിരീക്ഷണം / അമീൻ വി. ചൂനൂർ
ameenvc@gmail.com

നമസ്കരിക്കാനോ ഹജ്ജ് ചെയ്യാനോ മറ്റു അനുഷ്ഠാനങ്ങൾ നിർവഹിക്കാനോ സാധിച്ചതുകൊണ്ടു മാത്രം ഒരു മുസ്‌ലിമിന്റെ മതസ്വാതന്ത്ര്യം പൂർണമാവുന്നില്ല. നീതിക്കു വേണ്ടി ശബ്ദിക്കാൻ കഴിയുമ്പോൾ കൂടിയാണ് അവന്റെ മതസ്വാതന്ത്ര്യം പൂർണമാവുക. കാരണം, ഇസ്‌ലാമെന്നത് കേവലം ആരാധനകൾ മാത്രമല്ല; വിമോചനത്തിനു വേണ്ടിയുള്ള പടയോട്ടം കൂടിയാണ്. നീതിക്കു വേണ്ടി ശബ്ദിക്കുക എന്നതാകട്ടെ കേവലം പ്രതിഷേധ സ്വരങ്ങൾ പുറപ്പെടുവിക്കുക മാത്രവുമല്ല. അനീതിയുടെ കാരണങ്ങൾ അന്വേഷിക്കുന്നതും ആ കാരണങ്ങളെ കുറിച്ച് സംസാരിക്കുന്നതും അതിൽ പെടും. ഈ അർഥത്തിൽ നോക്കുമ്പോൾ മുസ്‌ലിംകൾ ലോകത്ത് അനുഭവിക്കുന്ന മതസ്വാതന്ത്ര്യം വളരെ പരിമിതമാണ്.

കൊളോണിയൽ ഭീകരതകളുടെ തുടർച്ചകളിൽ മുസ്‌ലിംകൾ ഇന്നും 'ലോക്ക് ഡൗൺ' ആയിക്കിടക്കുകയാണ്. അവർ ഒരു വൈറസ് ജീവിതമാണ് നയിക്കുന്നത്. ഏതു നിമിഷവും പടർന്ന് മനുഷ്യകുലത്തിൽ ബഹുഭൂരിപക്ഷത്തെയും ബാധിക്കാവുന്ന ഒരു രോഗവുമായി അവർ ജീവിക്കുന്നു. അതുകൊണ്ട്, അവരുടെ ശബ്ദങ്ങൾ പുറത്തുവരാൻ പാടില്ല. അവരുടെ സ്വത്വത്തിനെതിരെ ആജീവനാന്ത കർഫ്യു ഉണ്ടായിരിക്കും, അവർ തെരുവിൽ ഇറങ്ങിയാൽ പിടിച്ചുകെട്ടിയിരിക്കും, പൊതു ഇടങ്ങളിൽ വർത്തമാനം പറഞ്ഞാൽ ഭീകരനിയമങ്ങൾ ചാർത്തിയിരിക്കും.... ഇങ്ങനെ എല്ലാ അർഥത്തിലും വരിഞ്ഞുമുറുക്കപ്പെട്ട ഒരു ജീവിതമാണ് മുസ്‌ലിംകൾക്ക് കൊളോണിയൽ - കുരിശുയുദ്ധ പരമ്പരകളിലൂടെ ഉണ്ടായിട്ടുള്ളത്. ഇന്ന് മുസ്‌ലിംകൾ ജീവിച്ചുപോകുന്ന കാലത്തിന്റെ യഥാർഥ ചിത്രം.

സൽമാൻ സയ്യിദ് തന്റെ 'ഫണ്ടമെന്റൽ ഫിയർ' എന്ന പുസ്തകത്തിൽ പടിഞ്ഞാറ് മുസ്‌ലിംകളെ കാണുന്നത് ഒരു പ്രേതം പോലെയാണ് എന്ന് സൂചിപ്പിക്കുന്നുണ്ട്. ഒരു മെറ്റഫർ എന്ന നിലക്ക് പ്രേതവും വൈറസും ചിലപ്പോൾ മാത്രം ഒരുപോലെ ഉപയോഗിക്കാൻ കഴിയുന്ന ഒന്നാണ്. പ്രേതം എന്നു പറയുന്നത് മരിച്ച ഒന്നിന്റെ സാങ്കൽപിക ശേഷിപ്പാണ്. 'വൈറസ്' ജീവിച്ചിരിക്കുന്ന ഒരു റിയൽ സാധനമാണ്. കൊന്നു കുഴിച്ചുമൂടിയ ശേഷം ഉയരുന്ന ശബ്ദങ്ങളും പ്രത്യക്ഷപ്പെടലുകളുമാണ് പ്രേതത്തിന്റേത്. കുരിശുയുദ്ധങ്ങളിലൂടെയും കൊളോണിയലിസത്തിലൂടെയും മുസ്‌ലിംകളെയും അവരുടെ സ്വത്വത്തെയും തകർത്തവർക്കിടയിൽ വർത്തമാന കാലത്ത് ജീവിച്ചുകൊണ്ട് ആ പ്രേതം അവരെ നിരന്തരം വേട്ടയാടുന്നുണ്ട്.

പ്രേതങ്ങൾ ഏതു സമയത്തും

പ്രത്യക്ഷപ്പെടാം. അതാണ് ഏറെ ഭീതിപ്പെടുത്തുന്നതും. ദൽഹി യൂനിവേഴ്സിറ്റിയിൽ, ജെ.എൻ.യുവിൽ, ശാഹീൻ ബാഗിൽ, മേട്ടുപ്പാളയത്ത് ജാതിമതിൽ തകർന്ന് ദലിതുകൾ മരിക്കാനിടയായതിനു ശേഷമുള്ള കൂട്ട മതപരിവർത്തനത്തിന്റെ രൂപത്തിൽ, ഹാദിയയുടെയും തോക്കിന്മുനകൾക്കു നേരെ വിരൽ ഉയർത്തിയ ആഇശ റെന്നയുടെയും ലദീദയുടെയും രൂപത്തിൽ, ശർജീൽ ഉസ്മാനിയുടെയും ശർജീൽ ഇമാമിന്റെയും രൂപത്തിൽ, നജീബിന്റെയും ജുനൈദിന്റെയും സകരിയ്യയുടെയും ഉമ്മമാരുടെ ഉയിരിന്റെ രൂപത്തിൽ....

കോവിഡ് 19 വൈറസുമായി ബന്ധപ്പെട്ട് രസകരമായ ചില താരതമ്യങ്ങൾ ഉണ്ട്. ലോകം ഭൗതികാർഥത്തിലുള്ള ഒരു ലോക്ക് ഡൗൺ അഭിമുഖീകരിച്ചുകൊണ്ടിരിക്കുകയാണിപ്പോൾ. അതിന്റെ ബുദ്ധിമുട്ടുകളെ കുറിച്ചും മറ്റുമുള്ള വ്യഥകളും കഥകളും എല്ലാവരും പങ്കുവെച്ചുകൊണ്ടിരിക്കുന്നു. വർത്തമാന ലോകത്തിന് ഇത് ആദ്യ അനുഭവമായിരിക്കും. എന്നാൽ മുസ്‌ലിം ജീവിതം കോവിഡ് 19 വരുന്നതിനു മുമ്പു തന്നെ രണ്ടു തരത്തിലുള്ള ലോക്ക് ഡൗണിലാണ്. ഒന്ന്, സ്വത്വപരമായ ലോക്ക് ഡൗൺ, രണ്ടാമത്തേത് ഭൗതികമായിട്ടുള്ളത്. ഇത് രണ്ടും നിരന്തരം അനുഭവിക്കുന്ന സമൂഹം എന്ന നിലക്ക് കോവിഡ് 19 സമയത്തെ ലോക്ക് ഡൗൺ ആദ്യത്തേതിനേക്കാൾ നിസ്സാരമായി അവർക്ക് അനുഭവപ്പെട്ടേക്കാം. കോവിഡിന്റേതല്ലാത്ത ഭൗതിക ലോക്ക് ഡൗൺ എന്നതു കൊണ്ട് ഉദ്ദേശിച്ചത്, ഗസ്സയും കശ്മീരും, വിചാരണ പോലും നിഷേധിച്ച് ഭീകര കരിനിയമങ്ങൾ വഴി തടവറയിൽ അയക്കപ്പെടുന്നതും ആൾക്കൂട്ടക്കൊലകൾക്കിരയാവലുമൊക്കെയാണ്. മുസ്‌ലിംകൾ ഒരു ശരീരം പോലെയാണ്. അതിന്റെ ഒരു ഭാഗത്ത് എന്തെങ്കിലും സംഭവിച്ചാൽ മുഴുവൻ ശരീരത്തെയും അത് ബാധിക്കുന്നുണ്ട്. ഇത് മുസ്‌ലിംകൾക്ക് ഉണ്ടാകേണ്ട ബോധമാണെന്ന് ഹദീസ് പഠിപ്പിക്കുന്നു. ദേശരാഷ്ട്രങ്ങളാക്കി വിഭജിച്ച് പുതിയ ഐഡന്റിറ്റി ഉണ്ടാക്കി തകർക്കാൻ ശ്രമിച്ചിട്ടും ഈ ബോധത്തിന് കാര്യമായ പരിക്കേൽപ്പിക്കാൻ സാധിച്ചിട്ടില്ല.

www.metro.co.uk എന്ന വെബ്സൈറ്റിൽ, സൺസെക്സ് യൂനിവേഴ്സിറ്റി ഇത്തരമൊരു പഠനം നടത്തിയതായി



● ബിയ്യുമ്മ

പറയുന്നുണ്ട്. യൂനിവേഴ്സിറ്റിയിലെ ഗവേഷകർ കണ്ടെത്തിയത്, മുസ്‌ലിംകൾ 'ഉമ്മത്ത്' എന്ന കൂട്ടായി പങ്കിടുന്ന ഒരു ബോധത്താൽ ബന്ധിക്കപ്പെട്ടവരാണ് എന്നാണ്. അതായത് ദേശീയ, അന്തർദേശീയ, പ്രാദേശിക തലങ്ങളിൽ മുസ്‌ലിംകൾ ഇരയാക്കപ്പെടുന്നതിനെ കുറിച്ച് വായിക്കുകയോ കേൾക്കുകയോ ചെയ്യുന്ന മുസ്‌ലിമിന് പരോക്ഷമായെങ്കിലും ഒരു മാനസികാഘാതം അനുഭവപ്പെടുന്നു (https://metro.co.uk/2020/03/02/muslims-experience-shared-suffering-muslims-go-trauma-12222128/).

രണ്ടാമത്തെ കാര്യം, അവരുടെ ശബ്ദത്തെ ലോക്ക് ചെയ്തുവെക്കുന്നതു തന്നെ. തങ്ങൾ അനുഭവിക്കുന്ന പ്രശ്നങ്ങൾ ഉയർത്താനോ അതോർത്ത് ഒന്ന് കരയാനോ പോലും കഴിയാത്ത വിധം ബന്ധിതരായാണ് മുസ്‌ലിംകൾ പലയിടത്തും അവരുടെ സാധാരണ ജീവിതം ജീവിച്ചുകൊണ്ടിരിക്കുന്നത്.



● ഫാത്വിമ നഫീസ്

അനീതി ഉണ്ട് എന്ന് പറയുന്നതു പോലും അത്തരം നാടുകളിൽ ഭീകരനിയമങ്ങൾ ചാർത്തപ്പെടുന്നതിനും പിന്നീടവർ വെളിച്ചം കാണാതിരിക്കുന്നതിനും കാരണമായിത്തീരുന്നു.

സ്വന്തം കുടുംബത്തിന്റെ പട്ടിണി മാറ്റാനായി വളരെ നേരത്തേ തന്നെ ജോലി ചെയ്ത് തുടങ്ങിയ പരപ്പനങ്ങാടിയിലെ സകരിയ്യയെ പോലീസ് പിടിച്ചുകൊണ്ടുപോയിട്ട് ഒന്നരപ്പതിറ്റാണ്ടിനടുത്തായി. ചെയ്ത കുറ്റമെന്തെന്ന് ഇന്നും സകരിയ്യക്ക് അറിയില്ല; വിചാരണയുമില്ല. പത്ത് വർഷത്തിനടുത്ത് നിരപരാധിയായി ജയിൽവാസം അനുഭവിക്കേണ്ടിവന്നിട്ടും മറ്റൊരു കേസിൽ വിചാരണ ഇല്ലാതെ അബ്ദുന്നാസിർ മഅ്ദനി തടവറയിലാണ്. നിരവധി ചെറുപ്പക്കാർ ഭീകരനിയമങ്ങൾ ചാർത്തപ്പെട്ട് ജയിലിലാണുള്ളത്. മുസ്‌ലിം സമൂഹം ഇന്ത്യയിൽ അനുഭവിക്കുന്ന ഭരണകൂട ഭീകരതയുടെയും ലോക്ക് ഡൗണിന്റെയും പ്രതീകമാണ് ഇവർ.

ഒന്നുകൂടി കൃത്യമായി പറയുകയാണെങ്കിൽ, തങ്ങൾ അനുഭവിക്കുന്ന പ്രശ്നങ്ങളെക്കുറിച്ചോ നീതിയെ കുറിച്ചോ അവർ മിണ്ടരുത്. മുസ്‌ലിം സ്വത്വവുമായി സ്വന്തം വീട്ടിനുള്ളിൽ കഴിഞ്ഞുകൂടിയാലും അവരെത്തേടി സംഘങ്ങളെത്തും. അങ്ങനെയാണല്ലോ ബൽക്കീസ് ബാനു അടക്കമുള്ള നിരവധി പേർ ആക്രമിക്കപ്പെടുന്നത്. ഗുജറാത്ത്, നെല്ലി, ദൽഹി, ഭാഗൽപൂർ വംശഹത്യകൾ എല്ലാം വീടകങ്ങളിൽ

അടങ്ങിയൊതുങ്ങി ജീവിക്കുന്ന മുസ്‌ലിം സ്വത്വങ്ങളെ തേടിവന്ന ഉന്മൂലന പ്രവൃത്തികളാണ്. കൂനൻ പോഷ്പോറ ഉണ്ടാകുന്നത് അങ്ങനെയാണല്ലോ. രാവിലെ വന്ന് പുരുഷന്മാരെ മുഴുവൻ അവർ പിടിച്ചുകൊണ്ടുപോയി തടവറയിലിടുന്നു. വൈകീട്ട് അതേ വീടുകൾ തേടി പട്ടാളക്കാർ വന്നു അവിടെയുള്ള സ്ത്രീകളെ ബലാത്സംഗം ചെയ്യുന്നു. കാരണം ഒന്നു മാത്രം. അവർ മുസ്‌ലിം സ്വത്വവുമായി അവരുടെ വീടുകളിൽ ജീവിച്ചു.

അന്ന് ബലാത്സംഗത്തിൽ നിന്ന് രക്ഷപ്പെട്ട റാബിയ എന്ന സ്ത്രീയുടെ മകൻ അലി എഴുതിയ ഒരു കവിതയുണ്ട്. സംഭവം നടക്കുമ്പോൾ പത്ത് വയസ്സ് മാത്രമുണ്ടായിരുന്ന മകനോട് റാബിയ ഈ സംഭവം വിവരിച്ചതായിരുന്നു. പത്തുവയസ്സുകാരനായ അലിയെയും വീട്ടിലുള്ള മൊത്തം പുരുഷന്മാരെയും പിടിച്ചുകൊണ്ടുപോയ ശേഷം രാത്രിയിൽ അവർ തിരിച്ചുവന്ന് 13 വയസ്സ് മുതൽ 70 വയസ്സ് വരെയുള്ള സ്ത്രീകളെ ബലാത്സംഗത്തിനിരയാക്കി. അവർ കോണിപ്പടി കയറിവരുന്ന ശബ്ദം കേട്ടു ഭയന്നുവിറച്ച് റാബിയ അറിയാതെ വിസർജിച്ചു. അവർ അവരുടെ മലം രണ്ടു കൈകളിലുമെടുത്ത് ശരീരമാകെ പുരട്ടി. ബാക്കി അലിയുടെ കവിതയിൽനിന്ന്:

'..........എന്തിനാണ് ഞാനങ്ങനെ
ചെയ്യുന്നതെന്ന്
എനിക്കറിയില്ലായിരുന്നു.
കോണിപ്പടി കയറിവന്ന ആ
പട്ടാളക്കാരനും
അവന്റെ പിന്നാലെ വന്ന മറ്റുള്ളവരും
മേലാകെ തീട്ടം പുരണ്ട എന്നെ കണ്ട്
കാർക്കിച്ചു തുപ്പി മൂക്ക് പൊത്തി
അതിവേഗം ഇറങ്ങിപ്പോയി.
സ്വന്തം മലമായിരുന്നു
അലീ എന്റെ കാവൽക്കാരൻ.
നൂറുകണക്കിന് സ്ത്രീകൾക്ക്
അവരുടെ മാനം നഷ്ടപ്പെട്ടപ്പോൾ
നിന്റെ ഉമ്മ രക്ഷപ്പെട്ടുവെന്നതിൽ
അഭിമാനിക്കാൻ ഒന്നുമില്ല അലീ,
അഭിമാനിക്കാൻ ഒന്നുമില്ല.'

– മുഹമ്മദ് അലി

ഇങ്ങനെ ജീവിക്കുന്ന ഒരു സമൂഹത്തിന് ഏത് ലോക്ക് ഡൗൺ ആയിരിക്കും കൂടുതൽ ഭീകരം? അല്ലെങ്കിൽ ഇപ്പോൾ ഉള്ളതൊക്കെ ഒരു ലോക്ക് ഡൗൺ ആയി അനുഭവപ്പെടുമോ? കശ്മീരും ഗസ്സയും അനുഭവിച്ച തരത്തിലുള്ള ലോക്ക് ഡൗൺ ഈ വർത്തമാനകാലത്ത് ഒരു ജനതയും അനുഭവിച്ചിട്ടുണ്ടാവില്ല. എല്ലാ അവകാശങ്ങളും സ്വാതന്ത്ര്യങ്ങളും വിലക്കപ്പെട്ട് പട്ടാളത്തിന്റെ ബൂട്ടുകൾക്കടിയിൽ ഞെരിഞ്ഞമർന്നുകൊണ്ടുള്ള ജീവിതമാണ് പ്രസ്തുത ലോക്ക് ഡൗൺ. തോക്കിൻ മുനമ്പിലുള്ള ജീവിതമാണത്. കോവിഡിൽനിന്ന് നിങ്ങളെ രക്ഷിക്കാൻ ലോക്ക് ഡൗൺ പ്രഖ്യാപിക്കുന്നതും, നിങ്ങളെ തന്നെ ഒരു വൈറസ് ആയി കണ്ടുകൊണ്ട് നിങ്ങളുടെ സ്വത്വം, ശബ്ദം, ജീവിതം, ആവാസ വ്യവസ്ഥ എന്നിവയെ ഭരണകൂട ഭീകരത പ്രയോഗിച്ച് നശിപ്പിക്കുന്ന ലോക്ക് ഡൗണും, ഏതാണ് ഭീകരം?


● ജുനൈദിന്റെ ഉമ്മ

കോവിഡ് വൈറസിനെതിരായ പോരാട്ടം പോലും ഇവർ ഒരു സന്ദർഭമായി ഉപയോഗിക്കുകയാണ്. വലിയ വൈറസ് ആയി കാണുന്ന മുസ്‌ലിം ജീവിതത്തെ തകർക്കാനായി കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങൾ പോലും ഉപയോഗിക്കുകയാണിപ്പോൾ (ജൂതർക്കെതിരെ വംശവെറിയൻ പ്രയോഗങ്ങൾ നടത്തിയ ഹിറ്റ്ലർ അവരെ വിളിച്ചത് വൈറസ് എന്നാണ്. രോഗങ്ങൾ പരത്തുന്ന വൈറസുകൾ നിർമാർജനം ചെയ്യപ്പെടാതെ രോഗങ്ങളെ നിയന്ത്രിക്കാൻ കഴിയില്ല എന്നാണ് അയാൾ പറഞ്ഞത്). നേരത്തേ തെരുവിൽ ശബ്ദമുയർത്തിയ ആക്ടിവിസ്റ്റുകളിൽ പലരെയും ഇതിനകം ഭീകരനിയമങ്ങൾ ചാർത്തി അകത്താക്കിക്കഴിഞ്ഞു. കൂട്ടത്തിൽ മൂന്ന് മാസം ഗർഭിണിയായ യുവതി പോലുമുണ്ട്. സകല അവകാശങ്ങളും ഹനിച്ചുകൊണ്ടാണ് അവരെ തടവറകളിൽ പാർപ്പിച്ചിരിക്കുന്നത്. വലിയ ക്രിമിനലുകളെ പാർപ്പിക്കുന്ന സെല്ലിൽ വിചാരണ പോലും നിഷേധിച്ച്, സ്വന്തം വീട്ടിലേക്ക് ഒന്ന് ഫോൺ ചെയ്യാൻ പോലും അനുവദിക്കാതെയാണ് ഗർഭിണിയോട് പോലും പെരുമാറുന്നത്. CAA / NRC പ്രക്ഷോഭങ്ങളിൽ മുന്നിൽ നിന്നവരെയെല്ലാം ഭീകര നിയമങ്ങൾ ചാർത്തി അറസ്റ്റ് ചെയ്യുകയാണ്.

മുസ്‌ലിം സമൂഹത്തെ സംബന്ധിച്ചേടത്തോളം റമദാനും പെരുന്നാൾ ആഘോഷവും ലോക്ക് ഡൗണിലൂടെ കടന്നുപോകുമ്പോഴും പുതിയ വിശേഷമായി അത് അനുഭവപ്പെടുന്നില്ല. അവരുടെ ശരീരം കഴിഞ്ഞുപോയ ഓരോ നോമ്പുമെടുത്തത് ഭൗതികവും സ്വത്വപരവുമായ ലോക്ക് ഡൗണിൽ അകപ്പെട്ടുകൊണ്ടുതന്നെയാണ്. അവരുടെ ഓരോ പെരുന്നാളിനും സന്തോഷത്തോടൊപ്പം ഓർക്കാനും പ്രാർഥിക്കാനും അത്തരത്തിലുള്ള അനുഭവങ്ങളും ഉണ്ടായിരുന്നു. പെരുന്നാൾ ദിനത്തിൽ തൂക്കിലേറ്റപ്പെട്ടു പോലും അത് അനുഭവിച്ച സമൂഹമാണ് മുസ്‌ലിംകൾ. ഹാഫിളായതിന്റെ സന്തോഷത്താൽ ഉമ്മ നൽകിയ 1500 രൂപക്ക് പുത്തൻ വസ്ത്രവും വാങ്ങി പെരുന്നാൾ ആഘോഷിക്കാൻ കൊതിച്ചു വന്ന ജുനൈദിനെ മൃഗീയമായി കൊലപ്പെടുത്തിയ പെരുന്നാളിനേക്കാളും വലിയ ദുഃഖം ഏതായാലും ഈ ലോക്ക് ഡൗൺ പെരുന്നാളിലും മുസ്‌ലിം സമൂഹത്തിന് അനുഭവിക്കാനില്ല.

പക്ഷേ, ഈ ദുഃഖങ്ങളെല്ലാം കേവലം നഷ്ടങ്ങളായി മാറുകയല്ല ചെയ്യുന്നത്. ഓരോന്നും നേരത്തേ പറഞ്ഞ പ്രേതങ്ങളായി അധികാര കേന്ദ്രങ്ങളെ വേട്ടയാടിക്കൊണ്ടിരിക്കുക തന്നെയാണ്. അതാണ് നജീബിന്റെയും ജുനൈദിന്റെയും സകരിയ്യയുടെയും ഉമ്മമാരുടെ കരുത്തുറ്റ വാക്കുകളിൽനിന്ന് പുറപ്പെടുന്നത്, പ്രായാധിക്യത്തിന്റെ പരിഭവങ്ങൾ ഇല്ലാതെ പോരാട്ടത്തിൽ നെടും തൂണു പോലെ ഉറച്ചുനിൽക്കുന്ന അസ്മ ഖാത്തൂന്റെ നോട്ടങ്ങളിൽ നാം കാണുന്നത്. സംഘടനാ നേതാക്കളുടെ വാക്കുകളേക്കാൾ മുസ്‌ലിം ഉമ്മത്ത് ഇപ്പോൾ ആവേശപൂർവം ചെവിയോർക്കുന്നതും ഇപ്പോൾ ഈ ഉമ്മമാരുടെ അനക്കങ്ങളിലേക്കാണ്. ●



# ധ്യാനവും ചിന്തയും ഇസ്‌ലാം ദർശനത്തിൽ

ലേഖനം / കെ. പി പ്രസന്നൻ
abuhaanie@gmail.com

രണ്ടു സന്യാസിമാർ ഏകാഗ്ര ധ്യാനത്തിനായി വനത്തിലെ ഗുഹയിലേക്ക് നടക്കുകയാണ്. നടത്തത്തിനിടയിൽ ആധ്യാത്മിക വിഷയങ്ങളാണ് ചർച്ച. കാനന പാതയിൽ കടക്കേണ്ടുന്ന പുഴയിൽ പതിവിൽ കവിഞ്ഞ വെള്ളം. ധരിച്ച വിലയേറിയ വസ്ത്രത്തിൽ വെള്ളമാവുമല്ലോ എന്ന് കരുതി ഒരു സുന്ദരി പുഴക്കരയിലുണ്ട്. അവൾ ആദ്യത്തെ സന്യാസിയോട് സഹായം അഭ്യർഥിച്ചു. ഒന്ന് തല ഉയർത്തി നോക്കി അവളുടെ സൗന്ദര്യം താങ്ങാനാവാതെയോ ബ്രഹ്മചര്യത്തെ ഓർത്തിട്ടോ അദ്ദേഹം ഉത്തരം നൽകാതെ യാത്ര തുടരുന്നു. അവൾ രണ്ടാമനോടും അതേ ആവശ്യം ഉന്നയിച്ചു. അയാൾ അവളെ എടുത്തു തോളത്തിട്ടു പുഴ കടക്കാൻ സഹായിച്ച ശേഷം യാത്ര തുടർന്നു. മുന്നിലുള്ളയാൾ പിന്നീട് പതിവിനു വിരുദ്ധമായി നിശ്ശബ്ദനായിരുന്നു. ഗുഹയിലേക്ക് പ്രവേശിക്കും മുമ്പ് അയാൾ ചോദിച്ചു: 'താങ്കൾ അവളെ കൈയിലാണോ എടുത്തത്? ചുമലിലാണോ?'

രണ്ടാമൻ ഇങ്ങനെ പ്രതികരിച്ചു: 'ഞാൻ അവളെ പുഴക്കരയിൽ തന്നെ ഉപേക്ഷിച്ചിരുന്നല്ലോ? താങ്കൾ ഇപ്പോഴും അവളെ മനസ്സിൽ ചുമന്നു കൊണ്ടിരിക്കുകയാണോ?'

ഇങ്ങനെ ഒരുപാട് ചിന്തകൾ, ആസക്തികൾ ചുമന്നു കൊണ്ട് നടക്കുന്നവനാണ് മനുഷ്യൻ. അവയെ വേണ്ടിടത്തു ഇറക്കാൻ വയ്യാതെ കാലിടറുമ്പോൾ വിശ്വാസികൾക്ക് ആശ്വാസമായാണ് ഓരോ റമദാനും കടന്നുവരിക. നോമ്പ് എന്ന പരിചയിലൂടെ പുറത്തുനിന്ന് വരുന്ന കുറേ ആക്രമണങ്ങളെ പ്രതിരോധിക്കാൻ പരിശീലിപ്പിക്കുകയാണത്. എന്നാലും ഉള്ളിലും ഉണ്ടാവുമല്ലോ കുറേ അടിഞ്ഞുകൂടിയവയൊക്കെ. അതും കൂടി കളയാൻ അവസാനത്തെ പത്തിൽ ഇഅ്തികാഫ് നിർദേശിക്കപ്പെടുകയും ചെയ്തിരിക്കുന്നു.

ഒരു കാറ്റുകാലം സങ്കൽപ്പിക്കുക. വീശിപ്പോകുന്ന ഓരോ കാറ്റും എത്രമാത്രം മാലിന്യമാണ് നമ്മുടെ വീടിന്റെ പരിസരങ്ങളിൽ നിക്ഷേപിക്കുക? അതുപോലെ തന്നെയാണ് ജീവിതത്തിലെ ഓരോ അനുഭവങ്ങളും. കുറേയേറെ ഓർമകളെ, കുറേയേറെ മാലിന്യങ്ങളെ നമ്മുടെ മനസ്സിന്റെ അകത്തളങ്ങളിൽ നിക്ഷേപിച്ചിട്ടാണ് നല്ലതും ചീത്തയുമായ ഓരോ അനുഭവങ്ങളും കടന്നുപോവുക. അനുഭവങ്ങൾ അവശേഷിപ്പിച്ചു പോകുന്ന ഈ മാലിന്യങ്ങളെ ദിനംപ്രതി നാം മനസ്സിൽ നിന്ന് നീക്കം ചെയ്തില്ലെങ്കിൽ അവ അവിടെ കുന്നുകൂടുകയും ചിലപ്പോൾ ചീഞ്ഞു നാറാൻ തുടങ്ങുകയും ചെയ്യും.

അത് നീക്കണം എന്നാഗ്രഹിക്കുന്നവർ റമദാനും ഇഅ്തികാഫും ഒക്കെ മഹാ അനുഗ്രഹങ്ങളായി കാണും. നിർബന്ധപൂർവമായ ഒരു ലോക്ക് ഡൗൺ വൈറസ് വ്യാപനത്തെ ചെറുക്കാൻ സഹായിക്കുമെന്ന് കരുതി നാം വീട്ടിലിരിക്കുകയാണല്ലോ. പ്രവാചകൻ പ്രോത്സാഹിപ്പിച്ച പള്ളിയിൽ ഇരുത്തത്തിന്റെ ആവശ്യകത മനസ്സിലാക്കാൻ പറ്റുന്ന അവസ്ഥയിലല്ലേ നമ്മളിപ്പോൾ? ധ്യാനം എന്ന് അർഥം വരുന്ന മെഡിറ്റേഷൻ

(Meditation) എന്ന് ഇംഗ്ലീഷ് പദം, ലാറ്റിൻ ഭാഷയിലെ മെഡിറ്റാറി (meditari) എന്ന വാക്കിൽനിന്നാണ് നിഷ്പന്നമായത്. ഇതിന്റെ അർഥം ആഴത്തിലുള്ള, തുടർച്ചയായ വിചിന്തനം അല്ലെങ്കിൽ ഏതെങ്കിലും ഒരു ചിന്തയിലുള്ള ശ്രദ്ധാപൂർവമായ വാസം എന്നാണ്. ഇതിന്റെ ലളിതമായ അർഥം മനസ്സിൽ ആലോചിച്ച് ഉറപ്പിക്കുക എന്നോ ഏതെങ്കിലും ഒരു കാര്യത്തെക്കുറിച്ചു മാത്രം തുടർച്ചയായി ചിന്തിക്കുക എന്നോ ആണ്.

എന്താണ് ചിന്തിക്കേണ്ടത് എന്ന് കൃത്യമായി നിർവചിച്ചു തന്ന ദർശന



മാണ് ഇസ്‌ലാം. ഹൃദയങ്ങൾ ശാന്തി അടയുക ആ ചിന്തയിലൂടെ മാത്രമാണെന്നാണ് വിശുദ്ധ ഖുർആൻ പറയുന്നത്. പറഞ്ഞാലും ചിന്തിച്ചാലും തീരാത്ത അല്ലാഹുവിന്റെ വിശേഷണങ്ങളിലൂടെ അവയെ അറിയാൻ മനുഷ്യൻ ബോധപൂർവം ശ്രമം നടത്തുമ്പോൾ ഉള്ളിലുള്ള മാലിന്യങ്ങൾ വൃത്തിയാവാതിരിക്കുന്നതെങ്ങനെ?

വിഗ്രഹങ്ങളെല്ലാം ഉടച്ചിട്ടുണ്ടെന്നു സമാധാനിച്ചാലും സ്വന്തം ചിന്തകളെ പോലും വിഗ്രഹമാക്കി പൂജിക്കാൻ ആസക്തി ഉള്ളവനാണ് മനുഷ്യൻ. ബഹുദൈവത്വത്തിനു കടന്നുവരാൻ നൂതന വഴികൾ ഉണ്ടാക്കിക്കൊടുക്കാൻ മിടുക്കനായ ഇബ്‌ലീസിന്റെ പിടിയിൽ നിന്ന് രക്ഷപ്പെടാൻ അല്ലാഹുവിനു മാത്രം വഴങ്ങുക എന്ന പാഠമാണ് ഇഅ്തികാഫ് പരിശീലിപ്പിക്കുക. അതിൽ കൂടി കടന്നുപോയാൽ മാത്രം അനുഭവവേദ്യമാകുന്ന ഒരു തുടച്ചു മിനുക്കൽ.

ആരാധനാപരമായ പല കാര്യങ്ങളും അങ്ങനെ തന്നെ. ചില പ്രോസസ്സുകളിലൂടെ നിങ്ങളെ നിർബന്ധപൂർവം കയറ്റിവിട്ടാൽ മാത്രം കരഗതമാവുന്ന ചില സംസ്കരണമുണ്ട്. തേയിലകൾ മികച്ച ചായപ്പൊടിയായി മാറണമെങ്കിൽ കുറേ ഉണക്കലും, പൊടിക്കലും, നിറം നൽകലും, അരിക്കലും ഒക്കെ കഴിയണം. അതില്ലാതെ തന്നെ മികച്ച ചായപ്പൊടി വേണം എന്ന് ആശിക്കുന്നത് അത്യാഗ്രഹമാണ്. മികച്ച മനുഷ്യരായി തീരാൻ ഇത്തരം ഒരു പ്രക്രിയക്ക് തയാറാവാനല്ലേ പ്രവാചക ചര്യ വിശ്വാസികളോട് അനുശാസിക്കുന്നത്?

ഒരുപക്ഷേ മനുഷ്യനെ ശാസനകൊണ്ട് നിലക്കു നിർത്താൻ പറ്റുന്നില്ലെങ്കിൽ നിസ്സാരമായ സൂക്ഷ്മജീവികൾ കൊണ്ട് പോലും നിയന്ത്രിക്കാൻ സാധിക്കുന്ന പടച്ച റബ്ബിനെ ഇപ്പോഴല്ലാതെ പിന്നെയെപ്പോഴാണ് ഒന്ന് സൗകര്യപൂർവം ധ്യാനിക്കുക! യുദ്ധവിമാനങ്ങളേക്കാൾ സോപ്പിനെ കുറിച്ച് ലോകം ചിന്തിക്കുന്ന കാലമാണ്. ആണവായുധങ്ങളേക്കാൾ മാസ്കിനെക്കുറിച്ച് ഓർക്കുന്ന കാലം. വംശീയ വേട്ട ആസൂത്രണം ചെയ്യുന്നവർ പോലും സ്വന്തം മാളങ്ങളിൽ ഇരിക്കുന്നു.

നിങ്ങൾ സ്വന്തം മരണത്തെക്കുറിച്ച് ധാരാളമായി ഓർത്തു കൊണ്ടിരിക്കുക എന്ന പ്രവാചക വചനത്തെ ഇത്രമേൽ പ്രാവർത്തികമാക്കാൻ സഹായിച്ച ഈ കോവിഡ് കാലത്ത് പ്രവാചക ശാസനകൾ ഉൾക്കൊണ്ട് റമദാനിന്റെ ചൈതന്യത്തിലേക്കും ഇഅ്തികാഫിന്റെ സംസ്കരണത്തിലേക്കും പ്രവേശിക്കാൻ തയാറാവുക എന്നല്ലാതെ വിശ്വാസിക്ക് മറ്റെന്തു ചെയ്യാനുണ്ട്! സംസ്കരണം നിർവഹിക്കപ്പെടുന്നവർക്കാണ് ജീവിക്കാൻ അർഹത, ഇഹലോകത്തായാലുംപരലോകത്തായാലും.

ഇതെഴുതുന്നയാൾ ഇസ്‌ലാമിക വിഷയങ്ങളിൽ പണ്ഡിതനല്ല. അതുകൊണ്ടുതന്നെ റമദാൻ, ഇഅ്തികാഫ് തുടങ്ങിയ അനുഷ്ഠാനങ്ങളെ കുറിച്ച് ആധികാരികമായി പറയാൻ അറിയുകയില്ല. അതേസമയം ഭൗതികവും ആത്മീയവുമായ കാര്യങ്ങൾ സമഞ്ജസമായി സമ്മേളിച്ച ഇത്തരം ഇസ്‌ലാമികമായ ആരാധനാരീതികളെ വല്ലാതെ മതിപ്പോടെ നോക്കിക്കാണുന്ന ഒരാളാണ്. എല്ലാ മനുഷ്യർക്കും പാലിക്കാനാവുന്ന രീതിയിൽ സന്നിവേശിപ്പിച്ച ഉപവാസവും ധ്യാനവും ഒക്കെ ശ്രദ്ധാപൂർവം നിർവഹിക്കപ്പെടുമ്പോഴാവാം രാത്രിയിൽ പ്രാർഥനയിൽ മുഴുകിയ സന്യാസിമാരും പകൽ സമൂഹത്തിനു വേണ്ടി അടരാടുന്ന അശ്വാരൂഢരായ പോരാളികളും ആവാൻ സാധിക്കുന്നത്. പരസ്പരപൂരകമാവുന്ന ഈ സവിശേഷത തന്നെയാണ് ഇസ്‌ലാമിനെ സവിശേഷമാക്കുന്നത്.

റമദാനിലെ അവസാനത്തെ പത്തു ദിവസം എല്ലാ പതിവുകളും വെടിഞ്ഞ് അല്ലാഹുവിൽ മാത്രം ശ്രദ്ധ കേന്ദ്രീകരിക്കുക. ഉപവാസം എന്നല്ലേ നോമ്പിന് മലയാളത്തിൽ പറയുക. ഉപ സമീപേ വസതി ഇതി ഉപവാസ എന്നാണ്. ആരുടെയോ അടുത്തിരിക്കൽ ആണത്. നമ്മൾക്ക് ഏറ്റവും ഇഷ്ടം തോന്നുന്ന, അല്ലെങ്കിൽ പ്രണയം തോന്നുന്ന ഒരാളുടെ അടുത്ത് ഇരിക്കാനല്ലേ നാം കൊതിക്കുക. നോമ്പെടുക്കുന്ന ഒരാൾ ആരുടെ കൂടെയാണ് ഏറ്റവും അടുത്തിരിക്കാൻ കൊതിക്കുക, പരമകാരുണികനായ അല്ലാഹുവിനൊപ്പമല്ലാതെ.

ഉപവസിക്കലിന്റെ പാരമ്യമായ ഇഅ്തികാഫിൽ നിന്ന് പോലും ഒരാവശ്യക്കാരനെ സഹായിക്കാനായി ഇറങ്ങിപ്പോവേണ്ടി വന്നാൽ അതിന്റെ പുണ്യത്തെ കുറിച്ച് കൂടിയുള്ള പ്രവാചക അധ്യാപനങ്ങൾ നാം വായിക്കുന്നു. അവനവനെ പോലെ അപരനെയും കരുതുന്ന മനുഷ്യസ്നേഹത്തിന്റെ ഈ ഉദാത്ത നിലവാരത്തിലേക്ക് സ്വന്തം സൃഷ്ടികൾ ഉയരുമ്പോൾ പടച്ച തമ്പുരാൻ സ്വർഗവാതിൽ തുറക്കാതിരിക്കുന്നതെങ്ങനെ? ●



# അല്ലാഹു എന്ന അനുഭവം


ലേഖനം/ സി.ടി സുഹൈബ്

ctsedayur@gmail.com

തോട്ടത്തിൽ അഭയം തേടിയ റസൂൽ (സ) ആകെ ക്ഷീണിച്ചിരുന്നു. കാലിൽനിന്നും രക്തമൊലിക്കുന്നുണ്ട്. പക്ഷേ ശരീരത്തിന്റെ വേദനയേക്കാൾ മനസ്സ് നീറിപ്പുകയുന്നുണ്ടായിരുന്നു. കാരണം, പ്രതീക്ഷയോടെയായിരുന്നു ത്വാഇഫിലേക്ക് പുറപ്പെട്ടത്. പക്ഷേ താൻ പറയുന്നതിന് ചെവി കൊടുക്കാൻ ആരും തയാറാകുന്നില്ല. കുടുംബക്കാരനാണെന്ന പരിഗണന പോലുമില്ലാതെയവർ അദ്ദേഹത്തിനു മുന്നിൽ വാതിലുകൾ കൊട്ടിയടച്ചു. പിന്തിരിഞ്ഞു പോരാൻ ഭാവമില്ലെന്ന് കണ്ടപ്പോൾ കുട്ടികളെ വിട്ട് കൂക്കി വിളിപ്പിച്ചു. കല്ലെറിഞ്ഞ് ഓടിക്കാൻ തുടങ്ങി. കല്ലേറ് കൊണ്ട് ചോരയൊലിക്കുന്ന കാലുകളുമായി റസൂൽ (സ) അവിടന്ന് ധൃതിയിൽ തിരിച്ചു നടന്നു. അങ്ങനെയാണ് ആ തോട്ടത്തിലെത്തിയത്. അലിവുള്ള തോട്ടക്കാരൻ വെള്ളവും ഭക്ഷണവും വിശ്രമ സൗകര്യവും നൽകി. വേദനിക്കുന്ന മനസ്സിന് ആശ്വാസമേകാൻ ജിബ്‌രീൽ ചാരത്ത് വന്നു. അവരെ നശിപ്പിച്ചുകളയട്ടേ എന്ന ചോദ്യത്തിന് അരുത്, അറിവില്ലാതെ ചെയ്തതല്ലേ, ഒരിക്കൽ ഈ വിശ്വാസത്തിന്റെ തീരത്തേക്ക് അവർ വരുമെന്ന പ്രതീക്ഷ പങ്കുവെച്ച് ജിബ്‌രീലിനെ തിരിച്ചയച്ചു. ശേഷം കൈകളുയർത്തി പ്രാർഥിച്ചു; തന്റെ ദുർബലതകളും നിസ്സഹായതയും തുറന്നു പറഞ്ഞുകൊണ്ട്: 'അല്ലാഹുവേ, നിനക്ക് എന്നോട് ദേഷ്യമില്ലെങ്കിൽ ഇതൊന്നും എനിക്കൊരു വിഷയമേയല്ല...'

ജീവിതത്തിലെ പ്രയാസങ്ങളിലും പ്രതിസന്ധികളിലും വിശ്വാസിയുടെ മനം കുളിർപ്പിക്കാനാകുന്ന വർത്തമാനമാണ് റസൂൽ (സ) നമ്മെ പഠിപ്പിക്കുന്നത്. അല്ലാഹുവിന് എന്നോട് ഒരു ദേഷ്യവുമില്ലെങ്കിൽ ഏതു പരീക്ഷണവും എനിക്ക് പ്രശ്നമല്ല. നിനക്ക് എന്നോട് ദേഷ്യമാണെങ്കിൽ ഏതനുഗ്രഹവും ഐശ്വര്യവും എനിക്ക് ശാപമാണ്. അല്ലാഹുവിന്റെ സ്നേഹവും പരിഗണനയും കാവലും ജീവിതത്തിന്റെ അനുഭവങ്ങളാക്കി മാറ്റാൻ കഴിയുമ്പോൾ ഏതു സാഹചര്യത്തെയും ശുഭാപ്തിയോടെ നേരിടാനുള്ള കരുത്ത് അത് പകർന്നു നൽകും.

നമ്മളെല്ലാം വിശ്വാസികളാണെന്നാണ് നമ്മൾ പറയാറുള്ളത്. എന്താണ് നമ്മളിലുള്ള വിശ്വാസത്തിന്റെ അ



വസ്ഥ? ഇടക്കൊന്ന് പുനരാലോചന നടത്തേണ്ടത് അനിവാര്യമാണ്. വിശ്വാസം ഈമാൻ എന്ന പദത്തിന്റെ മലയാള വിവർത്തനമാണ്. അത് പൂർണമായും പ്രസ്തുത ആശയത്തെ പ്രതിഫലിപ്പിക്കുന്നില്ല. അത് ഭാഷയുടെ പരിമിതിയാണ്. അല്ലാഹുവിലുള്ള വിശ്വാസമാണ് ഈമാനിന്റെ അടിത്തറ. അല്ലാഹുവിൽ വിശ്വസിക്കുന്നു എന്ന് പറയുമ്പോൾ അല്ലാഹു ഉണ്ടെന്ന അറിവാണോ അത്? അതോ, അല്ലാഹുവിന്റെ കഴിവുകളെ കുറിച്ച ബോധ്യങ്ങളോ?

അറിവും ബോധ്യവും വിശ്വാസത്തിന്റെ പ്രധാന ഭാഗമാണ്. പക്ഷേ ജീവിതത്തിൽ അല്ലാഹുവിനെ അനുഭവിക്കാൻ കൂടി കഴിയുമ്പോഴാണ് വിശ്വാസത്തിന് പ്രതിഫലനങ്ങളുണ്ടാവുക.

മദീനയിലേക്കുള്ള യാത്രയിൽ റസൂലും അബൂബക്റും ശത്രുക്കളുടെ കണ്ണ് വെട്ടിച്ച് സൗർ ഗുഹയിൽ വിശ്രമിക്കുന്ന സമയം. ഗുഹക്കു പുറത്ത് കാൽ പെരുമാറ്റം കേൾക്കുന്നു. സിദ്ദീഖുൽ അക്ബറി(റ)ന് ആശങ്കയായി; റസൂലേ, അവരെങ്ങാനും ഈ ഗുഹയിലേക്ക് കയറി നോക്കിയാൽ നമ്മെ രണ്ടു പേരെയും പിടികൂടില്ലേ? പ്രിയ കൂട്ടുകാരന്റെ ആശങ്കകൾ കണ്ട് യാതൊരു ഭാവമാറ്റവുമില്ലാതെ റസൂൽ (സ) പറഞ്ഞു: എന്തിനാണ് അബൂബക്റേ നമ്മൾ രണ്ടു പേരാണെന്ന് കരുതുന്നത്? മൂന്നാമതായി നമ്മളെ കൂടി പടച്ചവനില്ലേ. പിന്നെന്തിനാ പേടിക്കുന്നത്... അതാണ് ഈമാൻ. ഭയപ്പെടുത്തുന്ന സാഹചര്യങ്ങളിൽ അത് മനസ്സിന് നിർഭയത്വം നൽകും. അല്ലാഹു കൂടെയുണ്ടെന്ന ബോധം എല്ലാ ആശങ്കകളെയും അകറ്റും. അവിടെ അല്ലാഹുവിനെ അനുഭവിക്കാനാകും.

പുതിയ ആദർശത്തിലേക്ക് ആളുകൾ ധാരാളമായി കടന്നുവരുന്നത് മക്കയിലെ പ്രമാണിമാരെ അസ്വസ്ഥരാക്കി. പരിഹാസങ്ങളും മർദനങ്ങളും പീഡനങ്ങളും ആളുകളെ മുഹമ്മദിന്റെ മതത്തിൽനിന്നും പിന്തിരിപ്പിക്കുന്നില്ലെന്നു കണ്ടപ്പോൾ അവർ അടവൊന്ന് മാറ്റിപ്പിടിച്ചു. പ്രകോപനത്തിന്റെ വഴിവിട്ട് പ്രലോഭനത്തിന്റെ വഴി തേടി റസൂലിന്റെ അരികിലെത്തി. താങ്കൾക്ക് എന്തു വേണമെങ്കിലും ഞങ്ങൾ തരാം. പണമോ അധികാരമോ നൽകാം. ഇണയെ കണ്ടെത്തിത്തരാം. പകരം ഈ പണി നിർത്തണം. അവരുടെ മോഹന വാഗ്ദാനങ്ങൾക്ക് ചെറുപുഞ്ചിരിയോടെ അദ്ദേഹം മറുപടി പറഞ്ഞു: 'എന്റെ ഈ വലതു കൈയിൽ സൂര്യനെയും ഇടതു കൈയിൽ ചന്ദ്രനെയും വെച്ചു തന്നാൽ പോലും ഈ മാർഗത്തിൽനിന്ന് ഞാൻ ഒരിഞ്ചു പോലും പിറകോട്ടു പോകില്ല.' അല്ലാഹുവിലുള്ള വിശ്വാസത്തിന്റെ നിശ്ചയദാർഢ്യം നൽകുന്ന കരുത്താണ് ആ മറുപടി പറയാൻ അദ്ദേഹത്തെ പ്രാപ്തനാക്കിയത്. ഭൗതികാലങ്കാരങ്ങൾക്കു മുന്നിൽ കണ്ണ് മഞ്ഞളിച്ചുപോകാത്ത വിശ്വാസം മനസ്സിൽ അനുഭവവേദ്യമാകുമ്പോൾ ഈമാനിന്റെ സൗന്ദര്യം പ്രതിഫലിക്കും.

പാകിസ്താൻ കോടതി മൗലാനാ മൗദൂദിക്ക് വധശിക്ഷ വിധിച്ചിരിക്കുകയാണ്. പ്രതിഷേധ പ്രക്ഷോഭങ്ങളുയർന്നപ്പോൾ മാപ്പെഴുതി കൊടുത്താൽ ശിക്ഷ ഇളവു ചെയ്യാമെന്ന് ഭരണകൂടം ഓഫർ വെച്ചു. വിവരം അറിയിക്കാൻ ജയിലിലെത്തിയ സഹപ്രവർത്തകരോട് അദ്ദേഹം പറഞ്ഞതിങ്ങനെയായിരുന്നു: 'അബുൽ അഅ്‌ല ഇന്ന ദിവസം മരിക്കണമെന്ന് അല്ലാഹു നിശ്ചയിച്ചുവെച്ചിട്ടുണ്ടെങ്കിൽ ഒരു മാപ്പപേക്ഷക്കും അതിൽനിന്ന് രക്ഷപ്പെടുത്താനാകില്ല. അല്ല, അബുൽ അഅ്‌ല അങ്ങനെ മരിക്കേണ്ടതില്ലാ എന്നാണ് ദൈവനിശ്ചയമെങ്കിൽ ഒരു ഭരണകൂടത്തിനും ഒന്നും ചെയ്യാനും കഴിയില്ല.' അല്ലാഹുവിന്റെ തീരുമാനങ്ങളിലുള്ള അടിയുറച്ച വിശ്വാസം ജീവിതത്തിൽ, നിലപാടുകളായി പ്രതിഫലിക്കുന്നത് അവിടെ നമുക്ക് കാണാം.

നമ്മളഭിമുഖീകരിക്കുന്ന ജീവിത സാഹചര്യങ്ങളിൽനിന്നാണ് നമ്മുടെ ഈമാനിന്റെ കരുത്തിനെ നമുക്കളന്നെടുക്കാൻ കഴിയുക. ഒരു കച്ചവടക്കാരൻ, ലാഭമുണ്ടാക്കാനുള്ള ഒരുപാട് വഴികൾ അയാൾക്കു മുന്നിലുണ്ട്. എന്നാൽ പല വഴികളും സത്യസന്ധമായതല്ല. പക്ഷേ പൊതുവെ അയാൾക്കറിയുന്ന കച്ചവടക്കാർ പലരും ആ വഴിയിലൊക്കെ ലാഭമുണ്ടാക്കുന്നുമുണ്ട്. അവിടെ അയാളുടെ മനസ്സിലൊരു സംഘർഷം നടക്കുകയാണ്. ഒടുവിൽ അല്ലാഹുവിനിഷ്ടപ്പെടാത്ത വഴിയിൽ കിട്ടുന്നതൊന്നും തനിക്ക് വേണ്ട എന്ന് തീരുമാനിക്കുമ്പോഴാണ് അയാളുടെ ഈമാനിന്റെ കരുത്ത് പ്രകടമാവുക. അത്ര എളുപ്പമുള്ള തീരുമാനമാകില്ല അത്. ചിലപ്പോൾ നഷ്ടമുണ്ടാകും. ജീവിതം ഇടുക്കത്തിലാവാൻ സാധ്യതയുണ്ട്. പക്ഷേ ഭൗതിക ജീവിതത്തിന്റെ ഇടുക്കങ്ങളെ വിശാലമാക്കുന്ന ഈമാനിന്റെ കുളിർമ അയാൾക്ക് ആശ്വാസമേകും.

വിവരസാങ്കേതിക വിദ്യകൾ ഭാവനകളെ തോൽപിക്കുന്നു. ആഗ്രഹിക്കുന്നതെന്തും വിരലനക്കങ്ങൾക്കനുസരിച്ച്

മുന്നിൽ കാഴ്ചകളായി പ്രത്യക്ഷപ്പെടുന്ന കാലം. മനസ്സിലെ ചാപല്യങ്ങൾക്ക് മുന്നിൽ പരാജയപ്പെടാൻ എല്ലാ സാധ്യതകളുമുള്ള സമയം. അല്ലാഹുവിന് ഇഷ്ടപ്പെടാത്ത കാഴ്ചകളും സന്ദർഭങ്ങളും മുന്നിൽ തെളിയുമ്പോൾ വാതിലടച്ച് തിരിഞ്ഞു നടക്കുന്ന സമയത്ത് മനസ്സനുഭവിക്കുന്ന ഒരു നിർവൃതിയും സന്തോഷവുമുണ്ട്. അതാണ് ഈമാനിന്റെ മാധുര്യം. യൂസുഫ് നബി (അ) അനുഭവിച്ച ഈമാൻ അതായിരുന്നല്ലോ. സൗന്ദര്യവും പദവിയുമെല്ലാം തികഞ്ഞ പെണ്ണ് വാതിലടച്ച് വശീകരിക്കുമ്പോൾ, വഴങ്ങിക്കൊടുത്താൽ ലഭിക്കുന്നത് നേട്ടങ്ങളും നിരസിച്ചാൽ ജയിലറയുമാണ് കാത്തിരിക്കുന്നതെന്നറിഞ്ഞിട്ടും എന്റെ നാഥന്റെ ഇഷ്ടങ്ങളാണെനിക്ക് പ്രിയം എന്നു പറഞ്ഞ് തിരിഞ്ഞു നടക്കാൻ അദ്ദേഹത്തിനായത്, അല്ലാഹു എന്നത് കേവല അറിവായല്ല, അനുഭവമായി അദ്ദേഹം മനസ്സിൽ കൊണ്ടുനടക്കുന്നതു കൊണ്ടായിരുന്നു. നമ്മുടെ ആസ്വാദനങ്ങളുടെയും കാഴ്ചകളുടെയും കണക്കെടുപ്പിൽ നമ്മുടെ ഈമാനിന്റെ കരുത്തും അല്ലാഹു എന്ന അനുഭവവും എത്രകണ്ട് നമുക്കുള്ളിലുണ്ടെന്ന് ബോധ്യമാകും.

നമ്മുടെ മുൻഗണനകൾ തീരുമാനിക്കുന്നിടത്ത് അല്ലാഹുവിന് എവിടെ സ്ഥാനം നൽകുന്നു എന്നത് ഈമാനിന്റെ മറ്റൊരു അളവുകോലാണ്. വീട്ടുകാരെന്തു പറയും, കുടുംബക്കാരെന്തു വിചാരിക്കും, കൂട്ടുകാരെങ്ങനെ വിലയിരുത്തും, നാട്ടുകാരെന്തു കരുതും എന്നതല്ല, അല്ലാഹു എങ്ങനെ നോക്കിക്കാണും എന്നതായിരിക്കണം നമ്മുടെ നിലപാടുകളുടെയും തെരഞ്ഞെടുപ്പുകളുടെയും മാനദണ്ഡം. മകൾക്ക്/മകന് വിവാഹാലോചന നടക്കുന്നു. പല പരിഗണനകളും മനസ്സിലുണ്ട്. സമ്പത്ത്, കുടുംബം, സൗന്ദര്യം, ദീൻ. ഇതിൽ ബാക്കിയൊക്കെ തൃപ്തിയായതിനു ശേഷം മാത്രമാണ് ദീൻ പരിഗണിക്കുന്നതെങ്കിൽ അതാരുടെ മുൻഗണനയാണെന്ന് നമ്മളാലോചിക്കണം. ദീനിന് മുൻഗണന കൊടുത്ത് ബാക്കിയുള്ളത് ശേഷം പരിഗണിക്കുമ്പോൾ സമ്പത്തിന്റെയും കുടുംബ 'മഹിമ'യുടെയും തട്ട് താണിരിക്കും. കുടുംബക്കാരും മറ്റും ഉപദേശങ്ങളുമായി വന്നുകൊണ്ടിരിക്കും. പക്ഷേ, മറ്റുള്ളവരുടെ ഇഷ്ടത്തേക്കാൾ അല്ലാഹുവിന്റെ ഇഷ്ടമാണ് എനിക്ക് വലുതെന്ന് തീരുമാനിക്കാനാകുമ്പോഴാണ് അവിടെ ഈമാൻ തിളങ്ങിനിൽക്കുക. ഇപ്രകാരം നമ്മുടെ ജീവിതത്തിലെ ചെറുതും വലുതുമായ സന്ദർഭങ്ങളോട് നമ്മളെങ്ങനെ പ്രതികരിക്കുന്നു എന്നതിലൂടെ അല്ലാഹുവിലുള്ള വിശ്വാസം നമ്മളിലെത്ര മാത്രം സ്വാധീനമുണ്ടാക്കുന്നുണ്ടെന്ന് അളന്നെടുക്കാൻ നമുക്കാവും.

അല്ലാഹു മനസ്സിൽ നിറഞ്ഞുനിൽക്കുമ്പോഴാണ് അവനെ നമുക്കനുഭവിക്കാനാവുക. സ്നേഹമായും ഭയമായും കരുണയായും കരുത്തായും പ്രാർഥനയായും പ്രതീക്ഷയായും അവൻ നിറഞ്ഞു നിൽക്കണം. അതെങ്ങനെ സാധ്യമാകും? അല്ലാഹുവെക്കുറിച്ചുള്ള വിചാരം ജ്വലിപ്പിച്ചു നിർത്താൻ പല വഴികളും റസൂൽ (സ) നമുക്ക് പഠിപ്പിച്ചു തന്നിട്ടുണ്ട്. അല്ലാഹുവുമായുള്ള ബന്ധം മെച്ചപ്പെടുത്തണമെന്നാഗ്രഹിക്കുമ്പോൾ പലപ്പോഴും നമ്മൾ ചെയ്യാറുള്ളത്, പരമാവധി ഒരുപാട് കർമങ്ങൾ അങ്ങ് ചെയ്യലാണ്. സുന്നത്ത് നോമ്പും നമസ്കാരങ്ങളും ഖുർആൻ പാരായണവും സ്വദഖകളും ഒക്കെ വർധിപ്പിച്ച് വല്ലാത്തൊരു ആത്മീയാവസ്ഥ നാം നേടിയെടുക്കും. പക്ഷേ, അതിന് അൽപായുസ്സാണ് പലപ്പോഴും ഉണ്ടാകാറുള്ളത്. ആവേശം പെട്ടെന്ന് ചോർന്നുപോകും. കർമങ്ങൾ പഴയപടി കുറഞ്ഞുപോകും. ഈമാനിന്റെ അനുഭവങ്ങൾ താഴ്ന്നുപോകും. അതിനു പകരം ചെറിയ കർമങ്ങളാണെങ്കിലും സ്ഥിരമായി ചെയ്യുന്നതാകുക എന്നതാണ് ഒരു വഴി. റസൂൽ (സ) പറഞ്ഞിട്ടുണ്ടല്ലോ; 'അല്ലാഹുവിന് ഏറ്റവും ഇഷ്ടപ്പെട്ട കർമം സ്ഥിരമായി ചെയ്യുന്നവയാണ്, അതെത്ര കുറവായാലും ശരി.'

അത്തരത്തിൽ എന്നും നമ്മുടെ ജീവിതത്തിൽ കൊണ്ടുനടക്കാൻ കഴിയുന്ന ഒരു ഐഛിക കർമം നമ്മളിലുണ്ടാകണം. ഉദാഹരണത്തിന് ഒരു ദിവസം എഴുന്നേറ്റതു മുതൽ രാത്രി ഉറങ്ങുന്നതു വരെയുള്ള സമയങ്ങളിൽ നമ്മൾ ചെയ്യുന്ന കാര്യങ്ങൾക്ക് മുമ്പും ശേഷവുമൊക്കെ ഉരുവിടാനായി ചില ദിക്റുകളും പ്രാർഥനകളുമുണ്ടല്ലോ. അത് മനസ്സറിഞ്ഞ് സ്ഥിരമായി ചൊല്ലുമ്പോൾ അല്ലാഹു സദാ മനസ്സിൽ നിറഞ്ഞു നിൽക്കും. കാരണം അതൊന്നും കേവലം പുണ്യം നേടാനുള്ള പ്രാർഥനകൾ മാത്രമല്ല. നമ്മൾ എല്ലായ്പ്പോഴും അവന്റെ തീരുമാനങ്ങൾക്കുള്ളിലാണ് ചലിച്ചുകൊണ്ടിരിക്കുന്നതെന്ന ബോധം അവ സദാ നമ്മുടെ ഉള്ളിലുണ്ടാക്കും. രാവിലെ എഴുന്നേൽക്കുമ്പോൾ അവനെ സ്തുതിച്ചുകൊണ്ട് എഴുന്നേൽക്കുകയാണ്. ഞാൻ ഉറക്കത്തിലായിരുന്നു. എന്റെ നിയന്ത്രണം എന്റെ കൈയിലായിരുന്നില്ല. ഈ പ്രഭാതത്തിൽ കണ്ണുകൾ തുറക്കാനാകുമെന്നും കൈകാലുകൾ ചലിപ്പിക്കാനാകുമെന്നും എനിക്ക് യാതൊരു ഉറപ്പുമുണ്ടായിരുന്നില്ല. ഇതാ, എന്റെ റബ്ബ് ആരോഗ്യത്തോടെ മറ്റൊരു


## 'കിം' അറിയിപ്പ്

കേരളത്തിൽ സാമൂഹിക സേവന മേഖലയിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന കിം പോസ്റ്റൽ ലൈബ്രറിയുടെ പ്രവർത്തന ഫണ്ടിലേക്ക് ഉദാരമായി സംഭാവന നൽകണമെന്ന് അഭ്യർഥിക്കുന്നു.

സെക്രട്ടറി,
'കിം' പോസ്റ്റൽ ലൈബ്രറി, പി.ബി നമ്പർ 48,
ഒയാസിസ് കോമ്പൗണ്ട്, എം.പി റോഡ്,
കോഴിക്കോട് - 673001. ഫോൺ: **9495808689**

Bank: PUNJAB NATIONAL BANK, Pallikkandi Branch
**A/C No: 4329000100547092**
IFSC: PUNB0432900
Name: KIM CHARITABLE TRUST



പ്രഭാതത്തിലേക്കെന്നെ കൈപ്പിടിച്ചുയർത്തിയിരിക്കുന്നു. ഈ ബോധമാണ് ആ പ്രാർഥന നമ്മുടെ ഉള്ളിൽ നിറക്കുന്നത്. ബാത്ത് റൂമിൽനിന്ന് പുറത്തിറങ്ങുമ്പോൾ അല്ലാഹുവിന് നന്ദി പറയുന്നുണ്ട്. കാരണം എത്രയോ മനുഷ്യരുണ്ട്, ഒന്ന് മര്യാദക്ക് മൂത്രമൊഴിക്കാൻ കഴിയാതെ തടസ്സപ്പെട്ട് പ്രയാസമനുഭവിക്കുന്നവരായി. എന്നാൽ ഓരോ ദിവസവും ഒരു പ്രയാസവുമില്ലാതെ അതൊക്കെ നിർവഹിക്കാൻ എന്നെ സഹായിക്കുന്ന പടച്ചവനേ, നിനക്കാണ് സ്തുതികൾ!

ഭക്ഷണം കഴിക്കുക എന്ന പണിയല്ലേ നമ്മളെടുക്കുന്നുള്ളൂ. അത് നമ്മുടെ ആമാശയത്തിലെത്തി ദഹനം നടന്ന് വ്യത്യസ്തങ്ങളായ പ്രക്രിയകളിലൂടെ ശരീരത്തിനാവശ്യമുള്ള പോഷകങ്ങളാക്കി മാറ്റപ്പെടുന്നുണ്ട്. മാലിന്യങ്ങൾ പുറംതള്ളാൻ പ്രത്യേക സംവിധാനമുണ്ട്. ഒരു ഫാക്ടറി കണക്കെ ഇതെല്ലാം ഇങ്ങനെ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ഒരു നിയന്ത്രണവും നമ്മുടെ കൈയിലില്ല. ഭക്ഷണം കഴിച്ച് നമ്മളവനെ സ്തുതിക്കാൻ മറന്നാലും നമ്മൾ കഴിച്ച ഭക്ഷണം ദഹിപ്പിക്കാൻ അവൻ മറക്കാറില്ലല്ലോ. നമ്മൾ മറന്നാലും നമ്മളെ ഓർക്കുന്ന റബ്ബ്. ആ റബ്ബിനെ എങ്ങനെ സ്തുതിക്കാതിരിക്കാനാകും? ഇങ്ങനെ ഓരോ സന്ദർഭത്തിലെയും പ്രാർഥനയും ദിക്റും നമ്മുടെ ഉള്ളിൽ അല്ലാഹുവെ കുറിച്ച വിചാരങ്ങൾ നിറക്കുകയാണ്. ഇത് ജീവിതത്തിലെ ശീലമാക്കി മാറ്റിയാൽ തന്നെ അല്ലാഹു എന്നത് ഒരു ജീവിതാനുഭവമായി മാറ്റാൻ നമുക്കാകും.

ഖുദ്സിയായൊരു ഹദീസിലൂടെ റസൂൽ (സ) പഠിപ്പിക്കുന്നുണ്ട്. അല്ലാഹു പറയുകയാണ്: 'ഞാൻ നിർബന്ധമാക്കിയ കർമങ്ങളിലൂടെ ഒരടിമ എന്നിലേക്കടുക്കുന്നതാണ് എനിക്കേറ്റവുമിഷ്ടം. ഒരാൾ അതിനു പുറമെ ഐഛികമായ കർമങ്ങൾ ചെയ്തുകൊണ്ട് എന്നിലേക്ക് കൂടുതൽ അടുക്കും. അങ്ങനെ ഞാനവനെ സ്നേഹിച്ചു തുടങ്ങും. പിന്നെ അവൻ കേൾക്കുന്ന കാതുകൾ ഞാനായിത്തീരും. അവൻ കാണുന്ന കണ്ണുകൾ ഞാനായിത്തീരും. അവൻ നീട്ടുന്ന കരങ്ങൾ എന്റേതാകും. അവൻ നടക്കുന്ന കാലുകൾ എന്റേതാകും...'

അല്ലാഹു ഒരാളെ സ്നേഹിക്കുമ്പോഴുണ്ടാകുന്ന അനുഭൂതിയെക്കുറിച്ചാണ് പറയുന്നത്. അല്ലാഹു നമ്മളെ സ്നേഹിക്കുന്നുണ്ടെങ്കിൽ അവനിഷ്ടപ്പെടുന്നത് കാണാനും കേൾക്കാനും മാത്രമേ നമുക്ക് താൽപര്യമുണ്ടാകൂ. അവനിഷ്ടപ്പെടുന്ന കാര്യങ്ങൾ ചെയ്യുന്നതിലേ നമുക്ക് സന്തോഷമുണ്ടാകൂ. അവനിഷ്ടപ്പെടുന്ന വഴിയിൽ നടക്കാനേ നമുക്കാവുകയുള്ളൂ. അതൊരു പ്രത്യേകമായ പദവിയാണ്. ഈമാനിന്റെ മാധുര്യങ്ങളനുഭവിക്കാൻ കഴിയുന്ന അവസ്ഥ. പുറമേക്ക് പ്രയാസങ്ങളും പ്രതിസന്ധികളുമുണ്ടെങ്കിലും അകം ശാന്തമായിരിക്കും, മനസ്സിന് കുളിർമയുണ്ടാകും. ഈയൊരു നില നേടിയെടുക്കാനും അനുഭവിക്കാനും നമുക്കാവേണ്ടതുണ്ട്.

റമദാൻ നമുക്ക് അല്ലാഹുവെ അനുഭവിക്കാനുള്ള വാതിലുകൾ തുറന്നിട്ടു തരികയാണ്. റമദാനിനു ശേഷമുള്ള ജീവിതത്തിലേക്കുള്ള ഈമാനിക ഊർജം സംഭരിക്കാൻ ഈ മാസം നമുക്കാകണം. പുതിയ ശീലങ്ങളുണ്ടാക്കിയെടുക്കണം. ആ ശീലങ്ങളിൽ ചിലതൊക്കെ പതിവാക്കാൻ കഴിയണം. നന്മകളുടെ സുഗന്ധവും അനുഭൂതിയും ഭൗതികാലങ്കാരങ്ങളുടെ പൊലിമ കുറക്കുന്ന സമയമാണ്. അല്ലാഹുവോടുള്ള സ്നേഹത്തിന്റെയും പ്രതീക്ഷയുടെയും നനവ് ഉള്ളിൽ കിനിയണം. കരുണയുടെയും വിട്ടുവീഴ്ചയുടെയും തുറന്നിട്ട വാതിലുകൾ കടന്ന് അവനോട് ചേർന്നിരിക്കണം. നന്മകളൊക്കെയും, അതെത്ര ചെറുതാണെങ്കിലും പെറുക്കിയെടുത്ത് കൂട്ടിവെക്കണം. നോമ്പ് തുറക്കുമ്പോൾ വരണ്ടുണങ്ങിയ ഞരമ്പുകളെ നനയിക്കുന്ന വെള്ളത്തേക്കാൾ കുളിർമയോടെ നാഥന്റെ ഇഷ്ടത്തിനായി ജീവിച്ച ഒരു ദിനത്തിന്റെ നിർവൃതിയുടെ കുളിർമ മനസ്സിലനുഭവിക്കണം. രാത്രിയുടെ അന്ത്യയാമങ്ങളിൽ അവനു മുന്നിൽ സുജൂദിൽ കിടന്ന് ദുആ ഇരക്കണം. ഈമാനിന്റെ ചൈതന്യവും മാധുര്യവും അനുഭവിക്കുന്ന മനസ്സ് നേടിയെടുക്കണം. അതിന്റെ വെളിച്ചം ജീവിതത്തെ നയിച്ചാൽ മറ്റൊരു അലങ്കാരത്തിനും നമ്മെ നേർവഴിയിൽനിന്ന് തെറ്റിക്കാൻ ആവില്ല തന്നെ.

ഈമാൻ വിശ്വാസമായല്ല, അനുഭൂതിയായി വളർത്തിയെടുക്കണം. ഭയപ്പെടുത്തുന്ന സാഹചര്യങ്ങളിൽ നമുക്കത് നിർഭയത്വമാകണം, പ്രകോപനങ്ങൾക്കു മുന്നിൽ വിവേകമാകണം, പ്രലോഭനങ്ങൾക്കു മുന്നിൽ നിശ്ചയദാർഢ്യമാകണം, അരക്ഷിതാവസ്ഥകളിൽ ധൈര്യമാകണം, പ്രയാസങ്ങൾക്കും പ്രതിസന്ധികൾക്കുമിടയിൽ മനസ്സിന് കുളിർമയേകുന്ന നനവാകണം. ''ഞങ്ങളുടെ നാഥാ, ഞങ്ങളെ നീ നേർവഴിയിലാക്കിയ ശേഷം ഞങ്ങളുടെ മനസ്സുകളെ അതിൽനിന്ന് തെറ്റിച്ചുകളയരുതേ, നിന്റെ പക്കൽ നിന്നുള്ള കാരുണ്യം ഞങ്ങൾക്ക് നീ നൽകേണമേ. നീ അത്യുദാരനല്ലോ'' (3:8). ●

റഹീം ചേന്ദമംഗല്ലൂർ
raheemkcmr@gmail.com

## CCMT - 2020

CCMT - 2020 ചോയ്സ് ഫില്ലിംഗ് രജിസ്ട്രേഷൻ നടപടികൾ നീട്ടിവെച്ചു. ഏറ്റവും പുതിയ വിവരങ്ങൾക്ക് https://ccmt.nic.in/ എന്ന വെബ്സൈറ്റ് സന്ദർശിക്കണം. രാജ്യത്തെ അമ്പതിൽ പരം സ്ഥാപനങ്ങളിലെ എം. ടെക്ക്/എം. ആർക്ക്/എം. പ്ലാൻ പ്രോഗ്രാമുകളിലേക്ക് അപേക്ഷ സമർപ്പിക്കാൻ ഇതിലൂടെ സാധിക്കും. എൻ. ഐ. ടികൾ, ഐ. ഐ. ടികൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങളിലേക്ക് 2018,19,20 വർഷങ്ങളിലെ ഗേറ്റ് സ്കോറിന്റെ അടിസ്ഥാനത്തിലാണ് അപേക്ഷ സമർപ്പിക്കാൻ അവസരം. എൻ. ഐ. ടി ആന്ധ്രാപ്രദേശ്, സ്കൂൾ ഓഫ് പ്ലാനിങ് & ആർക്കിടെക്ചർ ഭോപ്പാൽ ഉൾപ്പെടെ അഞ്ച് സ്ഥാപനങ്ങൾ പുതുതായി ഈ വർഷം ഉൾപ്പെട്ടിട്ടുണ്ട്. ഡോക്യുമെന്റ് വെരിഫിക്കേഷന് ഓൺലൈൻ സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. മാളവ്യ നാഷ്നൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി(MNIT Jaipur)യാണ് അഡ്മിഷൻ കൗൺസലിംഗ് സംഘടിപ്പിക്കുന്നത്. അന്വേഷണങ്ങൾ ccmt2020help@mnit.ac.in എന്ന മെയിലിലേക്ക് അയക്കാം.

## ശ്രീചിത്രയിൽ എം. ഫിൽ, പി. എച്ച്. ഡി പ്രവേശനം

തിരുവനന്തപുരം ശ്രീചിത്ര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസ് & ടെക്നോളജിയിൽ എം. ഫിൽ, പി. എച്ച്. ഡി പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. മെയ് 25 വരെ ഓൺലൈനായി അപേക്ഷ നൽകാം. സ്ട്രീം, യോഗ്യത, മാനദണ്ഡങ്ങൾ അടങ്ങിയ വിശദമായ വിജ്ഞാപനം www.sctimst.ac.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. പി. എച്ച്. ഡി - 1000, എം. ഫിൽ - 500 എന്നിങ്ങനെയാണ് അപേക്ഷാ ഫീസ്. കൂടുതൽ വിവരങ്ങൾക്ക് ഇമെയിൽ: regoffice@sctimst.ac.in, ഫോൺ: 0471 - 2524269/649/289

## ശാസ്ത്ര - സാങ്കേതിക വിഷയങ്ങളിൽ ഉന്നത പഠനം

അക്കാദമി ഓഫ് സയന്റിഫിക് & ഇന്നൊവേറ്റിവ് റിസർച്ച് (ACSIR) ശാസ്ത്ര - സാങ്കേതിക വിഷയങ്ങളിൽ മാസ്റ്റേഴ്സ്, എം. ടെക്ക്, പി. എച്ച്. ഡി കോഴ്സുകളിലെ പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. പ്രവേശന പരീക്ഷ, ഇന്റർവ്യൂ എന്നിവയുടെ അടിസ്ഥാനത്തിലാണ് അഡ്മിഷൻ. ജൂൺ 15 - 17 തീയതികളിലായി പ്രവേശന പരീക്ഷ നടക്കും. ACSIR അക്കാദമി കേന്ദ്രങ്ങൾ ഉൾപ്പെടെ രാജ്യത്തെ പ്രമുഖ ഗവേഷണ സ്ഥാപനങ്ങളിൽ പ്രവേശനം ലഭിക്കും. വിശദ വിവരങ്ങൾ www.acsir.res.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. http://acsir.res.in/admission-process/ എന്ന ലിങ്കിലൂടെ ഓൺലൈനായിട്ടാണ് അപേക്ഷ നൽകേണ്ടത്. അവസാന തീയതി മെയ് 28. ഇമെയിൽ: admission2020@acsir.res.in

## എം. എസ്. സി നഴ്സിംഗ് ചെയ്യാം

പോസ്റ്റ് ഗ്രാജുവേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ എജുക്കേഷൻ & റിസർച്ച് (PGIMER) ചണ്ഡീഗഢ് നൽകുന്ന എം. എസ്. സി നഴ്സിംഗ് കോഴ്സുകൾക്ക് ഇപ്പോൾ അപേക്ഷ നൽകാം. ജൂൺ 14 -ന് നടക്കുന്ന പ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിലാണ് അഡ്മിഷൻ. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി മെയ് 18. അപേക്ഷാ ഫീസായ 1500 രൂപ ഓൺലൈനായി അടക്കാം. വിശദ വിവരങ്ങൾ അടങ്ങിയ പ്രോസ്പെക്ടസ് വെബ്സൈറ്റിൽ ലഭ്യമാണ്: www.pgimer.edu.in, ഫോൺ : 0172 - 2755257

## ഐ. സി. എം. ആർ റിസർച്ച് ഫെലോഷിപ്പ്

ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ച് (ICMR) ബയോമെഡിക്കൽ സയൻസസ്, സോഷ്യൽ സയൻസസ് മേഖലകളിൽ ഗവേഷണത്തിന് ഫെലോഷിപ്പുകൾ നൽകുന്നു. ദേശീയ തലത്തിൽ നടത്തുന്ന ഓൺലൈൻ പ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിലാണ് സെലക്ഷൻ. ചെന്നൈ, ബംഗ്ലൂരു, ഹൈദരാബാദ് ഉൾപ്പെടെ 12 പരീക്ഷാ കേന്ദ്രങ്ങളുണ്ട്. ബന്ധപ്പെട്ട വിഷയത്തിൽ 55 ശതമാനം മാർക്കോടെ എം. എസ്. സി/ എം. എയാണ് യോഗ്യത. വിവരങ്ങൾക്ക്: https://www.icmr.gov.in/, http://pgimer.edu.in. അപേക്ഷ സമർപ്പിക്കാനുള്ള അവസാന തീയതി മെയ് 27.

## CITD -ൽ ഓൺലൈൻ കോഴ്സുകൾ

സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂൾ ഡിസൈൻ (CITD) ഹൈദരാബാദ് ടൂൾ എഞ്ചിനീയറിംഗ്, ഇ. എസ്. ഡി. എം, മെക്കാട്രോണിക്സ് എന്നിവയിൽ ഓൺലൈൻ പരിശീലന കോഴ്സുകൾ നൽകുന്നു. എല്ലാ മാസവും ഒന്നാമത്തെയും മൂന്നാമത്തെയും ബുധനാഴ്ചയാണ് ബാച്ചുകൾ ആരംഭിക്കുക. വിശദ വിവരങ്ങൾക്ക് https://www.citdindia.org/pdfs/courses-in-vlsi-es.pdf കാണുക. ഒരു മാസമാണ് കോഴ്സ് കാലാവധി.

## അപേക്ഷാ തീയതി നീട്ടി

എൻ. സി. ഇ. ആർ. ടി അധ്യാപക പരിശീലന പ്രോഗ്രാമുകളിലെ പ്രവേശനത്തിന് നടത്തുന്ന കോമൺ എൻട്രൻസ് എക്സാമിനേഷന് ഓൺലൈൻ അപേക്ഷ സമർപ്പിക്കാനുള്ള സമയം മെയ് 30 വരെ നീട്ടി. അപേക്ഷ നൽകാനും മറ്റ് വിശദ വിവരങ്ങൾക്കും www.cee.ncert.gov.in എന്ന വെബ്സൈറ്റ് കാണുക.



# ജീവിതത്തിലെ കോവിഡ് പരീക്ഷണ കാലം

അനുഭവം / എം.സി മുഹമ്മദ് ഫവാസ്

മരണത്തെക്കുറിച്ച ചിന്തകൾ വേട്ടയാടാറുണ്ട് ഇടക്കിടെ. ആയിടക്കാണ് ഇണയോടുള്ള ഫോൺ സംഭാഷണത്തിനിടയിൽ, അവൾ പറഞ്ഞത്, പ്രസവവേദന മരണവേദനയുടെ പകുതി വരുമെന്ന്. അതവൾ അനുഭവിച്ചിട്ടുണ്ടായിരുന്നു. അതിനുശേഷം എപ്പോഴോ മരണചിന്ത ഇത്തിരി കുറഞ്ഞു. അതിനിടക്കാണ് കൊറോണാ മഹാമാരി ചൈനയെ പിടിച്ചുകുലുക്കുന്നത്. പിന്നീടത് ലോകത്തിന്റെ പല ഭാഗത്തും താണ്ഡവമാടി. അതിനിടയിൽ അത് ഇവിടെയുമെത്തി, പ്രവാസികളായ ഞങ്ങളെ വിറപ്പിക്കാൻ തുടങ്ങി. പിന്നീടങ്ങോട്ട് ടി. വിയിലും ഓഫീസിലും റൂമിലുമൊക്കെ സംസാരവിഷയം കൊറോണ മാത്രം. എങ്ങനെ അതിനെ പ്രതിരോധിക്കാം, ആർക്കൊക്കെ വരും, വന്നവർക്ക് എന്തു സംഭവിക്കും, അങ്ങനെ കൂലങ്കഷമായ ചർച്ചകൾ. നിത്യരോഗികളും പ്രായമായവരും വല്ലാതെ ബേജാറിലായി. കഴിവിന്റെ പരമാവധി അവരെ ആശ്വസിപ്പിച്ചു. ചർച്ചകളുമായി ആഴ്ചകൾ കടന്നുപോയി.

ഒരു ബുധനാഴ്ച ഉച്ചനേരം. ശരീരത്തിനുള്ളിൽ ചെറുതായി ചൂട് അനുഭവപ്പെടുന്നു. റൂമിലുള്ള ഒരാളുടെ അടുത്തുനിന്ന് പനിക്കുള്ള ഗുളിക വാങ്ങി കുടിച്ചു. ഗുളിക വാങ്ങിയതും കുടിച്ചതും റൂമിൽ പരസ്യമായി. തൊട്ടുരുമ്മിയും മുസ്വല്ലയിൽ ഒന്നിച്ച് നമസ്കരിച്ചും ഒരേ പാത്രത്തിൽ നിന്ന് ഭക്ഷിച്ചും കഴിഞ്ഞിരുന്ന ഞങ്ങൾക്കിടയിൽ പെട്ടെന്ന് ഒരു അകലം. പരസ്പരം മുട്ടാതെയും, ഞാൻ നമസ്കരിച്ച മുസ്വല്ലയിൽ അവർ നമസ്കരിക്കാതെയും, ഒറ്റക്ക് ഭക്ഷണം കഴിച്ചും... അങ്ങനെ. വല്ലാത്തൊരു അനുഭവം. ഞങ്ങളിലേക്കും ആ വില്ലൻ വലിഞ്ഞു കയറിയോ എന്ന ദുഃഖഭാരത്താൽ ആ രാത്രിക്ക് തിരശ്ശീല വീണു.

പാതി ഉറക്കത്തിൽ നിന്ന് പെട്ടെന്ന് ഉണർന്നു. പിന്നീടങ്ങോട്ട് ചിന്തകളുടെ പ്രവാഹം. മരണം, എങ്ങനെയായിരിക്കും അത്! ഒരുപാട് പ്രയാസം നിറഞ്ഞതാകുമോ? അവസാനമായി എന്റെ ദേഹം ഒന്നു കാണാൻ കൊതിക്കുന്നവർക്ക് പോലും ഒന്നു കാണാൻ പറ്റാതെ, എന്റെ മയ്യിത്ത് നമസ്



കാരം ജമാഅത്തായി നിർവഹിക്കാൻ പറ്റാതെ ഈ മണലാരണ്യത്തിൽ ഖബ്റടക്കുമോ? അങ്ങനെ കുറേ മരണ ചിന്തകൾ. ആ മരണം ഇങ്ങെത്തിയോ എന്ന ഭയത്താൽ ശരീരത്തിന് ചൂടു കൂടി വന്നു. മനസ്സിന് ആശ്വാസം നൽകുന്ന ഖുർആൻ ആയത്തുകളും ചരിത്രസംഭവങ്ങളും ഓർത്തെടുത്തു. അതിൽ എനിക്ക് ഏറ്റവും ഇഷ്ടമുള്ള രണ്ട് ആയത്തുകൾ, 'അല്ലയോ ശാന്തി നേടിയ ആത്മാവേ... നീ നിന്റെ നാഥങ്കലേക്ക് തൃപ്തിപ്പെട്ടവനായും തൃപ്തി നേടിയവനായും തിരിച്ചുചെല്ലുക' (89: 27, 28), 'എന്റെ ദാസന്മാർ എന്നെപ്പറ്റി നിന്നോട് ചോദിച്ചാലോ; ഞാൻ അടുത്തുതന്നെയുണ്ട്. എന്നോടു പ്രാർഥിച്ചാൽ പ്രാർഥിക്കുന്നവന്റെ പ്രാർഥനക്ക് ഞാനുത്തരം നൽകും. അതിനാൽ അവരെന്റെ വിളിക്കുത്തരം നൽകട്ടെ. എന്നിൽ വിശ്വസിക്കുകയും ചെയ്യട്ടെ. അവർ നേർവഴിയിലായേക്കാം' (2: 186). ഇതു രണ്ടും പറഞ്ഞിരിക്കുന്നത് എന്റെ നാഥൻ ആയിരിക്കെ, എവിടേക്ക് പോയാലും അവൻ കൂടെ ഉണ്ടാവുമല്ലോ. പിന്നെ ഇവിടെ നിൽക്കുമ്പോൾ ഞാൻ എന്തിനു ഭയപ്പെടണം! മനസ്സിന് ധൈര്യം നൽകി വീണ്ടും ഉറക്കമായി.

ഓഫീസിലേക്ക് പോകാൻ വേണ്ടി എഴുന്നേൽക്കാൻ നോക്കിയപ്പോൾ തലപൊക്കാൻ പറ്റാത്ത വേദനയും കഠിനമായ പനിയും. അവിടെ തന്നെ കിടന്നു. തെല്ലു കഴിഞ്ഞ് ഓഫീസിലുള്ള സുഡാനി എഞ്ചിനീയറോടൊപ്പം ഡോക്ടറെ കാണിക്കാൻ ഹോസ്പിറ്റലിലേക്ക് ഇറങ്ങി. പക്ഷേ, വണ്ടിയിൽനിന്ന് തീരുമാനം മാറി. സായിദ് സ്പോർട്സ് സിറ്റിയിലുള്ള Drive through എന്ന സ്ഥലത്ത് പോയി കൊറോണാ ടെസ്റ്റ് ചെയ്യാൻ തീരുമാനിച്ചു. വാഹനങ്ങളുടെ നീണ്ട ക്യൂ. ഏതായാലും വന്നതല്ലേ എന്നു കരുതി ക്യൂവിൽ നിന്നു. ഒരു മണിക്കൂറിലധികം വണ്ടിയിൽ ഇരുന്നിട്ടും വണ്ടി നീങ്ങിയത് ഏകദേശം ഒരു മീറ്റർ. ആ ഇരുത്തത്തിൽ തലവേദന വീണ്ടും കൂടി. ഛർദിച്ചേക്കുമോ എന്നു തോന്നി. ഇങ്ങനെ ക്യൂവിൽ നിന്നാൽ നേരം വെളുക്കും എന്നു കരുതി അവിടെനിന്നും വണ്ടി തിരിച്ചു അബൂദബി ടൗണിലുള്ള Cleveland clinic ഹോസ്പിറ്റലിലേക്ക് വിട്ടു, ടെസ്റ്റ് ചെയ്തു.

രണ്ടു ദിവസം കഴിഞ്ഞ് ഒരു കോൾ വന്നു. ഹോസ്പിറ്റലിൽ നിന്ന് ഡോക്ടറാണ്. റിസൾട്ട് പോസിറ്റീവ് ആണെന്നും അന്നേ ദിവസം ഉച്ചക്ക് ഒന്നരക്ക് ഹോസ്പിറ്റലിൽ റിപ്പോർട്ട് ചെയ്യണമെന്നും അറിയിച്ചു. യൂത്ത് ഇന്ത്യ തങ്ങളുടെ പ്രവർത്തകർക്ക് കൗൺസലിംഗ് നൽകാൻ ചിലരെ ചുമതലപ്പെടുത്തിയിരുന്നു. എന്നെ ചുമതലപ്പെടുത്തിയ ആ സഹോദരനെ വിളിച്ചു ഞാൻ കാര്യം പറഞ്ഞു. അങ്ങനെ ഒന്നരക്ക് ഹോസ്പിറ്റലിൽ റിപ്പോർട്ട് ചെയ്തു. പ്രാഥമിക ചെക്കപ്പും അന്വേഷണവും കഴിഞ്ഞ ശേഷം അവർ എന്നോട് ഹോം ക്വാറന്റൈനിൽ പോകാൻ പറഞ്ഞു. 14 ദിവസം ആരുമായും സംസർഗം പാടില്ലെന്നും അറിയിച്ചു. ഹോസ്പിറ്റലിൽ നിന്ന് പുറത്തിറങ്ങി. പിന്നീടങ്ങോട്ട് വിവരമറിഞ്ഞ പ്രവർത്തകരുടെയും നേതാക്കളുടെയും സുഹൃത്തുക്കളുടെയും ഫോൺ വിളികൾ. അവർ നൽകിയ ധൈര്യവും ആത്മവിശ്വാസവും ചെറുതായിരുന്നില്ല.

ബാച്ചിലറായി 10 ആളുകളോടൊപ്പം താമസിക്കുന്ന എനിക്ക് ഒറ്റക്കൊരു റൂം എവിടെന്ന് കിട്ടാൻ! ഒരു ഐസൊലേഷൻ റൂം കിട്ടാൻ പ്രവർത്തകരും നേതാക്കളും ഒരുപാട് ശ്രമിച്ചു. കുറച്ചു കഴിഞ്ഞപ്പോൾ ഏതാണ്ട് ഒരു റൂം റെഡിയായി. ഞാൻ വീണ്ടും ഹോസ്പിറ്റലിൽ ചെന്നു, ഞാൻ നിൽക്കുന്നത് ഒരു ക്യാമ്പിൽ ആണെന്നും എനിക്ക് ഒറ്റക്ക് ഒരു റൂം കിട്ടില്ലെന്നും അറിയിച്ചു. എന്നെ അവിടെ തന്നെ ഇരുത്തി. ഏതാണ്ട് വൈകുന്നേരമായി, ഉച്ചക്ക് ഒന്നും കഴിക്കാത്തതുകൊണ്ട് നല്ല തലവേദനയും വിശപ്പും. ഇത് എങ്ങനെയോ അറിഞ്ഞു നമ്മുടെ ഒരു പ്രവർത്തകൻ സുഹൈൽ ഭക്ഷണവുമായി ഹോസ്പിറ്റലിൽ വന്നു. പുറത്ത് ആ ഭക്ഷണപ്പൊതി വെച്ച് അദ്ദേഹം തെല്ലു മാറിയപ്പോൾ ഞാൻ പോയി അത് എടുത്തു. ആ രംഗം ഹൃദയത്തിൽ വല്ലാത്ത വിങ്ങലുണ്ടാക്കി. ഭക്ഷണപ്പാത്രം തുറന്നു, അൽഹംദു ലില്ലാഹ്.

കുറച്ചു കഴിഞ്ഞ് ഹോസ്പിറ്റലിൽ തന്നെ അഡ്മിറ്റ് ചെയ്തു. സ്നേഹപൂർവമുള്ള പരിചരണമാണ് അവിടെ ഉള്ളവർ നൽകിയത്. ജാഗ്രതയോടെയും അകലം പാലിച്ചുമാണെങ്കിലും മനസ്സുകളെ കീഴടക്കിയ സ്നേഹ പരിചരണം. മൂന്നു ഘട്ടമായി എടുത്ത എല്ലാ പരിശോധനാ ഫലങ്ങളും പോസിറ്റീവ് ആയിരുന്നു. നാട്ടിലും വീട്ടിലും അറിയിച്ചില്ല. അറിഞ്ഞാൽ മാതാപിതാക്കളും ഇണയും പ്രായമായ മറ്റുള്ളവരും പ്രയാസപ്പെടും എന്നു കരുതി. മോളുടെ കളികൾ കാണിക്കാൻ ചിലപ്പോൾ ഇണ വീഡിയോ കോൾ ചെയ്യാറുണ്ടായിരുന്നു. അവൾക്ക് എന്തെങ്കിലും സംശയം തോന്നാതിരിക്കാനായി ഞാൻ ഫോണിന്റെ മുൻ കാമറ സ്റ്റിക്കർ കൊണ്ട് മറച്ചു. രണ്ടു ദിവസം കഴിഞ്ഞു. അവളോട് പറയുന്നതാണ് ഉചിതമെന്ന് തോന്നി. പിന്നീട് കാര്യങ്ങൾ പറഞ്ഞു മനസ്സിലാക്കി.



ഇതിനിടയിൽ യൂത്ത് ഇന്ത്യയുടെയും ഐ. സി. സിയുടെയും മുസഫ്ഫ മേഖലാ പ്രസിഡന്റുമാർ ഒരു ഉത്തരവാദിത്തം ഏൽപ്പിച്ചു. ക്വാറന്റൈൻ കഴിഞ്ഞു വരുമ്പോൾ കാർകുൻ ആവാൻ റെഡിയായി വരണം എന്നു പറഞ്ഞു. ഇതുകേട്ട് കുറച്ചധികം ചിരിച്ചു പോയി. എത്ര ക്രിയാത്മകമായാണ് ഒരു പ്രസ്ഥാനം അതിന്റെ പ്രവർത്തകരുടെ ആരോഗ്യവും ഒഴിവുസമയവും ഉപയോഗപ്പെടുത്താൻ ഉദ്ബോധിപ്പിക്കുന്നത്? എന്താവശ്യമുണ്ടെങ്കിലും അറിയിക്കാൻ മടിക്കരുത് എന്നും ഫോൺ സംഭാഷണം അവസാനിപ്പിച്ചുകൊണ്ട് പ്രസിഡന്റ് പറഞ്ഞു. ഒരുപാട് സുഹൃത്തുക്കളും കുടുംബക്കാരും സഹപ്രവർത്തകരുമെല്ലാം എനിക്ക് മനോധൈര്യം പകർന്നുതന്നു കൊണ്ടിരുന്നു.

അഞ്ചു ദിവസത്തെ ഹോസ്പിറ്റൽ ഐസോലേഷനു ശേഷം മറ്റു ശാരീരിക പ്രയാസങ്ങളൊന്നും ഇല്ലാത്തതുകൊണ്ട് അബൂദബി ഹെൽത്ത് ഡിപ്പാർട്ട്മെന്റിനു കീഴിലുള്ള ഹ്യൂമാനിറ്റേറിയൻ സിറ്റിയിലേക്ക് മാറ്റും എന്ന് ഡോക്ടർ അറിയിച്ചു. ആറാം ദിവസം പന്ത്രണ്ടരയോടെ പുതിയ ക്യാമ്പിലേക്ക് പോകാൻ റെഡിയായി നിന്നു. ഇതേസമയം വരേണ്ടിയിരുന്ന ബസ് വന്നത് ഒരു മണിക്കൂർ കഴിഞ്ഞ്. പോലീസ് വന്നാലേ ബസ് എടുക്കാൻ പറ്റൂ എന്ന് സെക്യൂരിറ്റി ജീവനക്കാർ. അങ്ങനെ നീണ്ട കാത്തിരിപ്പ്. നാലു മണിക്കൂറിലധികം കാത്തിരിപ്പും ബസ്സിലെ അസഹ്യമായ തണുപ്പും കാരണം മൂത്രമൊഴിക്കുകയല്ലാതെ നിവൃത്തിയില്ലെന്നായി. ഇക്കാര്യം ബസ് ഡ്രൈവറെ അറിയിച്ചു. അദ്ദേഹമത് സെക്യൂരിറ്റി ജീവനക്കാർക്ക് കൈമാറി. പോലീസ് വരാൻ സാധ്യതയുണ്ടെന്നു പറഞ്ഞ് സെക്യൂരിറ്റി ജീവനക്കാരൻ മൂത്രമൊഴിക്കാൻ പോവാൻ സമ്മതിച്ചില്ല. പ്രയാസത്തിന്റെ ആധിക്യത്താൽ ഞാൻ ഒരുപാട് കെഞ്ചി പറഞ്ഞെങ്കിലും, അവർ അത് കൂട്ടാക്കിയില്ല. വീണ്ടും കുറച്ചു നേരം കാത്തു. പോലീസ് വരുന്നുമില്ല. ഒടുവിൽ ബാഗിലുണ്ടായിരുന്ന കുടിവെള്ളത്തിന്റെ കുപ്പി എടുത്തു, അതിലാണെങ്കിലോ നിറയെ വെള്ളം. പകുതി കുടിച്ചു, ബസിന്റെ സെന്ററിലേക്ക് ഇറങ്ങി സീറ്റിനോട് ചാരിനിന്നു, ഞാനെന്റെ ആവശ്യം ആ കുപ്പിയിൽ സാധിച്ചു. കുപ്പി നിറഞ്ഞപ്പോൾ അവിടെ പിടിച്ചുനിർത്തി. അൽഹംദു ലില്ലാഹ്, വളരെ ആശ്വാസമായി.

ഇതിനുശേഷം മുക്കാൽ മണിക്കൂർ കഴിഞ്ഞ് ഡ്രൈവർ വന്നു മൂത്രമൊഴിക്കേണ്ടവർക്ക് പോകാമെന്ന് അറിയിച്ചു. ഞാൻ കുപ്പിയെടുത്ത് ടോയ്‌ലറ്റിൽ പോയി കുപ്പിയും ബാക്കിയുള്ള മൂത്രവും അവിടെ ഉപേക്ഷിച്ചു. അങ്ങനെ അഞ്ചാറു മണിക്കൂറിനു ശേഷം പോലീസ് വന്നു. ബസ് അവരുടെ പിറകെ പുതിയ ക്യാമ്പിലേക്ക് പോയി. മഗ്‌രിബിനു മുന്നായി ക്യാമ്പിൽ എത്തി. ഉച്ചക്ക് ഒന്നും കഴിക്കാത്തതുകൊണ്ട് നല്ല വിശപ്പ്. കിട്ടിയ റൂം ഒന്ന് അരിച്ചുപെറുക്കി. ഒരു ത്രീ ഇൻ വൺ കോഫിയും ഒരു വെള്ളം കുപ്പിയും. കുപ്പിയിലുള്ള പകുതി വെള്ളം കുടിച്ച് കോഫി അതിലിട്ടു കുടിച്ചു. നല്ല കൂൾ കോഫി. കുറച്ച് ആശ്വാസം തോന്നി. കുറച്ചു കഴിഞ്ഞ് രാത്രിക്കുള്ള ഭക്ഷണം വന്നു.

അങ്ങനെ എത്ര ദിവസം എന്നറിയാത്ത ക്വാറന്റൈന് തുടക്കമായി. നിത്യ കാര്യങ്ങൾ ചെയ്യാൻ എന്റെ അടുത്ത് ഒന്നും ഉണ്ടായിരുന്നില്ല. ഇതറിഞ്ഞ ഒരു സഹോദരൻ എല്ലാം കൊണ്ടുവന്നു തന്നു.

ഇതിനിടയിൽ ഒരുപാട് അനുഭവങ്ങൾ. മറക്കാൻ പറ്റാത്ത ഒരു അനുഭവം പറയാം. ക്വാറന്റൈൻ ഉത്സവമാക്കാൻ വന്നതാണെന്നു തോന്നിക്കുമാറ് പാട്ടിലും ഉച്ചത്തിലുള്ള സംസാരത്തിലും മുഴുകിയിരുന്നു ചില ആളുകൾ. റൂമിൽ ഇരിക്കണം എന്ന് അധികൃതർ വാണിംഗ് കൊടുത്തു. ആരും കേട്ട ഭാവം നടിച്ചില്ല. ദിവസങ്ങൾ കഴിഞ്ഞു. പെട്ടെന്നൊരു ദിവസം വരാന്തയിൽ ഭയങ്കര ബഹളവും അടിയുടെ ശബ്ദവും. ഞാൻ വാതിൽ ഒന്ന് തുറന്ന് അതിനേക്കാൾ വേഗത്തിൽ അടച്ചു. ഒരു കൂട്ടം വെള്ള രൂപങ്ങൾ അവരുടെ കൈയിൽ പോലീസിന്റെ കൈയിലുള്ള ലാത്തി. വരാന്തയിൽ കാണുന്നവരെ അടിക്കുകയും വിരട്ടുകയുമാണ്. എന്റെ മുന്നിലൂടെയും അവർ കടന്നുപോയി. അപ്പോൾ എന്റെ ഡോറിൽ ഒരാൾ മുട്ടുന്നു. വാതിൽ തുറന്നു നോക്കി, രാത്രിഭക്ഷണം ആയിരുന്നു. അതെടുത്തു ഞാൻ റൂമിൽ കൊണ്ടുവന്നു വെച്ചു. തിരിച്ച് ഡോർ പൂട്ടാൻ പോയതായിരുന്നു. ഇതുകണ്ട ഒരു വെള്ള രൂപം എന്റെ ഡോറിന് നേരെ വന്നു. ഞാൻ ഡോർ അടച്ചു. അയാൾ ഡോർ തുറന്നു ഉള്ളിൽ കയറി കൈയിലുണ്ടായിരുന്ന വടികൊണ്ട് കാലിന്റെ തുടയിലൊരടി. കീശയിൽ ഫോൺ ഉണ്ടായതുകൊണ്ട് അടി ഫോണിലാണ് കൊണ്ടത്. ഫോൺ ചെറുതായൊന്ന് ഒടിഞ്ഞു. അൽപ്പം പേടിച്ചാണ് ആ രാത്രി കഴിച്ചുകൂട്ടിയത്.

അങ്ങനെ വീണ്ടും നാലു ചുവരുകൾക്കുള്ളിൽ ഏകാന്തവാസം. റൂമിന് ഒരു ജനലുണ്ട്. അതിലൂടെ എപ്പോൾ നോക്കിയാലും ഒരേ ആകാ



ശവും ഇന്റർലോക്ക് പതിച്ച മുറ്റവും. നിലാവിൽ നക്ഷത്രങ്ങൾ മിന്നിമിന്നി കഥകൾ പറയുന്നുണ്ട് എന്ന് പറഞ്ഞ കവിതകളും കഥകളും വെറും കെട്ടുകഥകൾ മാത്രം.

അന്യായമായി ജയിലിലടക്കപ്പെട്ട നമ്മുടെ സഹോദരങ്ങൾ എത്ര മാത്രം പ്രയാസമനുഭവിക്കുന്നുണ്ടാവുമെന്ന് മനസ്സിലായി. എനിക്കിവിടെ കിടക്കാൻ കട്ടിലുണ്ട്, ഇന്റർനെറ്റ് സൗകര്യമുണ്ട്, മറ്റു പലതുമുണ്ട്. അപ്പുറം നല്ല വൃത്തിയുള്ള വെള്ളച്ചുമരുകൾ, അവർക്ക് അത് പോലുമില്ലല്ലോ.

മനസ്സ് വീണ്ടും വീണ്ടും തിന്മകളിലേക്ക് പ്രേരിതമാവുമെങ്കിലും നാഥനുമായി ഒറ്റക്കായ ആ ദിനരാത്രങ്ങൾ ഞാൻ ഹൃദ്യമാക്കി. അവൻ തന്റെ അടിയാറുകളോട് സംഭാഷണം നടത്തുകയാണല്ലോ വിശുദ്ധ ഖുർആനിലൂടെ. ആ പാരാവാരത്തിലേക്ക് ഒന്നിറങ്ങി നോക്കാൻ ഞാനും ഒരു ശ്രമം നടത്തി നോക്കി. ഉറക്കം നഷ്ടപ്പെടുത്തുന്ന പലതരം ചിന്തകൾ. പലപ്പോഴും അർധ രാത്രി ഉണരും. പിന്നീട് എത്ര ഉറങ്ങാൻ ശ്രമിച്ചാലും ഉറക്കം വരില്ല. പിന്നെ വുദൂവെടുത്ത് തഹജ്ജുദ് നമസ്കാരം. അല്ലാഹുവുമായുള്ള ദീർഘസംഭാഷണം. പിന്നെ സ്വുബ്ഹ് നമസ്കാരം. അൽപനേരം ഖുർആൻ തഫ്സീർ വായന. സൂര്യനുദിച്ചതിനു ശേഷം ളുഹാ നമസ്കാരം. അത് കഴിഞ്ഞു ഉറങ്ങാൻ ശ്രമിക്കും. ചിന്തയിൽ മുഴുകവെ ഉറക്കത്തിലേക്ക് വഴുതി വീഴും. നാഥനോട് തെറ്റുകൾ ഏറ്റുപറഞ്ഞ്, പ്രശാന്ത മനസ്സോടെയുള്ള ആ ഉറക്കം ഏറെ ധന്യമായിരുന്നു.

ആ ദിവസങ്ങളിലാണ് പുണ്യങ്ങളുടെ പൂക്കാലമായ റമദാൻ അതിഥിയായി എത്തിയത്. വളരെ ധന്യമായ ദിനരാത്രങ്ങൾ. ഞാനും എന്റെ നാഥനും മാത്രം. കരഞ്ഞു തെറ്റുകൾ ഏറ്റുപറഞ്ഞ നിർവൃതി. ആദ്യത്തെ മൂന്ന് നോമ്പ് എടുത്തെങ്കിലും, നോമ്പെടുക്കുന്നത് പ്രയാസമാവുമെന്ന് ഡോക്ടർ വിധിയെഴുതിയപ്പോൾ തൽക്കാലം നോമ്പ് എടുക്കേണ്ട എന്ന് തീരുമാനിച്ചു.

ക്വാറന്റൈൻ ജീവിതാനുഭവം ഒരുപാട് പാഠങ്ങൾ നൽകിയിട്ടുണ്ട്. എന്റെ നാഥനിലേക്ക് അടുക്കാനും എന്നെ നയിക്കുന്ന പ്രസ്ഥാനത്തെ കൂടുതൽ പഠിക്കാനും കഴിഞ്ഞു. ഈ ജീവിതം എത്ര ലളിതമാണെന്നും, എന്ത് ഭക്ഷിക്കാൻ കിട്ടിയാലും അതു കഴിച്ച് സംതൃപ്തിയടയാൻ കഴിയുമെന്നും പഠിച്ചു. പിന്നെ ക്ഷമയുടെയും സഹനത്തിന്റെയും പാഠങ്ങൾ. 26 ദിവസത്തെ ക്വാറന്റൈൻ ഉപവാസത്തിനു ശേഷം, പുതു മനുഷ്യനായി നേടിയ നന്മകളെല്ലാം കൂട്ടിന് ഉണ്ടാകും എന്ന പ്രതീക്ഷയിൽ...

ഒറ്റക്കാണെന്നു തോന്നിയ പ്രവാസ ജീവിതത്തിൽ, ആരൊക്കെയോ അല്ല, എല്ലാവരും ഉണ്ടെന്നു തോന്നിയ അനർഘ നിമിഷങ്ങൾ. കൂടെ ചേർത്തുപിടിച്ചവർക്കും മറ്റെല്ലാവർക്കും അകംനിറഞ്ഞ സ്നേഹം. എത്രായിരം ആളുകളെയാണ് ക്വാറന്റൈന്റെ ഭാഗമായി യു. എ. ഇ ഗവൺമെന്റ് ശുശ്രൂഷിക്കുകയും അവർക്ക് ഭക്ഷണം നൽകുകയും ചെയ്യുന്നത്! അവരോട് ഹൃദയം നിറഞ്ഞ കടപ്പാട് മാത്രം.

പരീക്ഷണങ്ങൾ എല്ലാവർക്കുമുണ്ടാവും. അല്ലാഹു തനിക്ക് ഇഷ്ടമുള്ളവരെ കൂടുതൽ പരീക്ഷിക്കും. ക്ഷമയോടെ, സഹനത്തോടെ ആർ അതിനെ മറികടന്നുവോ അവനുള്ളതാണ് ഈ ലോകവും വിശാലമായ പാരത്രിക ലോകവും. തെറ്റുകൾ ഏറ്റുപറഞ്ഞ് നാഥനിലേക്ക് നമുക്കു മടങ്ങാം. അങ്ങനെ ശാരീരിക അകലം പാലിച്ചും എന്നാൽ മനസ്സുകൾ തമ്മിൽ അടുത്തും ഈ മഹാമാരിയെയും നമുക്ക് മറികടക്കാം. ●





# കോവിഡ് കാലത്ത് കൈത്താങ്ങായി കനിവും ടീം വെൽഫെയറും

റിപ്പോർട്ട് / നജീബ്

കോവിഡ് മൂലം കുവൈത്തിന്റെ വിവിധ ഭാഗങ്ങളിൽ ദുരിതമനുഭവിക്കുന്ന പതിനായിരങ്ങൾക്ക് ആശ്വാസത്തിന്റെ കൈത്താങ്ങുമായി ജീവകാരുണ്യ പ്രവർത്തന രംഗത്ത് കുവൈത്തിലെ സജീവ സാന്നിധ്യമായ കെ. ഐ. ജിയുടെ കനിവ് സോഷ്യൽ റിലീഫ് സെല്ലും വെൽഫെയർ കേരള കുവൈത്തിന്റെ ജനസേവന വിഭാഗമായ ടീം വെൽഫെയറും. കോവിഡ് മഹാമാരിയിൽ കുവൈത്തിലെ പ്രവാസ ലോകം സ്തംഭിച്ചുനിന്നപ്പോൾ കൃത്യമായ ആസൂത്രണം നടത്തിയാണ് സംഘം സേവന പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചത്. ഭക്ഷണ വിതരണത്തിനും മെഡിക്കൽ സേവനത്തിനും കൗൺസലിംഗിനും മരുന്നുകൾ എത്തിക്കാനും വ്യത്യസ്തമായ സേവന മുഖങ്ങൾ തുറന്നാണ് കാരുണ്യ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോയത്. അതുകൊണ്ടുതന്നെ സേവനങ്ങളുടെ വ്യാപ്തി വർധിപ്പിക്കാനും നിസ്സഹായരായ ജനങ്ങൾക്ക് വേഗത്തിൽ സേവനങ്ങൾ എത്തിക്കാനും സംഘത്തിന് എളുപ്പത്തിൽ സാധിച്ചു. ഫുഡ് ഹെൽപ് ഡെസ്ക്, മെഡിക്കൽ ഹെൽപ്, കൗൺസലിംഗ് എന്നീ പേരുകളിൽ വ്യത്യസ്ത പോസ്റ്ററുകൾ പുറത്തിറക്കിയും ഹെൽപ് ഡെസ്ക് നമ്പറുകൾ സോഷ്യൽ മീഡിയയിൽ വ്യാപകമായി പ്രചരിപ്പിച്ചും നടത്തിയ സേവന പ്രവർത്തനങ്ങൾ ഭീതിയിലമർന്ന പ്രവാസി മനസ്സുകളിൽ തീർത്ത ആത്മവിശ്വാസം ചെറുതല്ല.

മനശ്ശാസ്ത്ര വിദഗ്ധരും ഡോക്ടർമാരും പാരാ മെഡിക്കൽ വിഭാഗവും നഴ്സുമാരുമടങ്ങുന്ന സംഘമാണ് ലോക്ക് ഡൗണിലായ ആയിരങ്ങൾക്ക് മെഡിക്കൽ ഹെൽപ് ലൈനിനു കീഴിൽ സൗജന്യമായ മെഡിക്കൽ സേവനത്തിന് നേതൃത്വം നൽകുന്നത്.

ഉദാരമതികളായ സ്വദേശികളെയും പ്രവാസ ലോകത്തെ മനുഷ്യസ്നേഹികളെയും സഹകരിപ്പിച്ചുകൊണ്ടാണ് സേവനപ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകുന്നത്. മഹാമാരിയുടെ പകർച്ചാഭീതിയിലും സമർപ്പണമനസ്കരും സേവനസന്നദ്ധരുമായ പ്രവർത്തകരുടെ സേവനങ്ങൾ ടീം വെൽഫെയറിന്റെയും കനിവിന്റെയും പ്രവർത്തനങ്ങളെ കൂടുതൽ കാര്യക്ഷമമാക്കുന്നുണ്ട്. മഹാമാരിയുടെ വ്യാപനം ശമനമില്ലാതെ തുടരുമ്പോഴും ടീം വെൽഫെയറിന്റെയും കനിവിന്റെയും പ്രവർത്തകർ റമദാനിന്റെ നാളുകളിലും കോവിഡ് മൂലം ഒരു പ്രവാസിയും പ്രയാസപ്പെടരുതെന്ന ദൃഢനിശ്ചയത്തോടെ തളരാതെ സേവന പ്രവർത്തനങ്ങളിൽ നിരതരാണ്.



**ഭക്ഷണ വിതരണം**

ലോക്ക് ഡൗണും കർഫ്യൂവും കാരണം ജോലി മുടങ്ങുകയും വരുമാനം നിലക്കുകയും ചെയ്തവർക്ക് ഭക്ഷ്യ വിഭവക്കിറ്റുകളും ഭക്ഷണ കിറ്റുകളും വിതരണം ചെയ്താണ് പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചത്. ഇതിനകം 1485 -ലേറെ ഭക്ഷ്യവിഭവ കിറ്റുകളും 1765 -ലേറെ ഭക്ഷണ കിറ്റുകളും മെഹ്ബൂല, ഫഹാഹീൽ, ഫർവാനിയ, അബ്ബാസിയ, ശുവൈഖ്, സാൽമിയ തുടങ്ങിയ കുവൈത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള ഫ്ളാറ്റുകളിലും ലേബർ ക്യാമ്പുകളിലുമായി സംഘം വിതരണം ചെയ്തു. ഒരു വ്യക്തിക്ക് ഒരു മാസത്തേക്ക് പട്ടിണി കൂടാതെ കഴിയാനുള്ള വിഭവങ്ങളാണ് ഭക്ഷണ വിഭവ കിറ്റിൽ അടങ്ങിയിട്ടുള്ളത്. കൂടാതെ റമദാനിൽ സ്ഥിരമായി വിവിധ സ്ഥലങ്ങളിലായി 1315 ഇഫ്ത്വാർ ഫുഡ് പാക്കുകൾ വിതരണം ചെയ്യുന്നുണ്ട്. ടാക്സി ഡ്രൈവർമാർ, ജോലിയില്ലാതെ ലേബർ ക്യാമ്പുകളിൽ കഴിയുന്നവർ, താഴ്ന്ന വരുമാനക്കാരായ കടകളിൽ ജോലി ചെയ്യുന്നവർ, കോവിഡ് പ്രതിസന്ധി മൂലം ജോലി നഷ്ടപ്പെട്ടവർ എന്നിവരാണ് പ്രധാനമായും ഭക്ഷ്യ വിതരണത്തിന്റെ ഗുണഭോക്താക്കൾ.

**കൗൺസലിംഗ്**

വനിതകളുൾപ്പെടെയുള്ള 30 പ്രഗത്ഭരായ സൈക്കോളജിസ്റ്റുകളും കൗൺസലർമാരുമടങ്ങുന്ന സംഘമാണ് കൗൺസലിംഗ്

നടത്തിക്കൊണ്ടിരിക്കുന്നത്. രോഗവ്യാപനത്തിൽ ഭീതിപൂണ്ട് ഭാവിയെക്കുറിച്ച കടുത്ത ആശങ്കകൾ മൂലം മാനസിക സമ്മർദം അനുഭവിക്കുന്നവർക്ക് ആശ്വാസം പകരാനും അതിജീവനത്തിന്റെ കരുത്ത് നൽകാനും കൗൺസലിംഗ് ടീമിന് സാധിച്ചു. ഇതിനകം നാൽപതോളം പേർക്കാണ് സംഘം കൗൺസലിംഗ് നൽകിയത്.

**വൈദ്യസഹായം**

10 ഡോക്ടർമാരും 50 നഴ്സുമാരുമാണ് വൈദ്യസഹായം നൽകുന്നതിനായി മെഡിക്കൽ ടീമിൽ പ്രവർത്തിക്കുന്നത്. പരിശോധനയിൽ രോഗം സ്ഥിരീകരിക്കുകയും ക്വാറന്റൈനിൽ കഴിയുകയും ചെയ്യുന്ന എൺപതോളം പേർക്ക് ചികിത്സയെക്കുറിച്ച കൃത്യമായ മാർഗനിർദേശങ്ങൾ നൽകി. രോഗം വരാതിരിക്കാനുള്ള മുൻകരുതലുകളും രോഗപ്രതിരോധ മാർഗങ്ങളും പറഞ്ഞുകൊടുത്ത് നിരവധി പേരുമായി ടെലി കൺസൾട്ടിംഗ് നടത്തി ആശ്വാസം നൽകാൻ സംഘത്തിന് സാധിക്കുകയുണ്ടായി.

**മരുന്നു വിതരണം**

398 പേർക്ക് വിവിധ രോഗങ്ങൾക്കുള്ള മരുന്നുകൾ പാരാ മെഡിക്കൽ അംഗങ്ങളും വളന്റിയർമാരുമടങ്ങുന്ന ഡ്രഗ് ബാങ്ക് സെന്റർ രോഗികൾക്ക് ലഭ്യമാക്കി. കുവൈത്തിലെ ഭീമമായ മരുന്നുവില താങ്ങാനാവാതെ നാട്ടിൽ നിന്നും മരുന്ന് കൊണ്ടുവന്ന് കഴിക്കുന്നവർക്കും ലോക്ക് ഡൗണിൽ പുറത്തിറങ്ങാൻ കഴിയാത്തവർക്കും കനിവിന്റെയും ടീം വെൽഫെയറിന്റെയും ഈ സേവനം വളരെയധികം ആശ്വാസമായി. മെഡിക്കൽ ഹെൽപ് ലൈനിനു കീഴിൽ പ്രത്യേകം തയാറാക്കിയ ആപ്ലിക്കേഷൻ മുഖേന വിവരങ്ങൾ ശേഖരിച്ചാണ് മരുന്നുകൾ എത്തിച്ചുകൊണ്ടിരിക്കുന്നത്. മുപ്പതോളം വരുന്ന പാരാ മെഡിക്കൽസ് വിഭാഗം ഇതിനായി സേവനം ചെയ്തുകൊണ്ടിരിക്കുന്നു.

**അവശ്യ വസ്തുക്കളുടെ കിറ്റ്**

പൊടുന്നനെ രോഗം സ്ഥിരീകരിക്കപ്പെട്ട് ക്വാറന്റൈൻ സെന്ററുകളിലേക്കും ആശുപത്രികളിലേക്കും എത്തിയ രോഗികൾക്ക് സാന്ത്വനം നൽകാനും നിത്യോപയോഗ സാധനങ്ങളുടെ കിറ്റുകൾ അവർക്ക് വിതരണം നടത്താനും സാധിച്ചു. ഇത്തരത്തിൽ ടീ ഷർട്ട്, ട്രാക്ക് പാന്റ്, സോപ്പ്, തോർത്തുമുണ്ട്, ടൂത്ത് ബ്രഷ്, ടൂത്ത് പേസ്റ്റ്, മൊബൈൽ ചാർജർ എന്നിവയടങ്ങിയ 300 കിറ്റുകൾ മിശ്രിഫിലെ ക്വാറന്റൈൻ സെന്ററിലും ശൈഖ് ജാബിർ, അമീരി, മുബാറക് അൽ കബീർ ആശുപത്രികളിലുമായി വിതരണം ചെയ്തു. ●

# ശ്രദ്ധേയമായി മലർവാടി ഓൺലൈൻ ബാലോത്സവം

റിപ്പോർട്ട് / **അബ്ദുർറഹ്മാൻ മമ്പാട്**

ലോകം മൊത്തം ഇന്ന് മഹാമാരിയെക്കുറിച്ചാണ് ചർച്ച. മരുന്നില്ലാത്ത ആ രോഗത്തെ നമ്മളെല്ലാവരും അവരവരുടെ വീടുകളിൽ ഇരുന്ന് ചെറുക്കുകയാണ്. ഇന്നേവരെ നമ്മൾ അനുഭവിച്ചിട്ടില്ലാത്ത ഒരു ദുരന്തം തന്നെ. ദുരിതപൂർണമായ വാർത്തകൾ കണ്ടും കേട്ടും ലോകം തടവറയിൽ അകപ്പെട്ട പ്രതീതി. കളിച്ചും ആസ്വദിച്ചും നടക്കേണ്ട നമ്മുടെ കുട്ടികളുടെ അവധിക്കാലവും ഈ അനുഭവങ്ങളിൽ നിന്ന് ഭിന്നമല്ല.

കുട്ടികളുടെ വേദിയായ മലർവാടിയെ സംബന്ധിച്ചേടത്തോളം അവധിക്കാലം മനോഹരമായ ബാലോത്സവങ്ങളുടെ കാലമാണ്. ഈ ലോക്ക് ഡൗൺ കാലത്ത് നൂതനമായ സംവിധാനങ്ങൾ ഒരുക്കിയാണ് ബാലോത്സവവുമായി മലർവാടി എത്തിയത്.

കഴിഞ്ഞ വർഷങ്ങളിലുണ്ടായ രണ്ട് വെള്ളപ്പൊക്കം, നിപ തുടങ്ങിയ ദുരിതകാലങ്ങളിലും, കുട്ടികൾക്കിടയിൽ നടത്താൻ കഴിയുന്ന വൈവിധ്യമാർന്ന പരിപാടികൾ മലർവാടി നടത്തിയിരുന്നു. ഇത്തവണ മലർവാടി സംസ്ഥാന നേതൃത്വം വിദ്യാർഥികളുടെ ലോക്ക് ഡോൺ കാലം ക്രിയാത്മകമായി ഉപയോഗപ്പെടുത്താനാവുന്ന തരത്തിൽ തികച്ചും വൈജ്ഞാനികവും ഏറെ കൗതുകകരവുമായ പരിപാടികളാണ് ആവിഷ്കരിച്ചത്. ആദ്യമായി നടത്തുന്ന ഓൺലൈൻ മത്സരങ്ങളുടെ ആശങ്കകൾക്കിടയിലും രക്ഷിതാക്കളുടെ പൂർണമായ പിന്തുണയോടു കൂടി നടന്ന മത്സരങ്ങൾക്ക് മികച്ച പ്രതികരണമാണ് ലഭിച്ചത്. നിലവാരമുള്ളതും ഹൃദ്യവുമായ മത്സരങ്ങളാണ് എല്ലാ യൂനിറ്റുകളിലെയും മത്സരാർഥികൾക്കും രക്ഷിതാക്കൾക്കും പറയാനുള്ളത്.

പ്രായഭേദമന്യേ വീടുകളിൽ തന്നെ കഴിയുന്ന എല്ലാ കുടുംബാംഗങ്ങളും കുട്ടികൾക്ക് പൂർണ പിന്തുണയുമായി ഒപ്പമുണ്ടായിരുന്നു എന്നതാണ് സംസ്ഥാന തലത്തിൽ ഇത്തവണ നടന്ന ഓൺലൈൻ ബാലോത്സവത്തിന്റെ പ്രത്യേകത.

ഓൺലൈൻ സാധ്യതകൾ ഉപയോഗപ്പെടുത്തി എൽ. പി, യു. പി വിദ്യാർഥികൾക്കായി രണ്ട് ഘട്ടങ്ങളായാണ് മത്സരങ്ങൾ നടത്തിയത്. മലപ്പുറം ജില്ലയിൽ മാത്രം 265 കേന്ദ്രങ്ങളിലായി അയ്യായിരത്തിലധികം കുടുംബങ്ങളിലായി പതിനയ്യായിരത്തിലധികം വിദ്യാർഥികൾ മത്സരങ്ങളിൽ പങ്കെടുത്തു.

രസകരവും വിജ്ഞാനപ്രദവുമായ പത്തു ടാസ്കുകളും ഒരു സ്കോർ ബോർഡും കുടുംബത്തിലെ 4 ഫാമിലി യോഗങ്ങളും ആണ് മത്സര ഇനങ്ങൾ.

റമദാൻ നമ്മിലേക്ക് പ്രസരിപ്പിക്കുന്ന വൈജ്ഞാനിക-വൈകാരിക തലങ്ങളിലൊന്നു പോലും ചോർന്നു പോകാതെ കുട്ടികൾക്കും രക്ഷിതാക്കൾക്കും സാരവത്തായ സന്ദേശങ്ങൾ നൽകുന്ന പരിപാടികളാണ് മലർവാടി ഇത്തവണ ഒരുക്കിയത്. സമൂഹ മാധ്യമങ്ങളുപയോഗിച്ചാൽ ഒരുപാട് കുടുംബങ്ങളിലേക്ക് മലർവാടിയുടെ സന്ദേശം എത്തിക്കാൻ കഴിയുമെന്ന് ബോധ്യപ്പെടുത്തുന്നതു കൂടിയായിരുന്നു പരിപാടികൾക്ക് ലഭിച്ച ആവേശകരമായ പ്രതികരണം. ●

ഹദീസ്

നൗഷാദ് ചേനപ്പാടി

# നാം പരീക്ഷിക്കപ്പെടുന്ന അഞ്ച് കാര്യങ്ങൾ

عَن عبد الله بن عمر قَالَ أقبل علينا رَسُول الله صلى الله عَلَيْهِ وَسلم فَقَالَ يَا معشر الْمُهَاجِرين خمس إِذا ابتليتم بِهن وَأَعُوذ بِاللَّه أَن تدركوهن لم تظهر الْفَاحِشَة فِي قوم قطّ حَتَّى يعلنوا بهَا إِلَّا فَشَا فيهم الطَّاعُون والأوجاع الَّتِي لم تكن مَضَت فِي أسلافهم الَّذين مضوا وَلم ينقصوا الْمِكْيَال وَالْمِيزَان إِلَّا أخذُوا بِالسِّنِينَ وَشدَّة المئونة وجور السُّلْطَان عَلَيْهِم وَلم يمنعوا زَكَاة أَمْوَالهم إِلَّا منعُوا الْقطر من السَّمَاء وَلَوْلَا الْبَهَائِم لم يمطروا وَلم ينقضوا عهد الله وَعهد رَسُوله إِلَّا سلط الله عَلَيْهِم عدوا من غَيرهم فَأخذُوا بعض مَا فِي أَيْديهم وَمَا لم تحكم أئمتهم بِكِتَاب الله ويتخيروا مِمَّا أنزل الله إِلَّا جعل الله بأسهم بَينهم( أخرجه ابن ماجه وصححه الحاكم وحسنه الألباني. )

**അബ്ദുല്ലാഹിബ്നു ഉമറി(റ)ൽ നിന്ന്. അദ്ദേഹം പറഞ്ഞു: അല്ലാഹുവിന്റെ റസൂൽ (സ) ഞങ്ങളിലേക്ക് കടന്നുവന്നിട്ട് പറഞ്ഞു: 'മുഹാജിർ സമൂഹമേ അഞ്ചു കാര്യങ്ങൾ, അവ മുഖേന നിങ്ങൾ പരീക്ഷിക്കപ്പെടുകയും അവ നിങ്ങളിൽ പതിക്കുകയും ചെയ്താൽ നിങ്ങൾക്കവ വന്നുഭവിക്കുന്നതിൽ നിന്ന് ഞാൻ അല്ലാഹുവിനോട് അഭയം തേടുന്നു. ഒന്ന്, ഒരു ജനത പരസ്യമായി അധാർമികതയിൽ ഏർപ്പെടുമ്പോൾ അവരുടെ പൂർവികരിൽ ഇല്ലാതിരുന്ന പ്ലേഗ്പോലുള്ള മാരകരോഗങ്ങൾ അവരിൽ പടർന്നു പിടിക്കുകതന്നെ ചെയ്യും. രണ്ട്, അളവിലും തൂക്കത്തിലും കുറവു വരുത്തിയവരെ ക്ഷാമവും വരൾച്ചയും ജീവിതച്ചെലവുകളുടെ കാഠിന്യവും ഭരണാധികാരികളുടെ അക്രമവും പിടികൂടുകതന്നെ ചെയ്യും. മൂന്ന്, തങ്ങളുടെ ധനത്തിന്റെ സകാത്ത് കൊടുക്കാതെ പിടിച്ചുവെച്ചവർക്ക് അല്ലാഹു മഴ മുടക്കുക തന്നെ ചെയ്യും. ജന്തുജാലങ്ങൾ ഇല്ലായിരുന്നുവെങ്കിൽ മഴ വർഷിക്കുമായിരുന്നില്ല. നാല്, അല്ലാഹുവിന്റെയും അവന്റെ റസൂലിന്റെയും കരാർ ലംഘിച്ചവർക്കു മേൽ അവരിൽ നിന്നല്ലാത്ത അവരുടെ ശത്രുക്കൾ അധിനിവേശം നടത്തുകയും, അധിനിവേശ ശക്തി അവരുടെ കൈയിലുള്ളത് തട്ടിയെടുക്കുകയും ചെയ്യും. അഞ്ച്, അവരുടെ നേതാക്കന്മാർ അല്ലാഹുവിന്റെ കിതാബ്കൊണ്ട് ഭരണം നടത്തിയിട്ടില്ലെങ്കിൽ, അവനവതരിപ്പിച്ചവയിൽ നിന്ന് തെരഞ്ഞെടുക്കുന്നില്ലെങ്കിൽ അവർക്കിടയിൽ അല്ലാഹു ദുരിതം സൃഷ്ടിക്കുക തന്നെ ചെയ്യും'**

**(ഇബ്നുമാജ (റ) തന്റെ സുനനിൽ ഉദ്ധരിച്ചത്. ഇത് ഹസൻ ആണെന്ന് അൽബാനി സാക്ഷ്യപ്പെടുത്തിയിരിക്കുന്നു).**

മക്കയിൽ നിന്ന് അഭയാർഥികളായി മദീനയിലെത്തിയ മുഹാജിറുകളെ അഭിസംബോധന ചെയ്തുകൊണ്ട് നബി (സ) പറയുന്ന അഞ്ചു കാര്യങ്ങൾ മനുഷ്യൻ അനുഭവിക്കുന്ന ദുരന്തങ്ങളുടെ ഭൗതികാതീത വ്യാഖ്യാനമായി മനസ്സിലാക്കാം.

സൂറഃ *അൽജുമുഅ*യുടെ ആദ്യ സൂക്തത്തിൽ പറയുന്ന ഒരു പ്രാപഞ്ചിക യാഥാർഥ്യമുണ്ട്. ഈ പ്രപഞ്ചത്തിന് അല്ലാഹു സുസ്ഥിരവും മാറ്റമില്ലാത്തതുമായ ഒരു വ്യവസ്ഥ നിശ്ചയിച്ചിരിക്കുകയാണ്. അല്ലാഹുവിന് തസ്ബീഹ് ചെയ്തുകൊണ്ട്, അവന് ഇബാദത്ത് ചെയ്യുന്നതിലാണ് ആ വ്യവസ്ഥ നിലകൊള്ളുന്നത്. ആ പ്രപഞ്ചത്തിന്റെ ഭാഗമായ ഈ ഭൂമിയിലെ മനുഷ്യജീവിതത്തിന്റെ നിലനിൽപ്പിനും വളർച്ചക്കും പുരോഗതിക്കും അനിവാര്യമായ ധാർമിക നിയമങ്ങൾ ഈ പ്രാപഞ്ചിക നിയമവ്യവസ്ഥയുടെ ഭാഗം തന്നെയാണ്. മനുഷ്യൻ ഈ ധാർമിക നിയമങ്ങൾ പാലിച്ചു ജീവിക്കുമ്പോൾ അത് പ്രാപഞ്ചിക നിയമവ്യവസ്ഥയുമായി സമരസപ്പെടുകയും മനുഷ്യന് അനുഗുണമായി നിലകൊള്ളുകയും ചെയ്യും. അപ്പോഴാണ് ആകാശത്തുനിന്നും ഭൂമിയിൽ നിന്നും അനുഗ്രഹത്തിന്റെ കവാടങ്ങൾ മനുഷ്യനുവേണ്ടി തുറക്കപ്പെടും എന്ന് ഖുർആൻ പറഞ്ഞതിന്റെ പൊരുൾ നമുക്കു മനസ്സിലാവുക.


മറിച്ച് ഈ ധാർമിക നിയമങ്ങളെ അവഗണിച്ച് പ്രകൃതിക്ക് വിരുദ്ധമായി മനുഷ്യൻ ജീവിക്കുമ്പോൾ ഇതേ പ്രാപഞ്ചിക നിയമ വ്യവസ്ഥ അവന് പ്രതികൂലമായി നിലകൊള്ളും. ഈ അധാർമികത അതിന്റെ സീമകൾ ലംഘിച്ച് പരമകാഷ്ഠയിലെത്തുമ്പോൾ അത് പ്രാപഞ്ചിക നിയമവ്യവസ്ഥയുമായി ഏറ്റുമുട്ടുകയും അതിന്റെ പ്രതിപ്രവർത്തനം നടത്തുകയും ചെയ്യും. അപ്പോഴാണ് ഭൂമി അതിലെ ജനങ്ങളേയും കൊണ്ട് അടിമേൽ മറിയുക. ലൂത്വ് നബി(അ)യുടെ സമൂഹത്തിന് സംഭവിച്ചതുപോലെ. ആ പ്രകൃതിവിരുദ്ധത അതിന്റെ പാരമ്യത്തിലെത്തിയപ്പോഴായിരുന്നുവല്ലോ അങ്ങനെ സംഭവിച്ചത്. സ്വാലിഹ്, ശുഐബ്, ഹൂദ് എന്നീ നബിമാരുടെ സമൂഹങ്ങൾക്ക് സംഭവിച്ചതും സമാനമായ ദുരന്തങ്ങൾ തന്നെ. അളവിലും തൂക്കത്തിലും കുറവു വരുത്തുക, അത് സർവവ്യാപകമാവുക എന്നത് ഒരിക്കലും പ്രപഞ്ചത്തിന്റെ പ്രകൃതിയുമായി പൊരുത്തപ്പെടുന്നതല്ല. ഈ പ്രപഞ്ചവും അതിലെ സർവ ചരാചരങ്ങളും കൃത്യമായ ഒരു മീസാനിലാണ്/ താളക്രമത്തിലാണ് നിലകൊള്ളുന്നത് എന്ന് സൂറ: *അർറഹ്മാ*ന്റെ ആദ്യത്തിൽ അല്ലാഹു പറയുന്നുണ്ട്. അപ്പോൾ അതിനു വിരുദ്ധമായ ഒരു പ്രവൃത്തി, അതു നിരന്തരമായി ചെയ്യുമ്പോൾ ഈ പ്രപഞ്ചഘടനയെ പ്രതികൂലമായി ബാധിക്കും. അങ്ങനെ അത്തരം സമൂഹങ്ങൾ നശിപ്പിക്കപ്പെടും. മനുഷ്യൻ ചെയ്യുന്ന അധാർമിക വൃത്തികൾ പ്രാപഞ്ചിക നിയമ വ്യവസ്ഥയുമായി എങ്ങനെ ഏറ്റുമുട്ടുന്നു എന്നതും അതിൻ ഫലമായി ഭൂമിയിൽ എങ്ങനെ ദുരന്തങ്ങളുണ്ടാവുന്നു എന്നതും അല്ലാഹുവിനു മാത്രമറിയാവുന്ന അദൃശ്യങ്ങളിൽപ്പെട്ടതാണ്. സകാത്ത് കൊടുത്തില്ലെങ്കിൽ എങ്ങനെയാണ് മഴ പെയ്യാതിരിക്കുക എന്നത് മനുഷ്യന്റെ ബോധേന്ദ്രിയങ്ങൾക്ക് അപ്രാപ്യമാണ്. അതിനാലാണ് ഗയ്ബിൽ/ മനുഷ്യേന്ദ്രിയങ്ങൾക്ക് അതീതമായ കാര്യങ്ങളിൽ വിശ്വസിക്കുന്നവർക്കേ ഈ ഖുർആൻ എല്ലാ അർഥത്തിലും മാർഗദർശനമാകൂ എന്ന് *അൽ ബഖറ* അധ്യായത്തിന്റെ തുടക്കത്തിലേ പറഞ്ഞുവെച്ചത്. ●

ലോക്ഡൗൺ കാലത്ത് ഞായർ ഒഴികെ
എല്ലാ ദിവസങ്ങളിൽ ഐ.പി.എച്ച് തുറന്ന് പ്രവർത്തിക്കും

# IPH പുസ്തകങ്ങൾ വമ്പിച്ച റമദാൻ ഓഫറിൽ


- 5000 രൂപയുടെ പുസ്തകങ്ങൾ 3000 രൂപക്ക് (തപാൽ ചാർജ് 100 രൂപ)
- 3000 രൂപയുടെ പുസ്തകങ്ങൾ 1900 രൂപക്ക് (തപാൽ ചാർജ് 50 രൂപ)
- 2000 രൂപയുടെ പുസ്തകങ്ങൾ 1300 രൂപക്ക് (തപാൽ ചാർജ് 50 രൂപ)
- 1500 രൂപയുടെ പുസ്തകങ്ങൾ 1000 രൂപക്ക് (തപാൽ ചാർജ് 40 രൂപ)

മുഖവില: ₹ 3750



₹2450

**തഫ്ഹീമുൽ ഖുർആൻ**
(ആറ് വാല്യങ്ങൾ)
(തപാൽ ചാർജ് 100 രൂപ)



**ഹദീസ്**
(ബുഖാരി, മുസ്‌ലിം, തിർമിദി)
(മൂന്ന് വാല്യങ്ങൾ)
മുഖവില: ₹ 2749
₹1820
(തപാൽ ചാർജ് 80 രൂപ)

കാറ്റലോഗ് ലഭിക്കുവാൻ ബന്ധപ്പെടുക
9544299877

BANK DETAILS
Islamic Publishing House
A/C No: 57018376198
STATE BANK OF INDIA
Annie Hall Road, Calicut
IFSC Code: SBIN0070301

**IPH BOOKS**
Fourland Building, Rajaji Road
Kozhikode - 673 004

Branches
I.P.H, THIRUVANANTHAPURAM, PH: 0471-2115093, I.P.H, ERANAKULAM, PH: 0484-2369784
I.P.H,THRISSUR, PH: 0487-2427356, I.P.H, KANNUR, PH: 0497-2701001
I.P.H, MALAPPURAM, PH: 0483-2735445, I.P.H. PALAKKAD, PH: 0491-2528010,
Pratheeksha Books, KOZHIKODE, PH: 0495-2720092

0495-2720072, 2724618 / iphkerala.com / iphcalicut / 9544299877 / Iphbooks

സ്വാദിഖ് ചുഴലി
swadiquechuzhali@gmail.com



# ദിരിലിസ് എർതുഗ്റുൽ
## വീണ്ടെടുപ്പിന്റെ ചരിത്രാഖ്യായിക




തുർക്കികൾക്കിടയിൽ ഏറെ പ്രശസ്തനായ നായകനാണ് എർതുഗ്റുൽ ഗാസി. ഇദ്ദേഹത്തെ കുറിച്ച് ധാരാളം നാടോടിക്കഥകൾ തുർക്കിയിൽ പ്രചാരത്തിലുണ്ട്. ഉസ്മാനീ ഖിലാഫത്തിന്റെ സ്ഥാപകനും നയതന്ത്രജ്ഞനുമാണ് എർതുഗ്റുൽ. അദ്ദേഹത്തിന്റെ ജീവിതം ആസ്പദമാക്കി ടർക്കിഷ് സംവിധായകൻ മുഹമ്മദ് ബെസ്തോഗ് ചെയ്യുന്ന ടർക്കിഷ് ടി.വി സീരീസാണ് 'ദിരിലിസ് എർതുഗ്റുൽ.' 2015 മുതൽ ഇതിന്റെ ചിത്രീകരണം ആരംഭിച്ചിട്ടുണ്ട്. തുർക്കിക്കു പുറമെ ഇരുപതിലധികം രാജ്യങ്ങളിൽ വ്യത്യസ്ത ഭാഷകളിൽ ഇത് സംപ്രേഷണം ചെയ്യുന്നുണ്ട്.

പതിമൂന്നാം നൂറ്റാണ്ടിലെ സങ്കീർണമായ മുസ്‌ലിം രാഷ്ട്രീയ സാഹചര്യത്തെ സംവിധായകൻ തനതായ രീതിയിൽ ആവിഷ്കരിച്ചിട്ടുണ്ട്. ടർക്കിഷ് വംശമായ ഒകുസിലെ കായി ഗോത്രത്തിൽ നിന്നാണ് പുതിയൊരു ഇസ്‌ലാമിക രാഷ്ട്രീയ മുന്നേറ്റം ഉയർന്നു വരുന്നത്. പടിഞ്ഞാറു ഭാഗത്ത് ക്രിസ്ത്യാനികളായ കുരിശുയുദ്ധപടയും കിഴക്ക് ചെങ്കിസ് ഖാന്റെ മംഗോളിയൻ സേനയും മുസ്‌ലിം ലോകത്തെ തകർത്തു മുന്നേറുന്നു. ഇപ്പുറത്തുള്ളത് വരാൻ പോകുന്ന വിപത്തിനെത്തിനെക്കുറിച്ച് ഒരു ബോധവുമില്ലാതെ ഭൗതികതയിൽ ഭ്രമിച്ചു കഴിയുന്ന മുസ്‌ലിം ഭരണാധികാരികൾ, അവരിലെതന്നെ ഒറ്റുകാർ. ഇസ്‌ലാമിക ലോകം ഇത്രയും പരിതാപകരമായ നിലയിലേക്ക് പതിച്ച ഘട്ടത്തിൽ ഖിലാഫത്ത് പുനഃസ്ഥാപനത്തിന്റെ കഥപറയുകയാണ് ദിരിലിസ് എർതുഗ്റുൽ.



എർതുഗ്റുലും പിതാവ് സുലൈമാൻ ഷായും സഹോദരന്മാരും നടത്തുന്ന സൈനിക, നയതന്ത്ര വിജയങ്ങളാണ് സീരീസിൽ ചിത്രീകരിക്കുന്നത്. സൂഫി പണ്ഡിതനും തത്ത്വജ്ഞാനിയുമായ ഇബ്നു അറബി എർതുഗ്റുലിന് പകർന്നു നൽകുന്ന ഇസ്‌ലാമിക വിചാരങ്ങൾ സീരിയലിന് ആധ്യാത്മിക മാനങ്ങൾ നൽകുന്നുണ്ട്. ചിത്രീകരണത്തിൽ മികച്ച സാങ്കേതിക വിദ്യയാണ് ഉപയോഗിച്ചിരിക്കുന്നത്. ചരിത്രത്തിലെ ഒരു പ്രധാന ദശാസന്ധിയിലേക്ക് ഇത് നമ്മെ കൂട്ടിക്കൊണ്ടുപോകുന്നു.

'ദിരിലിസ് എർതുഗ്റുൽ' ലോകത്തുടനീളം പ്രേക്ഷകരെ നേടിയെടുത്തിട്ടുണ്ട്. ചിത്രീകരണ വേളയിലും ലോഞ്ചിംഗ് വേളയിലും തുർക്കി പ്രസിഡന്റ് റജബ് ത്വയ്യിബ് ഉർദുഗാന്റെ നേതൃത്വത്തിൽ വലിയ പിന്തുണ സീരീസിനു ലഭിക്കുന്നണ്ട്. അമേരിക്കൻ-ഇസ്രയേലീ നിലപാടിനെ അനുകൂലിക്കുന്ന അബ്ദുൽ ഫത്താഹ് അൽസീസി നയിക്കുന്ന സർക്കാർ ഈ സീരീസ് ഈജിപ്തിൽ നിരോധിച്ചിട്ടുണ്ട്. തുർക്കിയോടും ഉർദുഗാനോടുമുള്ള രാഷ്ട്രീയ വിരോധമാണ് ഇതിനു കാരണമെന്ന് വ്യക്തം. പാകിസ്താൻ പ്രധാനമന്ത്രി ഇമ്രാൻ ഖാനെയും വെനസ്വേലൻ പ്രസിഡന്റ് നിക്കളോസ് മദുറെയെയും പോലെയുള്ള പ്രമുഖർ സീരീസ് കണ്ടിട്ട് നല്ല അഭിപ്രായങ്ങൾ സോഷ്യൽ മീഡിയയിലൂടെ രേഖപ്പെടുത്തിയിട്ടുണ്ട്. ●

Vol. No: 76 Issue No.50 Printed (at Roshini Press, Madhyamam Complex, Calicut-673012, Kerala) and published by M.K. Muhammad Ali on behalf of Islamic Service Trust Kerala Kozhikode-12, Phone: 0495 - 2730744, E-mail: editorprabodhanam@gmail.com - Editor: T.K. Ubaid